# ചോദ്യോത്തരങ്ങൾ

Volume: 1



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രസിദ്ധീകരണം

# ചോദ്യോത്തരങ്ങൾ

## Volume: 1

ഖലീഫത്തുൽ മസീഹ് ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദിനോട് വിവിധ വേദികളിൽ ചോദിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് ഹുസൂർ തിരുമനസ്സ് നൽകിയ മറുപടികളും.

സമ്പാദകൻ: ശിറാസ് അഹ്മദ്, ചെന്നൈ

Whilst every effort has been made to present the message of Huzoor Aqdas as accurately as possible, I (Shiras Ahmad of Chennai) take the full responsibility for any errors. In order to draw the maximum benefit from these Mulaqats (Question and Answer sessions), members are requested to listen to the exact words of Huzoor Aqdas on audio or video tapes.

(ഹുസൂർ തിരുമനസ്സിന്റെ സന്ദേശം കഴി യുന്നത്ര കൃത്യതയോടെ അവതരിപ്പിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെങ്കിലും ഇതിൽ വന്നിരിക്കാവുന്ന എല്ലാ അബദ്ധങ്ങളു ടെയും പൂർണ ഉത്തരവാദിത്തം എന്നിൽ (ശിറാസ് അഹ്മദ്, ചെന്നൈ) മാത്രം നിക്ഷി പ്തമാണ്. ഈ മുലാഖാത്തുകളിൽ നിന്ന് (ചോദ്യോത്തര സദസ്സുകൾ) പരമാവധി പ്രയോജനം കരസ്ഥമാക്കുവാൻ ഹുസൂ റിന്റെ തന്നെ വാക്കുകൾ ഓഡിയോ അല്ലെ ങ്കിൽ വീഡിയോ ടേപ്പുകളിൽ നിന്ന് കേൾക്ക ണമെന്നപേക്ഷിക്കുന്നു.)

## പ്രസാധകക്കുറിപ്പ്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ ഹസ്‌റത്ത് മിർസാ ത്വാഹിർ അഹ്മദ് (അയ്യദഹുല്ലാഹുതആലാ ബി നസ്‌രിഹിൽ അസീസ്) ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ആളുകളുമായി നടത്തിവരുന്ന കൂടിക്കാഴ്ചകൾ മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ (M.T.A.)യിലൂടെ സംപ്രേഷണം ചെയ്തുവരുന്നുണ്ട്. മുൻവർഷങ്ങളിൽ നടത്തിയ കൂടിക്കാഴ്ചകളിൽ ചോദിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് ഹുസൂർ തിരുമനസ്സ് നൽകിയ മറുപടികളുമാണ് ഈ പുസ്തകത്തിന്റെ അകത്താളുകളിലുള്ളത്.

M.T.A.യിൽ സംപ്രേഷണം ചെയ്ത ഈ ചോദ്യോത്തരങ്ങൾ ശേഖരിച്ച് തെക്കേ ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ഭാരതഖുദ്ദാമുൽ അഹ്മദിയ്യാ നായിബ് സദർ ശിറാസ് അഹ്മദ് സാഹിബ് (ചെന്നൈ) ഖലീഫാതിരുമനസ്സിൽ നിന്ന് അനുവാദം വാങ്ങുകയും ഇത് മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിന് കേരളാ ഖുദ്ദാമുൽ അഹ്മദിയ്യായെ ചുമതലപ്പെടുത്തുകയും ചെയ്തു. ഏറെ വിജ്ഞാനപ്രദവും പ്രയോജനകരവുമായ ഈ ചോദ്യോത്തരങ്ങൾ മലയാള ഭാഷയിൽ പുസ്തകമാക്കി പ്രസിദ്ധീകരിക്കുവാൻ നമ്മെ അനുഗ്രഹിച്ച അല്ലാഹുവിന് സ്തുതികളർപ്പിക്കുന്നു.

വിഷയം ഗഹനമാവുന്നിടത്തോളം വിവർത്തനം ചെയ്യുക എന്നത് ഏറെ വിഷമകരമായിരിക്കും. അതുകൊണ്ടു തന്നെ, ഇതിൽ വല്ല അപാകതയും വന്നുപോയിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഞങ്ങൾക്കാണ്.

ശിറാസ് സാഹിബ് എം ടി എ യിൽനിന്നു ക്രോഡീകരിച്ച് വരുന്ന ചോദ്യോത്തരങ്ങളുടെ ചില ഭാഗങ്ങളാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നത്. ബാക്കി ഭാഗങ്ങൾ -ഇൻശാ അല്ലാഹ്- തുടർന്ന് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ആത്മീയവും ഭൗതികവും ശാസ്ത്രീയവും ചരിത്രപരവുമായ അറിവുകൾ കരസ്ഥമാക്കിയവരും അല്ലാത്തവരുമായ സമൂഹത്തിലെ നാനാ തുറകളിലുമുള്ള ആളുകളുടെയും ചോദ്യങ്ങൾക്ക് ഖലീഫത്തുൽ മസീഹ് മറുപടി നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതിലുള്ള വിഷയങ്ങൾ ഏറെ ഗഹനവും വൈവിധ്യമുള്ളതുമാണ്. നമ്മുടെ അറിവുകൾ വർധിപ്പിക്കുവാനുതകുന്ന ഈ ചോദ്യോത്തരങ്ങൾ M.T.A. യിൽ നിന്നു ക്രോഡീകരിച്ച് ഞങ്ങൾക്ക് തന്ന ഖുദ്ദാമുൽ അഹ്മദിയ്യാ നായിബ് സദർ ശിറാസ് അഹ്മദ് സാഹിബിന് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു- ജസാക്കുമുല്ലാഹ്.

'എന്റെ നാഥാ നീ എന്റെ അറിവ് വർദ്ധിപ്പിച്ചുതരേണമേ' എന്ന വിശുദ്ധഖുർആനിലെ പ്രാർത്ഥനാവചനം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിന് ഈ ഗ്രന്ഥവും കാരണമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ ഇത് സഹൃദയം സമർപ്പിക്കുന്നു.

ഷറഫുദ്ദീൻ
പബ്ലിക്കേഷൻ സെക്രട്ടറി
മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, കേരള

18-08-2002
കോഴിക്കോട്.

## ഫ്രഞ്ച്കാരുമായുള്ള അഭിമുഖം 27.3.2000

1. ***ജമാഅത്തിന്റെ പ്രധാനപ്പെട്ട ഒരു പരിപാടി നടക്കുന്ന അതേ അവസരത്തിൽ കുടുംബത്തിൽ ഒരു വിവാഹം നടക്കുക യാണെങ്കിൽ ഏതിലാണ് നാം പങ്കെടുക്കേണ്ടത്?***

 വിവാഹത്തിൽ പങ്കെടുക്കുകയാണ് ഉത്തമം. ബന്ധുമിത്രാദി കളോട് ദയാവായ്പോടെ പെരുമാറുക എന്നത് ഖുർആനിക അധ്യാപനമാണ്. ഒരുവിധത്തിൽ പറഞ്ഞാൽ അതും ജമാഅ ത്തിന്റെ പരിപാടി തന്നെയാണ്. ജമാഅത്ത് ഭാരവാഹികളോട് കാര്യം പറഞ്ഞാൽ അവർക്കത് മനസ്സിലാകും.

2. ***ഭൂമിയിലെ എണ്ണനിക്ഷേപം അവസാനിച്ചുപോയാൽ എന്തു സംഭവിക്കും?***

 ഭൂമിയിൽ വ്യാപകമായ തോതിൽ എണ്ണ നിക്ഷേപം ഉണ്ട്. അത് അവസാനിക്കുകയാണെങ്കിൽ തന്നെ-അതിന് ഇനിയും വളരെയധികം കാലമെടുക്കും-അല്ലാഹു പുതിയ ഊർജ്ജ സ്രോതസ്സുകൾ സൃഷ്ടിക്കുന്നതായിരിക്കും; സൗരോർജ്ജവും ആണവോർജ്ജവും പോലുള്ളവ. പല ഊർജ്ജസ്രോതസ്സു കളും ഉപയോഗപ്പെടുത്താത്തതായി ഇപ്പോഴും പ്രപഞ്ചത്തി ലുണ്ട്. ശാസ്ത്രജ്ഞൻമാർ അതിനെക്കുറിച്ചുള്ള പര്യവേഷ ണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

3. ***'അല്ലാഹു' എന്ന നാമം വിശുദ്ധ ഖുർആനിലാണോ ആദ്യ മായി പ്രയുക്തമായത്? അതല്ല അതിനുമുമ്പും അത് ഉപ യോഗത്തിലുണ്ടായിരുന്നുവോ?***

 ദൈവത്തിന്റെ തനതായ നാമമാണ് 'അല്ലാഹു' എന്നുള്ളത്. സുലൈമാൻ നബി (അ) സബഅ് രാജ്ഞിക്കെഴുതിയ കത്തിൽ 'അല്ലാഹു' എന്ന നാമം ഉപയോഗിച്ചിട്ടുണ്ട്. പുരാ തന രേഖകൾ പരിശോധിച്ചുനോക്കുകയാണെങ്കിൽ നിങ്ങൾക്ക് അല്ലാഹു എന്നുള്ള പേര് അതിൽ കാണാവുന്ന താണ്. കാരണം ദൈവത്തിന്റെ യഥാർത്ഥ നാമമാണത്. വിശു ദ്ധഖുർആനു മുമ്പ് അത് വെളിപ്പെടാതിരിക്കാൻ സാധ്യത 'യില്ല.

4. ***മൃഗങ്ങളിൽ നിന്ന് എന്ത് പാഠമാണ് നമുക്ക് സ്വായത്ത***

*മാക്കാനുള്ളത്?*

എല്ലാ മൃഗങ്ങളിലും നമുക്ക് മാതൃകയുണ്ട്. ഉദാഹരണത്തിന് ചെമ്മരിയാട്-അത് പാലും തോലും അതിന്റെ മാംസവും മറ്റുള്ളവർക്ക് നൽകുന്നു. മനുഷ്യർ വസ്ത്രങ്ങൾ മറ്റുള്ളവർക്ക് ദാനംചെയ്യുമ്പോൾ അവർ ആടിനെ അനുകരിക്കുകയാണ് ചെയ്യുന്നത്.

## ബംഗാളികളുമായുള്ള അഭിമുഖം 21.3.2000

**5. *ഹുദൈബിയ സന്ധിയുടെ അവസരത്തിൽ എതിരാളികൾ 'റസൂലുല്ലാഹ്' എന്ന പേര് മാച്ചുകളയാൻ പറഞ്ഞതിന് കാരണമെന്തായിരുന്നു?***

എതിരാളികളുടെ വിവാദത്തിൽ അവർ ശരിയായിരുന്നു; തത്ത്വത്തിൽ ശരി, ആശയത്തിലല്ല. അതുകൊണ്ടാണ് റസൂൽ തിരുമേനി (സ) അവരുടെ വാദം അംഗീകരിച്ച് റസൂലുല്ലാഹ് എന്ന നാമം വെട്ടിക്കളഞ്ഞത്. എതിരാളികളെ സമാധാനത്തിലേക്ക് നയിക്കേണ്ട മതനിരപേക്ഷ നിലപാടിനെയാണ് ഇത് കാണിക്കുന്നത്.

**6. *വിശുദ്ധ ഖുർആനിലെ രണ്ടാം അദ്ധ്യായം 201-ാം വചനത്തിൽ അല്ലാഹു പറയുന്നു: "അല്ലാഹുവിനെ സ്തുതിക്കുക; നിങ്ങളുടെ പിതാക്കളെ നിങ്ങൾ സ്തുതിക്കുന്നതുപോല" എന്താണിതിന്റെ സാരം?***

പൂർവ്വികരെ സ്മരിക്കുന്നത് അറബികളുടെ രീതിയായിരുന്നു. അനേക തലമുറകൾക്ക് മുമ്പുള്ളവരുടെ പേരുകൾ പോലും അവർ ഓർത്തിരിക്കാറുണ്ടായിരുന്നു. നബി (സ) അവരോട് പറഞ്ഞത് നിങ്ങളുടെ ആത്മീയ പിതാക്കൻമാരെ നിങ്ങൾ സ്മരിക്കുകയും പൂർവ്വികന്മാരെക്കാൾ കൂടുതലായി അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുക എന്നാണ്.

**7. *ചില മുസ്ലിംകൾ പറയുന്നു നബിതിരുമേനി (സ) ക്ക് പ്രകാശത്തിന്റെ ശരീരമാണ് ഉണ്ടായിരുന്നത്, മാംസത്തിന്റേതല്ല എന്ന്. എന്താണ് ഈ പ്രകാശ(നൂർ)ത്തിന്റെ വിവക്ഷ?***

പരിശുദ്ധ നബി (സ) നൂറാ (പ്രകാശം) യിരുന്നു. ഖുർആൻ പറയുന്നു അദ്ദേഹം ഒരു മനുഷ്യ (ബശർ) നും ആയിരുന്നു വെന്ന്. നബി (സ) ആത്മീയ പ്രകാശമായി മാറിയിരുന്നു; ലോകത്താകമാനം പ്രകാശം പരത്താൻ വന്ന അല്ലാഹുവിന്റെ പ്രകാശം. ശാരീരികമായി അദ്ദേഹം പ്രകാശം (നൂർ) ആയി രുന്നുവെങ്കിൽ എങ്ങനെയാണ് പ്രകാശത്തിന് വിവാഹം കഴി ക്കാനും കുട്ടികളുണ്ടാകുവാനും സാധിക്കുക.

*8. ചില ആളുകൾ ബൈഅത്ത് ചെയ്യുന്നുണ്ടെങ്കിലും പ്രകട മായ മാറ്റങ്ങളൊന്നും അവരിൽ കാണുന്നില്ല. അവർ ദരി ദ്രരായതുകൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നത്? (ചിറ്റ ഗോണിലെ (ബംഗ്ലാദേശ്) അമീർ സാഹിബ് ചോദിച്ചത്.*

നവ അഹ്മദികളെ ആരാണോ ബൈഅത്ത് ചെയ്യിച്ചത് ആ ആളുടെ പ്രകൃതിക്കനുസരിച്ചായിരിക്കും അവരിലുണ്ടാകുന്ന മാറ്റം. പുതിയ ഒരഹ്മദിയിൽ അയാളെ ബൈഅത്ത് ചെയ്യിച്ച ആളുടെ സ്വഭാവങ്ങളും രീതികളും പ്രതിഫലിക്കുന്നതായി നമുക്ക് കാണാം. ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) പുതിയ ഒരഹ്മദിയെ വീക്ഷിച്ച് ആരാണ് അദ്ദേഹത്തെ ബൈഅത്ത് ചെയ്യിച്ചത് എന്നു പറയാറുണ്ടായിരുന്നു. ഒരഹ്മദി അലസ നായിക്കണ്ടാൽ ചെയ്യിച്ച ആളും അപ്രകാരം തന്നെയായിരി ക്കും. അതുകൊണ്ട് ചിറ്റഗോണിലെ പുതിയ അഹ്മദികളെ ആരാണ് ബൈഅത്ത് ചെയ്യിച്ചത് എന്ന് എനിക്കറിയാം.

## കുട്ടികളുമായുള്ള അഭിമുഖം 15.3.2000

*9. മനുഷ്യൻ ചിമ്പാൻസിയിൽ നിന്നാണോ ഉണ്ടായത്?*

മനുഷ്യനും ചിമ്പാൻസിയും ഒരേ മൂലത്തിൽ നിന്നുള്ളതാണ്; രണ്ടും ഒരേ പൂർവ്വ പിതാവിൽ നിന്നുൽഭവിച്ചതാണ്. അല്ലാ ഹുവിന്റെ നിശ്ചയമനുസരിച്ചുള്ള പരിണാമപ്രക്രിയയിൽ മനുഷ്യൻ വളരെയേറെ പുരോഗതി പ്രാപിച്ചു.

*10. ബൈബിൾ വായിക്കുന്നതുമൂലം നമുക്ക് പുണ്യം ലഭി ക്കുമോ?*

ആദ്യമായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക; അതി

നുശേഷം മറ്റു ഗ്രന്ഥങ്ങൾ വായിക്കുക. മസീഹ്മൗഊദ് (അ) എല്ലാ മതഗ്രന്ഥങ്ങളും പാരായണം ചെയ്യാറുണ്ടായിരുന്നു. അവയും വായിച്ച് അതിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് പരിശോധിക്കുക. എന്നിട്ട് ഖുർആനുമായി അവതാരതമ്യം ചെയ്തു നോക്കുക.

*11. പരിണാമസിദ്ധാന്തത്തെക്കുറിച്ച് ഇസ്ലാമിന്റ് വീക്ഷണമെന്താണ്?*

ഇസ്ലാം പറയുന്നത് പരിണാമ പ്രക്രിയ അല്ലാഹുവിന്റെ നിർദേശമനുസരിച്ചും അവന്റെ നിയന്ത്രണത്തിലും, രൂപകൽപനയിലും സംഭവിച്ചു എന്നാണ്. നാം മണ്ണിൽനിന്നുണ്ടാകുമോ? നമ്മുടെ കണ്ണുകൾ നോക്കുക. അതിന്റെ രൂപകൽപന, നമ്മുടെ മൂക്ക്, തലച്ചോറ് എന്നിവ നോക്കുക. ഇതെല്ലാം സ്വയം ഉണ്ടാകുമോ? അല്ലാഹുവിന്റെ നിയന്ത്രണത്തിൽ ഒരു പരിണാമം തീർച്ചായും സംഭവിച്ചിട്ടുണ്ട്.

*12. ബാങ്ക് കേൾക്കുന്ന അവസരത്തിൽ മതപരമായ ജോലികൾ നാം നിർത്തിവെക്കേണ്ടതുണ്ടോ?*

ബാങ്കു കേൾക്കുമ്പോൾ നിശ്ശബ്ദരായിരിക്കേണ്ടതും നബി (സ)പഠിപ്പിച്ച ദുആ ചെയ്യേണ്ടതുമാണ്. നിങ്ങൾ കളിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ കളി നിർത്തുക. സമ്മേളനം നടന്നുകൊണ്ടിരിക്കുകയും അതേ സ്ഥലത്തുവെച്ചുതന്നെ ബാങ്കു വിളിക്കുന്നത് കേൾക്കുകയുമാണെങ്കിൽ സമ്മേളനം നിർത്തി നിശബ്ദരാകേണ്ടതാണ്.

*13. യൂനുസ് നബി (അ) തിമിംഗിലത്തിന്റെ ഉള്ളിൽ അകപ്പെട്ടുപോയിരുന്നുവോ?*

തിമിംഗിലം വളരെ വലിയ ഒരു ജീവിയാണ്. ഒരാനക്ക് അതിന്റെ ഉള്ളിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ്. യൂനുസ് നബി (അ) തിമിംഗിലത്തിന്റെ വയറിനുള്ളിൽ പ്രവേശിച്ചതായി വിശുദ്ധ ഖുർആൻ പറയുന്നില്ല. ഖുർആനല്ല, പ്രത്യുത ബൈബിളാണ് പറയുന്നത്. യൂനുസ് നബി (അ) മൂന്നു രാവും മൂന്നു പകലും തിമിംഗിലത്തിന്റെ തൊണ്ടയിൽ കുടുങ്ങുകയാണുണ്ടായത്. അദ്ദേഹത്തിന് ശ്വാസോച്ഛ്വാസം ചെയ്യാൻ

തടസ്സമുണ്ടായിരുന്നില്ല. അദ്ദേഹം ബോധരഹിതനായിപ്പോയിരുന്നു. തിമിംഗിലം അദ്ദേഹത്തെ കരയിൽ ഛർദിച്ചപ്പോൾ അദ്ദേഹം അങ്ങേയറ്റം അവശനായിരുന്നു.

*14. ഖുർബാനി (ബലിപെരുന്നാളിന് മൃഗങ്ങളെഅറുക്കൽ) നിർബന്ധ കർമ്മമാണോ?*

ഹജ്ജ് വേളയിൽ ഖുർബാനി നിർബന്ധമാണ്. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഖുർബാനി ചെയ്യുന്നത് നല്ല കാര്യമാണ്. സാധു ജനങ്ങൾക്ക് മാംസം വിതരണം ചെയ്യാമല്ലോ.

*15. അങ്ങയ്ക്കിഷ്ടപ്പെട്ട കളി ഏതാണ്?*

കബഡി, ഫുട്ബോൾ, കുതിരപ്പന്തയം, വാൾപ്പയറ്റ്, ബാഡ്ബിന്റൺ, സ്ക്വാഷ് തുടങ്ങിയവ.

*16. 'ഹഖീഖ'യുടെ പ്രാധാന്യം എന്താണ്?*

ശിശു ജനിച്ച് ഏഴാംദിവസം ചെയ്യുന്നതാണ് 'ഹഖീഖ'. തല മുടി മുണ്ഡനം ചെയ്യുക. അതിലൂടെ ഗർഭപാത്രത്തിലെ എല്ലാ അഴുക്കുകളും നീക്കം ചെയ്യപ്പെടുന്നു. ഹഖീഖ എന്നത് (മൃഗത്തെ അറുത്ത്) മാംസം ഭക്ഷിക്കുക എന്നത് മാത്രമല്ല. അത് 'ഹഖീഖി'ന്റെ പ്രതീകമാണ്. കുട്ടിയെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പരിശീലിപ്പിക്കുക എന്ന യാഥാർത്ഥ്യം രക്ഷിതാക്കൾ പ്രാവർത്തികമാക്കേണ്ടതാണ്. 'ഹഖീഖ' ഒരു നിർബന്ധ കടമയല്ല. അത് ചെയ്തില്ലെങ്കിലും നിങ്ങൾ മുസ്ലിമായിത്തന്നെ നിലകൊള്ളും.

*17. ഏത് ഭാഷയാണ് കുട്ടികളെ ആദ്യമായി പഠിപ്പിക്കേണ്ടത്?*

മാതാപിതാക്കളുടെ ഭാഷ കുട്ടിയെ ആദ്യമായി പഠിപ്പിക്കുക.

*18. എന്താണ് നരകം?*

ആത്മാവിന്റെ ആസ്പത്രിയാണ് നരകം. ഭൗതിക ആശുപത്രികളിൽ ജനങ്ങൾ രോഗശാന്തി കൈവരിക്കുകയും ചിലപ്പോൾ മരിക്കുകയും ചെയ്യുന്നു. എന്നാൽ, ആത്മാവിന്റെ ആശുപത്രിയിൽ ആരും തന്നെ മരിക്കുന്നില്ല. രോഗം ഭേദമായ ശേഷം എല്ലാവരും തന്നെ സ്വർഗത്തിൽ പ്രവേശി

ക്കുന്നു. അവസാനം നരകം കാലിയാകുന്നു.

## മജ്‌ലിസെ ഇർഫാൻ 21.12.1999

***19. ഒരു സത്യത്തെ തിരിച്ചറിയുന്നതിനുള്ള മാനദണ്ഡമെന്താണ്?***

ഓരോരുത്തരും വിചാരിക്കുന്നത് അവർ സത്യത്തെ പിന്തുടരുന്നു എന്നാണ്. സത്യത്തെ തിരിച്ചറിയാൻ രണ്ട് മാനദണ്ഡങ്ങളാണുള്ളത്. ഒന്ന്, അല്ലാഹു പരലോകത്ത് വെച്ച് അറിയിക്കുക എന്നതാണ്, പക്ഷേ അപ്പോഴേക്കും വളരെ താമസിച്ചുപോയിരിക്കും. രണ്ടാമത്തേത് ഇവിടെ വച്ചുതന്നെ മനസ്സിലാക്കുക എന്നതാണ്. വ്യക്തിക്ക് സ്വയം തന്നെ അയാൾ പുരോഗമിക്കുന്നുണ്ടോ, ദൈവിക മാർഗത്തിലാണോ എന്ന് പരിചിന്തനം ചെയ്ത് മനസ്സിലാക്കാവുന്നതാണ്.

***20. മനുഷ്യന്റെ സദാചാര പദവി എന്താണ്?***

ഹസ്റത്ത് മസീഹ് മൗഊദ് (അ) സദാചാരത്തെ രണ്ട് വിധത്തിൽ നിർവചിച്ചിട്ടുണ്ട്. ഒന്ന് സന്ദർഭാനുസരണം സൽകർമ്മം ചെയ്യുക. എന്നാൽ അത് സഹജവാസനയാലോ വെറും സ്വാഭാവികമായ നൻമയെന്ന നിലയിലോ ചെയ്യപ്പെടുകയാണെങ്കിൽ അതിന് അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭിക്കുന്നതല്ല. എന്നാൽ ഒരാൾ അല്ലാഹുവിന്റെ തൃപ്തിയെ കാംക്ഷിച്ച് അപ്രകാരം ചെയ്താൽ അല്ലാഹു പ്രതിഫലം നൽകുന്നതാണ്.

***21. ഒരു ക്രിസ്തീയ സുഹൃത്തിനെ എങ്ങനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാം?***

പൊതുവായ മറുപടി പറയുക പ്രയാസമാണ്. ഓരോ വ്യക്തിയും വ്യതിരിക്തമായ വിശ്വാസാദർശങ്ങൾ പുലർത്തുന്നവരും വ്യത്യസ്ത വ്യക്തിത്വമുള്ളവരുമായിരിക്കും. അതിനനുസരിച്ചു മാത്രമെ മറുപടി നൽകാൻ സാധിക്കൂ. ആ വ്യക്തിയെക്കുറിച്ച് ശരിയായ രീതിയിൽ മനസ്സിലാക്കിത്തരുവാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുക. വ്യക്തിയെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കിയാൽ മാത്രമെ ഫലപ്രദ

മായ രീതിയിൽ തബ്ലീഗ് ചെയ്യുവാൻ സാധിക്കുകയുള്ളൂ. അല്ലാഹുവിനു മാത്രമെ ആ അറിവ് നൽകുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഒന്നാമതായി അല്ലാഹുവിനോട് പ്രാർത്ഥിക്കുക; ആ വ്യക്തിയെക്കുറിച്ച് ശരിയായ രീതിയിൽ മനസ്സിലാക്കിത്തരുവാൻ വേണ്ടി.

***22. രണ്ട് മസീഹ്മാരും തമ്മിലുള്ള വ്യത്യാസമെന്ത്?***

ആദ്യത്തെ മസീഹ് ജൂതമതത്തിലാണ് ജനിച്ചത്; രണ്ടാമത്തെ മസീഹ് ഇസ്‌ലാമിലും. രണ്ടാമത്തെ മസീഹ് നബി (സ) തിരുമേനിയുടെ അനുയായിയായിരുന്നു. എന്നാൽ ഈസാനബി (അ) പൂർണമായ നിലയിൽ മൂസാനബിയുടെ അനുയായിയായിരുന്നില്ല; മൂസാനബി കൊണ്ടുവന്ന വേദഗ്രന്ഥത്തിന്റെ മാത്രം അനുയായിയായിരുന്നു. മൂസാനബി(അ)യോടുള്ള ഈസാനബി (അ)യുടെ അനുരക്തി വ്യക്തമാക്കുന്ന ഒന്നും തന്നെ ബൈബിളിൽ കാണപ്പെടുന്നില്ല. എന്നാൽ രണ്ടാം മസീഹാവട്ടെ മുഹമ്മദ്നബി (സ)യുടെയും വിശുദ്ധഖുർആന്റെയും വിനീതദാസനും വിശുദ്ധഖുർആനോടും നബിതിരുമേനി (സ)യോടും നിസ്സീമമായ നിലയിൽ സ്നേഹാദരവ് പ്രകടിപ്പിച്ച ആളുമായിരുന്നു.

***23. നബി (സ) തിരുമേനിയുമായി താരതമ്യം ചെയ്യുമ്പോൾ താങ്കളുടെ പദവി എന്താണ്?***

ഞാൻ നബിതിരുമേനി (സ)യുടെ കാലിന്നടിയിലെ പൊടിമണ്ണാണ്. റസൂൽ തിരുമേനിയുടെ കാലിന്നടിയിൽ ആയിരിക്കുമ്പോൾ മാത്രമെ മണ്ണിന് മഹത്വമുള്ളൂ.

***24. ഇസ്‌ലാം പരിപൂർണമായിരിക്കെ മറ്റൊരു പരിഷ്കർത്താവ് വരേണ്ട ആവശ്യമെന്താണ്?***

നബിതിരുമേനി (സ) പറഞ്ഞതാണ് ഇമാം മഹ്ദി വരുമെന്നുള്ളത്. മുസ്‌ലിംകളെ നയിക്കാൻ ദൈവത്താൽ നിയുക്തനാകുന്ന വ്യക്തിയായിരിക്കും ഇമാം മഹ്ദി എന്നും റസൂൽതിരുമേനി (സ) അരുളിയിട്ടുണ്ട്.

റസൂൽ തിരുമേനിയുടെ പ്രവചനത്തിന്റെ പൂർത്തീകരണമായി ഇമാംമഹ്ദി ആഗതനായിരിക്കുന്നു: താങ്കൾക്കിക്കാര്യത്തിൽ

എന്തെങ്കിലും വിരുദ്ധാഭിപ്രായമുണ്ടെങ്കിൽ അത് ഞങ്ങൾക്കെതിരിലായിരിക്കില്ല മറിച്ച് നബിതിരുമേനി (സ)ക്കെതിരിലായിരിക്കും.

## മജ്‌ലിസെ ഇർഫാൻ 7.04.2000

***25. മരണാസന്നരായ ചില ആളുകൾ മരിച്ചുപോയ അവരുടെ ബന്ധുക്കളെ കാണുന്നതായി പറയാറുണ്ട്. ഇത് ശരിയാണോ?***

ഇതൊരു മനശാസ്ത്രപരമായ പ്രതിഭാസമാണ്. അവർ അവരുടെ മരിച്ച ബന്ധുക്കളെ ആ സമയത്ത് ഓർക്കുകയാണ്. എതെങ്കിലും മരിച്ച ബന്ധുക്കൾ ആ സമയത്ത് വല്ല സന്ദേശവും നൽകുകയും ഭാവിയിൽ അത് പുലരുകയും ചെയ്യുകയാണെങ്കിൽ അത് തീർച്ചയായും അല്ലാഹു കാണിച്ചതാണെന്നു പറയാം.

***26. ജിന്നിനെക്കുറിച്ചുള്ള താങ്കളുടെ അനുഭവം ഞങ്ങളോട് പറയാമോ?***

ജിന്നുകൾ എന്ന വ്യത്യസ്തമായ ഒരു വിഭാഗവും നിലവിലുണ്ട്. ഒരിക്കൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഓഫീസിലിരുന്നു കത്തുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഉറുമാൽ മേശപ്പുറത്ത് വെച്ചിട്ടുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം കാണുകയാണ്, മേശപ്പുറത്ത് വച്ച ഉറുമാൽ ഉയർന്ന് പൊങ്ങി അദ്ദേഹത്തിന്റെ കണ്ണിനു മുമ്പിൽ വായുവിൽ നൃത്തം ചെയ്യുന്നു. പിന്നീട് താഴെക്ക് തന്നെ വീഴുകയും വീണ്ടും അപ്രകാരം ആവർത്തിക്കുകയുണ്ടായി.

ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു: ഒരുദിവസം രാത്രി വീടിന്റെ എല്ലാ വാതിലുകളും അടച്ചുപൂട്ടിയശേഷം അദ്ദേഹം ഉറങ്ങാൻ കിടന്നു. കുറച്ചുസമയത്തിനുശേഷം ആരോ ഒരാൾ അദ്ദേഹത്തിന്റെ കാലിൽ ബലമായി അമർത്തുന്നതായി അദ്ദേഹത്തിനുതോന്നി. അദ്ദേഹത്തിന് കാല് ഇളക്കാൻ സാധിച്ചിരുന്നില്ല

ആ അവസരത്തിൽ.

ജിന്നിനെക്കുറിച്ചുള്ള എന്റെ അനുഭവം ഇപ്രകാരമാണ്. ഒരിക്കൽ ഞാൻ വീട്ടിൽ തനിച്ചായിരുന്ന അവസരത്തിൽ, ഞാൻ എല്ലാ വാതിലുകളും പൂട്ടി തഴുതിട്ടിരുന്നു, ഏതോ ഒരു ചെറിയ ജീവി എന്റെ സമീപത്ത് നിൽക്കുന്നതായി എനിക്കു തോന്നി. പിന്നെ അത് കുളിമുറിയിലേക്ക് പ്രവേശിച്ചു. അവിടെ ഞാൻ എന്റെ ഷേവിങ്ങ് സെറ്റ് വെച്ചിട്ടുണ്ടായിരുന്നു. ബ്ലേഡ് പാക്കറ്റ് പൊളിക്കാതെയായിരുന്നു വെച്ചിട്ടുണ്ടായിരുന്നത്. ആ ജീവി പിന്നീട് ജനലഴികൾക്കുള്ളിലൂടെ പുറത്തേക്കുപോയി. ഞാൻ കുളിമുറിയിൽ പോയി നോക്കിയപ്പോൾ ബ്ലേഡ് പാക്കറ്റിൽനിന്ന് പുറത്തെടുത്ത് ഷേവിംഗ് റേസറിൽ പിടിപ്പിച്ചിരിക്കുന്നതായി ഞാൻ കണ്ടു.

എന്റെ മറ്റൊരനുഭവം കറാച്ചിയിൽ വെച്ചുണ്ടായതാണ്. ഞാൻ ഒരു കുടുംബത്തോടൊപ്പം ഒരു പിക്നിക്കിനു പോകുന്നവഴിക്ക് ഭാര്യയും ഭർത്താവും ചെറിയ പെൺകുട്ടിയും അടങ്ങുന്ന ആ കുടുംബത്തോട് കാറിൽതന്നെ ഇരിക്കാൻ പറഞ്ഞതിനുശേഷം ഞാൻ റിപ്പേർ ചെയ്യാൻ കൊടുത്ത ടേപ്പ് റിക്കാർഡർ വാങ്ങാൻവേണ്ടി അടുത്തുള്ള കടയിലേക്കുപോയി. ടേപ്പ്റിക്കാർഡർ ശരിയായിട്ടുണ്ടെന്നും ഉടൻതന്നെ ഞാൻ അതു വാങ്ങിവരാമെന്നുമുള്ള വിവരം പറയാൻ വേണ്ടി ഞാൻ കടയുടെ പുറത്ത് വന്നപ്പോൾ ഞാൻ കണ്ടത് കാറിലുണ്ടായിരുന്ന സ്ത്രീ റോഡരികിൽ മറ്റൊരു ബുർഖ ധരിച്ച സ്ത്രീയുമായി സംസാരിച്ചു നിൽക്കുന്നതായാണ്. കുറച്ചുസമയത്തിനുശേഷം അവരുടെ ഭർത്താവും കാറിൽ നിന്നിറങ്ങി ബുർഖ ധരിച്ച സ്ത്രീയുടെ അടുത്തുണ്ടായിരുന്ന ഒരാളോട് സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ വീണ്ടും കടയിലേക്ക് പോയി ടേപ്പ്റിക്കാർഡർ വാങ്ങി തിരിച്ചുവന്നപ്പോഴേക്ക് ഭാര്യയും ഭർത്താവും കാറിൽ പ്രവേശിച്ചിരിക്കുന്നതായി കണ്ടു. ബുർഖ ധരിച്ച സ്ത്രീയെ അവിടെ കണ്ടതുമില്ല. കാറിൽ തിരിച്ചെത്തിയ ഞാൻ അവരോട് ആരോടാണ് നിങ്ങൾ സംസാരിച്ചത് എന്നു ചോദിച്ചു. അത്ഭുതത്തോടെ അവർ പറഞ്ഞത് അവർ കാറിൽ നിന്ന് പുറത്തിറങ്ങിയിട്ടേയില്ലെന്നും മറിച്ച് താങ്കൾ ഒരു ബുർഖ ധരിച്ച സ്ത്രീയുമായി സംസാരിച്ചു

നിൽക്കുന്നത് കണ്ടുവെന്നുമാണ്. അങ്ങനെ സംഭവിച്ചിട്ടില്ലെന്ന് ഞാൻ പറഞ്ഞപ്പോൾ കാറിലുണ്ടായിരുന്ന അവരുടെ ചെറിയ കുട്ടി എന്നോട് "മാമാ, ഞങ്ങളെ കളിയാക്കുകയാണോ" എന്ന് ചോദിച്ചു. ഈ സംഭവത്തിന് ഞങ്ങൾ നാലുപേരും സാക്ഷികളാണ്.

***27. റസൂൽ തിരുമേനിയുടെ കാലത്ത് 'ചന്ദ്രൻ പിളർന്ന' സംഭവം എന്താണെന്ന് വിശദീകരിക്കാമോ?***

ഞാൻ മനസ്സിലാക്കുന്നത്, ആ സന്ദർഭത്തിൽ ഭീമാകാരമായ ഒരു ഉൽക്ക ചന്ദ്രനിൽ പതിക്കുകയും അതിന്റെ ഫലമായി വലിയൊരു മണൽക്കാറ്റ് അവിടെ ഉണ്ടാവുകയും ചെയ്തിരിക്കാമെന്നാണ്. ഈ മണൽക്കാറ്റ് കാരണമായി നാം ഭൂമിയിൽനിന്ന് ചന്ദ്രനിലേക്ക് നോക്കുമ്പോൾ ചന്ദ്രൻ രണ്ടായി പിളർന്നിരിക്കുന്നതായി തോന്നും. ഇതുപോലെത്തന്നെ ഒരു ഉൽക്ക ഭൂമിയിൽ പതിക്കുകയും മണൽക്കാറ്റുണ്ടാകുകയും ചെയ്താൽ ചന്ദ്രനിൽ നിന്നു നോക്കുമ്പോൾ ഭൂമി പിളർന്നിരിക്കുന്നതായി അനുഭവപ്പെടും.

***28. സുബ്ഹി സമയത്ത് നാം കാണുന്ന സ്വപ്നങ്ങൾ അല്ലാഹുവിൽ നിന്നുള്ളതായിരിക്കുമോ?***

നാം കാണുന്ന സ്വപ്നങ്ങൾ മിക്കതും നമ്മുടെ സ്വന്തം ചിന്തയിൽ നിന്നുണ്ടാകുന്നതാണ്. രാത്രി മുഴുവൻ നാം സ്വപ്നം കാണുന്നുണ്ട്. പക്ഷേ, സുബ്ഹിക്ക് കാണുന്ന സ്വപ്നങ്ങൾ മാത്രം ഓർമ്മയിൽ നിൽക്കുന്നുവെന്നേയുള്ളൂ. അല്ലാഹുവിൽ നിന്നുള്ള സ്വപ്നത്തിൽ പ്രത്യേക സന്ദേശം ഉണ്ടായിരിക്കും.

***29. നബിതിരുമേനി (സ)യുമായി ബന്ധപ്പെട്ട എന്തെങ്കിലും അവശേഷിപ്പുകൾ ഇപ്പോൾ നിലവിലുണ്ടോ?***

അല്ലാഹുവിനറിയാം. റസൂൽ തിരുമേനിയുടെ (സ) തലമുടി കശ്മീരിലെ ഹസ്റത്ത് ബാൽ പള്ളിയിൽ ഉണ്ട് എന്ന് ആളുകൾ പറയുന്നു. പക്ഷേ, അത് ശരിയല്ല. കാരണം, ഹസ്റത്ത് ബാൽ പള്ളിയിൽ സൂക്ഷിച്ചിരുന്ന മുടി കട്ടികൂടിയതാണ്. എന്നാൽ നബിതിരുമേനി (സ)യുടെ തലമുടി നേർത്തതും, മിനുസമുള്ളതും തിളങ്ങുന്നതുമായിരുന്നു.

***30. മതവും ശാസ്ത്രവും തമ്മിൽ പൊരുത്തപ്പെടുമോ?***

മതവും ശാസ്ത്രവും രണ്ടും ശരിയായതാണെങ്കിൽ അവ തമ്മിൽ പൊരുത്തപ്പെടും. ശാസ്ത്രം എന്നത് ദൈവത്തിന്റെ സൃഷ്ടികളെക്കുറിച്ചുള്ള പഠനമാണ്. മതം മനുഷ്യനെ പരിഷ്കരിക്കാനുള്ളതാണ്. നാം ശാസ്ത്രം മതത്തിനുവേണ്ടി ഉപയോഗിക്കേണ്ടിയിരിക്കുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് 'ഉലുൽ അൽബാബ്' എന്നു പറഞ്ഞിരിക്കുന്നു. അതായത്, അല്ലാഹു സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും നിരീക്ഷിക്കുകയും അതിനെക്കുറിച്ച് അഗാധമായി ചിന്തിക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുക. ധിഷണാശാലികളായ വിശ്വാസികൾ അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ച് സർവ്വഥാ ചിന്തിച്ചുകൊണ്ടിരിക്കുകയും അവനെ സ്തുതിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹുവിന്റെ അസ്തിത്വത്തെ തെളിയിക്കുവാൻ സൃഷ്ടിയുടെ ഈ സൂചനകൾ എങ്ങനെ ഉപയുക്തമാക്കാമെന്ന് അവർ ചിന്തിക്കുന്നു. സൃഷ്ടിയുടെ ഈ സൂചനകൾ നാം പ്രയോജനപ്പെടുത്തുകയാണെങ്കിൽ നാം അഭിവൃദ്ധി പ്രാപിക്കും; അല്ലെങ്കിൽ നശിപ്പിക്കപ്പെടും.

***31. ഒരു വ്യക്തി മറ്റൊരാൾക്ക് ഉപദ്രവമുണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ ഉപദ്രവിക്കപ്പെടുന്ന ആൾ ഉപദ്രവിക്കുന്ന ആളുടെ ബന്ധുക്കളോട് അതിനെക്കുറിച്ച് പറഞ്ഞാൽ അത് 'ഗീബത്ത്' (പരദൂഷണം) ആകുമോ?***

ഒരാൾ മറ്റൊരാളെ ഉപദ്രവിക്കുമ്പോൾ ഉപദ്രവിക്കുന്ന ആളുടെ ബന്ധുക്കളോടോ സ്നേഹിതൻമാരോടോ അത് പറയുന്നത് പരദൂഷണമാകുന്നില്ല. പറയപ്പെട്ട ബന്ധുവിനോ സുഹൃത്തിനോ പ്രശ്നത്തെക്കുറിച്ച് പഠിക്കാനും അങ്ങനെ അത് പരിഹരിക്കാനും സാധിക്കുന്നതാണ്.

## ഫ്രഞ്ച്കാരുമായുള്ള അഭിമുഖം 17.4.2000

***32. എത് തരം തേനാണ് നല്ലത്?***

*തേൻ ശുദ്ദ്ധമായിരിക്കണം. ഒരോ പ്രദേശത്തെ സസ്യ*

ങ്ങൾക്കനുസിരച്ചായിരിക്കും അതിന്റെ ഗുണം. ആ പുഷ്പങ്ങളുടെ ഔഷധ ഗുണങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ടായിരിക്കണം. തേൻ പരിശോധിക്കാനുള്ള മാർഗം, ഒരു ടീസ്പൂൺ തേനെടുത്ത് അത് ചായയിൽ ഒഴിക്കുക. തേൻ ശുദ്ധമാണെങ്കിൽ ചായയുടെ നിറം മാറുകയില്ല. തേൻ ശുദ്ധമല്ലെങ്കിൽ ചായയുടെ നിറം കടുത്തതാകും.

***33. പോപ്പിനെക്കുറിച്ച് ഹുസൂർ എന്താണ് കരുതുന്നത്?***

ഞാൻ അദ്ദേഹത്തെക്കുറിച്ച് എന്തുകരുതുന്നു എന്നതിൽ കാര്യമൊന്നുമില്ല. അദ്ദേഹം ദയാലുവാണെങ്കിൽ മനുഷ്യർക്ക് അത് ഗുണം ചെയ്യും. അദ്ദേഹം ഒരു ദയാലുവായ പോപ്പാണ്. എന്നാൽ, അദ്ദേഹത്തിന്റെ വിശ്വാസ പ്രമാണങ്ങൾ മുഴുവൻ അസ്വീകാര്യങ്ങളാണ്; അവ മുഴുവൻ അബദ്ധമാണ്.

## കുട്ടികളുമായുള്ള അഭിമുഖം 3.5.2000

***34. നമുക്ക് അല്ലാഹുവിനെ കാണാമോ?***

നമുക്ക് അല്ലാഹുവിനെ കാണാം; ഹൃദയത്തിന്റെ കണ്ണുകൊണ്ട്. വായു നാം കാണുന്നില്ല. പക്ഷേ, നാമത് അനുഭവിക്കുന്നു. അല്ലാഹുവിനെ നമുക്ക് അവന്റെ ഗുണങ്ങൾ മുഖേന കാണാവുന്നതാണ്.

***35. ഖുർആൻ മനഃപാഠമാക്കാനുള്ള എളുപ്പവഴി എന്താണ്?***

ചെറുപ്പത്തിലേതന്നെ മനഃപാഠമാക്കാൻ തുടങ്ങുക. ഒരു 'ഹാഫിസി'ൽ നിന്നും 'ഖാരി'യിൽ നിന്നും പഠിക്കുക. അവരുടെ ശബ്ദം മനോഹരമാണ്. അതിനൊരു താളാത്മകതയുണ്ട്. ഉച്ചാരണം കൃത്യമായിരിക്കും. ഖുദ്ദാമുൽ അഹ്മദിയ്യാ ഒരു 'ഹിഫ്സ്' സ്കൂൾ അത്ഫാലുകൾക്കുവേണ്ടി. യു. കെ. യിൽ തുടങ്ങണം.

***36. നബി(സ)യുടെ ഒരു ഹദീസിൽ, ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനോട് മൂന്നു ദിവസത്തിൽ കൂടുതൽ മിണ്ടാതിരിക്കാൻ പാടില്ല എന്നു കാണുന്നുണ്ടല്ലോ?***

ഇത് ഭൗതിക വിഷയത്തിൽ മാത്രമാണ്. മതപരമായ വിഷയങ്ങളിൽ ഇത് ബാധകമല്ല. മതപരമായ വിഷയങ്ങളിൽ അവ

രിൽ പരിഷ്കരണം വന്നശേഷമാണ് നിങ്ങൾ അവരോട് സംസാരിക്കേണ്ടത്. ജിഹാദിനു പോകാത്ത സഹാബികളെ നബി (സ) ഒരു ദീർഘകാലം ബഹിഷ്കരിച്ചിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ തന്നെ നിർദേശത്തിന് എതിരാണോ? ഭൗതികമായ കാര്യങ്ങളിൽ നിങ്ങൾ പൊറുത്തുകൊടുക്കുകയും സംസാരിക്കുകയും വേണം. എന്നാൽ മതപരമായ വിഷയത്തിൽ അവരിൽ മാറ്റം വരുന്നതുവരെ നിങ്ങൾ അവരോട് സംസാരിക്കരുത്.

***37. വീട്ടിൽ മരണം സംഭവിച്ചാൽ 40 ദിവസത്തേക്ക് വീട്ടിൽ ഒരാഘോഷവും പരിപാടികളും നടത്താൻ പാടില്ലെന്നുണ്ടോ?***

ഇല്ല. ഇത് അനഹ്മദികളുടെ ഇടയിലുള്ള അനാചാരമാണ്. പരിപാടി കുറച്ച് ദിവസത്തേക്ക് നീട്ടിവെക്കാം. 40 ദിവസത്തിന്റേതായ ഒരു നിബന്ധനയും അതിലില്ല. വീട്ടിൽ നടത്താൻ നിശ്ചയിച്ച വിവാഹം മരണം കാരണമായി കുറച്ച് ദിവസത്തേക്ക് നിങ്ങൾക്ക് നീട്ടിവെക്കാം. വരന്റേയോ വധുവിന്റേയോ ആഗ്രഹമനുസരിച്ചാണത്. അവരാണ് തീരുമാനിക്കേണ്ടത്.

***38. നമസ്കരിക്കുന്നതിനിടയിൽ തുമ്മിയാൽ 'അൽഹംദുലില്ലാഹ്' എന്നു പറയണമോ?***

അതെ, നിങ്ങൾ നിശബ്ദമായി അത് പറയണം. 'അൽ ഹംദുലില്ലാഹ്' എന്നു പറയുന്ന ശീലം നിങ്ങൾക്കുണ്ടായിരിക്കണം. അങ്ങനെയാണെങ്കിൽ തുമ്മിയാലുടൻ നിങ്ങളുടെ ഹൃദയത്തിൽ നിന്ന് നിങ്ങളറിയാതെ തന്നെ 'അൽഹംദുലില്ലാഹ്' എന്ന സ്തുതി പുറപ്പെടും.

***39. നബി (സ) തിരുമേനിക്ക് സഹോദരീസഹോദരൻമാർ ഉണ്ടായിരുന്നുവോ?***

ഇല്ല. നബിതിരുമേനി (സ)ക്ക് സഹോദരനോ സഹോദരിയോ

ഉണ്ടായിരുന്നില്ല.

*39. മനുഷ്യസൃഷ്ടിപ്പിനെ കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതരാമോ?*

കളിമണ്ണിൽ നിന്ന് ജീവന്റെ ഉൽപ്പത്തി ആരംഭിച്ച സന്ദർഭത്തിൽ തന്നെ സൃഷ്ടിക്കപ്പെടാനിരിക്കുന്ന മനുഷ്യന്റെ ജീനുകൾ അതിൽ അന്തർഭവിച്ചിരുന്നു. അത് പടിപടിയായി പരിണമിച്ചുവന്നു. പക്ഷേ, തുടക്കത്തിൽ തന്നെ ഭാവിയിലെ പരിണാമപ്രക്രിയക്കുവേണ്ടുന്ന ജീനുകൾ അതിൽ ഉൾക്കൊണ്ടിട്ടുണ്ടായിരുന്നു.

*40. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിനു മുമ്പായി 'വുസു' എടുക്കൽ നിർബന്ധമാണോ?*

തിലാവത്തിനായി (ഖുർആൻ പാരായണം ചെയ്യാനായി) നിങ്ങൾ ഇരിക്കുമ്പോൾ 'വുസു' എടുക്കൽ നിർബന്ധമാണ്. 'വുസു' ഇല്ലാതെ ഒരിക്കലും തിലാവത്ത് ചെയ്യരുത്.

*41. അല്ലാഹു എങ്ങനെയാണ് ആകാശഭൂമികൾ സൃഷ്ടിച്ചത്?*

മനുഷ്യബുദ്ധിക്ക് അതുൾക്കൊള്ളാൻ സാധ്യമല്ല. അത് അനന്തമല്ല. അത് ഇല്ലായ്മയിൽ നിന്ന് ഉത്ഭൂതമായി. അല്ലാഹു അങ്ങനെ തീരുമാനിച്ചു. അപ്പോൾ അതുണ്ടായി. നമ്മുടെ സ്വപ്നങ്ങളിൽ നാം ഇല്ലാത്ത പല കാര്യങ്ങളും കാണുന്നു. നമ്മുടെ ചിന്തയും അല്ലാഹുവിന്റെ ചിന്തയും തമ്മിൽ അന്തരമുണ്ട്. അല്ലാഹു എന്തൊന്ന് ഉദ്ദേശിക്കുന്നുവോ അതുണ്ടാകുന്നു.

*42. ദിനോസറുകളുടെ കാലഘട്ടത്തിൽ മലക്കുകൾ ഉണ്ടായിരുന്നുവോ?*

പ്രപഞ്ചം ഉണ്ടായ മുതൽക്കുതന്നെ മലക്കുകളുമുണ്ട്.

*43. ഹസ്റത്ത് മർയം (അ) യേശുവിനെ ക്രൂശിക്കുന്നതു നേരിൽ കണ്ടിരുന്നുവോ? അവർ അടുത്തുതന്നെ ഉണ്ടായിരുന്നുവോ?*

അതൊരു ദാരുണമായ സംഭവമായിരുന്നു. അവർ അത് കണ്ടിരുന്നില്ല. അവരുടെ പുത്രനെ അങ്ങനെ ഒരവസ്ഥയിൽ

കാണുക അവർക്ക് സാധ്യമായിരുന്നില്ല.

***44. നാമെന്തിനാണ് 'ഇബാദത്ത്' (ആരാധന) ചെയ്യുന്നത്?***

അല്ലാഹുവിന്റെ 'അബദ്' ആയിത്തീരുവാൻ. 'മാലിക്കി'നെ അനുസരിക്കാൻ. 'മാലിക്കി'ന്റെ കൽപനകൾ അനുസരിക്കാൻ; നമ്മുടെ സ്വന്തം കൽപനകളെയല്ല. നാം അല്ലാഹുവിന്റെ വിശിഷ്ടഗുണങ്ങൾ സ്വാംശീകരിക്കണം. നിങ്ങൾക്ക് ദേഷ്യം വരുമ്പോൾ, ഓർക്കുക അല്ലാഹു 'ഹലീമാ'ണ്. അവൻ 'അഫ്‌വ്' ചെയ്യുന്നു. അവൻ 'ഗഫൂറുർറഹീമാ'ണ്. അല്ലാഹുവിനെ കുറിച്ച് വെറുതെ ചിന്തിക്കുകയല്ല വേണ്ടത്, അല്ലാഹുവിന്റെ ഗുണങ്ങൾ സ്വയത്തമാക്കാൻ ശ്രമിക്കണം. അപ്പോൾ നിങ്ങൾ ജീവിതത്തിൽ പുരോഗതി പ്രാപിക്കാനും മുന്നേറാനും തുടങ്ങുന്നു.

***45. ജീവിതത്തിൽ താങ്കളെ ഏറ്റവുമധികം സ്വാധീനിച്ച വ്യക്തി ആരാണ്?***

ഏറ്റവും കൂടുതൽ സ്വാധീനിച്ചത് നബി (സ) തിരുമേനി തന്നെ. മസീഹ് മൗഊദ്(അ) റസൂൽ (സ) തിരുമേനിയുടെ പ്രതിബിംബമായിരുന്നു. പിന്നെ ഇബ്റാഹീം നബി (അ). അല്ലാഹു ഇബ്റാഹീം നബി (അ)യെ ഒരുപാട് സ്നേഹിച്ചിരുന്നു. അദ്ദേഹം ലോലഹൃദയനായിരുന്നു. 'കഅബ' പുനരുദ്ധരിച്ചത് അദ്ദേഹമായിരുന്നു. നബി (സ) തിരുമേനി അദ്ദേഹത്തിന്റെ സന്താന പരമ്പരയിലാണ് വന്നത്. മറ്റു പ്രവാചകൻമാരും എന്നെ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ, ഈ മൂന്നു പ്രവാചകൻമാരാണ് ഏറ്റവും കൂടുതൽ സ്വാധീനിച്ചത്.

***46. വീട്ടിൽ വച്ച് നമസ്കരിക്കുന്നതിനു മുമ്പായി 'ബാങ്ക്' വിളിക്കേണ്ടതുണ്ടോ?***

ബാങ്ക് നിർബന്ധമല്ല. കുട്ടികളുടെ തർബിയത്തിനുവേണ്ടി വേണമെങ്കിൽ ബാങ്ക് വിളിക്കാം. കാട്ടിൽ വെച്ചുപോലും ബാങ്ക് വിളിക്കാൻ നബി (സ) തിരുമേനി നിർദേശിച്ചിട്ടുണ്ട്. ബാങ്കിന്റെ ഉദ്ദേശ്യം ജനങ്ങളെ ക്ഷണിക്കുക എന്നതാണ്. വീട്ടിൽ അതിന്റെ ആവശ്യമില്ല. കാരണം നിങ്ങൾ ആളുകളെ

വിളിക്കാൻ ഉദ്ദേശിക്കുന്നില്ല. ബാങ്ക് ആളുകളെ വിളിച്ചുകൂട്ടാനുള്ളതാണ്.

***47. എന്താണ് നല്ലത് എന്താണ് തിയ്യത് എന്ന് നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?***

നല്ലതും ചീത്തയും മനുഷ്യപ്രകൃതിയിൽ തന്നെ എഴുതപ്പെട്ടിരിക്കുന്നു, പതിപ്പിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഹൃദയത്തിൽ അന്തർലീനമാണത്. ഒരു യാത്രക്കാരൻ നിങ്ങളോട് വഴിചോദിച്ചാൽ നിങ്ങൾ അയാൾക്ക് അത് കാണിച്ചുകൊടുത്ത് അയാളെ സഹായിക്കുന്നു. അപ്പോൾ നിങ്ങൾക്ക് സന്തുഷ്ടിയുണ്ടാകുന്നു. മറിച്ച്, നിങ്ങൾ അയാളോട് ഒച്ചവെക്കുകയാണെങ്കിൽ നിങ്ങൾക്ക് അസംതൃപ്തിയാണ് തോന്നുക. നിങ്ങൾ ഒരാളെ കൊല ചെയ്യുകയാണെങ്കിൽ, നിങ്ങൾക്കറിയാം അത് ചീത്തകാര്യമാണെന്ന്, അത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നു. മറിച്ച് നിങ്ങൾ ഒരാളെ രക്ഷിക്കുകയാണെങ്കിൽ നിങ്ങൾക്കത് സന്തോഷം പ്രദാനം ചെയ്യുന്നു.

***48. അനഹ്മദികളുടെ പള്ളികളിൽ നമുക്ക് നമസ്കരിക്കാമോ?***

നമുക്കവരുടെ കൂടെ ജമാഅത്തായി നമസ്കരിക്കാൻ പാടില്ല. അവർക്ക് ഇഷ്ടവുമല്ല നാം അവിടെപോകുന്നത്. പിന്നെന്തിന് അവിടെ പോകണം? അത് അല്ലാഹുവിന്റെ ഭവനമല്ല. അല്ലാഹുവിന്റെ ഭവനത്തിൽ എല്ലാവർക്കും പ്രവേശിക്കാം. നിങ്ങൾ അവിടെപോകുന്നത് അവർക്കിഷ്ടമല്ല. അത്കൊണ്ട് തന്നെ അത് അവരുടെ സ്വകാര്യ ഭവനമാണ്. അല്ലാഹുവിന്റെ ഭവനമല്ല. ഒരാളുടെ സ്വകാര്യഭവനത്തിൽ അയാളുടെ ഇഷ്ടമില്ലാതെ നിങ്ങൾക്ക് പോകാൻ സാധ്യമല്ല. അത്കൊണ്ട് അവിടെ പോകാതിരിക്കുക.

***49. ആരോഗ്യവാനായിരിക്കാനുള്ള ഉത്തമ വഴിയെന്താണ്?***

കുറച്ചുമാത്രം ഭക്ഷിക്കുക. നല്ലതും ശുദ്ധവുമായ ആഹാരം സമീകൃതമായി കഴിക്കുക. പിന്നെ നടക്കുക. അല്ലെങ്കിൽ മറ്റെന്തെങ്കിലും വ്യായാമങ്ങൾ ചെയ്യുക.

# മജ്‌ലിസ് ഇർഫാൻ 16.2.2001

***50. മുത്തഖിയായിത്തീരുവാൻ ഏതു ദുആയാണ് ചെയ്യേണ്ടത്?***

നേരായ മാർഗത്തിൽ നയിക്കാൻ വേണ്ടി അല്ലാഹുവിനോട് സദാ ദുആ ചെയ്തുകൊണ്ടിരിക്കുക. വീട്ടിൽ മാത്രമല്ല പുറത്തും കോളേജിലും മറ്റുമായിരിക്കുമ്പോഴും ഇപ്പോഴും (മാതാപിതാക്കളോടൊപ്പം ജീവിക്കുമ്പോൾ) സ്വതന്ത്രരാകുമ്പോഴും (പ്രായപൂർത്തിയെത്തിയവർ) മുത്തഖിയാക്കിത്തീർക്കുവാൻ ദുആ ചെയ്തുകൊണ്ടിരിക്കുക.

***51. ക്ഷമ കൈവരിക്കുവാൻ എന്തുചെയ്യണം?***

ദുആയിലൂടെ മാത്രമേ ക്ഷമ കൈവരിക്കുവാൻ സാധിക്കുകയുള്ളൂ.

***52. അല്ലാഹു എന്തിനാണ് നബിയെ അയക്കുന്നത്?***

അദൃശ്യ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് നൽകാൻ. അതിലൂടെയാണ് നമുക്ക് അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ച് ബോധ്യം വരുന്നത്. അല്ലായിരുന്നുവെങ്കിൽ ദൈവത്തിൽ വിശ്വസിക്കുക എന്നത് വളരെ പ്രയാസകരമാണ്.

***53. സൂറത്തുൽ ഇഖ്‌ലാസ് മൂന്നു പ്രാവശ്യം ആവർത്തിച്ചോതിയാൽ ഖുർആൻ മുഴുവൻ പാരായണം ചെയ്ത പ്രതിഫലം ലഭിക്കുമോ?***

ഇല്ല. അത് തെറ്റാണ്. സൂറത്തുൽ ഫാത്തിഹയെക്കുറിച്ച് അങ്ങനെ പറയാം. കാരണം ബാക്കി വിശുദ്ധഖുർആനിലെ മുഴുവൻ സൂറത്തുകളും സൂറത്തുൽ ഫാത്തിഹായുടെ വ്യാഖ്യാനമാണ്. എന്നാൽ സൂറത്തുൽ ഫാത്തിഹായെക്കുറിച്ചുപോലും റസൂൽ (സ) അങ്ങനെ പറഞ്ഞിട്ടില്ല. നമസ്കാരത്തിൽ നിങ്ങൾ സൂറത്തുൽ ഫാത്തിഹ ഓതിയശേഷം മറ്റു സൂറത്തുകളും ഓതണം.

***54. നബി (സ) തിരുമേനി തങ്ങളുടെ മാതാവിനു വേണ്ടിയുള്ള പ്രാർത്ഥന നിർത്തിയിരുന്നുവോ?***

ഇല്ല. നമസ്ക്കാരത്തിൽ നബിതിരുമേനി (സ) മാതാവിനും പിതാവിനും വേണ്ടി എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു.

## ജർമൻ കാരുമായുള്ള അഭിമുഖം 29.4.2000

55. *നബിതിരുമേനി (സ)യുടെ ധാരാളം ദുആകളുണ്ടല്ലോ! ഏതു ദുആയാണ് ചെയ്യേണ്ടത് എന്ന് എങ്ങനെ ഓർമ്മിക്കും?*

നിങ്ങളുടെ മാനസികാവസ്ഥയനുസരിച്ച് നിങ്ങൾ ദുആ ചെയ്യുക. സഹാബാക്കൾ നബിതിരുമേനി (സ)യോട് എങ്ങനെയാണ് ഈ ദുആകളെല്ലാം ഓർമ്മവെക്കുക എന്നു ചോദിച്ചപ്പോൾ നബി (സ) പറഞ്ഞത് നിങ്ങൾ ദുആ ചെയ്തതിനുശേഷം (ഓർമ്മയുള്ളത്) അല്ലാഹുവിനോട് പറയുക: അല്ലാഹുവേ നബി (സ) ചെയ്ത എല്ലാ ദുആകളും നിന്നെക്കുറിച്ചുള്ളതാണല്ലോ. നബി (സ) ചെയ്ത ദുആകളെല്ലാം ഞങ്ങളിൽ നിന്നു സ്വീകരിക്കേണമേ എന്ന്.

56. *ഗർഭപാത്രത്തിലുള്ള ശിശുവിനെ ഏതു ഘട്ടത്തിലാണ് 'ഇൻസാൻ' (മനുഷ്യൻ) എന്നു പറയാൻ സാധിക്കുക?*

നാലര മാസമാകുമ്പോൾ അത് സ്വതന്ത്രമായ നിലയിൽ 'ഇൻസാൻ' ആയിത്തീരുന്നു. അപ്പോഴാണ് 'റൂഹ്' (ആത്മാവ്) ഉത്ഭൂതമാകുന്നത്. അതിനുമുമ്പുള്ള ഘട്ടങ്ങൾ മൃഗങ്ങളുടേതിനു തുല്യമാണ്. നാലരമാസത്തിനുശേഷം ശിശുവിന് കേൾക്കാനും മനസ്സിലാക്കാനും പ്രതികരിക്കാനും സാധിക്കും. പിതാവ് ഒച്ചയിട്ടാൽ ശിശു പേടിച്ച് വിറക്കും. സ്നേഹത്തോടെ സംസാരിച്ചാൽ ശിശുവിൽ അത് നല്ല പ്രതികരണമുണ്ടാക്കും.

57. *ദിറൂദിൽ (നബി (സ)യുടെ മേൽ ചൊല്ലുന്ന സ്വലാത്ത്) എങ്ങനെയാണ് ശ്രദ്ധ കേന്ദ്രീകരിക്കുക?*

നബി(സ)യുടെ മേലും തങ്ങളുടെ പത്നിമാരുടെമേലും, സന്താനങ്ങളുടെ മേലും, പേരസന്തതികളുടെ മേലും, വാഗ്ദത്ത മസീഹിന്റെ മേലും സ്വലാത്ത് ചൊല്ലുക. 'ആൽ' (കുടുംബം) എന്നതിൽ ഇവരെല്ലാം ഉൾപ്പെടുന്നു എന്ന്

ചിന്തിച്ചുകൊണ്ടിരിക്കുക. അങ്ങനെയായാൽ ദുറൂദിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കാൻ നിങ്ങൾക്ക് കഴിയും.

## ജർമൻ കാരുമായുള്ള അഭിമുഖം 6.5.2000

*58. അഹ്മദികൾക്ക് സ്റ്റോക്ക് ബ്രോക്കർ, സബ് ബ്രോക്കർ, ഇൻവെസ്റ്റർ മാനേജർ എന്നീ ജോലികൾ ചെയ്യാമോ?*

അഹ്മദികൾ ആ ജോലികൾ ചെയ്യരുത്.

*59. വിശുദ്ധഖുർആനിലെ 17-ാം അധ്യായം 24-ാം വചനത്തിൽ വൃദ്ധരായ മാതാപിതാക്കളോട് ദയാവായ്പോടെ പെരുമാറാൻ പറഞ്ഞിരിക്കുന്നു. വാർദ്ധക്യത്തെക്കുറിച്ച് ഇവിടെ എന്തിനാണ് എടുത്തുപറഞ്ഞിരിക്കുന്നത്?*

സാധാരണനിലയിൽ മിക്കവാറും അവർ വാർദ്ധക്യം പ്രാപിച്ചിട്ടുണ്ടായിരിക്കും. അവർ വൃദ്ധരായിട്ടുണ്ടെങ്കിൽ ഈ അദ്ധ്യാപനം അനുസരിക്കുക. അവർ വാർദ്ധക്യം പ്രാപിക്കുന്നതിനുമുമ്പും ഈ അധ്യാപനം അനുസരിക്കേണ്ടതാണ്. പ്രായമാകുമ്പോൾ അവർ കുട്ടികളെപ്പോലെ ആയിത്തീരുന്നു. അവരുടെ സംസാരം മക്കൾക്ക് ഇഷ്ടപ്പെടാത്ത രീതിയിലായിരിക്കും. പ്രായാധിക്യം കാരണം അവർക്ക് ചിലപ്പോൾ പെട്ടെന്ന് ദേഷ്യം വന്നെന്നിരിക്കും. ചിലപ്പോൾ ചില കടുത്ത വാക്കുകൾ ഉപയോഗിച്ചേക്കും. എന്നാൽ മക്കൾ അവരോട് 'ഛെ' എന്നുപോലും പറയാൻ പാടില്ല; ഒരു വിധത്തിലുള്ള പ്രയാസങ്ങളും അവർക്ക് ഉണ്ടാക്കാൻ പാടില്ല. നിങ്ങൾ കുട്ടികളായിരിക്കുമ്പോൾ എപ്രകാരം അവർ നിങ്ങളോട് കാരുണ്യം കാട്ടിയോ അതുപോലെ അവരിലും കാരുണ്യം ചൊരിയാൻ വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുക. വാർദ്ധക്യം ശൈശവത്തിനു തുല്യമായ അവസ്ഥയാണ്.

*60. എന്തുകൊണ്ടാണ് മനുഷ്യനും ചിമ്പാൻസിയും തമ്മിൽ ഇത്ര സാമ്യം?*

ബാഹ്യമായ സാമ്യം മാത്രമെയുള്ളൂ. നിൽക്കുക തുടങ്ങിയവയിൽ. എന്നാൽ മനസ്സ് വളരെ വ്യത്യസ്തമാണ്.

ചിമ്പാൻസിക്ക് ദേഷ്യത്തിന്റെയും സ്നേഹത്തിന്റെയും ശബ്ദമുണ്ടാക്കുവാൻ കഴിയും. പക്ഷേ, ചിമ്പാൻസിക്ക് മനുഷ്യനെപ്പോലെ ചിന്തിക്കുവാനോ സംസാരിക്കുവാനോ സാധിക്കുമോ? മനുഷ്യൻ പ്രപഞ്ചത്തിലെ സകല വസ്തുക്കളെയും കുറിച്ച് ചിന്തിക്കുന്നു. നാം 20 കോടി വർഷത്തെക്കുറിച്ച് ചിന്തിക്കുന്നു. ചിന്തിച്ചുകൊണ്ടിരിക്കെ നാം വിശകലനം നടത്തുന്നു.

ചിമ്പാൻസിക്ക് ഓർമ്മിക്കാൻ കഴിയും. പക്ഷേ, വിശകലനം ചെയ്യാൻ സാദ്ധ്യമല്ല. മനുഷ്യൻ 'ബയാൻ' (ധൈഷണികമായി ചിന്തിക്കുക) ചെയ്യണമെന്നാണ് അല്ലാഹു ഉദ്ദേശിച്ചിട്ടുള്ളത്. ബാഹ്യമായ നിലയിലുള്ള ശാരീരിക സാമ്യം മാത്രമെ മനുഷ്യനും ചിമ്പാൻസിയും തമ്മിലുള്ളൂ. എല്ലാ ജീവിവർഗ്ഗ ശൃംഖലകൾ തമ്മിലും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയുണ്ട്. പക്ഷേ, മനുഷ്യനും ചിമ്പാൻസിയും തമ്മിലുള്ള അന്തരം അതുല്യമാണ്.

*61. ഈ ഭൗതികലോകം ഒന്നുമല്ലെന്നിരിക്കെ എന്തിനാണ് നാമിങ്ങനെ കഠിനാധ്വാനം ചെയ്യുന്നത്? എന്തിനാണ് ജോലിചെയ്യുന്നത്? ആ സമയം കൊണ്ട് അല്ലാഹുവിനെ ദിക്ർ ചെയ്ത് ലളിതമായി ജീവിച്ചാൽ പോരേ?*

പാടില്ല. കഠിനാധ്വാനം ചെയ്യാനാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. അങ്ങനെയല്ലെങ്കിൽ സാമ്പത്തിക രംഗം മുന്നോട്ട് പോവില്ല; ഒരു പുരോഗതിയും ഉണ്ടാവുകയുമില്ല; ലോകം ഒന്നാകെ അനിശ്ചിതത്വത്തിലായിപോകും. ജോലിയൊന്നും ചെയ്യാതെ വീട്ടിൽ കുത്തിയിരുന്ന് 'ദിക്ർ' ചെയ്യുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഹൃദയം അല്ലാഹുവിലും കൈകൾ ജോലിയിലും ആയിരിക്കണം. ഒരുദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം.

ഒരിക്കൽ ഒരു പിതാവ് തന്റെ മകനെ കച്ചവടം ചെയ്യാനായി ഒരു സ്ഥലത്തേക്ക് അയച്ചു. യാത്രാമധ്യെ വിശ്രമിക്കുന്ന അവസരത്തിൽ ഒരു പുലി ഇരപിടിച്ച് തിന്നുന്നതായി അയാൾ കാണാനിടയായി. അതിനുശേഷം ഒരു മുടന്തനായ ചെന്നായ അവിടെ വരികയും പുലി ഭക്ഷിച്ച് ബാക്കിയാ

ക്കിയ മാംസം തിന്നുകയും ചെയ്തു. ഇതു കണ്ടപ്പോൾ അയാൾ ഇപ്രകാരം ചിന്തിച്ചു: 'അല്ലാഹു എല്ലാത്തിനും ആഹാരം നൽകുന്നു. പിന്നെ എന്തിന് അധ്വാനിക്കണം'. അയാൾ തിരിച്ചുവരികയും പിതാവിനോട് ഉണ്ടായ സംഭവങ്ങൾ വിവരിക്കുകയും ചെയ്തു. ഇത് കേട്ടതിനുശേഷം പിതാവ് പറഞ്ഞു: "നീ ആ പുലിയെപ്പോലെ ആകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. മറ്റുള്ളവർക്ക് ആഹാരം നൽകാൻ നിനക്ക് സാധിക്കണം"

62. ***നബിതിരുമേനിയുടെ ജീവിതം വളരെ ലളിതമായിരുന്നല്ലോ. ഈ സുന്നത്തല്ലേ നാം അനുകരിക്കേണ്ടത്?***

നബിതിരുമേനി (സ)യുടെ സ്ഥാനം വളരെ ഉന്നതമായിരുന്നു. എല്ലാവർക്കും അദ്ദേഹത്തിന്റെ സുന്നത്തിനെ അനുകരിക്കാൻ സാധ്യമായെന്നു വരില്ല. വാഗ്ദത്ത മസീഹ് (അ) നബി (സ) തിരുമേനിയുടെ സുന്നത്തിനെ പിൻപറ്റിയ ആളായിരുന്നു. നബിതിരുമേനി (സ)ക്ക് സർവ്വവിധ സമ്പത്തുകളും കിട്ടിയപ്പോൾ അദ്ദേഹം അത് മുഴുവൻ ദാനം ചെയ്യുകയാണുണ്ടായത്. ഭൗതിക വിഭവങ്ങളിൽ ഒട്ടും താത്പര്യമില്ലാത്ത ഒരാളുടെ ഉത്തമ പ്രതീകമായിരുന്നു നബി (സ) തിരുമേനി. ഇതായിരുന്നു നബി (സ)യുടെ ലളിത ജീവിതത്തിന്റെ സുന്നത്ത്.

റസൂൽ തിരുമേനി (സ)യുടെയും മസീഹ് മൗഊദിന്റെയും സഹാബികൾ ഉന്നത ജീവിതം നയിച്ചിരുന്നവരായിരുന്നു. അവർ സാമ്പത്തികമായി നല്ല അവസ്ഥയിലായിരുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നത് ഭൗതികമായ നല്ല വസ്തുക്കളെല്ലാം വിശ്വാസികൾക്ക് വേണ്ടിയാണ് അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് എന്നാണ്. സഹാബാക്കൾ നബി (സ) തിരുമേനിയുടെ കൺമുമ്പിൽ തന്നെയാണ് ധനവാൻമാരായി ജീവിച്ചത്.

## മജ്ലിസെ ഇർഫാൻ 2.3.2001

63. ***വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതാണോ 'നഫൽ' നമസ്കരിക്കുന്നതാണോ കൂടുതൽ പ്രതിഫലം***

*ലഭിക്കുന്ന പ്രവൃത്തി.*

അല്ലാഹു ഏതാണോ സ്വീകരിക്കുന്നത് അതിന് പ്രതിഫലം ലഭിക്കും. അല്ലാഹുവിങ്കൽ സ്വീകാര്യം ലഭിക്കാനായി പ്രാർത്ഥിക്കുക.

***64. ജനങ്ങളെ എങ്ങനെയാണ് അല്ലാഹുവിൽ വിശ്വസിപ്പിക്കുക?***

എന്തുകൊണ്ടാണ് അയാൾ വിശ്വസിക്കാത്തതെന്ന് ആദ്യം അയാളോട് ചോദിക്കുക. അതിനുശേഷം അതിന് മറുപടി നൽകുക.

***65. നമസ്കരിക്കുന്ന അവസരത്തിൽ സ്ത്രീകൾക്ക് സംസാരിക്കാൻ പാടില്ലല്ലോ (ഇമാമിന് തെറ്റ് സംഭവിച്ചാൽ 'സുബ്ഹാനല്ലാഹ്' എന്നു പറയൽ). എന്നാൽ നമ്മുടെ മജ്‌ലിസ് ശൂറയിൽ സ്ത്രീകൾ സംസാരിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യാറുണ്ടല്ലോ?***

നമസ്കാരത്തിൽ മാത്രമെ അത് വിരോധിച്ചിട്ടുള്ളൂ. സഹാബാക്കളെല്ലാം തന്നെ ആയിശ (റ)യിൽ നിന്നാണ് ഹദീസുകൾ കേൾക്കുകയും പഠിക്കുകയും ചെയ്തത്.

***66. ഒരു ജോലി എന്ന നിലയിൽ സ്പോർട്സ് അനുവദനീയമാണോ?***

അതെ. അനുവദനീയമാണ്. ശരീരംകൊണ്ടുള്ള കഠിനാധ്വാനമാണത്.

***67. ഹസ്റത്ത് മസീഹ് മൗഊദിന്റെ മൽഫൂസാത്തിനെ എത്രത്തോളം നമുക്ക് ആശ്രയിക്കാം?***

മസീഹ് മൗഊദ് (അ)ന്റെ ജീവിതകാലത്ത് തന്നെ പ്രസിദ്ധീകൃതമായതും അദ്ദേഹം വിലക്കാത്തതുമായ മൽഫൂസാത്തുകളെ നമുക്ക് ആശ്രയിക്കാം. മസീഹ് മൗഊദ് (അ)ന്റെ മൗനം അനുവാദമായി കണക്കാക്കാം. അദ്ദേഹത്തിന്റെ ജീവിതകാലത്തിനുശേഷം പ്രസിദ്ധീകൃതമായ മൽഫൂസാത്തുകൾ അദ്ദേഹത്തിന്റെ ലിഖിതങ്ങളുമായി വിരുദ്ധമായി കാണുകയാണെങ്കിൽ അവ തിരസ്കരിക്കേണ്ടതാണ്.

*68. ബോക്സിംഗ് ഇസ്ലാമിൽ അനുവദനീയമാണോ?*

സുരക്ഷയ്ക്ക് വേണ്ടി നിങ്ങൾ ബോക്സിംഗ് അഭ്യസിക്കുകയാണെങ്കിൽ അത് അനുവദനീയമാണ്. ഒരു കളി എന്ന നിലയിൽ അത്ര നല്ലതല്ല.

*69. കാളപ്പോരും, കുറുക്കനെ വേട്ടയാടുന്ന കളിയും (FOX HUNTING GAME) ഇസ്ലാം അനുവദിക്കുന്നുണ്ടോ?*

ഇല്ല. ഇസ്ലാമിൽ അത് ഹറാമാണ്.

*70. ഗുലാം റസൂൽ സാഹിബ് രാജ്കി (റ)യുടെ ദുആ അല്ലാഹു സ്വീകരിച്ചാൽ അദ്ദേഹം ഒരു പ്രകാശം കാണാറുണ്ടെന്ന് കേട്ടിട്ടുണ്ട്. ഇത് ശരിയാണോ?*

അതെ. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിച്ചാൽ ഒരു പ്രകാശം അദ്ദേഹത്തിന്റെ കൺമുമ്പിൽ അദ്ദേഹം കാണാറുണ്ടായിരുന്നു.

*71. രാജ്യത്തിലെ പരമാധികാരിക്ക് ഒരു കുറ്റവാളിക്കു മാപ്പ് കൊടുക്കാമോ? ഇസ്ലാം അത് അനുവദിക്കുന്നുണ്ടോ?*

അതെ. ഇസ്ലാമിൽ അത് അനുവദനീയമാണ്.

*72. 'ഹജ്ജെബദൽ' (ഒരാൾക്ക് പകരം മറ്റൊരാൾ ഹജ്ജ് ചെയ്യുന്ന സമ്പ്രദായം) എങ്ങനെയാണ് ഉണ്ടായത്?*

അല്ലാഹു 'ഹജ്ജെബദൽ' സ്വീകരിക്കുകയാണെങ്കിൽ വളരെ നല്ലത്. അതൊരു നല്ല ബിദ്അത്താണ്. നബിതിരുമേനി (സ)യുടെ കാലത്ത് ഈ പതിവുണ്ടായിരുന്നില്ല. പക്ഷേ, വാഗ്ദത്തമസീഹ് (അ) ഇതിന്നെതിരായി 'ഫത്വ'യൊന്നും നൽകിയിട്ടില്ല.

## ജർമൻ കാരുമായുള്ള അഭിമുഖം 13.5.2000

*73. വേട്ടയാടൽ ഇസ്ലാമിൽ അനുവദനീയമാണോ?*

ഭക്ഷണത്തിനു വേണ്ടി വേട്ടയാടൽ അനുവദനീയമാണ്. തോക്ക് കൊണ്ട് വെടിവെക്കുന്നതും അനുവദനീയമാണ്. മൃഗത്തെ കഴിയുന്നത്ര വേദന കുറഞ്ഞ രീതിയിൽ കൊല്ലേ

ണ്ടതാണ്.

74. *മനഃശാസ്ത്രജ്ഞൻമാരിൽ നിന്ന് നമുക്ക് ചികിത്സ ലഭിക്കുമോ?*

ലഭിക്കും. എന്നാൽ നിങ്ങളുടെ വികാരങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ തുറന്നുവെക്കലാണ് ഏറ്റവും നല്ലത്.

75. *ശാരീരികമായ അസുഖങ്ങൾ മാനസിക രോഗങ്ങൾക്ക് കാരണമാകാറുണ്ടോ?*

ഉണ്ട്. അതിനു സാധ്യതയുണ്ട്. നിങ്ങൾക്ക് അല്ലാഹുവിൽ 'തവക്കുൽ' ഇല്ലെങ്കിൽ, ക്ഷമ കൈക്കൊള്ളുന്നില്ലെങ്കിൽ, അല്ലാഹുവിന്റെ വിധിക്ക് പൂർണമായും വഴിപ്പെടുന്നില്ലെങ്കിൽ അത്തരം ആളുകളുടെ ശാരീരികാസുഖങ്ങൾ മാനസികരോഗങ്ങളായി പരിണമിച്ചേക്കും. സന്തതികൾ നഷ്ടപ്പെടുന്ന ആളുകൾ അല്ലാഹുവിന്റെ തൃപ്തിയിൽ സംതൃപ്തരാകുന്നില്ലെങ്കിൽ അവർക്കും മാനസികരോഗം ഉണ്ടായേക്കാം.

76. *വിവാഹം കഴിക്കാതെയിരിക്കുന്ന സ്ത്രീകളെക്കുറിച്ച് ഇസ്‌ലാം എന്താണ് പറയുന്നത്?*

ഇസ്‌ലാം അത് ഇഷ്ടപ്പെടുന്നില്ല. ഒരു സ്ത്രീ സ്വമേധയാ വിവാഹം കഴിക്കേണ്ട എന്നു തീരുമാനിക്കുകയാണെങ്കിൽ അത് തെറ്റാണ്. എന്നാൽ ചില രോഗങ്ങൾ കാരണമായി, അല്ലെങ്കിൽ ശരിയായ വ്യക്തിയെ കണ്ടെത്താൻ സാധിക്കാത്തതുകൊണ്ട്, അല്ലെങ്കിൽ അയാൾ അവളെ വിവാഹം കഴിക്കാൻ തയ്യാറാകാത്തതിനാൽ വിവാഹം നടക്കാതെയിരിക്കുകയാണെങ്കിൽ അത്തരം സ്ത്രീകളെ കുറ്റപ്പെടുത്താനാവില്ല. അല്ലാഹു അവർക്ക് ക്ഷമ നൽകും.

77. *നോഹയുടെ പെട്ടകം നമുക്കു ലഭിക്കുമോ?*

പാശ്ചാത്യ ഗവേഷകൻമാർ 'അറാറത്ത്' മലയിൽ അതിനുവേണ്ടി തിരച്ചിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. വെള്ളപ്പൊക്കം ആ മലയെ മുട്ടിയിരുന്നുവെങ്കിൽ ലോകം മുഴുവനും മുങ്ങിപ്പോകുമായിരുന്നു. അവരവിടെ തിരിഞ്ഞാൽ

അവർക്കത് ലഭ്യമാകില്ല. നോഹ (അ) ജീവിച്ചിരുന്ന പ്രദേശത്ത് വേണം തിരച്ചിൽ നടത്താൻ. അല്ലാഹു അതൊരു മഹത്തായ അടയാളമാണെന്ന് പറയുന്നുണ്ട്. അതുകൊണ്ട് അവർക്കത് കിട്ടുകതന്നെ ചെയ്യും. ചാവുകടൽ തീരത്ത് തിരഞ്ഞുനോക്കുക. അവിടെയാണ് വെള്ളപ്പൊക്കം ഉണ്ടായത്. അത് ചാവുകടലിലാണുള്ളതെങ്കിൽ അത് സുരക്ഷിതമായിരിക്കും. ചാവുകടലിലെ രാസപദാർത്ഥങ്ങൾ അതിനെ സംരക്ഷിക്കും. ഒരു മനുഷ്യൻ ചാവുകടലിൽ മുങ്ങിപ്പോവുകയാണെങ്കിൽപോലും അയാളുടെ ശരീരം ഒരു 'മമ്മി'യെന്ന പോലെ അവിടെ സുരക്ഷിതമായിരിക്കുന്നും.

**78. *ഒരു വാഗ്ദാനം നൽകുകയും അതനുസരിച്ച് പ്രവർത്തിക്കൽ അസാധ്യമായിത്തീരുകയും ചെയ്യുകയാണെങ്കിൽ, അത് നമ്മുടെ പരിധിക്ക് അതീതമാണെങ്കിൽ അതൊരു പാപമാകുമോ?***

ഇല്ല. നിങ്ങൾ 1000 പൗണ്ട് കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുകയും വാഗ്ദാനം നിറവേറ്റേണ്ട സമയമായപ്പോൾ നിങ്ങൾ ദരിദ്രനായിത്തീരുകയും ചെയ്യുകയാണെങ്കിൽ അതൊരു പാപമല്ല. വിവാഹനിശ്ചയം കഴിയുകയും സാഹചര്യങ്ങൾ ആ വിവാഹബന്ധത്തിന് അനുകൂലമല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അത് പാപമല്ല. അത് ഒരാളുടെ കഴിവിനും ശക്തിക്കും അതീതമാണ്. അത് പാപമാകുന്നില്ല. എന്നാൽ ഒരാളുടെ കഴിവിനും ശക്തിക്കും ഉള്ളിൽ നിന്നുകൊണ്ട് പരമാവധി അത് പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്.

**79. *ഒരു മുസ്‌ലിം പെൺകുട്ടിയെ അവളുടെ ഇഷ്ടത്തിന് വിരുദ്ധമായി വിവാഹത്തിന് നിർബന്ധിക്കാൻ പാടുണ്ടോ?***

ഇല്ല. ഒരിക്കലും നിർബന്ധം ചെലുത്താൻ പാടില്ല. പക്ഷേ, രക്ഷിതാക്കളുടെ അനുവാദമില്ലാതെ അവൾ വിവാഹിതയാകാനും പാടില്ല. രണ്ടു ഭാഗത്തും സുരക്ഷിതത്വത്തിന്റെ പ്രശ്നമുണ്ട്. അങ്ങനെ ഒരു പ്രശ്നമുണ്ടാകുകയും ആ പെൺകുട്ടി കാലത്തിന്റെ ഖലീഫയെ വിവരമറിയിക്കുകയും ചെയ്യുകയാണെങ്കിൽ ഞാൻ എന്റെ പ്രതിനിധിയെ അന്വേ

ഷണത്തിനായി നിയോഗിക്കുന്നതാണ്. പല കേസുകളിലും പെൺകുട്ടിക്കനുകൂലമായും മറ്റുപല കേസുകളിലും മാതാപിതാക്കൾക്കനുകൂലമായും തീരുമാനമെടുത്തിട്ടുണ്ട്. എന്റെ അറിവോടുകൂടിയാണ് കാര്യങ്ങൾ നടക്കുന്നതെന്ന് അവർ (പെൺകുട്ടിയും മാതാപിതാക്കളും) അറിഞ്ഞുകഴിഞ്ഞാൽ എന്റെ തീരുമാനം സ്വീകരിക്കാൻ അവർ സന്നദ്ധരാകുന്നു. നമ്മുടെ വ്യവസ്ഥയുടെ മഹത്തായ അനുഗ്രഹമാണിത്.

*80. ഒരാൾ ഒരു കാര്യം ആഗ്രഹിക്കുകയും നമസ്കാരത്തിൽ അതിനുവേണ്ടി പ്രാർത്ഥിക്കുകയുമാണെങ്കിൽ അത് സ്വീകരിക്കപ്പെടുമോ?*

നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കേണ്ടതാണ്: "ഞാൻ ഇങ്ങനെ ആഗ്രഹിക്കുന്നു. എന്നാൽ അത് എനിക്ക് ഗുണകരമല്ല എന്ന് നിനക്ക് (അല്ലാഹുവിന്) തോന്നുന്നുവെങ്കിൽ എന്റെ ഹൃദയത്തിൽനിന്ന് ഈ ആഗ്രഹത്തെ നീ നീക്കിത്തരിക" മസീഹ് മൗഊദ് (അ)ന്റെ ഒരു സഹാബി ഒരു സ്ത്രീയെ സ്നേഹിക്കുകയും വിവാഹം കഴിക്കാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു. ആ സ്ത്രീയുടെ കാര്യത്തിൽ ഒരുതരം ഭ്രാന്തായിരുന്നു അദ്ദേഹത്തിന്. അദ്ദേഹം മസീഹ് മൗഊദി (അ)നോട് ഇക്കാര്യത്തിൽ ദുആ ചെയ്യാൻ അപേക്ഷിച്ചു. ആ സ്ത്രീയെ വിവാഹം കഴിക്കുന്നത് ഉചിതമല്ല എന്നാണ് മസീഹ് മൗഊദ് (അ) പറഞ്ഞത്. ആ സഹാബിയുടെ ഹൃദയത്തിൽനിന്ന് സ്ത്രീയെക്കുറിച്ചുള്ള ആഗ്രഹം നീങ്ങിപ്പോകുവാൻ വേണ്ടി മസീഹ് മൗഊദ് (അ) ദുആ ചെയ്തു. അതിനുശേഷം ആ സഹാബിക്ക് ആ സ്ത്രീയോട് വെറുപ്പായി. അവരെ വിവാഹം കഴിക്കണമെന്ന ചിന്തയേ പിന്നീടുണ്ടായില്ല. അതുകൊണ്ട് അപ്രകാരം ദുആ ചെയ്യുക. അത് നിങ്ങൾക്ക് സമാധാനം പ്രദാനം ചെയ്യും.

*81. 'ബൈഅത്തി'ന്റെ നിബന്ധനകളിൽ ഒന്ന് അല്ലാഹുവിന്റെ സൃഷ്ടികളോട് കാരുണ്യത്തോടെ വർത്തിക്കുക എന്നതാണല്ലോ. അവശനിലയിലുള്ള മൃഗങ്ങളെ നമുക്ക് കൊല്ലാൻ പാടുണ്ടോ?*

അതിന്റെ അവശത മാറുകയില്ലെന്നും രോഗം ഭേദമാവുക

യില്ലെന്നും തോന്നുകയാണെങ്കിൽ കൊല്ലാവുന്നതാണ്. എന്നാൽ നിങ്ങൾക്കതിനെ ശുശ്രൂഷിച്ച് രക്ഷിക്കാൻ സാധിക്കുമെങ്കിൽ രക്ഷിക്കേണ്ടതാണ്. പരിക്കേറ്റ മൃഗങ്ങളോട് വളരെ ദാപൂർവ്വം പെരുമാറേണ്ടതാണ്. യു കെ യിൽ അവർ ആശുപത്രികളിൽ അവയെ ചികിത്സിക്കുന്നുണ്ട്. യു കെയിലെ അത്തരം ആളുകൾക്ക് തീർച്ചയായും അല്ലാഹു പ്രതിഫലം നൽകുന്നതാണ്.

**82. *ടി.വി. യിലും പത്രങ്ങളിലും വരുന്ന 'കോടിപതിയാകണോ?' ('കോൻബനേഗാ കരോട് പതി' പോലുള്ള) എന്ന രീതിയിലുള്ള ക്വിസ് പരിപാടിയിൽ പങ്കെടുത്ത് സമ്മാനം നേടാമോ?***

അതെ. അതനുവദനീയമാണ്.

**83. *മരിച്ചുപോയ ബന്ധുക്കളെ സ്വപ്നം കാണുന്നതിന്റെ അർത്ഥമെന്താണ്?***

നിങ്ങൾ അവരെ സ്നേഹിക്കുന്നതുകൊണ്ടാണ് അവരെ സ്വപ്നം കാണുന്നത്. അത് ഹൃദയത്തിന്റെ അഭിലാഷമാണ്. അത് ദൈവത്തിൽ നിന്നുള്ളതല്ല. മരിച്ച ആളുകൾ സ്വപ്നത്തിൽ എന്തെങ്കിലും കാര്യങ്ങൾ പറയുകയും അത് സ്വപ്നം കണ്ട ആൾക്ക് അറിയാത്ത കാര്യമായിരിക്കുകയും പിന്നീടുള്ള അന്വേഷണത്തിൽ അത് ശരിയാണെന്ന് വ്യക്തമാകുകയും ചെയ്താൽ അത്തരം സ്വപ്നം അല്ലാഹുവിൽ നിന്നുള്ളതായിരിക്കും.

**84. *തേനീച്ചക്ക് മാത്രമാണോ അല്ലാഹുവിൽ നിന്ന് 'വഹ്‌യ്' ലഭിക്കുന്നത്? ഡോൾഫിനെപ്പോലുള്ള മറ്റു ചില ജീവികളും അന്യാദൃശമായ പ്രവൃത്തികൾ കാഴ്ചവെക്കാറുണ്ടല്ലോ?***

ഡോൾഫിൻ മനുഷ്യനെ സഹായിച്ചിട്ടുള്ള സന്ദർഭങ്ങൾ വളരെ വിരളമാണ്. അവ മുഴുവൻ മനുഷ്യരാശിക്കും ഉപകാരപ്രദമായ ജീവികളല്ല.

തേനീച്ച ചെയ്യുന്ന പ്രവൃത്തി തുല്യതയില്ലാത്തതാണ്. അവ ചെയ്യുന്ന ആ ജോലി സ്വയമായി അവയ്ക്ക് സ്വായത്തമാ

ക്കുക അസാധ്യമാണ്. അവയുടെ നിപുണത നോക്കുക. അവ എപ്രകാരമാണ് തേനീച്ചക്കൂടുണ്ടാക്കുന്നത്, തേനറ കൾ, തേൻ എന്നിവ എത്ര അതിശയകരമായ രീതിയിലാണ് അവ നിർമ്മിക്കുന്നത്? ഈ നൈപുണ്യം അതുല്യമാണ്. മനുഷ്യനെ സഹായിക്കുക എന്നത് ഡോൾഫിന്റെ പ്രകൃ തിയിൽ അന്തർലീനമാണ്. അല്ലാഹു ചില ജീവികൾക്ക് ചില പ്രകൃതികൾ നൽകയിട്ടുണ്ട്. ഉദാഹരണത്തിന്, മനു ഷ്യന് ഉപകാരം ചെയ്യുക എന്നതാണ് പശുവിന്റെ പ്രകൃ തി. അതുപോലെ തന്നെ കുത്തുക എന്നത് തേളിന്റെ പ്രകൃ തിയിൽ പെട്ടതാണ്. അതുപോലുള്ള ഒന്നാണ് ഡോൾഫിന്റെ പ്രവൃത്തിയും.

സാധാരണ ഈച്ചകളെയും തേനീച്ചകളെയും ഒന്ന് താര തമ്യം ചെയ്തുനോക്കുക. തേനീച്ച 'ശമനം' നൽകുമ്പോൾ സാധാരണഈച്ച രോഗം പരത്തുകയാണ് ചെയ്യുന്നത്.

***85. എന്തുകൊണ്ടാണ് ഈസാനബി (അ)യുടെ സഹാബാ ക്കൾ അദ്ദേഹത്തെ കുരിശിക്കുന്ന വേളയിൽ അദ്ദേ ഹത്തെ തനിച്ചാക്കി മാറിക്കളഞ്ഞത്? അവർ എന്തു കൊണ്ട് അദ്ദേഹത്തെ സഹായിച്ചില്ല.***

ഈസാനബി (അ)യുടെ സഹാബാക്കൾക്ക് അദ്ദേഹത്തെ സഹായിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, അവർ നിസ്സഹാ യരായിരുന്നു. അവർക്കദ്ദേഹത്തെ സഹായിക്കാൻ ഒരു വഴി യുമുണ്ടായിരുന്നില്ല. ആ രാജ്യത്തെ നിയമത്തിനെതിരിൽ അവർക്കൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അതുകൊ ണ്ടാണ് അവർക്കദ്ദേഹത്തെ സഹായിക്കാൻ സാധിക്കാ തിരുന്നത്.

## സ്ത്രീകളുമായുള്ള അഭിമുഖം 14.5.2000

***86. ഇമാം ബോധരഹിതനായിത്തീർന്നാൽ പിന്നിൽ നമസ്കരി ക്കുന്നവർ എന്തു ചെയ്യണം?***

തമാശരൂപത്തിൽ ഹുസൂർ പറഞ്ഞു: അവരും ബോധരഹി തരായിത്തീരണം. ഇമാം ചെയ്യുന്നതൊക്കെ അവരും

ചെയ്യേണ്ടതാണല്ലോ. പിന്നീട് ഹുസൂർ പറഞ്ഞു: ആരെ ങ്കിലും ഇമാമിനെ ശുശ്രൂഷിക്കുകയും മറ്റൊരാൾ ഇമാമിന്റെ സ്ഥാനം ഏറ്റെടുത്ത് നമസ്കാരത്തെ നയിക്കുകയും വേണം.

87. *രക്തദാനം ഒരു സദഖയാണോ അതോ സംഭാവന യാണോ?*

ഒരു വിധത്തിലുള്ള സദഖയാണത്. ഞാൻ രണ്ടോ അതിൽ കൂടുതലോ തവണ രക്തം നൽകിയിട്ടുണ്ട്. ഒരിക്കൽ ഞാൻ ജമാഅത്തിലെ ഒരു ഭക്തനായ ആൾക്കും മറ്റൊരിക്കൽ ഹനീഫ് സാഹിബിന്റെ ഭാര്യ താഹിറയ്ക്കും ഉപഹാരമായി; സദഖയായല്ല. നിങ്ങളും അതൊരു ഉപഹാരമായി നൽക ണം. സദഖയായിട്ടല്ല.

88. *രോഗം ബാധിച്ചാൽ കഴിഞ്ഞകാല പാപങ്ങളെല്ലാം പൊറു ക്കപ്പെട്ട് പരിശുദ്ധനായിത്തീരും എന്നു പറയുന്നത് ശരി യാണോ?*

അല്ല. അതിന്റെ അർത്ഥം അതല്ല. രോഗി ക്ഷമയോടുകൂടി സഹിക്കുകയും, അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും, അല്ലാ ഹുവിനോട് ശമനത്തിനായി പ്രാർത്ഥിക്കുകയും ഈ തൗബ യഥാർത്ഥമായതായിരിക്കുകയും ആണെങ്കിൽ, ആ അവ സ്ഥയിൽ അയാൾ മരിച്ചാൽ സ്വർഗസ്ഥനാകുന്നതാണ്. ഇതി നുകാരണം അയാൾ യഥാർത്ഥ തൗബ ചെയ്യുകയും മരി ക്കുന്നതിന് മുമ്പ് മറ്റു പാപങ്ങളൊന്നും ചെയ്യാതിരിക്കു കയും ചെയ്തു എന്നുള്ളതാണത. അല്ലാതെ എല്ലാ രോഗ ത്തിനും ഇത് ബാധകമല്ല.

89. *ഒരു കുട്ടിയുടെ പേര് അവന്റെ വ്യക്തിത്വത്തെയും വിശ്വാ സത്തെയും സ്വാധീനിക്കുമോ?*

ഇല്ല. എന്നാൽ, നിങ്ങൾ പ്രാർത്ഥനാ പൂർവ്വം ഒരു നല്ല പേര് കുട്ടിക്ക് വെച്ചാൽ അതിന്റെ 'ബർക്കത്ത്' കുട്ടിക്ക് ലഭിക്കുന്നതാണ്. ആ പ്രാർത്ഥനയ്ക്ക് ഫലം ലഭിക്കും; പേരി നല്ല.

# ബങ്കാളി കളുമായുള്ള അഭിമുഖം 16.5.2000

*90. റസൂൽ തിരുമേനി (സ)യുടെ ഹദീസിൽ പറയപ്പെട്ടിരിക്കുന്ന പ്ലേഗ് എയ്ഡ്സ് ആണെന്ന് നമുക്കെങ്ങനെ കൃത്യമായി പറയാൻ സാധിക്കും?*

അതൊരു പ്രവചനമാണ്. ആർക്കും തന്നെ ഇതിനെക്കുറിച്ച് അന്ന് ഊഹിക്കാൻ പോലും സാധ്യമായിരുന്നില്ല. ലൈംഗിക വേഴ്ച പരസ്യമായി പ്രദർശിപ്പിക്കുന്നതിനെ സംബന്ധിച്ചാണത്. അങ്ങനെ ലജ്ജയില്ലാതെ ലൈംഗിക വേഴ്ച പ്രദർശിപ്പിക്കുന്നവർക്കുള്ള ശിക്ഷയാണത്. അവർക്ക് ചികിത്സയില്ലാത്ത ഒരു രോഗം ബാധിക്കും. ഇതാണ് എയ്ഡ്സിന്റെ നിർവ്വചനം. ആധുനിക ഡോക്ടർമാർ പറയുന്നത് എയ്ഡ്സ് പ്ലേഗു പോലെയാണെന്നാണ്. നബി തിരുമേനി (സ)യുടെ ആ പ്രവചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ), യൂറോപ്പിലും പാശ്ചാത്യനാടുകളിലും ലജ്ജയില്ലാത്ത പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്ക് പ്ലേഗ് പോലുള്ള ഒരു പുതിയ രോഗം ബാധിക്കുന്നതാണെന്ന് പറയുകയുണ്ടായി. ഈ രണ്ട് പ്രവചനങ്ങളും പരസ്പരം ബന്ധിതമാണ്. ഇത് ആധുനികകാലത്തെ പ്ലേഗിനെ കുറിച്ചാണ്; അതായത് എയ്ഡ്സ്.

*91. ഇസ്ലാമിന്റെ ആദ്യകാലത്ത് നാലാം ഖലീഫവരെ യഥാർത്ഥ ഖിലാഫത്ത് നിലനിന്നു. എന്നാൽ വാഗ്ദത്ത മസീഹിന്റെ കാലത്ത്, അദ്ദേഹം പറഞ്ഞതനുസരിച്ച് അദ്ദേഹത്തിന്റെ മരണശേഷം 'ഖുദ്റത്തൊസാനി' (രണ്ടാംശക്തി പ്രഭാവം) ആവിർഭവിക്കുകയും അത് അവസാന നാൾ വരെ നിലനിൽക്കുകയും ചെയ്യും. ഈ ഖിലാഫത്ത് കാലയളവിൽ ഗുരുതരമായ പ്രശ്നങ്ങളൊന്നും ഉത്ഭവിക്കുകയില്ലെന്നും ഇത് അവസാനനാൾവരെ നിലനിൽക്കുമെന്നും നമുക്ക് പറയാൻ പറ്റുമോ?*

ഗുരുതരമായ പ്രശ്നങ്ങൾ ഉള്ളിൽ നിന്നും പുറത്തുനിന്നും ഉണ്ടാവുക തന്നെ ചെയ്യും. എന്നാൽ ഖിലാഫത്ത്

അതെല്ലാം തരണം ചെയ്യും. വാഗ്ദത്ത മസീഹ് (അ) പറഞ്ഞിരിക്കുന്നത് സച്ചരിതമായ ഖിലാഫത്ത് 1000 വർഷങ്ങൾ നീണ്ടുനിൽക്കും എന്നാണ്. അതിനുശേഷം ജനങ്ങൾ അധപ്പതിക്കും. അതോടൊപ്പം ഖിലാഫത്തും അധപ്പതിക്കും. ഇത് അധപ്പതനത്തിന്റെ സ്വാഭാവിക നിയമമാണ്. ഇതിന് മാറ്റമൊന്നുമുണ്ടാവുകയില്ല; ജനങ്ങൾ മാറുന്നതിനനുസരിച്ച് ഖിലാഫത്തിലും മാറ്റം സംഭവിക്കണം.

92. ***റസൂൽ തിരുമേനി (സ) പൊതുവിൽ സ്വത്തിന്റെ മൂന്നിൽ ഒന്നിൽ കൂടുതൽ ആരിൽ നിന്നും സ്വീകരിച്ചിരുന്നില്ല. എന്നാൽ ചിലപ്പോൾ അതിൽ കൂടുതലും സ്വീകരിച്ചതായി കാണുന്നു. ഈ വൈരുദ്ധ്യം എന്തുകൊണ്ടാണ്?***

റസൂൽ തിരുമേനി (സ) സാധാരണ നിലയിൽ സ്വത്തിന്റെ മൂന്നിൽ ഒന്നിൽ കൂടുതൽ സ്വീകരിച്ചിരുന്നില്ല; ഇതൊരു പൊതു തത്ത്വമാണ്. പക്ഷേ, അതിൽ കൂടുതൽ ആവശ്യം നേരിടുകയാണെങ്കിൽ ചിലപ്പോൾ മൂന്നിലൊന്നിൽ കൂടുതലും സ്വീകരിച്ചിരുന്നു. ഹസ്റത്ത് അബൂബക്കർ (റ) അദ്ദേഹത്തിന്റെ സമ്പാദ്യം മുഴുവൻ നൽകി; ഹസ്റത്ത് ഉമർ (റ) പകുതിയും. ഇത് ചില പ്രത്യേക സാഹചര്യത്തിൽ മാത്രം പ്രസക്തമാകുന്നതാണ്; ഇസ്‌ലാം അപകടാവസ്ഥയിലാകുന്ന സാഹചര്യങ്ങളിൽ. യുദ്ധംപോലുള്ള അത്യാവശ്യഘട്ടങ്ങളിൽ ഇത് ആവശ്യമായിവരും. ഇതിൽ വൈരുദ്ധ്യമൊന്നുമില്ല. ഭക്ഷ്യ ദൗർലഭ്യം നേരിട്ട അവസരങ്ങളിൽ നബി (സ) എല്ലാ ആളുകളിൽനിന്നും ഭക്ഷ്യസാധനങ്ങൾ ശേഖരിച്ച് അവതുല്യമായി ജനങ്ങളിൽ വീതിക്കാറുണ്ടായിരുന്നു. മൂന്നിൽ ഒന്ന് എന്നുള്ള പൊതുതത്ത്വത്തിന് ഇത് എതിരല്ല. കാരണം അത് പ്രത്യേക സാഹചര്യമാണ്.

## മജ്ലിസ് ഇർഫാൻ 16.6.2000

93. ***ബാല്യകാലത്ത് ഏത് പുസ്തകങ്ങളാണ് താങ്കൾ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്?***

കുട്ടിയായിരിക്കുമ്പോൾ കഥപുസ്തകങ്ങൾ ഞാൻ വളരെ ഇഷ്ടപ്പെട്ടിരുന്നു.

***95. നമസ്ക്കാരം എപ്പോൾ മുതലാണ് ആരംഭിച്ചത്?***

പ്രവാചകത്വം വാദിച്ച് 5 വർഷങ്ങൾക്ക് ശേഷമാണ് നമസ്കാരം തുടങ്ങിയത്.

***96. മൊത്തം വരുമാനത്തിനാണോ അതോ അറ്റാദായത്തിനാണോ 'ചന്ദ' കൊടുക്കേണ്ടത്?***

കൂടുതൽ കൂടുതൽ വരുമാനത്തിന് ചന്ദ കൊടുക്കാൻ ശ്രമിക്കുക. അതിൽ അഭിവൃദ്ധിയുണ്ട്. നിങ്ങൾക്ക് നഷ്ടം സംഭവിക്കില്ല. അല്ലാഹു ഒരിക്കലും നിങ്ങളുടെ വരുമാനത്തിൽ കുറവ് വരുത്തില്ല. അതുകൊണ്ട് വരുമാനത്തിനാണോ *അറ്റാദായത്തിനാണോ* എന്നുള്ള തർക്കം വേണ്ട. *അറ്റാദായത്തിനാണ്* ചന്ദ കൊടുക്കണമെങ്കിൽ അത് ചുരുക്കാതിരിക്കുക.

***97. മെനിഞ്ചൈറ്റിസിനെതിരെയുള്ള കുത്തിവെപ്പ് എടുക്കേണ്ടതുണ്ടോ?***

എന്റെ മക്കൾക്ക് ഒരു പ്രതിരോധ കുത്തിവെപ്പും ഞാൻ എടുത്തിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ഒരു രോഗവും ബാധിച്ചിട്ടില്ല. ഞാനാണെങ്കിൽ എപ്പോഴും രോഗികളുമായി ഇടപഴകുന്ന ആളുമാണ്. അത് നിങ്ങളുടെ ഇഷ്ടമാണ്. പ്രതിരോധ കുത്തിവെപ്പ് നൽകുന്നത് കുറ്റമൊന്നുമല്ല. ഹോമിയോപ്പതിയും കൂടെ സേവിക്കുക.

## സ്ത്രീകളുയുമായുള്ള അഭിമുഖം28.5.2002

***98. റമസാൻ മാസത്തിൽ വിത്‌റ് ജമാഅത്തായി നമസ്കരിക്കുന്നു. എന്നാൽ മറ്റു ദിവസങ്ങളിൽ എന്തുകൊണ്ട് നമസ്കരിക്കുന്നില്ല?***

വിത്‌റ് തഹജ്ജുദ് നമസ്കാരത്തിനുശേഷം അനുഷ്ഠിക്കുക. ജമാഅത്തായുള്ള തറാവീഹും വിത്‌റും ക്ഷീണിതരായ കൂലിപ്പണിക്കാരുടെ സൗകര്യാർത്ഥം നിർബന്ധിത സാഹചര്യത്തിൽ ഹസ്റത്ത് ഉമർ (റ) തുടങ്ങിയതാണ്. അതൊരു സ്ഥായിയായ സുന്നത്തല്ല. തഹജ്ജുദ് നമസ്കരിക്കുന്നവർ തറാവീഹിന് പോകേണ്ട ആവശ്യമില്ല. നിങ്ങൾ തഹജ്ജുദ് നമസ്കരിക്കാൻ ശ്രമിക്കണം. തഹജ്ജുദിനുശേഷം വിത്‌റ്

നമസ്കരിക്കുക (രണ്ടും ഒറ്റയ്ക്ക്).

***99. രണ്ട് ഹോമിയോപ്പതി കുറിപ്പടികൾ ഒരേസമയത്ത് കഴി ക്കാമോ?***

ആവശ്യമാണെങ്കിൽ കഴിക്കാം. ഒന്നുമാത്രം ഉപയോഗിക്കു ന്നതാണ് നല്ലത്. ആവശ്യമെന്നു തോന്നുകയാണെങ്കിൽ രണ്ടും ഉപയോഗിക്കാം.

***100. കുളിമുറിയിൽ കയറുമ്പോൾ "അലൈസല്ലാഹു....." എവു തിയ മോതിരം ഊരിവെക്കുന്നതെന്തിനാണ്?***

വിശുദ്ധ ഖുർആൻ വാക്യമാണ് അതിൽ എഴുതിയിരിക്കു ന്നത്. കുളിമുറിയിൽ വെച്ച് അശുദ്ധ വസ്തുക്കൾ അതിൽ ആകാൻ സാധ്യതയുണ്ട്. ഞാൻ അഴിക്കാറുണ്ട്.

***101. നമ്മുടെ നൻമ തിൻമകൾ എഴുതിവെക്കുന്ന മലക്കുകളെ നമുക്ക് കാണാമോ?***

അതൊരു ആത്മീയ ഭാഷാപ്രയോഗമാണ്. മലക്കുകൾ ചുമ ലുകളിൽ ഇരിക്കുന്നില്ല. അത് ആലങ്കാരിക ഭാഷയാണ്. അവർ ഹൃദയത്തിനുള്ളിലാണ്; നൻമയേതാണ് തിൻമയേ താണ് എന്ന് അവ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. തിൻമയുടെ മലക്ക് നിങ്ങൾ ചെയ്യുന്ന തിൻമകൾ രേഖപ്പെടുത്തുന്നു. നിങ്ങളെ തിൻമ ചെയ്യാൻ അവ പ്രേരിപ്പിക്കുന്നില്ല. നൻമ യുടെ മലക്ക് നിങ്ങൾ ചെയ്യുന്ന നൻമകൾ രേഖപ്പെടുത്തു ന്നതോടൊപ്പം അവ ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ വിധിനാളിൽ നിങ്ങളുടെ ഹൃദയ ത്തിന്റെ കുറ്റസമ്മതത്താൽതന്നെ നിങ്ങൾ പിടികൂടപ്പെടു ന്നു.

***102. മാനസിക പിരിമുറുക്കത്തിൽ നിന്ന് എങ്ങനെ രക്ഷ നേടാം?***

പിരിമുറുക്കത്തിൽ നിന്നും മനഃക്ലേശത്തിൽ നിന്നും രക്ഷ നേടാനുള്ള മാർഗം പ്രാർത്ഥനയാണ്. നമസ്കാരത്തിൽ അവ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുക. മനഃശാസ്ത്ര ജ്ഞരും രോഗികളോട് ഇതുതന്നെയാണ് പറയുക. ഹൃദ

യത്തിന്റെ ഭാരം കുറയ്ക്കാൻ സ്നേഹം, വിദ്വേഷം, വെറുപ്പ് തുടങ്ങിയ വികാരങ്ങൾ ഹൃദയത്തിൽ നിന്ന് ഒഴിപ്പിക്കാൻ അവർ പറയും. അതോടെ നിങ്ങൾ പുരോഗതി പ്രാപിക്കുന്നു. യഅ്ഖൂബ് നബി (അ) യുടെ പ്രാർത്ഥന അങ്ങനെയായിരുന്നു. അദ്ദേഹം പറയുന്നു, അദ്ദേഹം തന്റെ എല്ലാ പ്രയാസങ്ങളും ഉൽഖണ്ഠകളും അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിച്ചു എന്ന്.

*103. ക്രിസ്തീയ രോഗശാന്തി ശുശ്രൂഷ യഥാർത്ഥമാണോ?*

മുഴുവൻ തട്ടിപ്പാണ്. എന്തിനാണ് യൂറോപ്പിലും യുകെയിലും, യു എസ് എയിലും ഇത്രയധികം പണം ആശുപത്രിക്കുവേണ്ടി ചെലവഴിക്കുന്നത്? എല്ലാം അടച്ചുപൂട്ടി രോഗശാന്തി ശുശ്രൂഷകരെ വിളിച്ച് പ്രാർത്ഥിപ്പിക്കട്ടെ. നിങ്ങൾ കുറച്ച് രോഗികളുമായി ചെന്ന് ഇവരെ വെല്ലുവിളിക്കുക. അവർ ഓടിമറയുന്നത് കാണാം.

## ഫ്രഞ്ച്കാരുമായുള്ള അഭിമുഖം1 2.6.2000

*104. മതപഠനം സ്കൂളുകളിൽ നടത്താമോ?*

പാടില്ല. അത് പ്രശ്നങ്ങൾ സൃഷ്ടിക്കും, ക്രിസ്തുമതം പഠിപ്പിച്ചാൽ മറ്റു മതക്കാർ അവരുടെ മതവും പഠിപ്പിക്കണമെന്ന് ശഠിക്കും. ക്രിസ്തുമതം പഠിപ്പിക്കുകയാണെങ്കിൽ തന്നെ ഏതു വിഭാഗത്തിന്റെ പാഠങ്ങളാണ് പഠിപ്പിക്കുക? ഇതെല്ലാം തന്നെ പ്രശ്നങ്ങളുടെ ഒരു പണ്ടാരപ്പെട്ടി (Pandora's Box) തുറക്കുന്നതിനു സമമായിരിക്കും. എല്ലാ മതങ്ങളിൽ നിന്നുമുള്ള ഗുണപാഠങ്ങൾ സ്കൂളിൽ പഠിപ്പിക്കുക. ജപ്പാനിൽ ഇപ്രകാരം എല്ലാ മതങ്ങളിൽ നിന്നുമുള്ള ഗുണപാഠങ്ങൾ സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ട്.

*105. ഗർഭസ്ഥ ശിശുവിന്റെ രോഗനിർണയം ഇന്ന് ശാസ്ത്രീയമായി സാധ്യമാണ്. അങ്ങനെ രോഗം നിർണയിക്കപ്പെട്ട ശിശുവിനെ ഗർഭഛിദ്രം നടത്താമോ?*

ഗർഭസ്ഥശിശു മാതാവിന്റെ ആരോഗ്യത്തിന് ഹാനികരമാണെങ്കിൽ, ശിശു രോഗിയാണെങ്കിലും അല്ലെങ്കിലും ഗർഭ

ഛിദ്രം നടത്താവുന്നതാണ്. മാതാവിന്റെ ജീവൻ ശിശുവിന്റേതിനെക്കാൾ എത്രയോ മുൻഗണനയർഹിക്കുന്നു.

ശിശുവിന് ജന്മവൈകല്യങ്ങൾ ഉണ്ടാകുമെന്നുണ്ടെങ്കിലും മസ്തിഷ്ക സംബന്ധമായ രോഗങ്ങളോ, മാനസിക വൈകല്യങ്ങളോ ഉണ്ടാകുമെന്നുണ്ടെങ്കിലും ഗർഭഛിദ്രം നടത്താവുന്നതാണ്. പക്ഷേ, ഗർഭസ്ഥ ശിശുവിന്റെ പ്രായത്തെ പരിഗണിച്ചുവേണം അത്. നാലര മാസത്തിനു മുമ്പാണെങ്കിൽ മാത്രം; കാരണം ആ സന്ദർഭത്തിൽ ആത്മാവ് ഉത്ഭൂതമായിരിക്കില്ല. എന്നാൽ നാലരമാസത്തിനുശേഷം ഗർഭഛിദ്രം അനുവദനീയമല്ല. സാധാരണയായി അത്തരം ശിശുക്കൾ സ്വയം തന്നെ അലസിപ്പോകും. അങ്ങനെയുള്ള ഒരു ശിശു നാലരമാസം വളർച്ചയോടെ ജനിക്കുകയാണെങ്കിൽ ഗവൺമെന്റ് അതിനെ കൊല്ലാൻ അനുവദിക്കുമോ? ഇല്ല. അപ്പോൾ നാലരമാസമെത്തിയ ശിശുവിനെ ഗർഭപാത്രത്തിൽ വെച്ചായാലും പുറത്ത് വെച്ചായാലും കൊല്ലുന്നത് തുല്യമാണ്. (മാതാവിന്റെ ജീവന് അപകടമാകാത്ത അവസ്ഥയിൽ നാലരമാസം തികഞ്ഞ കുഞ്ഞിന്റെ ഗർഭഛിദ്രം നടത്തൽ അനുവദനീയമല്ല).

***106. എന്തുകൊണ്ടാണ് വിവിധ മതങ്ങളും വർഗ്ഗങ്ങളും ഉണ്ടായത്? എന്തുകൊണ്ട് എല്ലാ മനുഷ്യരും ഒരേ തരക്കാരായില്ല?***

തുടക്കത്തിൽ മനുഷ്യരെല്ലാം ഒരേ വർഗമായിരുന്നു. മനുഷ്യർ വ്യാപിച്ചപ്പോൾ കാലാവസ്ഥയിലുള്ള വൈവിധ്യം കാരണമായി സ്വഭാവത്തിലും രൂപത്തിലും മാറ്റം സംഭവിച്ചു. എല്ലാവരും ഒരേ മാതാപിതാക്കളുടെ സന്തതികൾ തന്നെയായിരുന്നു. എന്നതാണ് ഒരു സിദ്ധാന്തം. മറ്റൊരു സിദ്ധാന്ത പ്രകാരം, ഒരേ സമയത്ത് തന്നെ, അല്ലെങ്കിൽ അൽപ്പസ്വൽപ്പം കാലവ്യത്യാസത്തിൽ പല മാതാപിതാക്കളിൽ നിന്നായാണ് മനുഷ്യർ ജന്മമെടുത്തത് എന്നാണ്. ചിലർ പറയുന്നത് ആഫ്രിക്കയിൽ നിന്നാണ് ആരംഭം എന്നാണ്; ചിലർ പറയുന്നത് ആസ്ത്രേലിയയിൽ നിന്നാണ് എന്നാണ്. ഏതാണ് ശരി ഏതാണ് തെറ്റ് എന്ന

കാര്യം വിട്ടേക്കുക. എന്നാൽ ഇസ്ലാം പറയുന്നത് തുടക്കത്തിൽ ഒരു മതമാണ് ഉണ്ടായിരുന്നത് എന്നാണ്. അടിസ്ഥാനപരമായ തത്ത്വം ഒന്നായിരുന്നു; ഏകദൈവത്തെ മാത്രം ആരാധിക്കുക; ദൈവത്തിന് പങ്കുകാരെയോ മാതാപിതാക്കളെയോ കൽപ്പിക്കാതിരിക്കുക; മനുഷ്യസമൂഹത്തിന് സേവനം ചെയ്യുക.

വിശുദ്ധഖുർആനിൽ സൂറത്തുൽ ബയ്യിന (അദ്ധ്യായം 98)യിൽ പറയുന്നത് എല്ലാ മതങ്ങളുടെയും അധ്യാപനം ഒന്നുതന്നെയായിരുന്നു എന്നാണ്. അത് ഈ ആദമിന്റെതാണെങ്കിലും അദ്ദേഹത്തിനു മുമ്പുള്ള എല്ലാ ആദമുകളുടെതാണെങ്കിലും ശരി.

***107. മസീഹ് മൗഊദ് (അ) ഫജ്റ് നമസ്ക്കാരശേഷം എന്താണ് ചെയ്യാറുണ്ടായിരുന്നത്?***

കുറച്ചുസമയം ദൈവത്തെ സ്മരിക്കും; എല്ലാ നമസ്കാരശേഷവും അദ്ദേഹം ചെയ്യാറുള്ളതുപോലെ. ഇത് നബി (സ)യുടെ സുന്നത്തനുസരിച്ചായിരുന്നു. കൂടുതൽ സമയം ഇരിക്കാറുണ്ടായിരുന്നില്ല. കുറച്ച് സമയം അദ്ദേഹം സ്വന്തം വാക്കുകളിൽ ചില പ്രാർത്ഥനകൾ ഉരുവിടാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആ പ്രാർത്ഥനകൾ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അതിനുശേഷം നടക്കാൻ പോകും. 6 മൈലുകൾ അങ്ങോട്ടും തിരിച്ചും നടക്കാറുണ്ടായിരുന്നു. അവസാന നാളുകളിൽ 2-3 മൈലുകൾ അങ്ങോട്ടും ഇങ്ങോട്ടും നടന്നിരുന്നു.

***108. മുൻകാലത്ത് വന്ന പ്രവാചകൻമാരും മസീഹ് മൗഊദും (അ) തമ്മിലുള്ള വ്യത്യാസമെന്താണ്?***

ഒരു വീക്ഷണത്തിൽ നോക്കിയാൽ വ്യത്യാസമൊന്നുമില്ല; എല്ലാവരും ദൈവ നിയുക്തരാണ്. മറ്റൊരുവിധത്തിൽ, ദൈവവുമായുള്ള സാമീപ്യത്തെക്കുറിച്ചും മറ്റു പ്രവാചകൻമാരുടെ സ്ഥാനത്തെക്കുറിച്ചും നോക്കുകയാണെങ്കിൽ അദ്ദേഹം ന്യായപ്രമാണ വാഹകനല്ലാത്ത പ്രവാചകനായിരുന്നു. നബിതിരുമേനി (സ)യെ പരിപൂർണമായും പിൻപ

റ്റിക്കൊണ്ടുള്ള പ്രവാചകത്വമായിരുന്നു അദ്ദേഹത്തിന്റേത്. എന്നാൽ മറ്റു പല പ്രവാചകൻമാരെക്കാളും ഉന്നതസ്ഥാനീയനായിരുന്നു അദ്ദേഹം. ഏറ്റവും നന്നായറിയുന്നത് അല്ലാഹുവിനുമാത്രം. അദ്ദേഹം പിൻതുടർന്ന പ്രവാചകൻ മറ്റെല്ലാ പ്രവാചകൻമാരെക്കാളും ശ്രേഷ്ഠനായിരുന്നു. അതുകൊണ്ട് നബിതിരുമേനി (സ)യുടെ ഉമ്മത്ത് മറ്റെല്ലാ പ്രവാചകൻമാരുടെ ഉമ്മത്തിനെക്കാളും ഉന്നതമാണ്. മുൻകഴിഞ്ഞ മുസ്‌ലിം മഹാത്മാക്കൾ വാഗ്ദത്ത മസീഹിനെക്കുറിച്ച് വിശേഷിപ്പിച്ചിട്ടുള്ളത് നബി (സ) തിരുമേനി കഴിഞ്ഞാൽ പ്രവാചകൻമാരിൽ ശ്രേഷ്ഠനായിട്ടുള്ളത് വാഗ്ദത്ത മസീഹ് ആയിരിക്കും എന്നാണ്. പക്ഷേ, ഇതൊരു സംവാദ വിഷയമാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

*109. ദുആ ഒരുതരത്തിലുള്ള മരണമാണെന്നും അതിനുശേഷം ഒരു നവജീവൻ സംജാതമാകുമെന്നും മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണ്?*

നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും അല്ലാഹു ആ ദുആ സ്വീകരിക്കുകയും ചെയ്താൽ നിങ്ങൾക്ക് ഒരു പുതുജീവൻ ലഭിക്കുന്നു; പുതുവിശ്വാസം കൈവരുന്നു; അല്ലാഹുവിലുള്ള വിശ്വാസം നവീകരിക്കപ്പെടുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അല്ലാഹു നിങ്ങളുടെ ദുആ സ്വീകരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ ഒരുതരത്തിലുള്ള മരണത്തെ അഭിമുഖീകരിക്കേണ്ടിവരുന്നതാണ്. അല്ലാഹു നിങ്ങളെ ആ മരണത്തിൽനിന്ന് വീണ്ടെടുക്കുകയും പുതിയൊരു ജീവൻ പ്രദാനം ചെയ്യുകയും ചെയ്യും. അഹ്മദിയ്യാ ജമാഅത്തിൽ ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന അഹ്മദികൾക്ക് ഇത് നിരന്തരം അനുഭവവേദ്യമായിക്കൊണ്ടിരിക്കുന്ന കാര്യമാണ്.

*110. പ്രാർത്ഥനകൊണ്ടുള്ള ഫലമെന്താണ്?*

പ്രാർത്ഥന നിങ്ങളുടെ ശ്രദ്ധയെ സദാ അല്ലാഹുവിലേക്ക് തിരിക്കുന്നു. അതുമുഖേന നിങ്ങൾക്ക് ഒരു പുതിയ ജീവൻ കൈവരുന്നു. എവിടെയാണ് നിങ്ങൾ ആശ്രയം കണ്ടെത്തേണ്ടതെന്ന് പ്രാർത്ഥന നിങ്ങൾക്ക് പറഞ്ഞുതരുന്നു. അല്ലാ

ഹുവിനു മാത്രമെ നിങ്ങളെ സഹായിക്കാൻ കഴിയുകയു ള്ളൂവെന്നും അല്ലാഹുവിന്റെ ഇച്ഛയുണ്ടെങ്കിൽ മാത്രമെ മനുഷ്യരുടെ സഹായം നിങ്ങൾക്ക് ലഭ്യമാകൂ എന്നും ദുആ പഠിപ്പിക്കുന്നു.

*111. പന്നിയിൽ ഉപകാരപ്രദമായ എന്തെങ്കിലും ഉണ്ടോ?*

മറ്റു പല ഉപകാരങ്ങളുമുണ്ടെങ്കിലും ഏറ്റവും പ്രധാനമായത് വിശ്വാസികൾക്ക് അതൊരു പരീക്ഷണമാണ് എന്നതാണ്; അല്ലാഹുവിനുവേണ്ടി അതിന്റെ മാംസം ഭക്ഷിക്കാതിരി ക്കുക എന്നത്.

*112. നബി (സ) എന്തുകൊണ്ട് തങ്ങൾക്ക് ശേഷം ഒരാളെ ഖലീഫയായി നിശ്ചയിച്ചില്ല?*

അല്ലാഹു വിശുദ്ധഖുർആനിൽ ഖലീഫയെ വാഗ്ദാനം ചെയ്തിട്ടുണ്ട് എന്ന് നൂറുശതമാനവും നബിതിരുമേനിക്ക് വിശ്വാസമുണ്ടായിരുന്നു. പിന്നെ അദ്ദേഹം ആരെയും നിശ്ച യിക്കേണ്ട ആവശ്യമില്ല.

*113. ഖലീഫയാകാൻ അല്ലാഹു നിശ്ചിയിച്ചിട്ടുള്ള വ്യക്തി യുടെ ഹൃദയത്തിൽ അല്ലാഹു 'ഹഖ്' നിറക്കും എന്ന് മസീഹ് മൗഊദ് (അ) മൽഫൂസാത്തിൽ പറയുന്നു. എന്താണ് 'ഹഖ്'? ഇക്കാര്യത്തിൽ ഹുസൂറിന്റെ അനുഭവ മെന്താണ്?*

സത്യത്തോടുള്ള പ്രതിപത്തി അത്തരം ആളുകൾക്ക് നൽക പ്പെടും. ഖലീഫയാകുന്നതിനു മുമ്പും സത്യത്തിന്റെ കാര്യ ത്തിൽ എനിക്ക് എപ്പോഴും വ്യാകുലതയായിരുന്നു. എന്റെ മക്കൾ പരിപൂർണ സത്യസന്ധരായിരിക്കണം എന്ന് ഞാൻ അവരെ ഉപദേശിക്കാറുണ്ട്. അവർ തികച്ചും സത്യസന്ധ രാണ്. ഞാൻ എന്റെ കഴിഞ്ഞകാലത്തെ ഓർക്കുന്നു. ഞാനൊരിക്കലും കളവ് പറഞ്ഞിരുന്നില്ല. ചിലപ്പോൾ ദ്വയാർത്ഥപദങ്ങളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഖിലാഫത്തിനുമുമ്പ് തന്നെ ദ്വയാർത്ഥപദങ്ങൾ ഉപയോ ഗിക്കില്ല എന്നു ഞാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. ചൊവ്വായ വാക്കുകൾ മാത്രമെ ഞാൻ ഉപയോഗിക്കാറുണ്ടാ

യിരുന്നു. എന്റെ മറുപടികളിലെല്ലാം തന്നെ പരിപൂർണ്ണ സത്യം മാത്രമെ ഞാൻ പറയാറുള്ളൂ. മനപൂർവമായ എല്ലാ തെറ്റുകളും ഞാൻ ഒഴിവാക്കാറുണ്ട്. എന്റെ മറുപടികൾ ആദ്യം ഞാൻ മനസ്സിൽ മനനം ചെയ്യും. കാരണം ചില പ്പോൾ അറിയാതെ തെറ്റുകൾ കടന്നുകൂടാൻ സാധ്യതയു ണ്ട്. സത്യം മാത്രമെ ഞാൻ പറയാറുള്ളൂ; അത് എന്റെ താൽപര്യത്തിനെതിരായാലും ശരി.

## കുട്ടികളുമായുള്ള അഭിമുഖം 14.6.2000

***114. നബിതിരുമേനി (സ) വെള്ളുള്ളി ഒരിക്കലും തിന്നിരു ന്നില്ലേ? ഇല്ലെങ്കിൽ എന്തുകൊണ്ട്?***

നബി (സ) സുഗന്ധം വമിക്കാൻ ഇഷ്ടപ്പെട്ടിരുന്നു. നമസ്കാരത്തിനു മുമ്പോ ശേഷമോ റസൂലുല്ലാഹ് (സ) വെള്ളുള്ളി കഴിക്കാറുണ്ടായിരുന്നില്ല.

***115. റമസാൻവ്രതം എപ്പോൾ മുതലാണ് നിർബന്ധമാക്കപ്പെ ട്ടത്?***

ഹിജ്റയ്ക്ക്ശേഷം മദീനയിൽ വെച്ചാണ് നോമ്പ് നിർബ ന്ധമാക്കിയത്. ഹിജ്റയുടെ രണ്ടാംവർഷം.

***116. വാഗ്ദത്ത മസീഹിന്റെ എത് പുസ്തകമാണ് താങ്കൾ ആദ്യ മായി വായിച്ചത്?***

'കശ്തീനൂഹ്' (നോഹയുടെ പെട്ടകം) ആണ് ഞാൻ ആദ്യം വായിച്ച പുസ്തകം. അന്നെനിക്ക് ഒൻപതോ പത്തോ വയ സ്സായിരുന്നു.

***117. ഞങ്ങൾ എന്തിനാണ് ഉർദുഭാഷ പഠിക്കുന്നത്?***

ഉർദു നിങ്ങളുടെ മാതൃഭാഷയാണ്. നിങ്ങൾ പാക്കി സ്താൻകാരല്ലേ. നിങ്ങളുടെ ഭാഷ നിങ്ങളുടെ സംസ്കാ രത്തെ പരിരക്ഷിക്കുന്നു. അതുകൊണ്ട് സംസ്കാരത്തെ കാത്തുസൂക്ഷിക്കുക. മറ്റു സംസ്കാരങ്ങളിലെ നല്ല വശ ങ്ങൾ സ്വായത്തമാക്കുക. എന്നാൽ നിങ്ങളുടെ വ്യക്തിത്വം നിലനിർത്തണം.

വാഗ്ദത്ത മസീഹ് (അ)ന്റെ പുസ്തകങ്ങൾ ഉർദുവിലാണ്. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ മനസ്സിലാക്കാതെ നിങ്ങൾക്കെങ്ങനെ മതത്തിന് സേവനം ചെയ്യാൻ സാധിക്കും? ഉർദുവും ഇംഗ്ലീഷും പഠിക്കുക. രണ്ട് ഭാഷയിലും നൈപുണ്യം നേടുക. എന്നിട്ട് ദീനിനെ സേവിക്കുക.

*118. ടെലിവിഷനിൽ എം ടി എ പരിപാടിക്കു പുറമെ വേറെ എന്ത് പരിപാടിയാണ് താങ്കൾ കാണാൻ ഇഷ്ടപ്പെടുന്നത്?*

ക്രിക്കറ്റ് കാണാൻ എനിക്കിഷ്ടമാണ്.

*119. 'വഖാറെ അമൽ' (സന്നദ്ധസേവനം) ചെയ്യുമ്പോൾ വസ്ത്രത്തിൽ പെയിന്റ് ആയാൽ നമസ്കരിക്കാമോ?*

നമസ്ക്കരിക്കാം. പെയിന്റ് ശുദ്ധവസ്തുവാണ്.

*120. നമ്മുടെ ഇടതും വലതും തോളുകളിലിരിക്കുന്ന മാലാഖമാരുടെ ജോലിയെന്താണ്?*

ഇത് ആലങ്കാരികമാണ്. ഇതിന്റെ താൽപര്യം മനുഷ്യൻ നൻമയും തിൻമയുമായ പ്രവൃത്തികൾ ചെയ്യുമ്പോൾ അത് രേഖപ്പെടുത്താൻ അല്ലാഹുവിന്റെ ഒരു സംവിധാനമുണ്ട് എന്നാണ്. മലക്കുകൾ അത് രേഖപ്പെടുത്തി വെക്കുകയും വിധിനാളിൽ അത് തെളിവായി ഹാജരാക്കപ്പെടുകയും ചെയ്യും. എന്നാൽ സ്വയമേവയുള്ള കുറ്റസമ്മതത്തിന്റെ അടിസ്ഥാനത്തിലായിരിക്കും വിധിയുണ്ടാകുക.

*121. താങ്കൾ എങ്ങനെയാണ് കുട്ടികൾക്ക് പേരിടാറുള്ളത്? പെട്ടെന്ന് തോന്നുന്നതാണോ അതല്ല താങ്കൾ ലിസ്റ്റ് നോക്കി പറയുന്നതാണോ?*

ചിലപ്പോൾ അത് പെട്ടെന്ന് മനസ്സിൽവരും. അല്ലെങ്കിൽ, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പേരിന്റെ ഒരു ലിസ്റ്റ് എന്റെ പക്കലുണ്ട്. കുടുംബാംഗങ്ങളുടെ പേരിനും താൽപര്യത്തിനും അനുയോജ്യമായ ഒരു പേര് അതിൽനിന്ന് ഞാൻ തിരഞ്ഞെടുക്കും.

*122. അല്ലാഹു നമ്മെ വളരെയേറെ സ്നേഹിക്കുന്നു. പിന്നെ*

*എന്തിനാണ് അല്ലാഹു സാത്താനെ സൃഷ്ടിച്ചത്?*

അല്ലാഹു സാത്താനെ സൃഷ്ടിച്ചത് അല്ലാഹുവിനോടുള്ള നമ്മുടെ സ്നേഹവും വിശ്വാസവും പരീക്ഷിക്കുന്നതിനായിട്ടാണ്; കഷ്ടപ്പാടനുഭവിക്കുന്ന വേളകളിൽ നാം അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടോ ഇല്ലേ എന്ന് പരീക്ഷിക്കുവാൻ. അതു നമുക്കായുള്ള പരീക്ഷണമാണ്.

*123. എന്റെ കസിൻ സിസ്റ്ററുമായി എനിക്ക് ഹസ്തദാനം ചെയ്യാമോ?*

ചെയ്യാം. ഇപ്പോൾ നീ ചെറിയ കുട്ടിയാണ്. ഇപ്പോൾ ചെയ്യാം. പക്ഷേ, വലുതായിക്കഴിഞ്ഞാൽ അത് ആശാസ്യമല്ല.

*124. ഫോട്ടോകൾ തൂക്കിയ മുറിയിൽ വെച്ച് നമസ്കാരം അനുഷ്ഠിക്കാമോ?*

അനുഷ്ഠിക്കാം. പള്ളികളിൽ ഫോട്ടോകൾ ഉണ്ടായിരിക്കാൻ പാടില്ല. വീടുകളിൽ നിങ്ങൾക്ക് നമസ്കരിക്കാം. പക്ഷേ, ഫോട്ടോ നേരെ മുമ്പിൽ ഉണ്ടാകാൻ പാടില്ല.

*125. വിശുദ്ധ ഖുർആൻ കഴിഞ്ഞാൽ താങ്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകം ഏതാണ്?*

വിശുദ്ധ ഖുർആന് ശേഷം സഹീഹായ എല്ലാ ഹദീസ് ഗ്രന്ഥങ്ങളും. വിശുദ്ധ ഖുർആന് ശേഷം നബി തിരുമേനിയുടെ (സ) വാക്കുകളാണ് ഏറ്റവും മഹത്വമേറിയത്. അതിനുശേഷം എന്റെ പക്കൽ ധാരാളം മതസാഹിത്യങ്ങളും മറ്റു സാഹിത്യങ്ങളുമുണ്ട്. ധാരാളം കഥാപുസ്തകങ്ങളും എനിക്കിഷ്ടപ്പെട്ടതായുണ്ട്.

*126. ഏതു പ്രായത്തിലാണ് മസീഹ് മൗഊദ് (അ) വിശുദ്ധ ഖുർആൻ പാരായണം ചെയ്ത് പൂർത്തിയാക്കിയത്?*

വളരെ ചെറിയ പ്രായത്തിൽ തന്നെ പൂർത്തിയാക്കിയിരുന്നു.

*127. നബി (സ) തിരുമേനിക്ക് മൊത്തം എത്ര സഹാബാക്കൾ ഉണ്ടായിരുന്നു?*

എണ്ണിക്കണക്കാക്കാൻ സാധ്യമല്ല. അറേബ്യ മുഴുവൻ സഹാബത്തായിരുന്നു. എണ്ണുക അസാധ്യമാണ്. ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ ഒരു ലക്ഷത്തിലധികം മുസ്‌ലിംകൾ സന്നിഹിതരായിരുന്നു. അത് മുസ്‌ലിം ജനസംഖ്യ മുഴുവനുമായിരുന്നില്ല. മുസ്‌ലിംകളുടെ പ്രതിനിധികൾ മാത്രമായിരുന്നു.

***128. റസൂൽ തിരുമേനി (സ)യുടെ പിതൃസഹോദരൻ അബൂ ത്വാലിബ് റസൂൽ തിരുമേനിയിൽ വിശ്വസിച്ചിരുന്നുവോ?***

അദ്ദേഹം 'ബൈഅത്ത്' ചെയ്തിരുന്നില്ല. എന്നാൽ നബി (സ) സത്യപ്രവാചകനാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

***129. ഈയിടെ താലിബാൻ ബുദ്ധപ്രതിമ തകർത്തതിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്താണ്? അത് നബിതിരുമേനി (സ) കഅബയിലെ ബിംബങ്ങൾ തകർത്തതു പോലെയാണെന്നാണല്ലോ അവർ പറയുന്നത്.***

അത് അനുവദനീയമല്ല. നബി(സ)യുടെ പ്രവൃത്തിയുമായി അതിന് ഒരു ബന്ധവുമില്ല. കഅബ പണിതതുതന്നെ 'തൗഹീദ്' (ഏക ദൈവത്വം)നുവേണ്ടിയായിരുന്നു. നബി തിരുമേനി (സ) അത് പുതുക്കിപ്പണിതപ്പോൾ അദ്ദേഹവും തൗഹീദിനുവേണ്ടിയാണ് പ്രാർത്ഥിച്ചിരുന്നത്. ബിംബങ്ങൾക്ക് കഅബക്കുള്ളിൽ ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് അവ പുറത്തേക്കെറിഞ്ഞുകളഞ്ഞത്. അനാദികാലം മുതൽ അത് തൗഹീദിനുള്ള സ്ഥലമായിരുന്നു. അതുകൊണ്ടാണ് ബിംബങ്ങൾ അവിടെ തകർത്തത്.

താലിബാന്റെ വിവരക്കേടാണത്. അവർ കുറ്റമാണ് ചെയ്തത്. ബിംബങ്ങൾ തകർത്തുകൊണ്ട് മറ്റുള്ളവരുടെ വികാരത്തെ വ്രണപ്പെടുത്താൻ പാടുള്ളതല്ല. വളരെ നല്ല അദ്ധ്യാപനങ്ങൾ നൽകിയിരുന്ന ബുദ്ധന്റെ പ്രതിമ തകർത്തുകൊണ്ട് അവർ ബുദ്ധമതക്കാരുടെ വികാരത്തെ വ്രണപ്പെടുത്തിയിരിക്കുന്നു. മറ്റുള്ളവരുടെ വികാരത്തെ തൊട്ടുകളിക്കരുത്. അത് വളരെ മോശമാണ്. നിങ്ങൾ

ബിംബങ്ങളും അമ്പലങ്ങളും തകർത്താൽ അവർ നിങ്ങൾക്കെതിരിൽ തിരിയുകയും പള്ളികൾ തകർക്കുകയും ചെയ്യും. ശ്രീലങ്കയിലെ ബുദ്ധമതങ്ങൾക്ക് അവിടുത്തെ പള്ളികൾ തകർക്കാനുള്ള സാഹചര്യമാണ് ഇതുവഴി ലഭിക്കുക. താലിബാന്റെ പ്രവൃത്തിയോട് പൂർണമായും ഞാൻ വിയോജിക്കുന്നു. അല്ലായിരുന്നുവെങ്കിൽ നബിതിരുമേനി (സ) തന്റെ ജീവിതം മുഴുവൻ ലോകത്തുള്ള ബിംബങ്ങൾ തകർക്കുന്നതിനായുള്ള ജിഹാദിനായി ചെലവഴിക്കുമായിരുന്നു. നബി (സ) അങ്ങനെ ചെയ്തിട്ടില്ല. മറ്റുള്ളവരുടെ വികാരത്തെ ഒരിക്കലും വൃണപ്പെടുത്തരുത്. മറ്റുള്ളവരുടെ വികാരത്തെ തൊട്ട് കളിക്കാൻ തുടങ്ങിയാൽ അതിന് അവസാനമുണ്ടാകില്ല. അതുമുഖേന ഇസ്‌ലാമിനോടുള്ള വെറുപ്പും വിദ്വേഷവും കൂടുകയേയുള്ളൂ.

## ബംഗാളികളുമായുള്ള അഭിമുഖം 8.5.2001

*130. രാജ്യസ്നേഹവും ദേശീയതയും തമ്മിലുള്ള വ്യത്യാസമെന്താണ്?*

ദേശസ്നേഹം വളരെ നല്ലതാണ്. എല്ലാവരും അവരവരുടെ രാജ്യത്തെ സ്നേഹിക്കേണ്ടതാണ്. രാജ്യസ്നേഹം വിശ്വാസത്തിന്റെ (ഈമാൻ) ഭാഗമാണെന്ന് നബി (സ) തിരുമേനി അരുളിയിട്ടുണ്ട്. ദേശീയത അതിന്റെ യഥാർത്ഥ വിവക്ഷയിൽ നല്ലതുതന്നെ. പക്ഷേ, ഇയ്യിയിടെയായി അതിന്നൊരു തെറ്റായ അർത്ഥ കൽപന നൽകിക്കാണുന്നുണ്ട്. വർഗ്ഗീയതയായാണ് അത് വിവക്ഷിക്കപ്പെടുന്നത്. ഒരാൾ രാജ്യസ്നേഹിയായിരിക്കണം; വർഗ്ഗീയത അരുത്.

*131. താങ്കളുടെ ഡ്രൈവിംഗിനെക്കുറിച്ച് അൽപ്പം പറയാമോ?*

ഞാൻ ധാരാളം ഡ്രൈവ് ചെയ്യാറുണ്ട്. പാക്കിസ്താനിൽ വെച്ച് ധാരാളം അപകടങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ എനിക്ക് ഇതുവരെ ഒരു പരിക്കും ഏറ്റിട്ടില്ല. അല്ലാഹു തന്റെ സവിശേഷ കാരുണ്യത്താൽ എപ്പോഴും എന്നെ പരിരക്ഷിച്ചിട്ടുണ്ട്. യൂറോപ്പിലും, യു കെ യിലും യു എസ് എയിലും കാനഡയിലും ഞാൻ ധാരാളം ഡ്രൈവ് ചെയ്തി

ട്ടുണ്ട്. 20,000 മൈലുകൾ ഞാൻ ഇവിടങ്ങളിൽ വാഹനമോടിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരപകടവും സംഭവിച്ചിട്ടില്ല.

*132. നമസ്കരിക്കുന്നതിനിടയിൽ തൊപ്പി വീണുപോയാൽ അതെടുത്ത് തലയിൽ വെക്കാമോ?*

തൊപ്പി തലയിൽ വെക്കുമ്പോൾ ഉത്തരവാദിത്വബോധം തോന്നുകയും അതില്ലാതെ നമസ്കരിക്കുമ്പോൾ നമസ്കാരത്തിൽ ഏകാഗ്രത ലഭിക്കാതിരിക്കുകയുമാണെങ്കിൽ അങ്ങനെ ചെയ്യാം. ശരിയോ തെറ്റോ എന്നെനിക്കറിയില്ല, നമസ്കാരത്തിനിടയിൽ എന്റെ തലപ്പാവ് വീണുപോയാൽ ഞാൻ അതെടുത്ത് തലയിൽ വെക്കാറുണ്ട്. കാരണം അതില്ലാതെ എനിക്ക് നമസ്കാരത്തിൽ ഏകാഗ്രത ലഭിക്കില്ല.

*133. ഇസ്ലാം ലോകം മുഴുവൻ വ്യാപിച്ചപ്പോൾ ഇസ്ലാമിക ഖിലാഫത്തിന്റെ കേന്ദ്രം എവിടെയായിരുന്നു?*

ഖലീഫ എവിടെയാണോ അതുതന്നെയാണ് കേന്ദ്രം. കേന്ദ്രം ഖലീഫയോടൊപ്പം നീങ്ങിക്കൊണ്ടിരിക്കും. ആസ്ഥാനം മണ്ണുകൊണ്ടും ഇഷ്ടികകൊണ്ടും നിർമ്മിച്ചതാണ്. ഇപ്പോഴത്തെ നമ്മുടെ ആസ്ഥാനം റബ്വയാണ്.

*134. നമസ്ക്കാരം നിരോധിക്കപ്പെട്ടിട്ടുള്ള സമയത്ത് വിശുദ്ധ ഖുർആൻ പാരായണം ചെയ്യാമോ?*

ചെയ്യാം.

*135. മതവും ശാസ്ത്രവും തമ്മിലുള്ള വ്യത്യാസമെന്താണ്?*

ഒരു വ്യത്യാസവും ഉണ്ടാവാൻ പാടില്ല. ശാസ്ത്രം ദൈവത്തിന്റെ പ്രവൃത്തിയാണ്; മതം ദൈവത്തിന്റെ വാക്കുകളും. പ്രകൃതിയും മതവും തമ്മിൽ വൈരുദ്ധ്യമില്ല. പ്രപഞ്ചത്തിൽ ദ്വിത്വം കാണപ്പെടുന്നില്ല: ഏകത്വം മാത്രമാണ് നാം കാണുന്നത്. മതവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യം കാണുകയാണെങ്കിൽ എവിടെയോ തകരാറുണ്ടെന്നർത്ഥം.

*136. നെയിൽപോളീഷും ലിപ്സ്റ്റിക്കും ഇട്ടുകൊണ്ട് നമസ്ക്കരിക്കാൻ പാടുണ്ടോ?*

നമസ്ക്കരിക്കാം.

## മജ്‌ലിസെ ഇർഫാൻ 11.5.2001

*137. ഇമാം ബുഖാരി (റ) വിവാഹിതനായിരുന്നുവോ?*

അദ്ദേഹം വിവാഹം കഴിച്ചിട്ടില്ല എന്നതിന് രേഖകളൊന്നുമില്ല. എന്നാൽ അദ്ദേഹത്തിന് പിൻതലമുറക്കാരില്ല.

*138. വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിനു മുമ്പായി കുളിക്കണമെന്ന് നിർദ്ദേശമുണ്ടല്ലോ. നാം കുളിച്ചശേഷം ജോലിക്കുപോകുകയും അവിടെനിന്ന് നമസ്ക്കാരത്തിന് പോവുകയും ചെയ്താൽ മതിയോ?*

അതെ. ജോലിക്കു പോകുന്നതിനുമുമ്പ് കുളിച്ചാൽ മതിയാകുന്നതാണ്.

*139. നബി (സ) തിരുമേനി കുട്ടികൾക്ക് കഥ പറഞ്ഞുകൊടുക്കാറുണ്ടായിരുന്നുവോ?*

അതെ. നബി (സ) കുട്ടികൾക്കും മുതിർന്നവർക്കും കഥകൾ പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട യഥാർത്ഥ സംഭവങ്ങൾ തന്റെ പേര് വെളിപ്പെടുത്താതെ കഥയായി അദ്ദേഹം പറയാറുണ്ടായിരുന്നു.

*140. എത്രാമത്തെ വയസ്സ് മുതൽക്കാണ് നബി (സ) തബ്ലീഗ് ചെയ്യാനാരംഭിച്ചത്*

നാൽപ്പതാമത്തെ വയസ്സ് മുതൽ.

*141. ചില രക്ഷിതാക്കൾ കുട്ടികളുടെ നിക്കാഹ് ശൈശവത്തിൽ തന്നെ നടത്തുന്നുണ്ട്. ഇതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?*

പ്രായപൂർത്തിയെത്തുമ്പോൾ അവർക്ക് വേണമെങ്കിൽ ആ ബന്ധം വേർപെടുത്താവുന്നതാണ്.

*142. ബലിയിടുന്നതിനുമുമ്പ് ബലിമൃഗത്തെ അലങ്കരിക്കാൻ പാടുണ്ടോ?*

അല്ലാഹുവിന്റെ മാർഗത്തിൽ ബലിയിടപ്പെടാൻ പോകുന്ന മൃഗമാണെന്ന നിലയ്ക്ക് ചെറുതായി അലങ്കരിക്കുന്നതു കൊണ്ട് കുറ്റമില്ല.

***143. പ്രയാസങ്ങളിൽ നിന്ന് മുക്തി ലഭിക്കാൻ സൂറത്തുൽ യാസീൻ ഓതാമോ?***

സൂറത്തുൽ യാസീൻ മരണാസന്നനായ വ്യക്തിക്കരികിൽ ഓതപ്പെടേണ്ടതാണ്; മരിച്ചതിനുശേഷമല്ല. പ്രയാസങ്ങൾ ദൂരീകരിക്കാൻ യാസീൻ ഓതുന്നത് വ്യർത്ഥമാണ്. അങ്ങനെ ഒരു സുന്നത്തില്ല.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 14.5.2001

***144. ഹസ്റത്ത് ഉസ്മാനെ (റ) വധിച്ചവർക്കെതിരിൽ ഹസ്റത്ത് അലി (റ) എന്തുകൊണ്ടാണ് ഉടനടി നടപടി എടുക്കാതിരുന്നത്?***

ക്രമസമാധാനം സ്ഥാപിക്കാൻ അദ്ദേഹത്തിന് അൽപം സാവകാശം ആവശ്യമായിരുന്നു. അതിനുശേഷം അദ്ദേഹം അവർക്കെതിരിൽ നടപടിയെടുക്കുമായിരുന്നു.

***145. സാമ്പത്തിക പ്രതിസന്ധി എങ്ങനെയാണ് യുദ്ധത്തിലേക്ക് നീങ്ങുന്നത്?***

എല്ലാ യുദ്ധങ്ങളും രാഷ്ട്രീയവും നിയന്ത്രിക്കപ്പെടുന്നത് സാമ്പത്തികത്താലാണ്. എല്ലാ സർക്കാറുകൾക്കും സാമ്പത്തിക കാര്യത്തിന്റെ നിയന്ത്രണം വേണം. സമ്പത്താണ് എല്ലാം നിയന്ത്രിക്കുന്നത്. ജനങ്ങൾ ധനത്തെയാണ് ആരാധിക്കുന്നത്. യഥാർത്ഥ റബ്ബിനെയല്ല.

***146. മർയ(റ)ത്തിന്റെ ഭർത്താവ് ജോസഫിന് എന്താണ് സംഭവിച്ചത്? അദ്ദേഹം അവരെ അനുഗമിച്ച് കശ്മീരിൽ പോയിരുന്നുവോ?***

ഇല്ല. അദ്ദേഹം ഫലസ്തീനിൽ തന്നെ നിന്നു. അദ്ദേഹത്തിലുണ്ടായ സന്തതികളും ഫലസ്തീനിൽ തന്നെ താമസിക്കുകയാണുണ്ടായത്.

*147. നബി (സ) തിരുമേനിയും ഹസ്റത്ത് അബൂബക്കർ (റ) ഉം തമ്മിലുണ്ടായിരുന്ന സുഹൃദ്ബന്ധത്തിന്റെ പ്രാധാന്യമെന്താണ്? എന്തു പാഠമാണ് നമുക്ക് അതിൽ നിന്ന് സ്വീകരിക്കാനുള്ളത്?*

നാല് ആത്മീയ പദവികളാണുള്ളത്. 1. നുബുവ്വത്ത്, 2. സിദ്ദീഖിയ്യത്ത്, 3.ശഹാദത്ത്, 4. സാലിഹിയ്യത്ത്. സിദ്ദീഖിയ്യത്തിന്റെ ജീവിക്കുന്ന ഉദാഹരണമായിരുന്നു ഹസ്റത്ത് അബൂബക്കർ (റ). ഒരു പ്രവാചകന്റെ കാലത്തും ഇത്രയും ആർജ്ജവമുള്ള ഒരു സിദ്ദീഖിനെ കാണാൻ സാധ്യമല്ല. ഒരു സിദ്ദീഖിന് പ്രവാചകന്റെ സത്യത്തെക്കുറിച്ച് ലവലേശം സംശയമുണ്ടാകുന്നില്ല. പ്രവാചകന്റെ മുഖത്തേക്ക് ദൃഷ്ടികൾ പായിക്കുന്നതോടെ തന്നെ പ്രവാചകന്റെ സത്യത സിദ്ദീഖിന് ബോധ്യമാകുന്നതാണ്. അദ്ദേഹം കാണുന്നതാണ് അദ്ദേഹം വിശ്വസിക്കുന്നത്; സംവാദം നടത്തി സത്യം മനസ്സിലാക്കുകയല്ല ചെയ്യുന്നത്.

ഹസ്റത്ത് അബൂബക്കർ (റ) എപ്രകാരമാണ് നബി (സ) തിരുമേനിയിൽ വിശ്വസിച്ചതെന്ന് നോക്കുക. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമനും (റ) അതേ പ്രകാരമാണ് വിശ്വസിച്ചത്. അദ്ദേഹത്തിന്റെ (മസീഹ് മൗഊദിന്റെ) സത്യതയെക്കുറിച്ച് ഒരു സംവാദം അദ്ദേഹം നടത്തിയില്ല. വാഗ്ദത്ത മസീഹ് (അ) അദ്ദേഹത്തോട് പറഞ്ഞ ഒരു കാര്യത്തെക്കുറിച്ചും അദ്ദേഹം സംശയിച്ചില്ല. അദ്ദേഹം എപ്പോഴും 'ശരി' എന്നു മാത്രമെ പറഞ്ഞിരുന്നുള്ളു. കാര്യകാരണങ്ങളെക്കുറിച്ച് അദ്ദേഹം അന്വേഷിക്കാറുണ്ടായിരുന്നില്ല. അതാണ് സിദ്ദീഖിയ്യത്ത്.

*148. ശിയാക്കൾ എന്തുകൊണ്ടാണ് സുന്നികളെ അപേക്ഷിച്ച് കുറച്ചുമാത്രം അഹ്മദിയ്യത്ത് സ്വീകരിക്കുന്നത്?*

കാരണം അവർ ആദ്യത്തെ മൂന്നു ഖലീഫമാരെ അംഗീകരിക്കുന്നില്ല. അബൂബക്കർ (റ), ഉമർ (റ), ഉസ്മാൻ (റ) എന്നിവരെ അവർ അധിക്ഷേപിക്കുന്നു. അതിലൂടെ അല്ലാഹുവിന്റെ പ്രീതി ലഭിക്കുമെന്നവർ കരുതുന്നു. യഥാർത്ഥത്തിൽ അതിലൂടെ അല്ലാഹുവിന്റെ അധിക്ഷേപത്തിന്

അവർ സ്വയം പാത്രമായിത്തീരുകയാണ് ചെയ്യുന്നത്. അതു കൊണ്ട് അത്തരം ആളുകൾക്ക് സത്യം സ്വീകരിക്കാൻ സാധ്യമല്ല. പ്രധാന കാരണം ഇതുതന്നെയാണ്.

*149. മുഗൾ രാജാക്കൻമാരിൽ ഏറ്റവും ശ്രേഷ്ഠനായ ഭരണാധികാരി ആരായിരുന്നു?*

മുഗൾരാജാക്കൻമാരിൽ സ്വഭാവത്തിലും സത്യസന്ധതയിലും പ്രവൃത്തിയിലും ഏറ്റവും ശ്രേഷ്ഠൻ ബാബർ ആയിരുന്നു. പക്ഷേ, ഭൗതിക നേട്ടത്തിലും അധികാരനേട്ടത്തിലും അക്ബർ ആയിരുന്നു മുമ്പിൽ.

*150. ഒരു അഹ്മദി പെൺകുട്ടിയുടെ മാതാവ് അഹ്മദിയല്ലാതിരിക്കുകയും അഹ്മദിയ്യത്തിനോട് വിരോധം പുലർത്തുന്നവരായിരിക്കുകയും ചെയ്യവേ ഈ കുട്ടിക്ക് ഒരു അഹ്മദി യുവാവിനെ വിവാഹം കഴിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം എങ്ങനെ മാതാവിന്റെ മുമ്പിൽ അവതരിപ്പിക്കും?*

ഞാനൊരു സ്വതന്ത്രയായ പെൺകുട്ടിയാണെന്നും അഹ്മദി യുവാവിനെ വിവാഹം കഴിക്കാൻ പോവുകയാണെന്നും അവൾ മാതാവിനോട് പറയുക. അവൾ ബഹിഷ്ക്കരിക്കപ്പെടുകയും വീട്ടിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തേക്കാം. അത് നേരിടാൻ അവ സന്നദ്ധയായിരിക്കണം.

## ബംഗാളികളുമായുള്ള അഭിമുഖം 15.5.2001

*151. ഓർമ്മശക്തി എവിടെയാണ് സ്ഥിതിചെയ്യുന്നത്? മസ്തിഷ്ക്കത്തിലോ മനസ്സിലോ?*

ഓർമ്മശക്തി മനസ്സിലാണ് സ്ഥിതിചെയ്യുന്നത്; മസ്തിഷ്ക്കത്തിലല്ല. അപസ്മാര രോഗികളിൽ ശസ്ത്രക്രിയ നടത്തി ചിലപ്പോൾ തലച്ചോറിന്റെ പകുതിഭാഗംവരെ നീക്കംചെയ്യാറുണ്ട്. എന്നാൽ ശസ്ത്രക്രിയക്ക് ശേഷവും രോഗി എല്ലാ കാര്യങ്ങളും ഓർമ്മിക്കുന്നു എന്നത് ഇതിന് തെളിവാണ്. ആത്മാവാണ് മനസ്സ്. അപ്പോൾ ഓർമ്മ ആത്മാവിലാണ്. മസ്തിഷ്കം വെറുമൊരു കംപ്യൂട്ടറാണ്. മനസ്സാ

(ആത്മാവ്)ണ് അതിന്റെ പ്രവർത്തകൻ.

*152. സ്വാഭാവിക പ്രസവത്തിനുപകരം എന്തിനാണ് ഇവിടെ ഡോക്ടർമാർ ശസ്ത്രക്രിയ ചെയ്യുന്നത് (സിസ്സേറിയൻ)?*

ഡോക്ടർമാർ അങ്ങനെ ചെയ്യാൻ പാടില്ല. അത്യാവശ്യ ഘട്ടത്തിൽ മാത്രമെ സിസ്സേറിയൻ ചെയ്യാവൂ. മൂന്ന് സിസ്സേറിയൻ ചെയ്തുകഴിഞ്ഞാൽ നാലാമതൊരു കുട്ടിയെ ഗർഭം ധരിക്കാൻ സാധ്യമല്ല.

*153. ഒരിക്കൽ വിവാഹമോചനം ചെയ്യപ്പെട്ട ഭാര്യയെ മറ്റൊരാൾ വിവാഹം കഴിച്ച് വിവാഹമോചനം നടന്ന ശേഷമല്ലാതെ ഭർത്താവിന് വീണ്ടും വിവാഹം ചെയ്യാൻ അനുവാദമില്ല. ഇതിന് കാരണമെന്താണ്?*

വിവാഹമോചിതയായ സ്ത്രീയെ മറ്റൊരാൾ വിവാഹം കഴിക്കുകയും ബോധപൂർവ്വമല്ലാതെ-സ്വാഭാവികമായ നിലയിൽ, വിവാഹബന്ധം പ്രയോജനകരമല്ലാത്തതിനാൽ-അവർ വിവാഹമോചിതയാകുകയും ചെയ്താൽ ആദ്യത്തെ ഭർത്താവിന് അവരെ വീണ്ടും വിവാഹം കഴിക്കാവുന്നതാണ്. ഇതിലടങ്ങിയിരിക്കുന്ന തത്ത്വം, രണ്ടാമത്തെ ഭർത്താവുമൊന്നിച്ച് ജീവിച്ച സ്ത്രീക്ക് അവരുടെ ആദ്യഭർത്താവിനെ അയാളുമായി താരതമ്യം ചെയ്തുനോക്കാൻ അവസരം ലഭിക്കുകയും, അയാൾ അത്ര മോശക്കാരനല്ലെന്നും, രണ്ടാം ഭർത്താവിനെക്കാൾ നല്ലയാളാണെന്നും മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യുന്നു. അപ്പോൾ, അയാളുമായുള്ള പുനർവിവാഹം ഗുണകരമാകുന്നു.

*154. 'ഹിപ്പോക്രസി' എന്താണ്? അതിന്റെ അനന്തരഫലമെന്താണ്?*

ഒരാളുടെ വിശ്വാസത്തെ സംബന്ധിക്കുന്ന ഹിപ്പോക്രസി എന്തെന്നാൽ, ഒരു വ്യക്തി യഥാർത്ഥത്തിൽ ഒന്നു വിശ്വസിക്കുകയും മറ്റുള്ളവരെ വഞ്ചിക്കാൻ മറ്റൊരു വിശ്വാസത്തെ പ്രകടിപ്പിക്കുകയും ചെയ്യുക എന്നതാണ്.

സാധാരണ ജീവിതത്തിൽ നാം കാണുന്ന ഹിപ്പോക്രാറ്റുകൾ വളരെ വിനീതരായും ദയാപൂർവ്വവും പുറമെ സംസാ

രിക്കുകയും ഹൃദയത്തിൽ പകയും വിദ്വേഷവും വെച്ചുപുലർത്തുകയും ചെയ്യുന്നവരാണ്.

*155. നമസ്കരിക്കുമ്പോൾ മുമ്പിലൂടെ ആരെങ്കിലും നടക്കുകയാണെങ്കിൽ എന്തു ചെയ്യണം?*

സുജൂദിന്റെ സ്ഥാനത്തിനിടയിൽ ആരെങ്കിലും നടക്കുകയാണെങ്കിൽ കൈകൊണ്ട് ആംഗ്യം കാണിച്ച് നിങ്ങളുടെ അനിഷ്ടം പ്രകടമാക്കണം.

*156.* **ഇബ്‌ലീസും ശൈത്വാനും തമ്മിലുള്ള വ്യത്യാസമെന്താണ്?**

രണ്ടും ഒന്നാകാം, വ്യത്യസ്ത വ്യക്തികളുമാകാം. ശൈത്വാന്റെ മനുഷ്യരൂപമാണ് ഇബ്‌ലീസ്. ഇബ്‌ലീസ് പ്രവാചകനെതിരിൽ ജനങ്ങളെ സംഘടിപ്പിക്കുന്നു; അബൂജഹലിനെപ്പോലെ. നമ്മുടെ കാലത്തെ ഇബ്‌ലീസുകൾ ലേഖ്റാമും മുഹമ്മദ്ഹുസൈൻ ബട്ടാലവിയുമായിരുന്നു. ലേഖ്റാമിനെ ബട്ടാലവി അനുകൂലിച്ചിരുന്നു. വാഗ്ദത്ത മസീഹ്(അ) ലേഖ്റാമിനോട് പറഞ്ഞു: 'നിങ്ങൾ എന്നെ അധിക്ഷേപിച്ചാൽ ഞാൻ സഹിക്കും. നിങ്ങൾക്കെതിരിൽ ഞാൻ പ്രാർത്ഥിക്കില്ല. എന്നാൽ, റസൂൽ തിരുമേനി (സ)യെ അധിക്ഷേപിച്ചാൽ ഞാൻ സഹിക്കില്ല.' മുഹമ്മദ് ഹുസൈൻ ബട്ടാലവി മാത്രമായിരുന്നു ലേഖ്റാമിനെ അനുകൂലിച്ച ഒരേ ഒരു മൗലവി. അയാൾ സ്വയംതന്നെ ഒരു ലേഖ്റാം ആയിരുന്നു.

*157. 'മാൻ ഓഫ് ഗോഡ്' എന്ന പുസ്തകത്തിൽ താങ്കൾ പ്രാതൽ സ്വയം പാകം ചെയ്യാറാണ് പതിവെന്ന് എഴുതിയിരിക്കുന്നല്ലോ?*

ഇപ്പോഴല്ല. അത് വളരെ മുമ്പത്തെ കാര്യമാണ്. ഇപ്പോൾ എന്റെ മകൾ ഫാഇസയാണ് പ്രാതൽ നൽകുന്നത്. ഞാൻ ആസിഫ ( ഹുസൂറിന്റെ മരിച്ചുപോയ ഭാര്യ)യെ ബുദ്ധിമുട്ടിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല; അവർ സുബ്ഹി നമസ്കാരത്തിനുശേഷം ഉറങ്ങാറുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ കാപ്പിയും പ്രാതലും സ്വയം ഉണ്ടാക്കുമായിരുന്നു.

## ജർമ്മൻകാരുമായുള്ള അഭിമുഖം 19.5.2001

**158.** ***'ഖുലാ' (സ്ത്രീ പുരുഷനെ വിവാഹമോചനം ചെയ്യൽ) വിവാഹം കഴിഞ്ഞ ആദ്യനാളുകളിൽ മാത്രമാണോ അനുവദനീയം? അതല്ല വിവാഹം കഴിഞ്ഞ് ദീർഘകാലം കഴിഞ്ഞ ശേഷവും 'ഖുലാ' ചെയ്യാമോ?***

വിവാഹം കഴിഞ്ഞ് വളരെയേറെ വർഷങ്ങൾക്ക് ശേഷവും 'ഖുലാ' ചെയ്യാം. ഭർത്താവിന്റെ യഥാർത്ഥ നിറം സാവധാനത്തിൽ മാത്രമെ പുറത്തുവരികയുള്ളൂ. ഭർത്താവ് അനുയോജ്യനല്ലെന്ന് തോന്നിയാൽ എപ്പോൾ വേണമെങ്കിലും 'ഖുലാ' ചെയ്യാം.

**159.** ***സ്വർഗ്ഗനരകങ്ങളെക്കുറിച്ചുള്ള സങ്കൽപം മനുഷ്യന്റെ ഭയത്തിൽ നിന്ന് അവൻ സ്വയം മെനഞ്ഞുണ്ടാക്കിയതാണോ?***

പ്രവാചകൻമാർ ഒന്നിനേയും ഭയപ്പെട്ടിരുന്നില്ല. ദൈവം എന്താണോ സ്വർഗ്ഗനരകങ്ങളെക്കുറിച്ച് പ്രവാചകൻമാരോട് പറഞ്ഞത് അത് അവർ ജനങ്ങളോട് പറഞ്ഞു. നരകം ഇല്ലെങ്കിൽ മരണം സ്വാതന്ത്ര്യത്തിലേക്കുള്ള കവാടമായിരിക്കും. പിന്നീട് ശിക്ഷ ഉണ്ടാവുകയില്ലല്ലോ. യുക്തി പറയുന്നത് നരകം ഉണ്ടായിരിക്കണം എന്നാണ്. ശിക്ഷയോടുള്ള ഭയം കുറ്റകൃത്യത്തെ തടുത്തുനിർത്തുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്രവാചകൻമാർ വന്നിട്ടുണ്ട്. എന്നാൽ സ്വർഗ്ഗനരകങ്ങളെക്കുറിച്ചുള്ള അവരുടെയെല്ലാം സങ്കൽപം ഒന്നു തന്നെയായിരുന്നു; ദൈവം അവരോട് പറഞ്ഞതനുസരിച്ച്.

**160.** ***ഏതൊക്കെ മലക്കുകളെ ഹുസൂർ ഇതുവരെയായി കണ്ടിട്ടുണ്ട്?***

ഭൗതിക ദൃഷ്ടികൾകൊണ്ട് മലക്കുകളെ കാണാൻ സാധ്യമല്ല. അവർക്ക് രൂപമില്ല. അവർ വ്യത്യസ്ത രൂപത്തിൽ പ്രത്യക്ഷപ്പെടും; ഈസാനബി (അ)ക്ക് പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷമായതുപോലെ. ഒരു ദർശനത്തിൽ നബി (സ) ജിബ്രീലിനെ ചക്രവാളം മുഴുവൻ വ്യാപിച്ചിരിക്കുന്നതായി കാണുകയുണ്ടായി. ഒരു വ്യക്തിയുടെ രൂപത്തിൽ സഹാ

ബാക്കൾക്ക് തർബിയ്യത്ത് നൽകാൻ ഒരിക്കൽ പ്രത്യക്ഷനായ ജിബ്രീൽ നബി (സ) തിരുമേനിയോട് ചോദ്യങ്ങൾ ചോദിച്ചു. ചിലപ്പോൾ നിങ്ങൾക്ക് അവരെ പല രൂപത്തിലും സ്വപ്നത്തിൽ ദർശിക്കാവുന്നതാണ്. മലക്കുകളുടെ ശബ്ദംപോലും നൽകാനുള്ള സന്ദേശമനുസരിച്ച് വ്യത്യസ്തമായിരിക്കും. മിർസാ മുസഫ്ഫർ അഹ്മദിന്റെ ശബ്ദത്തിൽ ഞാൻ മലക്കിന്റെ ശബ്ദം ശ്രവിച്ചിട്ടുണ്ട്. അതിനു കാരണം അവ ചില സുവാർത്തകളായിരുന്നു. അതായത് മലക്കുകൾ പല ശബ്ദത്തിലാണ് സംസാരിക്കുക.

***111. 'അല്ലാഹുവിന്റെ അനുവാദത്തോടെയല്ലാതെ ഒരില പോലും വീഴുന്നില്ല' എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? പിന്നെ ഭാഗ്യത്തിനും അവസരങ്ങൾക്കും എന്താണ് സ്ഥാനം?***

അതിന്റെ യാഥാർത്ഥ്യം നിങ്ങൾ മനസ്സിലക്കേണ്ടതുണ്ട്. അല്ലാഹു പ്രകൃതിയിൽ ഒരു നിയമം വെച്ചിരിക്കുന്നു. അതിനനുസരിച്ചാണ് സസ്യങ്ങൾ മുളക്കുന്നതും ഇലകൾ വീഴുന്നതും. അല്ലാതെ ആ ഇല വീഴട്ടെ ഈ ഇല വീഴട്ടെ എന്ന് അല്ലാഹു തീരുമാനിച്ചുകൊണ്ടിരിക്കുകയല്ല. അങ്ങനെയാണെങ്കിൽ ഇതല്ലാതെ അല്ലാഹുവിന് വേറെ ജോലിയൊന്നുമുണ്ടാവുകയില്ല. കൊടുങ്കാറ്റു വരുമ്പോൾ ഇല മാത്രമല്ല വൃക്ഷം തന്നെ കടപുഴകുന്നു. ഇത്തരം അപകടങ്ങളും അല്ലാഹു നിശ്ചയിച്ചിട്ടുള്ള പ്രകൃതിനിയമത്തിന്റെ വരിധിയിൽ വരുന്നതുതന്നെയാണ്. അപകടവും വിധിയും വ്യത്യസ്തകാര്യങ്ങളാണ്. ആയുസ്സ് പൂർത്തിയാകുന്നതിനു മുമ്പ്തന്നെ ഒരാൾ അപകടത്തിൽ പെട്ട് മരണമടഞ്ഞേക്കാം. വിധി (തക്ദീർ) എന്നത് അയാൾക്ക് നിശ്ചയിച്ചിട്ടുള്ള ആയുസ്സാണ്. പക്ഷേ, ആയുസ്സ് പൂർത്തിയാകുന്നതിനു മുമ്പു തന്നെ വാഹനാപകടം സംഭവിച്ചേക്കാം.

***112. മനുഷ്യൻ ഒരു കാര്യം തീരുമാനിച്ചാൽ അത് അല്ലാഹുവിന്റെ തീരുമാനമായിരിക്കുമോ?***

അല്ലാഹു മനുഷ്യന് നല്ലതും ചീത്തയും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. മനുഷ്യൻ സ്വയം

തീരുമാനിക്കുന്നു. അത് അല്ലാഹുവിന്റെ തീരുമാനമല്ല. മലക്കും ശൈത്വാനും മനുഷ്യന്റെ ഉള്ളിൽ തന്നെയുണ്ട്; പക്ഷേ തീരുമാനമെടുക്കുന്നത് മനുഷ്യൻ സ്വയമാണ്.

*113. വിശുദ്ധ ഖുർആൻ പറയുന്നു: "ആകാശത്തിലും ഭൂമിയിലും അവയ്ക്കിടയിലുള്ളതും മനുഷ്യന്റെ ഗുണത്തിനുള്ളതാണ്." മനുഷ്യർ ഈ ഭൂമിയിൽനിന്ന് നിശ്ശേഷം തുടച്ചുനീക്കപ്പെട്ടാൽ മറ്റൊരു സൃഷ്ടി ഇവിടെ ഉണ്ടാകുമോ?*

അതെ. തീർച്ചയായും അല്ലാഹു പുതിയൊരു സൃഷ്ടിയെ സൃഷ്ടിക്കും. അതാണ് ഖുർആന്റെ മാഹാത്മ്യം. എങ്ങനെ നിരക്ഷരനായ ഒരറബിക്ക് ഈ ജ്ഞാനം ലഭിച്ചു? നമുക്ക് അല്ലാഹുവിനെ ബാഹ്യദൃഷ്ടികൊണ്ട് കാണാൻ സാധ്യമല്ല. എന്നാൽ അല്ലാഹുവിന്റെ പ്രവൃത്തിയിലൂടെ നമുക്കവനെ തിരിച്ചറിയാം. വിശുദ്ധഖുർആൻ അല്ലാഹുവിന്റെ മഹത്തായ പ്രവൃത്തിയാണ്. ദൈവാസ്തിക്യത്തിനുള്ള മഹത്തായ തെളിവാണ് ഖുർആൻ.

*114. ഈസാനബി (അ) രോഗികളെ സുഖപ്പെടുത്തിയിരുന്നുവോ?*

അതെ. ഈസാനബി (അ) ദുആയിലൂടെ ശാരീരികരോഗം സുഖപ്പെടുത്തിയിരുന്നു. മറ്റൊരർത്ഥംകൂടി ഇതിനുണ്ട്; അതാണ് യഥാർത്ഥ വിവക്ഷ; ആലങ്കാരിക അർത്ഥം. അതായത് അദ്ദേഹം ജനങ്ങളുടെ ആത്മീയരോഗം ശമിപ്പിച്ചു.

*115. ജമാഅത്തിലെ സ്ത്രീകൾ കൂടുതൽ ജോലി ചെയ്യേണ്ടത് ജമാഅത്തിനുവേണ്ടിയാണോ അതോ അവരുടെ കുടുംബകാര്യങ്ങളാണോ കൂടുതൽ ശ്രദ്ധിക്കേണ്ടത്?*

ഭർത്താവിന്റെയും കുട്ടികളുടെയും കാര്യത്തിന് ഭംഗം നേരിടാത്ത വിധത്തിൽ സ്ത്രീകൾ ജമാഅത്തിന് വേണ്ടി ജോലി ചെയ്യേണ്ടതാണ്. കുടുംബകാര്യങ്ങൾ നോക്കി നടത്തേണ്ടത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം അല്ലാഹു 'ഫർസ്' (നിർബന്ധം) ആക്കിയതാണ്. നിങ്ങളുടെ ഭർത്താവിനെ സന്തോഷിപ്പിക്കുക. എനിക്ക് ലജ്നയ്ക്ക് വേണ്ടി ജോലി

ചെയ്യാൻ ആഗ്രഹമുണ്ടെന്നും എന്നാൽ എന്റെ വീട്ടിലെ കാര്യങ്ങൾ കൂടി നോക്കേണ്ടതുള്ളതുകൊണ്ട് ചെറിയ ജോലികൾ എനിക്ക് നൽകണമെന്നും ലജ്നാ ഭാരവാഹികളോട് അപേക്ഷിക്കുക.

## ഫ്രഞ്ച്കാരുമായുള്ള അഭിമുഖം 21.5.2001

***116. അമേരിക്കയുടെ സ്റ്റാർവാർ പദ്ധതിയെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?***

അവർക്കതിനുള്ള അവകാശമുണ്ട്. ഓരോരുത്തർക്കും അവരവരുടെ വ്യോമസേനയെയും നാവികസേനയെയും കരസേനയെയും സംരക്ഷിക്കാൻ അവകാശമുണ്ട്. ആരെങ്കിലും ആക്രമിക്കുന്നതിനുമുമ്പ് പ്രതിരോധിക്കുക എന്നത് വളരെ നല്ല കാര്യമാണ്. അവർ സമ്പന്ന രാഷ്ട്രമാണ്. അതിന്റെ ചെലവ് വഹിക്കാൻ അവർക്ക് പ്രാപ്തിയുണ്ട്.

***117. മുല്ലായിസമാകുന്ന വിപത്ത് ജമാഅത്തിനെ ബാധിക്കുന്നതിനെ നമുക്കെങ്ങനെ പ്രതിരോധിക്കാം?***

നമ്മുടെ ജമാഅത്തിനെ അത് ബാധിക്കാതിരിക്കുന്നതിനുള്ള എല്ലാ പ്രതിരോധ നടപടികളും നാം എടുക്കുന്നുണ്ട്; ഇതുവരെ അക്കാര്യത്തിൽ നാം വിജയിച്ചിട്ടുണ്ട്. ഖിലാഫത്ത് ശുദ്ധമായിരിക്കുന്നിടത്തോളം മുല്ലായിസം ജമാഅത്തിൽ ഉണ്ടാവുകയില്ല. നമ്മുടേത് യഥാർത്ഥ ഉലമാഅ് (പണ്ഡിതൻമാർ) ആണ്; മുല്ലാക്കളല്ല.

***118. സൂറത്തുൽ മാഇദ 55-ാം വചനത്തിൽ "അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യും; ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ അവർ ഭയപ്പെടുകയില്ല" എന്നുപറയും. ചില വിശ്വാസികൾക്ക് മറ്റുള്ളവരുടെ ആക്ഷേപങ്ങൾ വേഗം മനസ്സിൽ തട്ടുന്നു. അത്തരക്കാർ എന്തുചെയ്യണം?***

എല്ലാ വിശ്വാസികളും വിശുദ്ധ ഖുർആൻ പറയുന്ന ഗുണമുള്ളവരാണ്. മറ്റുള്ളവർ അവരെക്കുറിച്ച് എന്തു പറയുന്നു

വെന്നോ എന്തു ധരിക്കുന്നുവെന്നോ അവർ ഭയപ്പെടാറില്ല. അവർ അല്ലാഹുവിനെ മാത്രമാണ് ഭയപ്പെടുന്നത്. മറ്റുള്ള വർ പറയുന്നതിനെക്കുറിച്ചും ചിന്തിക്കുന്നതിനെക്കുറിച്ചും ഭയപ്പെടുന്നവർ അധരമാത്രവിശ്വാസികളാണ്. അഹ്മദികൾ വളരെ ധൈര്യ ശാലികളാണ്. പാക്കിസ്താനിൽ അവർ അല്ലാഹുവിനെ മാത്രമെ ഭയപ്പെടുന്നുള്ളു. മറ്റുള്ളവർ എന്തു ചെയ്യുന്നു എന്നതിനെക്കുറിച്ച് ചിന്തിക്കുന്നേയില്ല.

***119. സൂറത്തുൽ മാഇദയിൽ രണ്ട് തരം ഭക്ഷണങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ടല്ലോ. അവതമ്മിലുള്ള വ്യത്യാസമെന്താണ്?***

അല്ലാഹുവിനെ ഭയപ്പെടുന്നവർ 'ഹലാലും ത്വയിബ്ബും' ആയിട്ടുള്ള ഭക്ഷണമാണ് കഴിക്കുക. 'ത്വയ്യിബ്' എന്നാൽ ശുദ്ധമായ ഭക്ഷണം. ഹലാൽ മാത്രം ഭക്ഷിക്കുന്നവർ പൂർണമായും ശരിയല്ല ചെയ്യുന്നത്. ത്വയ്യിബ് ഹലാലാണ്, ഏറ്റവും ശുദ്ധമായത്. അത്തരം ഭക്ഷണം കഴിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ഭക്ഷണകാര്യത്തിൽ ഇപ്ര കാരം ശ്രദ്ധിക്കുകയും ചെയ്താൽ അല്ലാഹു അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവർ പുരോഗതി പ്രാപിക്കുകയും അല്ലാഹുവിന്റെ സൃഷ്ടി കളിൽ ഏറ്റവും നല്ലത് മാത്രം അവർ ഭക്ഷിക്കുകയും ചെയ്യും.

***120. താൻ മരിക്കാറായി എന്ന് ആളുകൾക്ക് മനസ്സിലാകുമോ?***

ശാരീരിക ലക്ഷണങ്ങളിൽ നിന്ന് താൻ മരിക്കാറായി എന്ന് ആളുകൾക്ക് മനസ്സിലാകും. ചില ആളുകൾക്ക് മരണത്തിന്റെ ലക്ഷണങ്ങളൊന്നും ഉണ്ടായിരിക്കില്ല. എന്നാൽ അല്ലാഹു വിൽ നിന്ന് സ്വപ്നത്തിലൂടെയും 'വഹ്യ്' ലൂടെയും മര ണത്തെക്കുറിച്ച് അറിയിപ്പു ലഭിക്കും. മസീഹ് മൗഊദ് (അ) ഖാദിയാനിൽ നിന്ന് പുറപ്പെടുമ്പോൾ മരണത്തിന്റെ സൂച നകളൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ അതിനെക്കുറിച്ച് അല്ലാഹുവിൽനിന്ന് വഹ്യ് ലഭിച്ചിരുന്നു. ഭക്തരായ ആളുകൾക്ക് അല്ലാഹു അറിവ് നൽകും. ചിലർക്ക് അവർ

വെള്ളിയാഴ്ച മരിക്കുമെന്ന് അറിയിപ്പ് ലഭിക്കുകയും വെള്ളിയാഴ്ച മരിക്കുകയും ചെയ്യും. ഭക്തരല്ലാത്ത ആളുകൾക്ക് ശാരീരികലക്ഷണങ്ങളിൽ നിന്ന് മരണത്തെക്കുറിച്ച് അറിവ് ലഭിക്കുന്നു.

*121. അല്ലാഹുവുമായി നാം അടുത്തിട്ടുണ്ടോ എന്ന് എങ്ങനെ അറിയും?*

നിങ്ങൾ അല്ലാഹുവുമായി അടുക്കുമ്പോൾ അല്ലാഹുവിന്റെ അടയാളങ്ങൾ നിങ്ങളിൽ പ്രത്യക്ഷമാകുന്നു. നിങ്ങൾക്ക് വഹ്‌യ് ലഭിച്ചേക്കാം. എന്നാൽ, വഹ്‌യ് ഉണ്ടായിക്കൊള്ളണമെന്നുമില്ല. പക്ഷേ, നിങ്ങൾ കൂടുതൽ പരിശുദ്ധനാക്കപ്പെടും. ഏതുപോലെ നിങ്ങൾ തീയുടെ സമീപത്ത് പ്രവേശിക്കുമ്പോൾ നിങ്ങൾക്ക് ചൂട് അനുഭവപ്പെടുന്നുവോ അതുപോലെ.

*122. ആദം (അ) ആദ്യത്തെ മനുഷ്യനായിരുന്നുവോ?*

നബി (സ) തിരുമേനിയുടെ പരമ്പരയിലെ ആദ്യത്തെ പ്രവാചകനായിരുന്നു ആദംനബി (അ). ആദം (അ) ആദ്യത്തെ മനുഷ്യനോ ആദ്യത്തെ പ്രവാചകനോ ആയിരുന്നില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം പ്രവാചകൻമാർ അദ്ദേഹത്തിനുമുമ്പും വന്നിട്ടുണ്ട്. നബിതിരുമേനി (സ) യാൽ അനുഗൃഹീതമായ പ്രവാചകശൃംഖലയിലെ ആദ്യത്തെ പ്രവാചകനായിരുന്നു ആദം (അ).

*123. ദുഃസ്വപ്നങ്ങൾ കണ്ടാൽ മൂന്നു പ്രാവശ്യം ഇടതുഭാഗത്ത് തുപ്പണമെന്ന് പറയുന്നതെന്താണ്? അതിന്റെ അർത്ഥമെന്താണ്?*

അതൊരു അലങ്കാരോക്തിയാണ്. യഥാർത്ഥത്തിൽ തുപ്പികിടക്ക വൃത്തികേടാക്കുക എന്നതല്ല അതിന്റെ അർത്ഥം. ദുസ്വപ്നങ്ങളെക്കുറിച്ചുള്ള അന്ധവിശ്വാസങ്ങളിൽ നിന്ന് നബി (സ) നമ്മെ സംരക്ഷിച്ചിരിക്കുന്നു. അത് അല്ലാഹുവിൽനിന്നുള്ളതല്ല. ശാരീരിക അസ്വസ്ഥതകളിൽ നിന്നുണ്ടാകുന്നതാണ് ദുഃസ്വപ്നങ്ങൾ.

## ബംഗാളികളുമായുള്ള അഭിമുഖം 22.5.2001

***124. ഉപഭോക സംസ്കാരത്തിൽ നിന്ന് പടിഞ്ഞാറൻ രാജ്യങ്ങളെ രക്ഷിക്കാൻ ഇസ്ലാമിന് സാധിക്കുമോ?***

ഇല്ല. ഇസ്ലാമിന് അവരെ രക്ഷിക്കാൻ കഴിയില്ല. ഇസ്ലാമിൽ സമർപ്പിക്കപ്പെടുന്നവരെ മാത്രമെ ഇസ്ലാമിന് സംരക്ഷിക്കാൻ കഴിയൂ. അതിന് മുസ്ലിമാകണമെന്നില്ല. ഇസ്ലാമിന്റെ സത്യതയെ അംഗീകരിച്ചാൽ മതിയാകും.

***125. ഒരുകാലത്ത് ലോകത്തെ വിജ്ഞാനത്തിലേക്ക് നയിച്ചത് മുസ്ലിംകളായിരുന്നു. ആ കാലം ഇനി തിരിച്ചുവരുമോ?***

ഇൻശാ അല്ലാഹ് അഹ്മദിയ്യത്തിന്റെ വിജയത്തോടെ അത് തിരിച്ചുവരും. ഇസ്ലാം അതിന്റെ നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കും.

***126. വിശുദ്ധ ഖുർആനിലെ 25-ാം അധ്യായം 31-ാം വചനത്തിന്റെ വിവക്ഷയെന്താണ് ("ദൈവദൂതൻ പറയും, എന്റെ നാഥാ! എന്റെ ജനം ഈ ഖുർആനെ പുറംതള്ളിയ നിലയിൽ വിട്ടുകളഞ്ഞു")***

വിശുദ്ധഖുർആൻ അവതരിച്ച കാലത്തോ ആദ്യത്തെ മൂന്ന് നൂറ്റാണ്ടുകളിലോ ഇത് ബാധകമല്ല. അവർ ഖുർആനെ പുറം തള്ളിയിരുന്നില്ല. ഭാവിയെക്കുറിച്ചുള്ള ഒരു പ്രവചനമാണിത്. ഖുർആൻ പുറന്തള്ളപ്പെട്ടിരിക്കുന്നു എന്ന് നബി (സ) പരാതി പറയും. അതായത് ഇസ്ലാമിന്റെ ആത്മീയ പ്രഭാവവും വിജ്ഞാനവും നഷ്ടപ്പെടും. ഇത് നമ്മുടെ കാലത്തേക്ക് യോജ്യമാണ്. മുല്ലാക്കൾ ഇസ്ലാമിന്റെ വക്താക്കളായി അറിയപ്പെടുന്നു; എന്നാൽ ഇസ്ലാമിന്റെ ABCD അവർക്കറിയില്ല താനും.

***127. ജനാസ നമസ്കാരത്തിൽ സ്ത്രീകൾക്ക് പങ്കെടുക്കാമോ?***

പങ്കെടുക്കാം. അവർക്ക് ഖബർസ്ഥാനിൽ പോയി ശവസംസ്കാരത്തിൽ പങ്കെടുക്കാൻ അനുവാദമില്ല. അതൊരു ഹൃദയസ്പൃക്കായ സന്ദർഭമാണ്. അവർ ചിലപ്പോൾ കര

ഞ്ഞേക്കാം. യഥാർത്ഥ അച്ചടക്കത്തിനും സഹനത്തിനും ഭംഗംവരുത്തുന്ന വിധത്തിൽ നിയന്ത്രണം നഷ്ടപ്പെട്ട് അവർ ചിലപ്പോൾ പെരുമാറിയേക്കും. അതുകൊണ്ടാണ് അവരെ ശ്മശാനത്തിലേക്ക് ശവസംസ്കാരം നടക്കുന്ന സന്ദർഭത്തിൽ പ്രവേശിപ്പിക്കാത്തത്.

*128. ലക്ഷക്കണക്കിന് മനുഷ്യരെ കൂട്ടക്കൊല ചെയ്ത സ്വേഛാധിപതികൾക്കുള്ള ശിക്ഷയെന്താണ്?*

ഈ ജീവിതത്തിൽ അവർക്ക് ഒരു ജീവൻ മാത്രമെയുള്ളൂ. എന്നാൽ അവർ ലക്ഷങ്ങളുടെ ജീവൻ എടുത്തു. അവരുടെ നരകം ദീർഘമേറിയതായിരിക്കും. അവർ കൊന്ന എല്ലാ ജീവനും പകരം ചോദിക്കപ്പെടുന്നതുവരെ അവരുടെ നരക ശിക്ഷ തുടരും.

*129. M.T.A.യിൽ തിലാവത്ത് നടക്കുന്നുണ്ടല്ലോ. അത് നമ്മുടെ തിലാവത്തിന് പകരമാകുമോ?*

ഇല്ല. M.T.A. യിൽ തിലാവത്ത് ശ്രവിക്കുന്നത് ഒരനുഭൂതി യാണ്. പക്ഷേ, നിങ്ങൾ സ്വയം തിലാവത്ത് ചെയ്യുകയും അതിന്റെ അർത്ഥം പഠിക്കുകയും വേണം. അത് സവിശേ ഷമായ ആത്മീയ സാധനയാണ്.

*130. ലേഖ്റാമിന്റെ കൊലയാളി ആരായിരുന്നു?*

അതൊരു പ്രഹേളികയാണ്. ആർക്കും ഉത്തരം പറയാൻ സാധ്യമല്ല. പറയപ്പെടുന്നത്, ഒരു മനുഷ്യൻ ചെയ്തുവെ ന്നാണ്. എന്നാൽ അയാൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ദയാന ന്ദിന്റെ ജീവചരിത്രം എഴുതിക്കഴിഞ്ഞ ശേഷം ലേഖ്റാം വിശ്രമിക്കുകയായിരുന്നു. ആ സമയത്ത് മൂർച്ചയുള്ള ആയുധം കൊണ്ട് അയാൾ കുത്തിമുറിവേൽപ്പിക്കപ്പെടുകയാ ണുണ്ടായത്. അയാളുടെ കുടൽമാല പല ഭാഗത്തുകൂടിയും വെളിയിൽ വന്നിരുന്നു. കൊലയാളി പിന്നീട് വീട്ടിന്റെ മുക ളിലത്തെ നിലയിലേക്ക് കയറിപ്പോയി. മൂന്നു നിലയുള്ള കെട്ടിടമായിരുന്നു അത്. അയാൾ എവിടേക്ക് പോയി? അയാൾ താഴേക്ക് ചാടിയിട്ടുണ്ടായിരുന്നെങ്കിൽ കാലൊടി യേണ്ടതാണ്.

***131. എന്തുകൊണ്ടാണ് 'അല്ലാഹു' എന്ന പേര് ഇസ്‌ലാമിൽ മാത്രം നിലനിൽക്കുന്നത്?***

ഖുർആൻ പറയുന്നത് ശീബാരാജ്ഞി 'അല്ലാഹു' എന്ന പദം ഉപയോഗിച്ചിട്ടുണ്ട് എന്നാണ്. അതിനുമുമ്പും അത് ഉപയോഗത്തിലുണ്ടായിരിക്കണം.

***132. വീട്ടിൽ നിന്ന് എത്ര അകലത്തിൽ പള്ളി സ്ഥിതിചെയ്യുന്നതായാൽ ജമാഅത്ത് നമസ്കാരത്തിന് നിർബന്ധമായും പങ്കെടുക്കണം എന്നുള്ളതിനെക്കുറിച്ച് കൃത്യമായ ദൂരം നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ?***

അവനവന്റെ കഴിവിലും പരിധിയിലും പെടാത്ത കാര്യത്തെക്കുറിച്ച് ആരും ഭരമേൽപ്പിക്കപ്പെട്ടിട്ടില്ല. നിങ്ങൾക്ക് സമയത്ത് പള്ളിയിൽ വരാൻ പ്രയാസമുണ്ടെങ്കിൽ കഴിയുമെങ്കിൽ വീട്ടിൽ വെച്ച് തന്നെ ജമാഅത്തായി നമസ്കരിക്കാവുന്നതാണ്.

***133. കുളമ്പ് രോഗമുള്ള മൃഗങ്ങളെ നമുക്ക് ഭക്ഷിക്കാമോ?***

ഭക്ഷിക്കരുത്.

## മജ്‌ലിസെ ഇർഫാൻ 25.5.2001

***134. എങ്ങനെയാണ് താങ്കൾ പദ്യങ്ങൾ എഴുതാൻ തുടങ്ങിയത്?***

ഞാനത് പഠിച്ചതല്ല. സ്വയം സിദ്ധമായതാണ്. അത് പഠിക്കാൻ സാധ്യമല്ല. അല്ലാഹു എന്നെ പഠിപ്പിച്ചു. അദ്ധ്യാപകരാരും ഉണ്ടായിരുന്നില്ല. ഞാൻ 7-ാം ക്ലാസിലോ 8-ാം ക്ലാസിലോ പഠിക്കുമ്പോഴാണ് ആദ്യത്തെ പദ്യം എഴുതിയത്.

***135. ഏത് ഖലീഫയാണ് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ എഴുതിയിട്ടുള്ളത്?***

എന്റെ അഭിപ്രായത്തിൽ, ഞാനെഴുതിയ എല്ലാ പുസ്തകങ്ങളും നോക്കുകയാണെങ്കിൽ ഞാനായിരിക്കണം ഏറ്റവും കൂടുതൽ എഴുതിയിട്ടുള്ളത്.

*136. എന്തുകൊണ്ട് അല്ലാഹുവിനെ നമുക്ക് കണ്ടുകൂടാ?*

നമ്മുടെ കണ്ണുകൾ കൊണ്ട് നമുക്ക് അല്ലാഹുവിനെ കാണാൻ പറ്റില്ല. എന്നാൽ അവൻ നമ്മെ കാണുന്നു. അല്ലാഹുവിനെ അവന്റെ അടയാളങ്ങളിലൂടെ നമുക്ക് കാണാവുന്നതാണ്. ശാസ്ത്രജ്ഞൻമാർ ധാരാളം പരീക്ഷണങ്ങൾ നടത്തി. എന്നിട്ടും അല്ലാഹുവിനെ അവർ കാണുന്നില്ല. എന്നാൽ അവരുടെ പരീക്ഷണങ്ങളിലൂടെ നമുക്ക് അല്ലാഹുവിനെ കാണാം.

*137. രണ്ട് കക്ഷികൾ തമ്മിൽ വിവാഹാലോചന നടന്നുകൊണ്ടിരിക്കെ വിവാഹബന്ധത്തിലേർപ്പെടാൻ പോകുന്ന ആൾ അത്ര ശരിയല്ല എന്ന കാര്യം നല്ല ഉദ്ദേശ്യത്തോടെ നമുക്ക് മറുകക്ഷിയോട് പറയാൻ പാടുണ്ടോ?*

നല്ല ഉദ്ദേശ്യത്തോടെയാണെങ്കിലും നിങ്ങളോട് ചോദിച്ചിട്ടില്ലെങ്കിൽ നിങ്ങൾ പറയരുത്. അത് പരദൂഷണമാണ്. നിങ്ങൾക്ക് പറയണമെന്ന് നിർബന്ധമാണെങ്കിൽ അത് എഴുതി അതിന്റെ ഒരു കോപ്പി പറയപ്പെടുന്ന വ്യക്തിക്കും അയച്ചുകൊടുക്കുക.

*138. ഖലീഫയെ നിശ്ചയിക്കുക എന്നുള്ളത് അല്ലാഹുവിന്റെ 'റഹ് മാനിയ്യത്ത്' എന്ന സിഫത്തിലാണോ 'റഹീമിയ്യത്ത്' എന്ന സിഫത്തിലാണോ പെടുക.*

ഒരു നബിയുടെ ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവിന്റെ 'റഹീമിയ്യത്ത്' എന്ന സിഫത്താണ്. പ്രവാചകന്റെ കഠിനപ്രയത്നവും സഹനവും, ത്യാഗവും വിനയവുമാണ് സഹാബത്തിനെ വാർത്തെടുക്കുന്നത്. അപ്പോൾ അല്ലാഹുവിന്റെ 'റഹീമിയ്യത്തി'ലൂടെ ഖലീഫയെ നിശ്ചയിക്കുന്നു.

*139. എന്താണ് u.f.o (unidentified Flying Objects - പറക്കും തളിക)*

U.F.O കൾ കാണപ്പെട്ടിട്ടുണ്ട്. എന്നാൽ അതുമായി ബന്ധപ്പെട്ട കഥകളൊന്നും വിശ്വസനീയമല്ല. അത് മറ്റേതെങ്കിലും ലോകത്ത് നിന്നു വരുന്നവയാണെന്നുള്ള കഥകൾ ശരിയ

ല്ല. വൻശക്തികളുടെ സൈനികയന്ത്രം മാത്രമാണത്?

*140. വീട്ടിൽനിന്ന് മഗ്‌രിബ് നമസ്കരിച്ചശേഷം ഞാൻ പള്ളിയിൽ ചെന്നപ്പോൾ അവിടെ മഗ്‌രിബും ഇശായും ജംഅ് ആയി നമസ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ചെല്ലുമ്പോൾ മഗ്‌രിബ് നമസ്കാരമാണ് നടക്കുന്നത്. അപ്പോൾ ഞാൻ എന്തു ചെയ്യണം?*

ജമാഅത്ത് നസ്ക്കാരത്തിൽ പങ്കെടുക്കണം. വീട്ടിൽ വെച്ച് തനിച്ച് മഗ്‌രിബ് നമസ്ക്കരിച്ചിട്ടുണ്ടെങ്കിലും ശരി, ജമാഅത്തായുള്ള നമസ്ക്കാരത്തിൽ പങ്കെടുക്കണം.

*141. വിത്റ് നമസ്ക്കാരം ഇശായ്ക്ക് ശേഷമാണോ തഹജ്ജുദിനുശേഷമാണോ നമസ്കരിക്കേണ്ടത്?*

നല്ലത് തഹജ്ജുദിനുശേഷം നമസ്കരിക്കുന്നതാണ്. ഉറങ്ങിപ്പോകുമെന്നുള്ളവർ ഇശായ്ക്ക് ശേഷം നിർവഹിക്കണം.

*142. പച്ചിലമരുന്നുകൾ പ്രയോജനപ്രദമാണോ?*

അതെ. ശിഫാ (ശമനം) എല്ലാ വ്യവസ്ഥിതിയിലും അടങ്ങിയിരിക്കുന്നു. പച്ചിലമരുന്നുകൾ എപ്പോഴും പ്രയോജനപ്രദമാണ്. പക്ഷേ, അത് പ്രയോഗിക്കുന്ന ആൾ അതിനെക്കുറിച്ച് നല്ല വിവരമുള്ള ആളായിരിക്കണം. വളരെ പുരാതനമായ സമ്പ്രദായമാണത്. ഞാനത് ഉപയോഗിക്കാറുണ്ട്.

## ഫ്രഞ്ച്കാരുമായുള്ള അഭിമുഖം 28.5.2001

*143. ഈ ഭൂമിയിൽ വെച്ചുതന്നെ സ്വർഗനരകങ്ങൾ അനുഭവപ്പെട്ടു തുടങ്ങും എന്നു മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുണ്ടല്ലോ. 'ബർസഖ്'നെക്കുറിച്ച് എന്തുപറയുന്നു?*

അതെ. ഈ ലോകത്തിൽവെച്ച് സ്വർഗ്ഗത്തിൽനിന്ന് നരകത്തിലേക്കും നരകത്തിൽനിന്ന് സ്വർഗ്ഗത്തിലേക്കും മാറിക്കൊണ്ടിരിക്കുന്ന ആൾ ബർസഖിലാണ്.

*144. സ്വരാജ്യസ്നേഹം ഈമാന്റെ ഭാഗമാണെന്ന് നബി (സ) അരുൾ ചെയ്തിരിക്കുന്നു. എന്നാൽ അവർ നമ്മെ പീഡിപ്പിക്കുകയാണെങ്കിൽ നമ്മുടെ സ്നേഹം എങ്ങനെയായി*

***രിക്കണം?***

നബിതിരുമേനി (സ) തിരിച്ചുവന്നപ്പോൾ മക്കക്കാരോടുണ്ടായിരുന്ന സ്നേഹം എപ്രകാരമായിരുന്നു എന്ന് നോക്കുക. തിരുമേനി (സ) പറഞ്ഞു: നിങ്ങൾ ഒന്നുകൊണ്ടും പേടിക്കേണ്ടതില്ല. ഒരു പ്രതികാര നടപടിയും എടുക്കപ്പെടുന്നതല്ല.

***145. ഒരു വ്യക്തിയെക്കുറിച്ച് ചീത്തയായ സ്വപ്നം കണ്ടാൽ അത് അദ്ദേഹത്തോട് പറയണമോ?***

വേണ്ട. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുക. നിങ്ങൾ നല്ല സ്വപ്നം കാണുകയാണെങ്കിൽ ആ വ്യക്തിയോട് പറയുക; മറ്റാരോടും പറയരുത്.

***146. ടെലിപ്പതിയെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്***

വൈദ്യുത, കാന്തിക മാദ്ധ്യമങ്ങളുടെ സഹായമില്ലാതെ ആശയങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണ് ടെലിപ്പതി. ജപ്പാനിലും ലണ്ടനിലുമുള്ള രണ്ടു വ്യക്തികൾ അവരുടെ മനസ്സുകൾ സമഞ്ജസപ്പെടുത്തുകയാണെങ്കിൽ ടെലിപ്പതി സന്ദേശം ഒരാളിൽനിന്ന് മറ്റെയാളിലേക്ക് എത്തിച്ചേരുന്നതാണ്. പലപ്പോഴും ജപ്പാനിലുള്ള ഒരു വ്യക്തിക്ക് എന്റെ ആശയങ്ങൾ ലഭിക്കുകയുണ്ടായിട്ടുണ്ട്. പക്ഷേ, അത് അയാളുടെ ഉള്ളിൽനിന്നുതന്നെ ഉണ്ടായതായിരുന്നു. (ദിവ്യബോധനം പോലെ പുറമെനിന്ന് ലഭിച്ചതല്ല).

***147. ദിവ്യവെളിപാടുകളും തോന്നലുകളും തമ്മിലുള്ള ബന്ധമെന്താണ്? തോന്നലുകളനുസരിച്ച് നമുക്ക് തീരുമാനമെടുക്കാമോ?***

ദിവ്യവെളിപാടുകൾ ദൈവത്തിൽ നിന്നുണ്ടാകുന്നതാണ്. തോന്നലുകൾ മനുഷ്യന്റെ ഉള്ളിൽനിന്നു തന്നെ രൂപപ്പെടുന്നതാണ്; ഒരുതരത്തിലുള്ള അതീന്ദ്രിയജ്ഞാനം; അങ്ങനെയൊന്നുണ്ട്. ചില സംഭവങ്ങൾ നടക്കാൻ പോകുന്നതായി നിങ്ങൾക്ക് മുൻകൂട്ടി അറിയാൻ സാധിക്കും. അത്തരം അറിവനുസരിച്ച് തീരുമാനമെടുക്കാമോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഇസ്തിഖാറ ചെയ്ത് തീരുമാനമെ

ടുക്കുക. എന്റെ തോന്നലുകളനുസരിച്ച് ഞാൻ തീരുമാനമെടുക്കാറുണ്ട്. വക്രമായ ചില കാര്യത്തിനുവേണ്ടി ആളുകൾ എന്നെ സമീപിക്കുമ്പോൾ എനിക്ക് യഥാർത്ഥ ആവശ്യം മനസ്സിലാകും. 99 ശതമാനവും എന്റെ തോന്നൽ ശരിയാകാറുണ്ട്.

*148. 'ബർസഖി'ന്റെ അവസ്ഥയെന്താണ്?*

മരണത്തിനും ഖിയാമത്തിനും ഇടയിലുള്ള സമയമാണത്. ദീർഘമേറിയ ഒരു കാലയളവ്; ചിലപ്പോൾ ലക്ഷം കോടി വർഷങ്ങൾ. ഈ കാലയളവ് പക്ഷേ, വലുതായി തോന്നുകയില്ല. മരണമടഞ്ഞ ഉടനെ തന്നെ പുനരുത്ഥാനം ചെയ്യപ്പെട്ടതായേ തോന്നുകയുള്ളൂ.

*149. വിവാഹനിശ്ചയത്തിനുശേഷം നിക്കാഹിനു മുമ്പായി മറുകക്ഷി ഇസ്‌ലാമിക ചിട്ടയ്ക്കനുസരിച്ചല്ല ജീവിക്കുന്നത് എന്ന് മനസ്സിലായാൽ നാം എന്തുചെയ്യണം?*

ആ വിവാഹാലോചന ഉടൻ അവസാനിപ്പിക്കുക.

*150. പരലോകത്ത് നാം അനശ്വരരായിരിക്കുമോ?*

അനശ്വരതയ്ക്ക് രണ്ട് വിവക്ഷയുണ്ട്. ദൈവത്തെ സംബന്ധിച്ച് ആദിയും അന്ത്യവുമില്ലാത്തവൻ എന്നാണത്. നാം ഭാഗികമായി അനശ്വരരാണ്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ നമുക്കവിടെ അന്ത്യമുണ്ടായിരിക്കുകയില്ല.

*151. ആദ്യത്തെ അഹ്മദിരാഷ്ട്രം ഏതായിരിക്കും?*

മിക്കവാറും ബെനിൻ (Benin) ആയിരിക്കും. ഘാനയും അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്.

*152. എന്തുകൊണ്ടാണ് മലക്കുകളെ കാണാൻ സാധിക്കാത്തത്?*

മനുഷ്യനേത്രങ്ങൾക്ക് ദർശിക്കാൻ സാധ്യമല്ലാത്ത സഹസ്രകോടി വസ്തുക്കളിൽ ഒന്നാണ് മലക്കുകൾ. തരംഗങ്ങൾ നാം കാണുന്നില്ല. മലക്കുകൾ അതിനേക്കാൾ ഉൽകൃഷ്ടമായതാണ്. അല്ലാഹുവിലേക്ക് അടുക്കുന്തോറും വസ്തുക്കൾ കൂടുതൽ ഉൽകൃഷ്ടമായിത്തീരുന്നു. മലക്കുകളെ ടെലി

വിഷനുകൾക്കും പിടിച്ചെടുക്കാൻ സാധ്യമല്ല. അല്ലാഹുവിനെ അവന്റെ അടയാളങ്ങളിലൂടെ മാത്രമെ കാണാൻ സാധ്യമാകൂ; നഗ്നനേത്രങ്ങൾക്ക് കാണാൻ സാധ്യമല്ല. അല്ലാഹുവിൽനിന്ന് ഒരുപടി താഴെ നിൽക്കുന്നവരാണ് മലക്കുകൾ. മലക്കുകൾ നൻമ ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു; ശൈത്വാൻ തിന്മ ചെയ്യാനും രണ്ടും നിങ്ങളുടെ ഉള്ളിൽ തന്നെയുണ്ട്.

*152. മൃഗങ്ങൾക്കുവേണ്ടിയും മലക്കുകൾക്കുവേണ്ടിയും പ്രാർത്ഥിക്കാമോ?*

അതെ. എന്തുകൊണ്ട് പാടില്ല? നിങ്ങളുടെ പ്രിയപ്പെട്ട പൂച്ചയോ കിളിയോ രോഗിയായാൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുക. അല്ലാഹു പ്രതികരിക്കും. മലക്കുകൾക്ക് വേണ്ടി നിങ്ങൾ പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. അവർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊള്ളും.

*153. കുട്ടികൾ നന്നാവാനും അനുസരണയുള്ളവരായിത്തീരാനുമുള്ള ദുആ ഏതാണ്?*

ഏറ്റവും നല്ല ദുആ "ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽനിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ്മ പ്രദാനം ചെയ്യേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ നേതാവാക്കേണമേ" (വി. ഖു. 25.75) എന്ന ദുആയാണ്.

*154. ആഗാഖാൻ ബ്രിട്ടണിൽ വരുന്നതിനെ ബ്രിട്ടീഷ് സർക്കാർ വിലക്കുന്നു. അവർ പറയുന്നത് അദ്ദേഹം വർഗ്ഗീയവാദിയാണെന്നും വെള്ളക്കാർക്കെതിരായി സംസാരിക്കുന്ന ആളാണെന്നുമാണ്. ഇതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?*

ഒരു വ്യക്തിയെ രാജ്യത്തിൽ പ്രവേശിപ്പിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ആ രാജ്യത്തിന് അധികാരമുണ്ട്. ഒരു വ്യക്തി പൊതുജനങ്ങൾക്ക് ശല്യമാകുമെന്നോ വർഗ്ഗീയ വാദിയാണെന്നോ തോന്നിയാൽ അയാളെ തടയാവുന്നതാണ്. ബ്രിട്ടനിൽ തന്നെ വർഗ്ഗീയ

വാദികൾ ഉണ്ടെങ്കിലും പുറത്ത് നിന്നുള്ളവരെക്കൂടി പ്രവേശിപ്പിച്ചാൽ എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെയാകും അത്.

## ബംഗാളികളുമായുള്ള അഭിമുഖം

155. ***അഹ്മദിരാഷ്ട്രങ്ങൾ സ്വതന്ത്രരാഷ്ട്രങ്ങളായിരിക്കുമോ അതല്ല ചെറിയ രാജ്യങ്ങളുടെ കൂട്ടായ്മ (Confederation) ആയിരിക്കുമോ?***

അവ സ്വതന്ത്രരാഷ്ട്രങ്ങളായിരിക്കും. യഥാർത്ഥ ജനാധിപത്യം അവിടെ നിലനിൽക്കും; ഒരുതരത്തിലുള്ള വിവേചനവും ഉണ്ടായിരിക്കില്ല.

156. ***അക്രമം കണ്ടാൽ കൈകൊണ്ട് അതിനെ തടയാൻ ശ്രമിക്കണം എന്ന് നബി (സ) തിരുമേനി പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്?***

എന്തെങ്കിലും തിൻമ ചെയ്യുന്നതായി കണ്ടാൽ ബലം പ്രയോഗിച്ച് അതിനെ തടുക്കുക എന്നത് മുല്ലാക്കളുടെ വ്യാഖ്യാനമാണ്. എന്തുകൊണ്ട് നബി (സ) തിരുമേനി ഈ ഹദീസനുസരിച്ച് പ്രവർത്തിച്ചില്ല? മദീനയിൽ വെച്ച് നബി (സ) ഒരാളെയും നമസ്കരിക്കാൻ നിർബന്ധിക്കുകയോ, ഒരു സ്ത്രീയെയും പർദ്ദ ധരിക്കാൻ നിർബന്ധിക്കുകയോ ചെയ്തിട്ടില്ല. നമസ്ക്കാരത്തിന് വരാത്തവരുടെ വീടുകൾ അഗ്നിക്കിരയാകാൻ തോന്നുന്നു എന്നു പറയുക മത്രമെ റസൂലുല്ലാഹ് (സ) ചെയ്തിട്ടുള്ളൂ. ആരെങ്കിലും അക്രമം പ്രവർത്തിക്കുന്നത് കണ്ടാൽ നല്ല വാക്കുകളിലൂടെ അവരെ പറഞ്ഞ് മനസ്സിലാക്കുക. നിങ്ങളുടെ അതൃപ്തി പ്രകടിപ്പിക്കുക. എങ്ങനെയാണ് നിങ്ങൾക്ക് കൈകളുപയോഗിച്ച് തടയാൻ സാധിക്കുക? നിലത്ത് കിടക്കുന്ന പഴത്തൊലി എടുത്തുമാറ്റിയും നിങ്ങളുടെ കുട്ടികൾ തെറ്റുചെയ്യുന്നത് തടഞ്ഞും നിങ്ങൾക്കത് സാധിക്കും. കാരണം, നിങ്ങളുടെ കുട്ടികളുടെ മേൽ നിങ്ങൾക്ക് അധികാരമുണ്ട്; മറ്റുള്ളവരുടെ മേൽ ഇല്ല. നിങ്ങൾ പുറത്തിറങ്ങിയാൽ ആരെങ്കിലും തെറ്റു ചെയ്യുന്നത് കണ്ടാൽ നിങ്ങളുടെ കൈകൊണ്ട് അത് തടയ

ണമെന്ന് അതിന് അർത്ഥമില്ല. നിങ്ങൾക്കും തെറ്റുപറ്റാം. ബലപ്രയോഗം തുടങ്ങിയാൽ ലോകമാകെ പ്രശ്നകലുഷിതമാകും.

*157. താങ്കളെ 'ഖലീഫത്തുൽ മസീഹ്' എന്നു വിളിക്കുന്നതെന്താണ്? എന്തുകൊണ്ട് 'ഖലീഫത്തുൽ മഹ്ദി' എന്നു വിളിക്കുന്നില്ല?*

രണ്ടും ഒരാൾ തന്നെയാണ്.എന്നാൽ സുന്നത്തെന്ന നിലയിൽ 'ഖലീഫത്തുൽ മസീഹ്' എന്ന വിളി നാം സ്വീകരിച്ചുവെന്നു മാത്രം. താങ്കൾക്ക് 'ഖലീഫത്തുൽ മഹ്ദി' എന്നു വിളിക്കണമെന്നുണ്ടെങ്കിൽ അങ്ങനെ വിളിച്ചുകൊള്ളുക.

*158. മസീഹ് മൗഊദ് (അ) എന്തുകൊണ്ടാണ് അദ്ദേഹത്തിനു ശേഷമുള്ള ഖിലാഫത്തിനെക്കുറിച്ച് പ്രതിപാദിക്കാതിരുന്നത്?*

'അൽവസിയ്യത്തി'ൽ 'ഖുദ്റത്തൊസാനി'യെക്കുറിച്ച് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുണ്ട്. 'ഖുദ്റത്തെ സാനി' (രണ്ടാം ശക്തിപ്രഭാവം) ഖിലാഫത്താണ്. ഞാൻ (മസീഹ് മൗഊദ്) പോകാതെ അത് വരില്ല എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതായത്, '*ഖുദ്റത്തെ സാനി*' എന്നത് ഖിലാഫത്താകുന്നു.

*159. റൂയ്യ, കശ്ഫ്, ഇൽഖ എന്നിവ' തമ്മിലുള്ള വ്യത്യാസമെന്താണ്?*

റൂയ്യ എന്നാൽ സ്വപ്നം, കശ്ഫ് എന്നാൽ ദർശനം, ഇൽഖ എന്നു പറയുന്നത് ഹൃദയം വിചിന്തനം ചെയ്തുകൊണ്ടിരിക്കുന്ന കാര്യം ഒരു മഞ്ഞുതുള്ളി കണക്കെ അതിൽ ഉറ്റിവീഴുന്നതിനെയാണ്. ഹൃദയത്തിൽ പ്രത്യക്ഷമാകുന്ന വാക്കുകൾ എന്തുതന്നെയായാലും അത് ദൈവത്തിൽനിന്നുള്ളതാണ്. ശബ്ദത്തോടുകൂടിയുള്ളതാണ് 'ഇൽഹാം' 'ഇൽഖ' ശബ്ദരഹിതമാണ്.

*160. 'ബൈഅത്തി'ന്റെ പ്രാധാന്യമെന്താണ്?*

അത് ഖുർആനിൽ പറയപ്പെട്ട കാര്യമാണ്. അവർ സ്വയം

വിൽക്കുന്നു; അവരുടെ സമ്പാദ്യങ്ങളും അവരെ സ്വയം തന്നെയും പ്രവാചകന്നോ അല്ലെങ്കിൽ ആരുടെ കൈയി ലാണോ അവർ ബൈഅത്ത് ചെയ്യുന്നത് അദ്ദേഹത്തിന്നോ വിൽക്കുന്നു. ബൈഅത്തിന്റെ അർത്ഥം വിൽക്കുക എന്നാ ണ്. അതിന്റെ വില, അതിന്റെ പ്രതിഫലം സ്വർഗ്ഗമാണ്. സ്വർഗ്ഗം വിലമതിക്കാനാവാത്ത പാരിതോഷികമാകുന്നു.

***161. 'മൂസ' എന്ന പേര് ആരാണ് വെച്ചത്?***

അദ്ദേഹത്തിന്റെ മാതാവിന് ഇൽഹാമിയായി ലഭിച്ചതാണ് മൂസ എന്ന പേര്. വഹ്‌യ് മുഖേന ലഭിച്ചതാണോ എന്ന കാര്യത്തിൽ എനിക്ക് പൂർണ്ണ നിശ്ചയമില്ലെങ്കിലും അദ്ദേ ഹത്തിന്റെ മാതാവിന് വഹ്‌യ് ഉണ്ടായതായി ഖുർആൻ പറ യുന്നുണ്ട്. അതുകൊണ്ട് ആ പേര് വഹ്‌യ് മുഖേന നൽക പ്പെട്ടതാണെന്ന് ഞാൻ അനുമാനിക്കുന്നു; 'ഈസാ മസീഹ്ബ്നുമർയം' എന്ന പേര് മർയമിന് അറിയിക്കപ്പെട്ട തുപോലെ.

***162. മാതാപിതാക്കളോടുള്ള നമ്മുടെ കടമകൾ എന്തൊക്കെ യാണ്?***

അനുസരണയുള്ളവരായിരിക്കുക, ബഹുമാനമുള്ളവരായി രിക്കുക, അല്ലാഹുവിനെതിരെയല്ലാത്ത, അതായത് ശിർക്ക ല്ലാത്ത അവരുടെ എല്ലാ വാക്കുകളും അനുസരിക്കുക നമ്മുടെ കടമയാണ്. മക്കളുടെ പെരുമാറ്റം കാരണം മാതാ പിതാക്കൾ മക്കളെ സ്നേഹിക്കുമാറാകണം.

***163. ഖലീഫത്തുൽ മസീഹ് മൂന്നാമനെക്കുറിച്ച് കുറച്ചെന്തെ ങ്കിലും ഞങ്ങളോട് പറയാമോ?***

വളരെ ദയാലുവും സ്നേഹമുള്ള ആളുമായിരുന്നു അദ്ദേ ഹം. അദ്ദേഹത്തിന്റെ സ്നേഹപ്രകടനം കാരണം ആളു കൾ അദ്ദേഹത്തെ സ്നേഹിച്ചു. അദ്ദേഹത്തെക്കുറിച്ചുള്ള ഒരു പുസ്തകം ഈയിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് വായിക്കുക. അല്ലെങ്കിൽ ഒരു മണിക്കൂർ അതിനെക്കുറിച്ച് പറയാൻ ഞാൻ ചെലവഴിക്കേണ്ടിവരും.

***164. രക്ഷപ്പെട്ടശേഷം ഫറോവയ്ക്ക് എന്താണ് സംഭവിച്ചത്?***

രക്ഷപ്പെട്ടശേഷം അയാൾ ശയ്യാവലംബിയായിരുന്നു. മുഴു ജീവിതവും അങ്ങനെ കഴിച്ചുകൂട്ടി. ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല.

## കുട്ടികളുമായുള്ള അഭിമുഖം 17.11.1999

***165. മാതാപിതാക്കളോട് അനുസരണക്കേട് കാണിച്ചുപോകാതിരിക്കാൻ ഏത് ദുആയാണ് ഞങ്ങൾ ചെയ്യേണ്ടത്?***

നിങ്ങൾ ആത്മാർത്ഥ ഹൃദയത്തോടെയാണ് ദുആ ചെയ്യുന്നതെങ്കിൽ അത് നിങ്ങളുടെ ഹൃദയത്തിൽ സ്വാധീനം ചെലുത്തും. അതിനുവേണ്ടി പ്രവർത്തിക്കുകയും വേണം. രാവിലെ മുഴുവൻ അനുസരണക്കേട് കാണിക്കുകയും രാത്രി ദുആ ചെയ്യുകയുമല്ല വേണ്ടത്. മാതാപിതാക്കളെ അനുസരിക്കുന്നില്ല എന്ന് സ്വയം തോന്നുമ്പോൾ നിങ്ങൾ ദുആ ഓർമ്മിക്കുക. ഉടൻതന്നെ അവരെ അനുസരിക്കാൻ ശ്രമിക്കുക.

***166. ചെറുപ്പത്തിൽ എപ്പോഴെങ്കിലും താങ്കൾ ഖലീഫയാകുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?***

ഖലീഫയാകുന്നതിനെക്കുറിച്ച് ഒരിക്കലും ഞാൻ ചിന്തിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്തിട്ടില്ല.

***167. ഞാനൊരു വഖ്ഫെനൗ കുട്ടിയാണ്. സയൻസിലും കണക്കിലുമാണ് എനിക്ക് താൽപര്യം. ഏത് വഴിയാണ് ഞാൻ തിരഞ്ഞെടുക്കേണ്ടത്?***

നിനക്ക് താത്പര്യമുള്ള സയൻസും കണക്കും തന്നെ തിരഞ്ഞെടുക്കുക. അല്ലാഹുനിന്റെ തലച്ചോറിന് താൽപര്യം തോന്നിച്ചിട്ടുള്ള ആ വിഷയം തന്നെ തിരഞ്ഞെടുക്കുക. ഇതുതന്നെയാണ് നാം എല്ലാ വഖ്ഫെനൗ കുട്ടികളോടും ഉപദേശിക്കുന്നത്.

***168. ഒരു സഹപാഠിയെക്കുറിച്ച് ക്ലാസ് ടീച്ചറോട് പരാതി പറയാൻ പാടുണ്ടോ***

അവൻ എന്തെങ്കിലും മോശമായി പെരുമാറുകയും പരാതി പറഞ്ഞാൽ അവൻ ശരിയാകുമെന്ന് നിങ്ങൾക്കുതോ

ന്നുകയുമാണെങ്കിൽ, അത് തിരുത്തിയില്ലെങ്കിൽ അവനെക്കുറിച്ച് ടീച്ചറോട് പരാതിപറയുമെന്ന് ആദ്യം ആ കുട്ടിയോട് പറയുക. അവനോട് പറയാതെ ടീച്ചറോട് പറഞ്ഞാൽ അത് 'ഗീബത്ത്' (പരദൂഷണം) ആകും. അവനോട് പറയാനുള്ള ആർജ്ജവം നിങ്ങൾക്കുണ്ടായിരിക്കണം. അതിനുശേഷം പരാതിപ്പെടുക.

*169. ദൈവം ഒന്നാണെന്നതിന് എന്താണ് തെളിവ്?*

പ്രകൃതിയിൽ ഒരു നിയമം മാത്രമെ നാം കാണുന്നുള്ളൂ. എല്ലായിടത്തും അത് ഒരേപോലെയാണ്. പല ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ പ്രകൃതി നിമയമങ്ങളും വ്യത്യസ്തമാകുമായിരുന്നു. ഉദാഹരണമായി ചിലയിടത്ത് തീ കത്തിക്കുമെങ്കിൽ ചിലയിടത്ത് തീ സസ്യങ്ങളെ വളരാൻ സഹായിക്കും. ചിലയിടങ്ങളിൽ തീ കുടിക്കാൻ സാധിക്കുക എന്നിങ്ങനെ.

*170. എത് വിഷയമാണ് ഞാൻ എടുക്കേണ്ടത്?*

നിനക്ക് താൽപര്യമുള്ള വിഷയം എടുക്കുക. എല്ലാ അറിവുകളും മതത്തിന് വേണ്ടി ഉപയോഗിക്കാൻ സാധിക്കും. വിജ്ഞാനം ഒരു വഴി മാത്രമാണ്. നിങ്ങൾ അത് ദീനിനുവേണ്ടി ഉപയോഗിക്കുമ്പോൾ നിങ്ങൾ ദീനീ സേവകനാകും. മുൻയാവിനുവേണ്ടി ഉപയോഗിച്ചാൽ ദുൻയാവിന്റെ സേവകനാകും.

## ജർമ്മൻകാരുമായുള്ള അഭിമുഖം 23.05.2001

*171. ടിന്നിലടച്ച ഭക്ഷണ പദാർത്ഥങ്ങൾ, അലൂമിനിയം ടിന്നിലും ഇരുമ്പിന്റെ ടിന്നിലും അടച്ചവ ഹാനികരമാണ്. എന്നാൽ ടിന്നിൽ വരുന്ന 'കോല'യെക്കുറിച്ച് എന്താണ് അഭിപ്രായം?*

ടിൻ ഭക്ഷണത്തെ ബാധിക്കുകയില്ല. കാരണം, ടിന്നിനുള്ളിൽ ഒരാവരണമുണ്ട്. ടിന്നിനുള്ളിൽ വായു പ്രവേശിച്ചിട്ടില്ലെങ്കിൽ ഭക്ഷണം നല്ലതായിരിക്കും. വായു കടന്നാൽ ചീത്തയാകും. വായു ഉള്ളിലുണ്ടെങ്കിൽ ടിന്നിന്റെ മൂടി

അൽപം പൊങ്ങിയിരിക്കും. ഇല്ലെങ്കിൽ അത് നിരപ്പായിരിക്കും. അത് നല്ല ഭക്ഷണമായിരിക്കും. കോല അല്ലെങ്കിൽ തന്നെ ആരോഗ്യത്തിന് നന്നല്ല.

***172. ചന്ദ്രപ്പിറവി കാണുമ്പോൾ എന്തിനാണ് പ്രാർത്ഥിക്കുന്നത്?***

അതിലൊരു സന്ദേശം അടങ്ങിയിരിക്കുന്നു. അത് നമ്മുടെ ജീവിതത്തെ കാണിക്കുന്നു. ബാല്യം, കൗമാരം, വാർദ്ധക്യം, പിന്നെ പൂർണ്ണതയ്ക്കുശേഷംവീണ്ടും ക്ഷയിക്കുന്നു. വാർദ്ധക്യം ഒരു രോഗമാണ്. ചെറുപ്പത്തിലുണ്ടായിരുന്ന രോഗങ്ങൾ വാർദ്ധക്യത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നു. ഇതിനുവേണ്ടിയെല്ലാം പ്രാർത്ഥിക്കുക എന്നതാണ് ആ സന്ദേശം.

***173. ഏത് പ്രായത്തിലാണ് അങ്ങ് 'വസിയ്യത്ത്' ചെയ്തത്?***

പന്ത്രണ്ടോ അതിൽ കുറവോ വയസ്സു പ്രായമുള്ളപ്പോഴാണ് ഞാൻ വസിയ്യത്ത് ചെയ്തത്. പിന്നീട് പ്രായമായപ്പോൾ ഞാൻ വീണ്ടും വസിയ്യത്ത് ചെയ്തു. അതായത് അത് പുതുക്കി.

***174. വിശുദ്ധഖുർആൻ അങ്ങയെ ആരാണ് പഠിപ്പിച്ചത്?***

എനിക്ക് എന്റെ ചെറുപ്പകാലത്ത് തന്നെ ഖുർആനിക ജ്ഞാനം കരസ്ഥമാക്കാൻ അതിയായ ആഗ്രഹമായിരുന്നു. ഏതെങ്കിലും ആയത്ത് എനിക്ക് മനസ്സിലാകാത്തതുണ്ടെങ്കിൽ അത് മനസ്സിലാക്കിത്തരുവാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുമായിരുന്നു. അത് അല്ലാഹുവിന്റെ 'ഫസ്ല്' ആണ്. അവനാണ് എന്നെ അർത്ഥം പഠിപ്പിച്ചത്. ഞാൻ ഒരു റുകൂഅ് ദിവസേന പാരായണം ചെയ്യാറുണ്ടായിരുന്നു. പിന്നെ കാൽ ജുസൂഅ്, പിന്നെ അര ജുസൂഅ് പിന്നെ ദിവസവും ഒരു ജുസൂഅ് മുഴുവൻ പാരായണം ചെയ്യാൻ തുടങ്ങി. ക്രമേണ എനിക്ക് മനസ്സിലാകാത്ത ആയത്തുകൾ കുറഞ്ഞ് വരാൻ തുടങ്ങി. നിങ്ങൾക്ക് ഏതെങ്കിലും ആയത്തുകളെക്കുറിച്ച് സംശയമുണ്ടെങ്കിൽ ഭയപ്പെടരുത്. അത് മറച്ചുവെക്കേണ്ടതില്ല. അല്ലാഹുവിനോട് നേരിട്ട് ചോദി

ക്കുക. സംശയങ്ങൾ മൂടിവെക്കരുത്. അങ്ങനെയായാൽ നിങ്ങൾക്ക് മാനസിക വിഭ്രാന്തി പിടിപെടും. അല്ലാഹുവിനോട് പറയുക, എനിക്കതിൽ സംശയമുണ്ട്, എനിക്കത് പഠിപ്പിച്ചുതരിക എന്ന്. അല്ലാഹുവാണ് എന്നെ പഠിപ്പിച്ചത്. ഞാൻ ആരോടും ഒരായത്തിന്റെ അർത്ഥവും ചോദിച്ചിട്ടില്ല. ഇപ്പോൾ, വിരലിലെണ്ണാവുന്നത്ര തുച്ഛം ആയത്തുകൾ മാത്രമെ എനിക്ക് പൂർണമായും ആശയം ഗ്രഹിക്കാൻ സാധിക്കാത്തതായുള്ളൂ. എന്റെ ഖുർആൻ ദർസ് ജമാഅത്തിനെ ഇക്കാര്യത്തിൽ സഹായിക്കാൻ വേണ്ടിയുള്ളതാണ്. അതിൽ ഖുർആൻ തഫ്സീറും ഉൾപ്പെടുത്തിയിട്ടുണ്ട്.

***175. മരിച്ചുപോയ ഒരാളുടെ പേർക്ക് ബലിപെരുന്നാൾ ദിവസം നാം ഒരു ആടിനെ ബലിയർപ്പിച്ചാൽ അതിന്റെ പ്രതിഫലം അയാൾക്ക് ലഭിക്കുമോ?***

ലഭിക്കും; അയാൾ തന്റെ ജീവിതകാലത്ത് ബലിയർപ്പിക്കുന്ന ആളായിരുന്നുവെങ്കിൽ.

***176. എങ്ങനെയാണ് ഒരു വ്യക്തിക്ക് 'കണ്ണേറ്' എൽക്കുന്നത്?***

മനഃശക്തികൊണ്ട് നിങ്ങൾ ചിന്തിക്കുന്നത് മറ്റുള്ളവരെക്കൊണ്ട് ചിന്തിപ്പിക്കാൻ കഴിയും. മൂസാനബി (അ)യുടെ കാലത്ത് കയറുകൾ പാമ്പുകളായി തോന്നി. അതൊരു കൂട്ട മെസ്മറിസമായിരുന്നു. മാജിക്കുകാർ ചിന്തിക്കുന്നതുപോലെ കാഴ്ചക്കാരെ അവർ ചിന്തിപ്പിച്ചു. ഒരിക്കൽ ഒരു ഹിപ്നോട്ടിസം പരിപാടിയിൽ ഹിപ്നോട്ടിസക്കാരൻ 10 മണിക്ക് വരാമെന്നു പറഞ്ഞു. പക്ഷേ, ഒരു മണിക്കൂർ താമസിച്ച് അയാൾ 11 മണിക്കാണ് എത്തിയത്. 11 മണിക്ക് വന്നിട്ട് അയാൾ പറഞ്ഞു, ഞാൻ കൃത്യസമയത്ത് എത്തിയിരിക്കുന്നു എന്ന്. അയാളെ കാത്തിരുന്ന ആളുകൾക്ക് ദേഷ്യം വരികയും നിങ്ങൾ ഒരു മണിക്കൂർ വൈകിയാണ് എത്തിയത് എന്നു പറയുകയും ചെയ്തു. അപ്പോൾ അയാൾ അവരോട് വാച്ച് നോക്കാൻ പറഞ്ഞു. എല്ലാവരും അപ്പോൾ അവരവരുടെ വാച്ചുകളിൽ 10 മണിയാണ് കണ്ടത്. അതൊരു കൂട്ടഹിപ്നോട്ടിസമായിരുന്നു. മൂസാനബി

(അ)യുടെ സംഭവത്തിൽ മൂസാനബി (അ) ഹിപ്നോട്ടൈസ് ചെയ്യപ്പെടുകയും ഭയപ്പെടുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തോട് വടി നിലത്തിടുവാൻ പറഞ്ഞു. അപ്പോൾ ഹിപ്നോട്ടിസം പൊളിഞ്ഞുപോയി. അതാണ് മാജിക്കുകാർ പരാജയം സമ്മതിക്കുവാൻ കാരണം. മൂസ(അ)യ്ക്ക് അതു ചെയ്യുവാൻ സാധ്യമല്ലെന്നും അത് അല്ലാഹു ചെയ്യിച്ചതാണെന്നും മാജിക്കുകാർക്ക് മനസ്സിലായി.

കണ്ണേറ് കുട്ടികൾക്ക് ഏൽക്കും. ഒരു കുട്ടി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നത് ഒരാൾ ദേഷ്യത്തോടെ നോക്കുകയും കുട്ടി ഭക്ഷണം കഴിക്കുന്നത് അയാൾക്ക് ഇഷ്ടമല്ലാതിരിക്കുകയുമാണെങ്കിൽ കുട്ടിയുടെ വിശപ്പ് ഇല്ലാതായിപ്പോകും. ശാസ്ത്രീയമായി ഇത് പരിശോധിക്കാൻ മാർഗ്ഗമൊന്നുമില്ല. എന്നാൽ ഇതൊരു അതീന്ദ്രിയ മനഃശാസ്ത്രസത്യമാണ്. ദുർമനസ്സുകൾ കുട്ടികളെ സ്വാധീനിക്കും. ഇതിൽനിന്ന് രക്ഷപ്പെടാൻ ആളുകൾ മന്ത്രിച്ചൂതുകയും മറ്റും ചെയ്യാറുണ്ട്. എന്നാൽ ഇത് ശരിയല്ല. കുട്ടിയെയും ഉമ്മയെയും മനഃശാസ്ത്രപരമായി ചികിത്സിക്കുകയാണ് വേണ്ടത്. അവരുടെ മനസ്സിനെ സ്വാധീനിക്കുവാൻ ഒന്നിനും സാധിക്കുകയില്ല എന്ന് അവരെ പറഞ്ഞ് ബോധ്യപ്പെടുത്തണം. അവർ ശരിയാകും. ഒരു കുട്ടി തിന്നുന്നത് നിങ്ങൾ കാണുകയും അത് നിങ്ങളുടെ മനസ്സിൽ സന്തോഷം ജനിപ്പിക്കുകയും നിങ്ങൾ സന്തുഷ്ടനാവുകയും ചെയ്താൽ ആ കുട്ടി കൂടുതൽ തിന്നുന്നതായിരിക്കും. നിങ്ങളുടെ ക്രിയാത്മക ചിന്ത ആ കുട്ടിയുടെ മനസ്സിലേക്ക് പകരപ്പെടുന്നു. ഇതൊരു അതീന്ദ്രിയ മനഃശാസ്ത്രതത്ത്വമാണ്. എന്താണ് നിങ്ങളുടെ മനസ്സിൽ നിന്ന് കുട്ടിയുടെ മനസ്സിലേക്ക് പകർന്നത് എന്ന് ശാസ്ത്രീയമായി പരീക്ഷിച്ചറിയുവാൻ സാധ്യമല്ല.

# സ്ത്രീകളുമായുള്ള അഭിമുഖം 3.6.2001

***177. കടകളിലും മറ്റും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പാന്റും ഷർട്ടും സ്കാർഫും ധരിച്ച് ജോലി ചെയ്യാമോ?***

അതെ. ജോലി ചെയ്ത് സമ്പാദിക്കാൻ നിർബന്ധിതമാകുന്ന അവസ്ഥയിൽ അത് അനുവദനീയമാണ്. എന്നാൽ കടയിൽ നിന്ന് പുറത്തായിരിക്കുന്ന അവസരത്തിൽ പൂർണമായ പർദ്ദ ധരിക്കണം.

***178. ഇന്നത്തെ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ എത്ര സമയം ദീനിനുവേണ്ടി ചെലവഴിക്കണം?***

അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാണ്. ഖുർആനിക ജ്ഞാനം കരസ്ഥമാക്കലും നിർബന്ധമാണ്; സ്കൂൾ വിഷയങ്ങൾ നഷ്ടപ്പെട്ടാലും ശരി. ഖുർആന് വേണ്ടി സമയം ചെലവഴിക്കുന്നവർക്ക് അല്ലാഹു സ്കൂൾ വിഷയങ്ങളിൽ ബർക്കത്ത് നൽകും. അതുപോലെത്തന്നെയാണ് എം ടി എയുടെ കാര്യവും.

***179. സാമ്പത്തികരംഗത്ത് സ്ത്രീകൾ പിന്നാക്കമാണോ?***

മൂന്നാം ലോക രാഷ്ട്രങ്ങളിൽ സാമ്പത്തിക രംഗത്ത് സ്ത്രീകൾ പിന്നാക്കമല്ല. പക്ഷേ, അവർക്ക് അറിവും പരിചയവും കുറവാണ്.

***180. ഈസാനബിയെക്കുറിച്ചുള്ള വാനാരോഹണവിശ്വാസം എങ്ങനെ മുസ്ലിംകൾക്കിടയിൽ പരന്നു?***

ക്രിസ്ത്യാനികൾ കൂട്ടംകൂട്ടമായി ഇസ്ലാമിലേക്ക് വന്നപ്പോൾ അവരാണ് ഈ വിശ്വാസം ഇസ്ലാമിൽ പ്രചരിപ്പിച്ചത്. നബിതിരുമേനിയും ഖലീഫമാരും ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ മുസ്ലിംകളും ഈസാനബി(അ) മരിച്ചു പോയിരിക്കുന്നു എന്നും ആകാശത്തേക്ക് കരേറിയിട്ടില്ലെന്നും വിശ്വസിച്ചവരായിരുന്നു.

***181. ജുമുഅ ഖുത്ബയ്ക്കുള്ള വിഷയം എങ്ങനെയാണ് താങ്കൾ തിരഞ്ഞെടുക്കുന്നത്?***

ഇപ്പോൾ അത് എളുപ്പമാണ്. അല്ലാഹുവിന്റെ ഗുണങ്ങളെക്കുറിച്ചാണ് ഇപ്പോൾ ഖുത്ബ നടത്തുന്നത്. മുമ്പൊക്കെ

ആളുകൾ ഏതെങ്കിലും വിഷയത്തെക്കുറിച്ച് സംസാരിക്കുവാൻ വേണ്ടി എനിക്ക് എഴുത്തയക്കുമായിരുന്നു. ചിലപ്പോൾ അതനുസരിച്ച് ഖുത്ബ നടത്തും. ചിലപ്പോൾ ഒരു തയ്യാറെടുപ്പുമില്ലാതെ ഞാൻ നിൽക്കും എന്താണ് പറയേണ്ടതെന്ന് അപ്പോൾ അല്ലാഹു എന്നെ പഠിപ്പിക്കും. എന്നാൽ ഇപ്പോഴത്തെ വിഷയം (അല്ലാഹുവിന്റെ ഗുണങ്ങൾ) വളരെ കാലം നീണ്ടുപോകും.

## ബംഗാളികളുമായുള്ള അഭിമുഖം 5.6.2001

**182. *'നശൂസ്' എന്നതിന്റെ അർത്ഥമെന്താണ്? അത്തരം സ്ത്രീകൾക്കുള്ള ശിക്ഷയെന്താണ്? ശാരീരിക ദണ്ഡനം ആകാമോ? കാരണം നബിതിരുമേനി (സ) പറഞ്ഞിരിക്കുന്നു, ഏറ്റവും ചീത്ത മനുഷ്യൻ തന്റെ ഭാര്യയെ അടിക്കുന്ന ആളാണെന്ന്.***

'നശൂസ്' എന്നു പറഞ്ഞാൽ ആജ്ഞാലംഘനം, മേലധികാരികളോടു കാണിക്കുന്ന ആജ്ഞാലംഘനം. മോശമായ വാക്കുകൾ ഉപയോഗിച്ചുകൊണ്ടോ, ഭീഷണിപ്പെടുത്തിയോ ശാരീരികമായി ചെറുത്തുനിന്നുകൊണ്ടോ അതാവാം. ചില സ്ത്രീകൾ ധാർഷ്ട്യ സ്വഭാവമുള്ളവരായിരിക്കും. ചില പുരുഷൻമാർ ഭാര്യമാരോടുള്ള ഭയം നിമിത്തം-അവരോടുള്ള ബഹുമാനം കൊണ്ടല്ല-തിരിച്ചൊന്നും പ്രതികരിക്കില്ല. ഇവിടെ പറയപ്പെട്ടിരിക്കുന്നത് ആണത്തം കാരണം സ്ത്രീകളെ അടിക്കാതിരിക്കുന്ന പുരുഷനെക്കുറിച്ചാണ്. അതാണ് യഥാർത്ഥ ആണത്തം. സ്ത്രീകൾ അവരുടെ നേരെ കൈ ഓങ്ങിയാൽപോലും അവർ അവരെ അടിക്കുകയില്ല. ഖുർആൻ പറയുന്നത് അത്തരം സ്ത്രീകളെ കിടക്കയിൽ തനിച്ചാക്കുവാനാണ്. അവർക്കതൊരു വലിയ ശിക്ഷയാണ്. എന്നിട്ടും അവൾ ശരിയാവുന്നില്ലെങ്കിൽ അവസാനത്തെ കൈ എന്ന നിലയിൽ ഭർത്താവിന് അവളെ അടിക്കാവുന്നതാണ്. പക്ഷേ, മുഖത്തടിക്കരുത്. ശരീരത്തിൽ പാടുകൾ ഉണ്ടാകത്തക്ക രീതിയിലും അടിക്കാൻ പാടില്ല. സ്ത്രീകളുടെ ധാർഷ്ട്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ അടി ഒന്നുമല്ല. നബിതിരുമേനി(സ) ഒരിക്കലും

സ്ത്രീകളെ അടിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യമാർ വലിയ ധാർഷ്ട്യക്കാരായിരുന്നില്ല. എങ്കിലും നബി(സ)യുടെ മനസ്സിനെ അവർ വേദനിപ്പിച്ചിരുന്നു. എന്നിട്ടും ഒരു ചെറുവിരൽ പോലും അവർക്ക് നേരെ അദ്ദേഹം ഉയർത്തിയില്ല. ആ മാതൃക സ്വീകരിക്കാനാണ് ജനങ്ങളെ അദ്ദേഹം ആഹ്വാനം ചെയ്തത്. നബിതിരുമേനി (സ)യുടെ മാതൃക സ്വീകരിച്ച് സ്ത്രീകളെ അടിക്കാതിരിക്കുകയും ദേഹോപദ്രവമേൽപ്പിക്കാതിരിക്കുകയും ചെയ്യലാണ് ഉത്തമം.

നബിതിരുമേനി (സ)യുടെ പത്നിമാർ വ്യത്യസ്തരാണെന്നും സാധാരണ സ്ത്രീകൾ 'ഉമ്മുൽ മുഅ്മിനീ'ങ്ങളെപ്പോലെയല്ലെന്നും ഞങ്ങളുടെ ഭാര്യമാർ ഉമ്മുൽ സാധാരണ സ്ത്രീകൾ മാത്രമാണെന്നും അതുകൊണ്ട് അവരെ അടിക്കാമെന്നും ആളുകൾ ഒഴികഴിവ് പറയാറുണ്ട്. അവർ അവരുടെ ഭാര്യമാരുടെ സൗന്ദര്യവും കുടുംബമഹിമയും മാത്രമെ നോക്കിയിട്ടുണ്ടാവുകയുള്ളൂ. അതവരുടെ കുറ്റമാണ്. നബിതിരുമേനിയുടെ ഉപദേശം സ്വീകരിക്കാതെ എന്തിനവർ ദൈവഭയമില്ലാത്ത സ്ത്രീകളെ വിവാഹം ചെയ്തു? ഇത് അടിയിലേക്കും മറ്റും നയിക്കുന്നു. വിവാഹം കഴിക്കുമ്പോൾ നബിതിരുമേനി (സ)യുടെ ഉപദേശങ്ങൾ അനുസരിച്ചിരുന്നുവെങ്കിൽ ഇതൊരിക്കലും സംഭവിക്കില്ല.

*183. പ്രവാചകൻമാരെ അയക്കുന്നതിൽ അല്ലാഹുവിന്റെ ഉദ്ദേശ്യമെന്താണ്?*

അല്ലാഹുവിന്റെ ഇച്ഛ മനുഷ്യനെ അറിയിക്കാൻ. ഒരു പ്രവർത്തനരീതി മനുഷ്യനെ പരിശീലിപ്പിക്കാൻ. പ്രവാചകൻമാരില്ലാതെ അല്ലാഹുവിന്റെ ഇഷ്ടമെന്താണെന്ന് നിങ്ങൾക്കറിയാൻ സാധിക്കുകയില്ല.

*184. ഞാൻ ബംഗ്ലാദേശിലാണ് ജനിച്ചത്; പാക്കിസ്ഥാനിലാണ് വളർന്നത്; യു കെ യിൽ ജീവിക്കുന്നു. ഏത് രാജ്യത്തെയാണ് ഞാൻ സ്നേഹിക്കേണ്ടത്?*

മൂന്നു രാജ്യങ്ങളെയും. പുരുഷന്മാർക്ക് നാല് ഭാര്യമാരാകാ

മെങ്കിൽ എന്തുകൊണ്ട് താങ്കൾക്ക് മൂന്നു രാജ്യങ്ങളെ സ്നേഹിച്ചുകൂടാ.

## മജ്‌ലിസെ ഇർഫാൻ 8.6.2001

***185. മസീഹ് മൗഊദിന് ഒരു സീൽ ഉണ്ടായിരുന്നുവല്ലോ? അത് എവിടെപ്പോയി?***

മസീഹ് മൗഊദ് (അ)ന്റെ മോതിരം തന്നെയായിരുന്നു സീൽ. സീൽ പതിക്കുമ്പോൾ നേരെ വരത്തക്ക രീതിയിൽ രണ്ട് വാക്കുകൾ അതിൽ വിപരീത ദിശയിൽ എഴുതിയിട്ടുണ്ടായിരുന്നു.

## 41. ജർമ്മൻകാരുമായുള്ള അഭിമുഖം 6.6.2001

***186. ടെസ്റ്റ്യൂബ് ശിശുവിന്റെ ബാക്കിവരുന്ന ഭ്രൂണം പിന്നീട് ഉപയോഗിക്കാമോ?***

ഉപയോഗിക്കാം. ബീജം ദാനം ചെയ്ത വ്യക്തികളുടെ ഭാര്യയ്ക്ക് വേണ്ടി ഉപയോഗിക്കാം.

***187. ഭൗതിക ശരീരത്തിൽ ആത്മാവിനുള്ള സ്വാധീനമെന്താണ്? അവ പരസ്പരം സ്വാധീനിക്കുന്നു; ശരീരം ആത്മാവിനെയും ആത്മാവ് ശരീരത്തെയും സ്വാധീനിക്കുന്നു. മസ്തിഷ്ക വിദഗ്ധൻമാർ പറയുന്നത് മനസ്സ് എന്നൊന്നില്ല. മസ്തിഷ്കം മാത്രമെയുള്ളൂവെന്നാണ്. മസ്തിഷ്കം വെറുമൊരു കമ്പ്യൂട്ടർ മാത്രമാണ്. മനസ്സാണ് അതിനെ നിയന്ത്രിക്കുന്നത്. ചില ശാസ്ത്രജ്ഞൻമാർ മനസ്സാണ് മസ്തിഷ്കത്തെ നിയന്ത്രിക്കുന്നത് എന്നുപറയുന്നുണ്ട്; കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നത് പോലെ.***

ഡോ. ഹെകേൽസ് നടത്തിയ 34 പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, അദ്ദേഹം അപസ്മാരരോഗികളുടെ മസ്തിഷ്കത്തിന്റെ ഇടതുഭാഗം മുഴുവനായും നീക്കം ചെയ്യുകയുണ്ടായി. ഇടത്ഭാഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളും വലത് ഭാഗത്തേക്ക് മാറ്റപ്പെട്ടതായാണ് കണ്ടത്. മസ്തിഷ്കത്തിന് എങ്ങനെ സ്വയം ഇത് ചെയ്യാൻ സാധിക്കും? മനസ്സാണ്

അത് ചെയ്തത്.

*188. എന്തിനാണ് അല്ലാഹു പന്നിയെ സൃഷ്ടിച്ചത്?*

പന്നി ഏറ്റവും വൃത്തികെട്ട ജീവിയാണെങ്കിലും അത് ക്ഷുദ്ര ജീവികളെ കൊല്ലുന്നുണ്ട്. എന്തിനാണ് തേളുകൾ, പാമ്പുകൾ മുതലായവ സൃഷ്ടിക്കപ്പെട്ടത്? അവയ്ക്ക് കുത്താനുള്ള കൊമ്പുകളുണ്ട്. ചെറിയ ജീവികളെ വലിയ ജീവികൾ ഭക്ഷിക്കുന്ന ഒരു സംവിധാനം ഇവിടെ നിലവിലുണ്ട്. മുഴുപ്രപഞ്ചത്തിലും ഒരു പരിസ്ഥിതിനിയമം നിലനിൽക്കുന്നു. വ്യാപകമായ നിലയിൽ നിങ്ങളൊരു ജീവിവർഗ്ഗത്തെ നശിപ്പിക്കുകയാണെങ്കിൽ (ഉഹാദരമണത്തിന് പന്നി, പാമ്പ് മുതലായവ) ഈ പരിസ്ഥിതി താറുമാറായിപ്പോകും. ആസ്ട്രേലിയയിൽ അവർ കൃഷിയെ നശിപ്പിക്കുന്ന ഒരു ജീവിയെ ഒന്നിച്ച് ഉന്മൂലനാശം വരുത്തുകയുണ്ടായി. അവർ അതിനെ നശിപ്പിച്ചത് നിമിത്തം എലികൾ ക്രമാതീതമായി പെരുകി. അവ കൃഷി കൂടുതലായി നശിപ്പിക്കാൻ തുടങ്ങി. എല്ലാ ജീവിവർഗ്ഗവും പരിസ്ഥിതിയുടെ സന്തുലനത്തിനുവേണ്ടി നിലകൊള്ളുന്നു. ഒന്നിനെ നിങ്ങൾ നശിപ്പിച്ചാൽ അത് ജീവിവർഗ്ഗത്തെയോ മനുഷ്യസമുദായത്തെതന്നെയോ ബാധിക്കും.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 10.4.2000

*189. ഹസ്റത്ത് ആമിനയുടെ മതം ഏതായിരുന്നു?*

അവർ ഏകദൈവ വിശ്വാസിയായിരുന്നു.

*190. ഖുർആൻ പാരായണത്തിന്നിടക്ക് ചില സന്ദർഭങ്ങളിൽ നാം സുജൂദ് ചെയ്യുന്നത് എന്തിനാണ്?*

ഖുർആനിലെ ചില സൂക്തങ്ങൾക്ക് നേരെ "സജ്ദ" എന്ന് എഴുതിക്കാണുന്നുണ്ട്. ആ സൂക്തങ്ങൾ പാരായണം ചെയ്യുമ്പോൾ പരിശുദ്ധ നബി(സ) സുജൂദ് ചെയ്യാറുണ്ടായിരുന്നുവെന്ന് ചില പണ്ഡിതന്മാർ പറയുന്നു. ചില പണ്ഡിതന്മാർ നബി (സ)സജ്ദ എന്നെഴുതിയ സൂക്തങ്ങൾ പാരായണം ചെയ്തിരുന്നപ്പോൾ തീരെ സുജൂദ് ചെയ്തിരുന്നി

ല്ലെന്നും പറയുന്നുണ്ട്. ഇമാം ശാഫിയെപ്പോലുള്ള ഭക്തരായവർ അത്തരം സൂക്തങ്ങൾ എത്തുമ്പോൾ സുജൂദ് ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവിന്റെ മുന്നിൽ നാം സാഷ്ടാംഗം പ്രണമിക്കുവാൻ നിർബന്ധിതരായിത്തീരിന്ന സൂക്തങ്ങളാണവ.

***191. ഞാനൊരു വഖ്ഫെനൗ ബാലികയാണ്. വളർന്ന് വലുതായാൽ എനിക്കെങ്ങനെയാണ് ജമാഅത്തിന്റെ സേവകയാവാൻ സാധിക്കുമോ?***

അത് നിങ്ങൾ ഏത് തൊഴിലിലാണ് പ്രാവീണ്യം നേടുന്നത് എന്നതിനെ അനുസരിച്ചിരിക്കുന്നു. ഒരു ഭാഗത്ത് നിങ്ങളുടെ പഠനത്തെ ആശ്രയിച്ചിരിക്കുന്നു. നിങ്ങളുടെ തൊഴിലിലൂടെ നിങ്ങളെ ഉപയോഗപ്പെടുത്തുവാൻ കഴിയുമോ എന്ന് നിശ്ചയിക്കുന്നത് സമൂഹമാണ്(സമുദായമാണ്). നിങ്ങളുടെ ഭർത്താവിന് നിങ്ങൾ വഖഫ് ചെയ്യപ്പെടുന്നത് ഇഷ്ടമല്ലെങ്കിൽ നിങ്ങൾക്ക് അതിൽ തുടരുവാൻ സാധിക്കുകയില്ല എന്നതാണ് മറ്റൊരു വസ്തുത.

***192. മനുഷ്യന് ഒരിക്കലും അറിയാൻ പറ്റാത്ത ധാരാളം കാര്യങ്ങൾ ഈ പ്രപഞ്ചത്തിൽ ഉണ്ട്. എന്തുകൊണ്ടാണത്?***

അല്ലാഹു ഇച്ഛിക്കുന്നതും അവൻ അനുവദിക്കുന്നതുമായ കാര്യങ്ങൾ മാത്രമേ മനുഷ്യന് അറിയുവാൻ സാധിക്കുകയുള്ളൂ. അദൃശ്യലോകം വളരെ വിപുലമാണ്. ദൈവത്തിലേക്കുള്ള ആദ്ധ്യാത്മികയാത്രപോലെയാണത്. ശാസ്ത്രപുരോഗതിക്കനുസരിച്ച് നമുക്ക് കൂടുതൽ കൂടുതൽ മനസ്സിലാക്കാൻ പറ്റുന്നതാണ്. അപ്പോഴും അദൃശ്യലോകം (അജ്ഞാതലോകം) അറിയപ്പെട്ടതിനേക്കാളേറെ വിസ്തൃതമായിരിക്കും.

***193. ചിലർ എല്ലാവർഷവും ഏപ്രിൽ ഒന്നാം തിയ്യതി ഏപ്രിൽഫൂൾ ദിനമായി കൊണ്ടാടുന്നുവല്ലോ, അതെന്തിനാണ്?***

സ്പെയിനിൽ ഒരു കപ്പൽ നിറയെ മുസ്ലിംകളെ കപ്പലിൽ കയറ്റി മനപ്പൂർവ്വം ചതിവിൽ മുക്കിക്കൊല്ലുകയുണ്ടായി. അത്

ഒരു ഏപ്രിൽ ഒന്നാംതിയ്യതിയായിരുന്നുവെന്നാണ് ഏപ്രിൽഫൂളിന്റെ ചരിത്രം പറയുന്നത്. അതിന്ശേഷം എല്ലാ ഏപ്രിൽ ഒന്നാംതിയ്യതിയും പാശ്ചാത്യർ ഏപ്രിൽഫൂൾ ദിന മായാചരിക്കാനാരംഭിച്ചു. ഈ ദിനം ആചരിക്കുന്ന മുസ്ലിംകൾ തികച്ചും വിഢ്ഢികളാണ്. ഏപ്രിൽ ഒന്നാം തിയ്യതി മുസ്ലിംകൾ സ്പെയ്നിലെ അവരുടെ പൂർവ്വികരെ ക്കുറിച്ചും അവർ ഇസ്ലാമിനും ശാസ്ത്രത്തിനും നൽകിയ സംഭാവനകളെക്കുറിച്ചുമാണ് സ്മരിക്കേണ്ടത്. ആ ദിനാച രണം ഒരു വേദനാജനകമായ അനുഭൂതിയായിരിക്കും.

*194. ഒരു രാജ്യത്തിന്റെ രഹസ്യാന്വേഷണ വിഭാഗത്തിൽ ജോലിചെയ്യുന്ന ഒരു അഹ്മദി തന്റെ രാജ്യം മറ്റൊരു നാടിനെ ആക്രമിക്കാനൊരുങ്ങുന്നതായി അറിയുവാനി ടവരുന്നു. ഇത് വളരെയേറെ രക്തച്ചൊരിച്ചിലുണ്ടാക്കു കയും ചെയ്യും. അയാൾക്ക് ഇത് മറു രാജ്യത്തെ അറി യിക്കാമോ?*

പാടില്ല. അത് നിയമപരമായി രാജ്യദ്രോഹക്കുറ്റമാണ്. അഹ്മദികളായ രഹസ്യാന്വേഷകർ നാടിന്റെ നിയമം പാലി ക്കേണ്ടവരാണ്. രക്തച്ചൊരിച്ചിലിന് ഉദ്യോഗസ്ഥന്മാരും പട്ടാ ളക്കാരുമല്ല ഉത്തരവാദികൾ. അതിന്നുത്തരവാദികൾ നാടിന്റെ ഉന്നതാധികാരികളാണ്. ഒരിക്കലും രഹസ്യം വെളി പ്പെടുത്തരുത്. ഉത്തമമെങ്കിൽ അവർക്ക് ജോലി രാജിവെ ക്കുകയോ വിധിക്ക് കീഴടങ്ങുകയോ ചെയ്യാവുന്നതാണ്.

*195. നമസ്കാരം നിർബന്ധമാക്കപ്പെടുന്നതിന് മുമ്പ് പരിശുദ്ധ നബി (സ) എങ്ങനെയായിരുന്നു പ്രാർത്ഥിച്ചിരുന്നത്?*

വിശുദ്ധ നബി (സ) ഹിറാ ഗുഹയിൽ ധ്യാനനിരതനായി ദൈവസ്മരണയിൽ മുഴുകാറുണ്ടായിരുന്നു. തിരുനബിയുടെ സകല പ്രാർത്ഥനകളും അല്ലാഹു സ്വീകരിച്ചു. എന്നെ (അല്ലാ ഹുവിനെ) പ്രാപിക്കുവാനുള്ള ആസക്തിയിൽ സകലതും പരിത്യജിച്ച് അല്ലാഹുവിനെക്കുറിച്ചുള്ള ചിന്തയിൽ നിര ന്തരം വ്യാപൃതനായിരിക്കുന്ന അവസ്ഥയിൽ പരിശുദ്ധ നബി (സ)യെ കണ്ടെത്തിയെന്ന് അല്ലാഹുതന്നെ പറയു ന്നു.

***196. ഹുസൂർ തബ്ലീഗ് ചെയ്യാനാരംഭിച്ചത് എപ്പോഴായിരുന്നു?***

ഞാൻ ഖാദിയാനിൽ, ഒരു ബാലനായിരുന്നപ്പോൾ തന്നെ തബ്ലീഗ് ദിനങ്ങളിൽ തബ്ലീഗ് ചെയ്യാനാരംഭിച്ചിരുന്നു. ഞങ്ങൾ ഗ്രാമങ്ങളിൽ പോയി അഹ്മദിയ്യാ സന്ദേശങ്ങൾ എത്തിക്കുമായിരുന്നു. അവിടങ്ങളിൽ വളരെ കടുത്ത എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. അവർ ഞങ്ങളെ അടിക്കുകയും മുറിവേൽപ്പിക്കുകയും ചെയ്തിരുന്നു. കഴിയുമെങ്കിൽ അവർ ഞങ്ങളെ കൊല്ലാനും മടിക്കുകയില്ലായിരുന്നു. അതെല്ലാം വളരെ രസകരങ്ങളായ അനുഭവങ്ങളായിരുന്നു.

***197. സ്ത്രീകൾക്ക് കേശാലങ്കാര വിദഗ്ധയായി ജോലി ചെയ്യാമോ?***

സ്ത്രീകൾ ഇക്കാര്യത്തിനായി കേശാലങ്കാര വിദഗ്ധയായ മറ്റ് സ്ത്രീകളെ സമീപിക്കുന്നതാണ് ഉത്തമം. അവർ പുരുഷന്മാർക്ക് കേശാലങ്കാരം ചെയ്ത് കൊടുക്കുവാൻ പാടില്ല. സ്ത്രീകളുടേത് മാത്രമേ അലങ്കരിച്ച് കൊടുക്കാവൂ.

***198. വാഗ്ദത്ത മസീഹ് (അ) ഈസാമസീഹി (അ)ന്റെ ഖബർ സന്ദർശിച്ചിട്ടുണ്ടോ?***

ഇല്ല. വാഗ്ദത്ത മസീഹ് (അ) ഒരിക്കലും കശ്മീർ സന്ദർശിച്ചിട്ടില്ല.

***199. ഖുർആനിൽ പല സ്ഥലങ്ങളിലും "അല്ലയോ ആദം സന്തതികളേ" എന്ന് സംബോധന ചെയ്യപ്പെട്ടിട്ടുണ്ട്. ഓസ്ട്രേല്യയിലെ ആദിമവാസികൾ ആദമിന്റെ പിൻതലമുറക്കാരല്ലേ?***

ഇതൊരു നല്ല യുക്തിപൂർവ്വകമായ ചോദ്യമാണ്. ഈ ഖുർആനിക സൂക്തങ്ങൾ ഏത് ആദമാണെണ് പ്രത്യേകം പ്രസ്താവിക്കുന്നില്ല. മനുഷ്യവർഗങ്ങൾക്കൊക്കെ അവരുടേതായ ആദം ഉണ്ട്. അതിനാൽ എല്ലാവരും ആദംസന്തതികളാണ്. ഈ സൂക്തത്തിൽ നമ്മുടെ ആദമിനെയും ഹവ്വയെയും മാത്രമല്ല സൂചിപ്പിക്കുന്നത്.

## ബംഗാളികളുമായുള്ള അഭിമുഖം 18.4.2000

***200. ഏതെങ്കിലും ഒരു മതത്തെ രാഷ്ട്രത്തിന്റെ മതമായി പ്രഖ്യാപിക്കുന്നത് ഇസ്ലാമികമാണോ?***

അല്ല. അത് അനിസ്ലാമികമാണ്. കാരണം ഒരു രാഷ്ട്രത്തിൽ അമുസ്ലിംകളും ഉണ്ടാകുമല്ലോ. ഒരു രാഷ്ട്രത്തിൽ നൂറ് ശതമാനവും മുസ്ലിംകളാണെങ്കിലും ഇസ്ലാമിക സിദ്ധാന്തങ്ങളും വ്യവസ്ഥയും മതേതരമാണ്. ഇസ്ലാം രാഷ്ട്രമതമായി പ്രഖ്യാപിക്കപ്പെടാൻ പാടില്ലാത്തതാണ്.

***201. "....... മുളപ്പിക്കുന്നതിൽ നിന്നും അവരുടെ വർഗ്ഗത്തിവൽ നിന്നും അവരറിയാത്ത മറ്റു വസ്തുക്കളിൽനിന്നും സകല ഇണകളേയും സൃഷ്ടിച്ചവനായ അല്ലാഹു പരിശുദ്ധനാകുന്നു." (സൂറയാസീൻ 37-ാം വചനം) ഇതിൽ വൃക്ഷങ്ങളും ചെടികളും പുല്ലുകളും ഫലവൃക്ഷങ്ങളും തുടങ്ങി സകലതും ഇണകളായാണോ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്? അവരറിയാത്ത മറ്റ് വസ്തുക്കൾ എന്നത്കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?***

സകലതും പുംസ്ത്രീഘടകസംയോജന ഫലമായുണ്ടായതാണ്. സസ്യങ്ങളിൽ നടക്കുന്ന പരാഗണം ഈ സൂക്തങ്ങളെ സാക്ഷ്യപ്പെടുത്തുന്നു. ഒരു പുഷ്പത്തിൽ പുംസ്ത്രീ ബീജകോശങ്ങൾ ഉണ്ടെങ്കിലും പരാഗണത്തിന് മറ്റൊരു പുഷ്പത്തിലെ പരാഗം വേണ്ടിവരുന്നു. ഇതിൽ മനുഷ്യന്നുള്ള ഒരു വലിയ പാഠം ഉൾക്കൊള്ളുന്നുണ്ട്. സ്വപരാഗണം സാധ്യമല്ല. പുഷ്പത്തിന്റെ പരാഗം മൃതമായിത്തീരുന്നു. അതുപോലെ സഹോദരി സഹോദരന്മാർ തമ്മിൽ ബീജസങ്കലനം പാടില്ലാത്തതാണ്. പരാഗണത്തിന് പുഷ്പത്തിന് മറ്റ് പരാഗകാരികളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. സ്വയംപര്യാപ്തനായി അല്ലാഹു മാത്രമേയുള്ളൂ.

ഇത് ഖുർആന്റെ വിസ്മയാവഹമായൊരു പ്രസ്താവനയാണ്. ഖുർആനിക വെളിപാടിന്റെ സത്യാവസ്ഥയാണിത് കാണിക്കുന്നത്. സകലതും, പ്രപഞ്ചത്തിലെ അജൈവപ

ദാർത്ഥങ്ങൾ പോലും ഇണകളായി കാണപ്പെടുന്നു. ദ്രവ്യവും പ്രതിദ്രവ്യവുമുണ്ട്. അതിസൂക്ഷ്മ കണംപോലും ഇണകളായിട്ടാണ് കാണപ്പെടുന്നത്. അവ അന്യോന്യം ബന്ധിതവുമാണ്. സകല വേഗനിയമങ്ങളെയും ഈ ബന്ധനം അതിജീവിക്കുന്നു. പ്രകാശം 186,000 നാഴിക വേഗത്തിൽ സഞ്ചരിക്കുന്നു. ഭൂമിയിലുള്ള ഒരു വസ്തുവിന്റെ ആറ്റമിന്റെയും അത്പോലുള്ള ഒരു ലക്ഷം പ്രകാശവർഷം അകലെയുള്ള അണുവിന്റെയും വേഗത്തിന് പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല. ഈ ഭൂമിയിലെ ഒരു ആറ്റമിന് ധ്രുവണ മാറ്റം സംഭവിച്ചാൽ (പദാർത്ഥത്തിലെ ധനവും ഋണവുമായ ചാർജുകൾക്ക് ആപേക്ഷിക സ്ഥാനാന്തരം ഉണ്ടാവുന്ന പ്രക്രിയ) ഒരുലക്ഷം പ്രകാശവർഷം അകലെ സ്ഥിതിചെയ്യുന്ന ആറ്റവും അതിന്റെ ധ്രുവണത്തിന് ഉടനെ മാറ്റം വരുത്തുന്നതാണ്. ഇത് വിസ്മയാവഹമായിരിക്കുന്നു. ഭൂമിയിലെ ആറ്റത്തിന് സംഭവിച്ച ധ്രുവണമാറ്റം പ്രപഞ്ചത്തിലെവിടെയോ ഉള്ള ആറ്റത്തിന് എങ്ങനെ മനസ്സിലാകുന്നു? അജൈവ വസ്തുക്കളും ഇണകളായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന ഖുർആനിക വെളിപാട് അതിവിസ്മയാവഹം തന്നെ. ഇവിടെ എന്തെങ്കിലും മാറ്റം സംഭവിക്കുമ്പോൾ പ്രപഞ്ചത്തിൽ സാർവ്വത്രികമായി ഉടനെ മാറ്റം സംഭവിക്കുന്നതെങ്ങനെയാണ്? ആറ്റം ഇതെങ്ങിനെ അറിയുന്നു?

*202. ഇബ്റാഹീം നബി (അ)അകപ്പെട്ട അഗ്നിയുടെ യഥാർത്ഥ പ്രകൃതം എന്തായിരുന്നു?*

ആ അഗ്നി ആലങ്കാരികാഗ്നിയായിരിക്കണം. ശത്രുക്കളുടെ പകയും ദ്വേഷവും ആളിപ്പടരുകയായിരുന്നു. ജീവിതം ദുസ്സഹമായിത്തീർന്നു. ദൈവം അദ്ദേഹത്തെ അവിടെ നിന്നു പലായനം ചെയ്യിപ്പിച്ചു. ഇബ്രാഹിംനബി (അ) യഥാർത്ഥ അഗ്നിയിലായിരുന്നു എറിയപ്പെട്ടതെങ്കിൽ പോലും അല്ലാഹുവിന് അദ്ദേഹത്തെ രക്ഷിക്കുക എന്നത് അസാദ്ധ്യമായിരുന്നില്ലെന്നാണ് വാഗ്ദത്ത മസീഹിന്റെ ഉത്തമ വിശ്വാസം. വാഗ്ദത്ത മസീഹിന്റെ ശത്രുക്കൾ അദ്ദേഹത്തെ തീയിലെറിഞ്ഞാൽപോലും അല്ലാഹു ആ തീ അണച്ച്കൊണ്ട് തന്നെ രക്ഷപ്പെടുത്തുന്നതാണെന്ന് ഉത്തമ

ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. 'തീ നമ്മുടെ അടിമയാണ്; അല്ലാ, അടിമകളുടെ അടിമയാണ്' എന്നാണ് അദ്ദേഹം പറഞ്ഞത്. ഇബ്റാഹീം (അ) അഗ്നിയിൽ എറിയപ്പെട്ടിരുന്നുവെങ്കിൽ അല്ലാഹു മഴ പെയ്യിച്ച്കൊണ്ട് ആ തീ കെടുത്തിയിരിക്കണം. ഇത് നാം നമ്മുടെ കാലത്ത് സാക്ഷ്യം വഹിച്ചതുമാണ്.

## കുട്ടികളുമായുള്ള അഭിമുഖം 19.4.2000

***203. മൃഗങ്ങളെ ശാസ്ത്രീയ ഗവേഷണ വിധേയമാക്കുന്നത് അനുവദനീയമാണോ?***

അതെ. മനുഷ്യന് ഉപകാരപ്രദമാകുമെങ്കിൽ അതനുവദനീയമാണ്. രോഗനിവാരണ ശാസ്ത്രവും, വൈദ്യശാസ്ത്രവും പഠിക്കുന്നത് കുറ്റകരമല്ല.

***204. അല്ലാഹു കുട്ടികളുടെ എല്ലാ ദുആകളും (പ്രാർത്ഥനകളും) സ്വീകരിക്കുമോ?***

ഇല്ല. എല്ലാ ദുആകളും സ്വീകരിക്കപ്പെടുന്നതല്ല. സാദ്ധ്യമല്ലാത്തത് സ്വീകരിക്കപ്പെടുകയില്ല. പ്രാർത്ഥനകൾ പ്രകൃതി നിയമങ്ങൾക്ക് എതിരായിരിക്കരുത്. ഉദാഹരണത്തിന്, എന്നെ ഒരു ബാലിക (പെൺകുട്ടി)യാക്കേണമേ എന്നോ, എനിക്ക് വേണ്ടി സ്വർണ്ണം കൊണ്ടൊരു കൊട്ടാരം പണിത് തരേണമേ എന്നും മറ്റും ഉള്ള പ്രാർത്ഥനകൾ ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. എന്നാൽ സന്മാർഗ്ഗികളായിത്തീരുവാനും, അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാനും, തബ്ലീഗിനും നിങ്ങളെ ഒരു നല്ല "ദാ ഇഇലല്ല" ആക്കിത്തീർക്കുവാനും, മാതാപിതാക്കൾക്ക് വേണ്ടിയും സഹോദരീ സഹോദരന്മാർക്കും, കുടുംബാംഗങ്ങൾക്കും മറ്റുള്ളവർക്കും വേണ്ടിയും ധാരാളം ദുആ ചെയ്യേണ്ടതാണ്. അല്ലാഹു നിങ്ങളെ മനുഷ്യരാശിയെ സേവിക്കുന്നവരാക്കുവാൻ ദു ആ ചെയ്യുക. ഇത്തരം പ്രാർത്ഥനകൾ തീർച്ചയായും സ്വീകരിക്കപ്പെടും.

***205. ഈസ (അ) എങ്ങനെയായിരുന്നു പ്രാർത്ഥിച്ചിരുന്നത്?***

നിന്നുകൊണ്ടോ ഇരുന്നുകൊണ്ടോ അതുമല്ലെങ്കിൽ ജൂത മതാനുശാസനകളനുസരിച്ചോ ആയിരിക്കും അദ്ദേഹം പ്രാർത്ഥിച്ചിട്ടുണ്ടാവുക.

***206. ആൺകുട്ടികൾക്ക് കൈ കൊട്ടാൻ പാടില്ലാത്തത് എന്തു കൊണ്ടാണ്?***

ആൺകുട്ടികൾ കൈ കൊട്ടുന്നത് കുറ്റകരമായത് കൊണ്ട ല്ല. തിരുനബി (സ) ഇപ്രകാരം അരുൾചെയ്തിട്ടുണ്ട്: "നമ സ്കാരത്തിന്നിടയിൽ ഇമാം ഒരു അബദ്ധം ചെയ്താൽ പുരുഷന്മാർ 'സുബ്ഹാനല്ലാഹ്' എന്ന് ഉറക്കെപറയുകയും സ്ത്രീകൾ കൈ തട്ടി ശബ്ദമുണ്ടാക്കുകയും ചെയ്യട്ടെ" ഇത് പിന്നീട് മറ്റ് കാര്യങ്ങളിലേക്കും പതുക്കെ വ്യാപിച്ചതാണ്. സ്ത്രീകൾക്ക് കവിതാ പാരായണം നടത്താവുന്നതാണ്. എന്നാൽ നമസ്കാരവേളയിൽ അവരുടെ ശബ്ദം പുറത്ത് വരാൻ പാടില്ലെന്നേയുള്ളൂ.

***207. പർവ്വതങ്ങൾ കൊണ്ടുള്ള പ്രയോജനമെന്താണ്?***

മലകളുടെ അഭാവത്തിൽ ജലവും ഭക്ഷണസാധനങ്ങളും ഉണ്ടാവുകയില്ല. മലകൾകൊണ്ട് ധാരാളം അനുഗ്രഹങ്ങളു ണ്ട്. മലകൾ ജലശുദ്ധീകരണം നടത്തി നമുക്ക് എത്തിക്കു ന്നു. അതൊരു മഹത്തായ വ്യവസ്ഥിതി തന്നെയാണ്. കടൽ ജലം കുടിക്കാനാകുമോ? നിങ്ങൾ മരിച്ചുപോകും. കടൽ ജലത്തിലെ ലവണങ്ങളും രാസവസ്തുക്കളും അടങ്ങാത്ത ജലബാഷ്പം സമുദ്രങ്ങളിൽ നിന്നുയർന്ന് രൂപവത്കൃത മാകുന്ന മേഘങ്ങളിൽ ധനചാർജുകൾ സൃഷ്ടിക്കപ്പെടു ന്നു. മഴപെയ്യുവാൻ ഇടിമിന്നലുകൾ ആവശ്യമാണ്. മാമല കൾ മേഘങ്ങളെ തടഞ്ഞ്നിർത്തുന്നു. മേഘങ്ങൾ സാന്ദ്രീ കരിക്കപ്പെടും. മിന്നലുണ്ടാവുന്നു. പർവ്വതങ്ങൾ ഇല്ലായി രുന്നെങ്കിൽ ജലസംഭരണം നടക്കുമായിരുന്നില്ല. പർവ്വത ങ്ങളിലെ മഞ്ഞ് കുറെശ്ശെ ഉരുകുന്നത് കാരണം വർഷംമു ഴുവൻ നമുക്ക് ജലം ലഭിച്ചുകൊണ്ടിരിക്കുന്നു. ജലം സസ്യ ങ്ങൾക്കും, മൃഗങ്ങൾക്കും മനുഷ്യർക്കും നവജീവൻ

പ്രദാനം ചെയ്യുന്നു. ഉപയോഗിക്കപ്പെട്ടശേഷമുള്ള ജലം വീണ്ടും കടലിൽ ലയിക്കുന്നു. ഇങ്ങനെ ജലപരിവൃത്തി തുടർന്നുകൊണ്ടേയിരിക്കും. ഇടിമിന്നൽ കാരണം ധാരാളം സസ്യപോഷക വളങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഒരു ഫാക്ടറി ഒരുവർഷം ഉൽപാദിപ്പിക്കുന്ന വളം ഒരു ദിവസത്തെ ഇടിമിന്നൽ കൊണ്ടുൽപാദിപ്പിക്കപ്പെടുന്നുണ്ട്. ജലത്തിനൊപ്പം ഈ പോഷക വളങ്ങളും പർവ്വതങ്ങളിൽനിന്ന് ഒഴുകിയെത്തുന്നുണ്ട്.

ഒരു സ്രഷ്ടാവില്ലാതെ ഇതെല്ലാം സ്വയംഭൂതമാകുമായിരുന്നുവോ? ഇല്ല ഒരിക്കലും സാദ്ധ്യമല്ലതന്നെ.

***208. ദൈവ വിശ്വാസിയായിത്തീരാനുള്ള മാർഗമെന്താണ്?***

നമ്മുടെ ശരീരത്തെയും അതിന്റെ വ്യവസ്ഥകളെയും സസൂക്ഷ്മം നിരീക്ഷിക്കുക. പ്രകൃതിയെ നിരീക്ഷിക്കുക. ജലാശയങ്ങളെ നിരീക്ഷിക്കുക. ഇതെല്ലാം താനെ ഉണ്ടായതാണോ? ഇതിനെക്കുറിച്ചെല്ലാം സസുക്ഷ്മം നിരീക്ഷിക്കുമ്പോൾ ദൈവാസ്ത്തിത്വത്തെക്കുറിച്ചുള്ള ഒരു ഉറച്ച വിശ്വാസം കൈവരുന്നതാണ്. എന്നാലും ദൈവത്തെ നമുക്ക് പൂർണ്ണമായും മനസ്സിലാക്കാൻ-അറിയാൻ-പ്രയാസമാണ്. കാരണം അവനെപ്പോലെ മറ്റാരുമില്ലതന്നെ. ഷഡ്പദങ്ങൾക്ക് മനുഷ്യനെ മനസ്സിലാക്കാൻ കഴിയില്ലെങ്കിലും നമുക്ക് നമ്മുടേതായ അസ്തിത്വമുണ്ടല്ലോ.

***209. ഏത് കുഞ്ഞുങ്ങളെ (കുട്ടികളെ)യാണ് താങ്കൾക്കിഷ്ടം?***

എനിക്ക് നിങ്ങളെയെല്ലാവരെയും ഇഷ്ടമാണ്. നല്ല ചോദ്യമാണിത്. എല്ലാ അഹ്മദികുട്ടികളെയും എനിക്കിഷ്ടമാണ്.

***210. അസർ നമസ്കാരം ജമാഅത്തായി നടന്നുകൊണ്ടിരിക്കുമ്പോൾ ഞാൻ സുഹർ നമസ്കാരം അനുഷ്ഠിച്ചില്ലെങ്കിൽ എന്ത് ചെയ്യണം?***

അസർ നമസ്കാരമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് ബോധ്യമുണ്ടെങ്കിൽ ഉടനെ പെട്ടെന്ന് സുഹർ നമസ്കരിച്ച് അസർ നമസ്കാരത്തിൽ പങ്കുചേരുക. എന്നാൽ ഏത് നമസ്കാരമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയി

ല്ലെങ്കിൽ അതിൽ പങ്കെടുക്കുക. പിന്നീട് അത് സുഹർ നമസ്ക്കാരമല്ലായിരുന്നുവെന്നു മനസ്സിലാക്കിയാൽ സുഹർ നമസ്ക്കാരം പിന്നീട് നിർവ്വഹിക്കുക.

## മജ്ലിസെ ഇർഫാൻ 12.5.2000

*211. വാഗ്ദത്ത മസീഹ് എന്തുകൊണ്ടാണ് ഹിജ്റത്ത് ചെയ്യാതിരുന്നത്?*

അദ്ദേഹത്തിന് ഹിജ്റത്ത് ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. കാരണം അദ്ദേഹത്തിന് നേരിട്ട എതിർപ്പുകൾ ഖാദിയാന്റെ വെളിയിൽ നിന്നായിരുന്നു; ഖാദിയാനിൽ നിന്നായിരുന്നില്ല.

*212. വിവാഹബന്ധം കൂടാതെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ അവസ്ഥ എന്തായിരിക്കും?*

എല്ലാ കുഞ്ഞുങ്ങളും നിഷ്കളങ്കരാണ്. ബോസ്നിയയിൽ ഇതുപോലെ 50,000 കുഞ്ഞുങ്ങളുണ്ട്. എല്ലാവരും നിഷ്കളങ്കരാണ്.

*213. ജീവിച്ച് വാർദ്ധക്യം പ്രാപിച്ചിട്ടും ഒരു രോഗംപോലും പിടിപെടാതിരിക്കുക എന്നത് ആർക്കെങ്കിലും സാദ്ധ്യമാണോ?*

അതെ. സാദ്ധ്യമാണ്. വാഗ്ദത്ത മസീഹിന്റെ ചില സഹാബികൾ ഒരു രോഗവും കൂടാതെ ദീർഘകാലം ജീവിച്ചിട്ടുണ്ട്. ഒരു സഹാബി 115 വർഷം ജീവിച്ചു. അദ്ദേഹത്തിന് ഒരു രോഗം പോലുമുണ്ടായിരുന്നില്ല.

*214. ബോധക്ഷയത്തെ തുടർന്നുണ്ടാകുന്ന അതിനിദ്രാവസ്ഥയിൽ ആത്മാവ് എവിടെയായിരിക്കും?*

ആത്മാവ് ശരീരത്തോടൊപ്പം തന്നെ ഉണ്ടായിരിക്കും.

*215. കബറടക്കുന്നതിന് മുമ്പ് ശഹീദിനെ (ദൈവമാർഗ്ഗത്തിൽ വധിക്കപ്പെട്ടയാൾ) കുളിപ്പിക്കാറില്ല എന്തുകൊണ്ടാണത്?*

അതൊരു സുന്നത്താണ്. ശഹീദിന്റെ ശാരീരികമുറിവുക

ളിലൂടെ ജലം അകത്ത് കടന്ന് മൃതദേഹം പെട്ടെന്ന് അഴുകി ജീർണിക്കുവാൻ ആരംഭിച്ചേക്കാനിടയുണ്ട്. അതിനാൽ അവരെ കുളിപ്പിക്കാതെ മറവ് ചെയ്യുകയാണ് പതിവ്.

216. *ബന്ധുക്കൾക്ക് 'സദഖ' നൽകുവാൻ പാടുണ്ടോ?*

ഇല്ല. അവർക്ക് സദഖ നൽകരുത്. അവർക്ക് മറ്റ് സഹായങ്ങൾ (ധനപരമായത്) ചെയ്യുക. അവർക്ക് സദഖയായി നൽകുന്നത് നല്ലതല്ല.

217. *ഖുർആനിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, സാറ്റലൈറ്റ്, വിവര സാങ്കേതിക പരിവർത്തനം എന്നിവയെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ?*

പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ച് ഖുർആനിൽ സൂചനകളുണ്ട്. എല്ലാറ്റിനെക്കുറിച്ചും ഖുർആനിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ, ഈ പുതുസാങ്കേതിക ശാസ്ത്രം പരാജയപ്പെട്ടിരിക്കുകയാണല്ലോ. ഇന്റർനെറ്റിൽ നിന്ന് രഹസ്യങ്ങൾ ചോർത്തപ്പെടുന്നു. വൈറസുകളെ കടത്തിവിടുന്നു. പുതിയ I Love You വൈറസ് തന്നെ കണ്ടില്ലേ. ഈ സാങ്കേതികതയെ ഒരിക്കലും ആശ്രയിക്കാൻ സാദ്ധ്യമല്ല. അവ തികഞ്ഞ പരാജയമാണ്.

218. *മനുഷ്യൻ ഏറ്റവുമധികം സ്നേഹിക്കേണ്ടത് ആരെയാണ്?*

നമ്മുടെ സംരക്ഷകനും സ്രഷ്ടാവുമായ അല്ലാഹുവിനെയാണ് ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത്. അല്ലാഹുവിന്റെ ദയാദാക്ഷിണ്യങ്ങളും അനുഗ്രഹങ്ങളും നോക്കൂ. ഏറ്റവും കൂടുതൽ അനുഗ്രഹങ്ങൾ വാരിക്കോരി നൽകിയവനാണവൻ. അടുത്തത് മാതാവാണ്. മാതാവിനെ അപേക്ഷിച്ച് എണ്ണമില്ലാത്ത അനുഗ്രഹവായ്പുകൾ നൽകിയവനാണവൻ. ആവശ്യമുള്ള സകലതും അല്ലാഹു നൽകി അനുഗ്രഹിച്ചിരിക്കുന്നു. ഭാവി ആവശ്യങ്ങൾക്കുള്ളത് പോലും അവർ കരുതിവെച്ചിരിക്കുന്നു.

219. *സൂറ: ബനീ ഇസ്രായീലിൽ 37ാം വചനത്തിൽ അല്ലാഹു*

***കാത്, കണ്ണ്, ഹൃദയം എന്ന ക്രമം ഉപയോഗിച്ചത് എന്തു കൊണ്ടാണ്?***

ശ്രവണേന്ദ്രിയമായിരുന്നു ആദ്യം ഉടലെടുത്തത്, പിന്നീട് കണ്ണും അതിന്ശേഷം ഹൃദയവും. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതും അതേ ക്രമത്തിലാണ്. ഗർഭാശയത്തിലെ കുഞ്ഞിന്റെ വളർച്ചയും കാത്, കണ്ണ്, ഹൃദയം എന്ന ക്രമ ത്തിലാണുണ്ടാവുന്നത്.

പരിണാമ വികാസവളർച്ചയിൽ ആദ്യം ഉടലെടുത്തതും ശ്രവണേന്ദ്രിയമായിരുന്നു. വസ്തുക്കളുടെ പ്രകമ്പനങ്ങ ളിൽനിന്ന് ജാഗ്രത നേടി എവിടേക്ക് സഞ്ചരിക്കണമെന്ന ബോധമാണ് ആദ്യം ഉടലെടുത്തത്. അതിന് ശേഷമാണ് ദൃശ്യാവയവം ഉടലെടുത്തത്. അതിനുംശേഷമാണ് മനസ്സും തലച്ചോറും ഹൃദയവുമെല്ലാം വികാസം പ്രാപിച്ചുണ്ടായത്.

***220. 1894 ൽ-വാഗ്ദത്ത മസീഹ് (അ) വിക്ടോറിയ രാജ്ഞിക്ക് ഒരു പുസ്തകം അയച്ചിരുന്നു. അവർ അത് കൈപ്പറ്റിയി രുന്നുവോ?***

വാഗ്ദത്ത മസീഹ് അവർക്ക് 'തുഹ്ഫയെ കൈസറിയ്യ' എന്ന പുസ്തകമായിരുന്നു അയച്ചിരുന്നത്. അവരുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്ന ഒരു മൗലവി ആ പുസ്തകം അവർക്കെത്തിക്കുന്നതിൽ നിന്നു തടഞ്ഞുകള ഞ്ഞു. അല്ലായിരുന്നുവെങ്കിൽ തീർച്ചയായും അവർ മറു പടി അയക്കുമായിരുന്നു.

***221. പശുമാംസത്തിൽ രോഗമുണ്ടെന്ന് തിരുനബി (സ)യുടെ ഒരു ഹദീസുണ്ടല്ലോ?***

ഈ ഹദീസ് തിരുനബി (സ)യുടെ ഒരു പ്രവചനമാണ്. പശുമാംസത്തിലൂടെ രോഗം പരക്കുന്ന ഒരു കാലം വരു ന്നതാണ്. ഭ്രാന്തിപ്പശു രോഗം (Mad cow disease) ഇതിന്നൊരു ഉദാഹരണമാണ്.

## ജർമ്മൻകാരുമായുള്ള അഭിമുഖം 15.4.2000

***222. മരിക്കുമ്പോൾ ആത്മാവ് മൂക്കിലൂടെയാണോ ശരീരം***

***വിട്ട് പറന്ന് പോകുന്നത്?***

അല്ല. നാസികകളിലൂടെയല്ല ആത്മാവ് വിട്ടകലുന്നത്. ഏതിലൂടെയാണത് പുറത്ത് പോകുന്നതെന്ന് നമുക്കറിയില്ല. എന്നാൽ മരണശേഷവും കുറച്ച് ദിവസങ്ങളോളം ആത്മാവിന് ശരീരവുമായി ബന്ധമുണ്ടായിരിക്കും.

***223. മരണാനന്തര ജീവിതത്തിൽ നമുക്ക് സ്ത്രീയായിരുന്നു അല്ലെങ്കിൽ പുരുഷനായിരുന്നു എന്ന ബോധമുണ്ടായിരിക്കുമോ?***

ആത്മാവിന് ലിംഗഭേദമില്ല. ആണും പെണ്ണുമില്ല. മനുഷ്യൻ മാത്രമായിരിക്കും. നാം ഈ ലോകത്ത് ജീവിച്ചിരുന്നു എന്ന ബോധം ആത്മാവിനും ഉണ്ടായിരിക്കും. ഭാര്യാഭർത്താക്കന്മാർ ആത്മസുഹൃത്തുക്കളായി കൂടെ ഉണ്ടാകും. അവർ പരസ്പരം സ്നേഹിച്ചിരുന്നുവെങ്കിൽ അവർക്കിടയിൽ ലിംഗഭേദം കൂടാതെയുള്ള ഗാഢസ്നേഹബന്ധം ഉണ്ടായിരിക്കും.

***224. നിങ്ങൾ ഒരു സുഹൃത്തിന് നന്മ ചെയ്യുന്നു. എന്നാൽ ആ വ്യക്തിക്ക് നിങ്ങളുടെ സുഹൃദ്ബന്ധം ഇഷ്ടമല്ല. അപ്പോൾ എന്ത് ചെയ്യണം?***

സുഹൃദ്ബന്ധം ഉപേക്ഷിക്കുക. എന്നാൽ എപ്പോഴും ആ സുഹൃത്തിനെ സഹായിക്കുവാനുള്ള അവസരത്തിനായി ആരാഞ്ഞ് കൊണ്ടിരിക്കണം.

***225. ജുമുഅ നമസ്കാരം വീട്ടിൽവെച്ച് നടത്താമോ?***

വീട്ടിൽവെച്ച് നിങ്ങൾക്ക് ജുമുഅ നമസ്കരിക്കാനനുവാദമില്ല. അങ്ങനെ വേണ്ടിവന്നാൽ വീട്ടിൽ ജുമുഅ നടത്തുവാനുള്ള അനുവാദം അമീർ സാഹിബിൽ നിന്നു വാങ്ങേണ്ടതാണ്. അപ്പോൾ ആ ഗൃഹം ജമാഅത്തിന്റെ കേന്ദ്രമായിത്തീരും. ജുമുഅ നടക്കുന്ന ആ ഗൃഹത്തിലേക്ക് മറ്റ് അഹ്മദികൾക്കും വരാവുന്നതാണ്.

***226. ഓരോ കുഞ്ഞും ജനിക്കുന്നത് നിഷ്കളങ്കനായിട്ടാണ്. അതേസമയം ഓരോ വ്യക്തിക്കും (നഫ്സ് അമ്മാറ)***

***ദോഷപ്രവണമായൊരു ആത്മാവും ഉണ്ട്. ഇതിൽ പരസ്പര വൈരുദ്ധ്യമുണ്ടോ?***

ആരംഭത്തിൽ കുട്ടികളിൽ 'നഫ്സ് അമ്മാറ' പ്രവർത്തിക്കുന്നില്ല. ഋജുവും സരളവുമായ ആത്മാവാണ് അവരുടേത്. കുഞ്ഞുങ്ങളുടെ പ്രകൃതത്തിൽ നല്ലതും ചീത്തയുമായ ആത്മാക്കളില്ല. അവർ നിഷ്കളങ്കരും സദുദ്ദേശ്യങ്ങളും ദുരുദ്ദേശ്യങ്ങളുമില്ലാതെയുമാണ് സംസാരിക്കുന്നത്. നല്ലതും ചീത്തയുമായ ആത്മാക്കൾ അവരിൽ പ്രവർത്തിക്കുന്നില്ല. ദോഷപ്രവണത ഉടലെടുക്കുമ്പോൾ അവർ തിന്മകൾ ചെയ്യുന്നു. എന്നാൽ ധാർമ്മികാവസ്ഥയുടെ ഉറവിടമായ 'നഫ്സ് ലവ്വാമ' (സ്വയം ശാസിക്കുന്ന ആത്മാവ്) അവനെ ശാസിച്ച് നോവിച്ച് കൊണ്ടിരിക്കും. ഇതിൽ യാതൊരു വൈരുദ്ധ്യാത്മകതയുമില്ല. നഫ്സ് അമ്മാറയും നഫ്സ്ലവ്വാമയും വളരുന്നതനുസരിച്ചാണ് രൂപംകൊള്ളുന്നത്.

***227. പാക്കിസ്ഥാനിലെ സ്ഥിതിഗതികൾക്ക് മാറ്റം വന്നാൽ താങ്കൾ പാക്കിസ്ഥാനിലേക്ക് മടങ്ങിപ്പോകുമോ?***

ഞാൻ ശീതകാലം റബ്വയിലും, വേനൽക്കാലം യു കെയിലും ചെലവഴിക്കും.

***228. 'വഖ്ഫെ നൗ' കുട്ടികളിൽ കൂടുതൽ കൂടുതൽ അനുഗ്രഹങ്ങളുണ്ടോ?***

ഇല്ല. ചില വഖ്ഫെ നൗ കുട്ടികൾ വഖഫിൽനിന്ന് തിരിച്ച്പോവുന്നുണ്ട്. വഖഫ് ചെയ്യാത്തവർ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജമാഅത്തിന് വളരെ നല്ല സേവനം ചെയ്യുന്നുമുണ്ട്. കുട്ടികളുടെ ശിക്ഷണ കാര്യത്തിൽ അല്ലാഹുവിന്റെ കാരുണ്യാനുഗ്രഹങ്ങൾക്ക് ദുആ ചെയ്യുക.

***229. വലതുഭാഗത്തേക്ക് ചരിഞ്ഞ് കിടന്നുറങ്ങണമെന്ന് പറയുന്നത് എന്തുകൊണ്ടാണ്?***

ആരംഭത്തിൽ വലത് വശം ചരിഞ്ഞ് കിടക്കുക. പിന്നീട് ഏത് വശത്തേക്ക് തിരിഞ്ഞാലും പിശകില്ല. ഉറക്കത്തിൽ നിങ്ങൾക്ക് നിങ്ങളുടെ കിടപ്പ് നിയന്ത്രിക്കുവാനാവുകയില്ല.

***230. നഗ്നശരീരവും, മനുഷ്യാവയവ വ്യവസ്ഥകളും പ്രദർശിപ്പിക്കുന്ന പ്രദർശനങ്ങൾ കാണുവാൻ പറ്റുമോ?***

ശാരീരിക വ്യവസ്ഥയെക്കുറിച്ചും ഘടനയെക്കുറിച്ചും പഠിക്കേണ്ടിവരുന്ന ഡോക്ടർമാരെപോലുള്ളവർ പോയി കാണേണ്ടതാണ്. മറ്റുള്ളവർക്ക് അവരുടെ പ്രകൃതമനുസരിച്ച് പോകാവുന്നതാണ്. ചിലർക്ക് അതൊക്കെ കാണുമ്പോൾ ബോധക്ഷയമുണ്ടാകാറുണ്ട്. അത് അവരുടെ പ്രകൃതമനുസരിച്ചിരിക്കും.

***231. ജുമുഅ ദിവസം പുതിയ വസ്ത്രം ധരിക്കുന്നത് സുന്നത്താണോ?***

ജുമുഅ ദിവസം നല്ലതും വൃത്തിയുള്ളതുമായ വസ്ത്രം ധരിക്കുക. അതാണ് സുന്നത്ത്. നാം എല്ലാ ദിവസവും കുളിക്കേണ്ടതാണ്. അതിന് സാധിക്കാത്തവർക്ക് ജുമുഅ ദിവസം കുളിക്കൽ നിർബ്ബന്ധമാണ്.

## ലജ്നയുമായുള്ള അഭിമുഖം 16.4.2000

***232. ആദ്യത്തെ വെളിപാടിറങ്ങുന്ന അവസരത്തിൽ പരിശുദ്ധ നബി നോമ്പുകാരനായിരുന്നുവോ?***

അല്ല. നുബുവ്വത്തിന് ശേഷമാണ് വ്രതം നിർബന്ധമാക്കിയത്. ആദ്യവെളിപാട് ലഭിച്ചത് റമസാൻ മാസത്തിലായിരുന്നുവെന്ന് മാത്രം.

***233. ശ്രീകൃഷ്ണനെ ദൈവമാക്കിയത് എന്ത്കൊണ്ടാണ്?***

ശ്രീകൃഷ്ണന്റെ അനുയായികളാണ് അദ്ദേഹത്തെ ദൈവമാക്കിയത്. പരിശുദ്ധനബിയെ ആരും ദൈവമെന്ന് പറയുന്നില്ല. എന്നാൽ ചില മുസ്ലിംകൾ നബിതിരുമേനിയിൽ അല്ലാഹുവിന്റെ സവിശേഷതകൾ ആരോപിക്കുന്നുണ്ട്. അദ്ദേഹത്തിന് ഭാവികാര്യങ്ങളെക്കുറിച്ചറിയാമായിരുന്നുവെന്നും, നബി സർവ്വവ്യാപിയായിരുന്നുവെന്നും ചില മുസ്ലിംകൾ വിശ്വസിക്കുന്നുണ്ട്. ഇതെല്ലാം വിഗ്രഹാരാധകന്മാരുടെ ചിന്തകളാണ്. എല്ലാ സമുദായങ്ങളും ഇങ്ങനെ ആയിത്തീരാറുണ്ട്.

*234. പുതിയ അഹ്മദികൾക്ക് തർബിയ്യത്ത് നൽകേണ്ടത് എങ്ങനെയാണ്?*

തർബിയ്യത്ത് ക്ലാസുകൾ എടുക്കുക. പുതിയ അഹ്മദികളിലുള്ള ഉലമാക്കളെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുക. ആരംഭം തൊട്ടേ പുതിയ അഹ്മദികളെ പങ്കെടുപ്പിക്കുക. അവർ ചന്ദ നൽകുമ്പോൾ അവരുടെ വിശ്വാസം (ഈമാൻ) വർദ്ധിക്കുകയും ജമാഅത്തുമായി ദൃഢബന്ധമുണ്ടാവുകയും ചെയ്യുന്നു. അഹ്മദികളായി പരിവർത്തനം ചെയ്ത ഓരോ അഹ്മദി വ്യക്തിയും പുതുതായി വരുന്ന അഹ്മദിളെ തങ്ങളെക്കാൾ നല്ല അഹ്മദികളാക്കിത്തീർക്കുവാൻ ശ്രമിക്കേണ്ടതാണ്. അവർക്ക് വേണ്ടി ദുആ ചെയ്യുകയും വേണം. ഇതെല്ലാം അവരുടെ തർബിയയ്യത്തിന്നുള്ള പ്രവർത്തനങ്ങളാണ്.

*235. ശൈത്വാനിൽ നിന്ന് നമുക്കെങ്ങനെ രക്ഷനേടാൻ സാധിക്കും?*

നിങ്ങൾ ഒരു വീട്ടിൽ കടക്കുമ്പോൾ ആ വീട്ടിലെ നായ നിങ്ങളുടെ പിന്നാലെ വരുന്നെങ്കിൽ നിങ്ങൾ എന്ത് ചെയ്യും? നിങ്ങൾ ആ നായയുടെ യജമാനനെ വിളിക്കും. അതിനാൽ ശൈത്താനിൽ നിന്നു രക്ഷ പ്രാപിക്കുവാൻ അല്ലാഹുവിനെ വിളിക്കുക. അതുകൊണ്ടാണ് നാം ഖുർആൻ പാരായണാരംഭത്തിൽ "ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് ഞാൻ അല്ലാഹുവിനോട് രക്ഷതേടുന്നു" എന്ന് പ്രാർത്ഥിക്കുന്നത്.

*236. തൂക്കിക്കൊല്ലപ്പെട്ട മുസ്ലിംകളുടെ ജനാസ നമസ്കാരം അനുഷ്ഠിക്കുവാൻ പാടുണ്ടോ?*

അതെ. ജനാസനമസ്കാരം അനുവദനീയമാണ്.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 31.12.2001

*237. ഒരു സുഹൃത്തിന് ഇസ്ലാമിക സന്ദേശമെത്തിക്കാനുള്ള മാർഗ്ഗമെന്താണ്?*

ധർമ്മോപദേശങ്ങൾ നൽകുകവഴിയും നല്ല മാതൃകയായി

ത്തിരുകയും വിജ്ഞാനവും സദ്വചനങ്ങളും കൊണ്ട് അയാളെ ആകർഷിക്കുകയും ചെയ്യുക. നല്ല മാതൃകയും വിജ്ഞാനവും കൈവിടാതെ അതിൽതന്നെ ഉറച്ച് നിൽക്കുക.

*238. 'സബ്ർ' (ക്ഷമ) എന്ന പദത്തിന്റെ വിവക്ഷയെന്താണ്?*

സബ്ർ എന്ന പദത്തിന് പല അർത്ഥങ്ങളുമുണ്ട്. പരിശുദ്ധ നബി (സ) പറയാറുള്ള ഏറ്റവും പ്രധാനപ്പെട്ട അർത്ഥം സബ്ർ എന്നാൽ നിങ്ങളിലുള്ള നന്മയിൽ ഉറച്ച് നിൽക്കുക എന്നുള്ളതാണ്. നിങ്ങൾക്കുറച്ച് നിൽക്കാൻ കഴിഞ്ഞാൽ നിങ്ങൾ ക്ഷമയുള്ളവനാണ്. അതിൽ ഉറച്ച് നിലകൊള്ളാൻ കഴിയില്ലെങ്കിൽ നിങ്ങൾ ക്ഷമയുള്ളവനല്ല. സഹിച്ച് ശാന്തനായി നിലകൊള്ളുക, കുപിതനാവാതിരിക്കുക എന്നതും ഒരുതരം ക്ഷമതന്നെയാണ്. ശത്രുക്കളുടെ പ്രലോഭനങ്ങൾക്ക് വശംവദനായി നേർമാർഗം കൈവിടാതിരിക്കുകയും നേർമാർഗത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കുകയും ചെയ്യുന്നതും ക്ഷമയാണ്.

*239. പാക്കിസ്താൻ ജെയിലുകളിൽ നിന്ന് അഹ്മദികളെ മോചിപ്പിക്കാനായി ദുആ ചെയ്യുക എന്നത് ഒരുതരം അക്ഷമ കാണിക്കലല്ലേ?*

അല്ല. അത് അക്ഷമപ്രകടനമല്ല. ജയിലുകളിലുള്ള അഹ്മദികൾ നിശ്ശബ്ദയാതനകൾ അനുഭവിക്കുന്നവരാണ്. നിങ്ങളും അത് ക്ഷമയോടെ സഹിക്കേണ്ടതാണ്. ഒരാളുടെ മോചനത്തിന്നായി പ്രാർത്ഥിക്കുന്നത് ഒരിക്കലും അക്ഷമയാകുന്നതല്ല.

*240. ആറാംസൂറയിൽ (അൽഅനാം) നൂറാം സൂക്തത്തിൽ ചില ഫലങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഇവ പ്രത്യേക ഫലങ്ങളാണോ?*

അല്ല. ഈ ഫലങ്ങൾ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടവയല്ല. അവയിൽ പരസ്പരം സദൃശങ്ങളായവയും സദൃശങ്ങളല്ലാത്തവയുമുണ്ടെന്ന് പറയുന്നു. അതിനാൽ ഇവിടെ സകല ഫലങ്ങളെയും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

***241. അറബി ഭാഷാ അക്ഷരങ്ങൾക്ക് അവയുടെ രൂപം കൈവന്നതെങ്ങനെയായിരുന്നു?***

യഥാർത്ഥത്തിൽ അറബി ഒരു വെളിപാട് ഭാഷയാണ്. ഹിബ്രു അറബിയുടെ ഒരു വികല രൂപമാണ്. ഇവയുടെ പ്രാഥമിക രൂപങ്ങളെന്തായിരുന്നുവെന്നതിന് ചരിത്രപരമായ സാക്ഷ്യങ്ങളൊന്നുമില്ല. ഒരു പക്ഷേ അത് ഇന്നത്തെ രൂപത്തിൽ തന്നെ ആയിരുന്നിരിക്കാം. രൂപവ്യതിയാനം വന്നതായ തെളിവുകൾ ഇല്ല. 'സബഹ്' രാജകുമാരിക്ക് സുലൈമാൻ നബി അയച്ച എഴുത്തിൽ അറബിയിൽ 'ബിസ്മില്ല' എന്നെഴുതിയിരുന്നു. അന്ന് അറബി ഒരു പൊതുഭാഷയെന്ന നിലക്ക് വളരെ പ്രചുരപ്രചാരമുള്ള ഭാഷയായിരുന്നു.

***242. രണ്ടാമത്തെ കുഞ്ഞ് പിറന്നാൽ ആദ്യത്തെ കുട്ടി അസൂയാലുവായിത്തീരാറുണ്ട്. ഈ പ്രശ്നപരിഹാരമാർഗ്ഗമെന്താണ്?***

ആദ്യത്തെ കുഞ്ഞിനെ മുമ്പത്തേക്കാളേറെ സ്നേഹിക്കുക. അങ്ങനെയെങ്കിൽ രണ്ടാമത്തെ കുഞ്ഞിന്റെ സാന്നിദ്ധ്യത്തിൽ അസൂയ ഉടലെടുക്കുന്നതല്ല. വളർച്ചയുടെയും വികാസത്തിന്റെയും ആദ്യനാളുകളിൽ അസൂയാലുക്കളായി വളരുന്നത് ഒട്ടും നല്ലതല്ല. സ്വഭാവ രൂപവത്കരണത്തിന്റെ അടിത്തറ പാകപ്പെടുന്ന അക്കാലത്ത് കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ അസൂയയുടെ ബീജങ്ങൾ പാകപ്പെടുന്നത് ഒട്ടും നല്ലതല്ല. അവരോട് സ്നേഹമസൃണമായി കരുണാദ്രമായി പെരുമാറുക.

***243. മാനസിക വിഷമം ഒഴിവാക്കുവാൻ യാതനയുടെ പ്രതിരൂപങ്ങൾ ദർശിക്കാതിരിക്കുന്നതല്ലേ നല്ലത്?***

യാതനകളിൽ നിന്ന് മുഖംതിരിച്ച്കളയുന്നത് ഒരിക്കലും നല്ലതല്ല. യാതനകൾ നേർക്ക് നേരെ കണ്ടില്ലെങ്കിൽ അവരുടെ യാതനകളുടെ ശരിയായ അളവ് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയില്ല.

***244. സ്വന്തം പ്രശ്നങ്ങൾ മറന്ന്കൊണ്ടും സുഹൃത്തുക്കളുടെ പ്രശ്നപരിഹാരം നടത്തുന്നതെങ്ങനെയാണ്? ഇതിനെക്കു***

*റിച്ച് ചിന്തിക്കുവാനേ കഴിയുന്നില്ല.*

സ്വന്തം പ്രശ്നങ്ങൾ ഒരിക്കലും കുറച്ച് കാണരുത്. അത് മനശ്ശാസ്ത്രപരമായി ശരിയല്ല. നിങ്ങളുടെ ബുദ്ധിമുട്ടുകൾ നിങ്ങളോടൊപ്പമുണ്ട്. അത് നിങ്ങളുമായി ഒട്ടിനിൽക്കുന്നു. അതിനാൽ നിങ്ങൾക്കത് വിസ്മരിക്കുവാൻ സാദ്ധ്യവുമല്ല. നിങ്ങളുടെ വിഷമങ്ങളെ സംബന്ധിച്ച പരിഹാരങ്ങൾ നിങ്ങളിൽനിന്ന് തന്നെ ചികഞ്ഞെടുത്തുകൊണ്ട് അടുത്ത ബന്ധുക്കളുടെയും ബന്ധുക്കളല്ലാത്ത മറ്റുള്ളവരുടെയും ബുദ്ധിമുട്ടുകൾ കണക്കിലെടുക്കുക. അവർ അല്ലാഹുവിന്റെ സൃഷ്ടികളാണ്. അതുകൊണ്ട് അല്ലാഹുവിന് വേണ്ടി കഷ്ടത സഹിച്ചുകൊണ്ട് അവർക്കുവേണ്ടി ആവുന്നത് ചെയ്യുക. ചുരുങ്ങിയപക്ഷം അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് കഴിയുമല്ലോ.

**245. *ഹുസൂർ മലക്കിനെ കണ്ടിട്ടുണ്ടോ?***

ഞാൻ മലക്കിനെ നഗ്നനേത്രങ്ങൾകൊണ്ട് കണ്ടിട്ടില്ല. മനുഷ്യരൂപത്തിൽ ഒരുപക്ഷേ, ഞാൻ കണ്ടിട്ടുണ്ടാവാം. മനുഷ്യരൂപത്തിലല്ലാതെ മറ്റ് രൂപത്തിൽ നിങ്ങൾക്ക് മലക്കിനെ കാണാൻ പറ്റുകയില്ലെന്നാണ് ഖുർആൻ പറയുന്നത്. അത് മനുഷ്യന്റെ പരിമിതിയാണ്.

**246. *ക്രിസ്ത്യാനികൾ അഫ്ഘാനിലെ മുസ്ലിംകുട്ടികൾക്ക് ക്രിസ്തുമസ് സമ്മാനങ്ങൾ അയക്കുന്നു. ഇതിൽ താങ്കളുടെ അഭിപ്രായമെന്താണ്?***

അതൊരു നല്ല കാര്യമാണ്. നിങ്ങളും അത്പോലെ വിവിധ സ്ഥലങ്ങളിലെ കുട്ടികൾക്ക് സമ്മാനങ്ങൾ അയക്കേണ്ടതാണ്.

**247. *നബികരീം (സ) തന്റെ അവസാന നോമ്പ് കാലത്ത് ഇരുപത് ദിവസം ഇഅ്തികാഫിന്നിരിക്കുകയുണ്ടായി. അതെന്തിനായിരുന്നു?***

തന്റെ ആസന്ന മരണത്തെക്കുറിച്ച് നബി (സ)ക്ക് അല്ലാ

ഹുവിൽനിന്ന് വെളിപാട് ലഭിച്ചിരുന്നിരിക്കും. അതുകൊണ്ട് കൂടുതൽ ദിവസങ്ങൾ പള്ളിയിൽ ചെലവഴിച്ചതായിരിക്കാം.

***248. ഗ്രാമങ്ങളിലെ കെട്ടിടങ്ങളിൽ കുംഭഗോപുരങ്ങൾ പണിയുന്നതെന്തിനാണ്?***

അർധവൃത്താകൃതിയിലുള്ള കുംഭങ്ങൾ (നാടൻ മലയാളത്തിൽ 'കുബ്ബ' എന്നും പറയുന്നു) ദൈവത്തിന്റെ ഏകത്വവുമായി ബന്ധപ്പെട്ടതാണ്. അവ പലപ്പോഴും അല്ലാഹുവിന്റെ ഏകത്വത്തിലാണവസാനിക്കുന്നത്. കുംഭനിർമ്മാണത്തിന്റെ ആരംഭാശയവും ഒരുപക്ഷേ ഇതുതന്നെയായിരിക്കണം.

***249. ഫുട്ബോൾ കളിക്കാരുടെ കാൽമുട്ടിനും ടെന്നീസ് കളിക്കാരുടെ കൈമുട്ടിനും ക്ഷതമുണ്ടാവാതിരിക്കുവാനുള്ള വല്ല ഹോമ്യോപ്പതി പ്രതിരോധമരുന്നുമുണ്ടോ?***

ക്ഷതങ്ങൾ തടയാൻ സാദ്ധ്യമല്ല. കാരണം അവ അത്യാഹിതങ്ങൾ കാരണം ഉണ്ടാവുന്നവയാണ്. അത്യാഹിത പ്രതിരോധമരുന്നിനെക്കുറിച്ച് എനിക്കറിയില്ല. എന്നാൽ ക്ഷതമേറ്റശേഷം അവ സുഖപ്പെടുത്തുവാനുള്ള മരുന്നുകളുണ്ട്.

***250. ഖുർആൻ അവതരണകാലത്ത് അക്കാലത്തെ ജനങ്ങൾക്ക് സൂറതൽ അമ്പിയായിലെ 31ാം വചനത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. അവർക്ക് അതിലടങ്ങിയ സന്ദേശമെന്തായിരുന്നു?***

ഖുർആനിൽ ധാരാളമായി കാണുന്ന പല പ്രവചനങ്ങളുടെയും അർത്ഥം മനസ്സിലാക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ആകാശമാർഗ്ഗങ്ങളെക്കുറിച്ചും, ജന്തുക്കൾ ഒരുമിച്ച് കൂട്ടപ്പെടുന്നതിനെക്കുറിച്ചും, സൂയസ് പനാമ കനാലുകളെക്കുറിച്ചും അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരിക്കയില്ല. എന്നാലും അവർക്കതിൽ വിശ്വാസമുണ്ടായിരുന്നു. അതുപോലെതന്നെ ഇന്ന് നമുക്കും പല പ്രവചനങ്ങളും മനസ്സിലായിട്ടില്ല. എന്നാൽ ഗതകാലങ്ങളിൽ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടത്പോലെ ഭാവിയിൽ അവയും പൂർത്തീ

കരിക്കപ്പെടുമെന്ന് നാം വിശ്വസിക്കേണ്ടതുണ്ട്.

*251. റമസാൻ മാസങ്ങളിൽ ആളുകളോട് വളരെ അടുത്ത് നിന്ന് സംസാരിക്കുമ്പോൾ വായക്ക് ചെറിയ ദുർഗന്ധമുണ്ടാകാറുണ്ട്. ഈ നാറ്റം ഇല്ലാതാക്കാൻ വായ് കഴുകുന്നതിനുള്ള വല്ല ഔഷധവും ഉപയോഗിക്കാമോ?*

ഈ ഗന്ധം ഇല്ലാതാക്കുവാൻ വായിൽ ഔഷധദ്രാവകങ്ങൾ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. അത്രക്കടുത്ത് ചെന്ന് സംസാരിക്കുന്നതെന്തിനാണ്? കുറച്ച് വിട്ട് നിന്ന് സംസാരിച്ചുകൂടേ? പ്രശ്നം പരിഹരിക്കപ്പെടുമല്ലോ.

*252. മെഴുകുതിരി ക്രിസ്തുമതചിഹ്നമാണ്. നമുക്കത് വീട്ടിൽ ഉപയോഗിക്കാമോ?*

എന്ത്കൊണ്ട് ഉപയോഗിച്ച്കൂടാ. മെഴുകുതിരികൾ പ്രകാശത്തിന്റെ ചിഹ്നമാണ്. പാറ്റകളെ അകറ്റാനും മേശപ്പുറത്ത് മെഴുകുതിരികൾ കത്തിച്ച് വെക്കാറുണ്ട്. അത് പ്രകാശത്തിന്റെ ചിഹ്നമാണ്. ക്രിസ്തീയതയുടെ ചിഹ്നമല്ല.

*253. വാഗ്ദത്ത മസീഹ് (അ)ന്റെ കാലത്ത് ഖുദ്ദാം, അൻസാർ, ലജ്ന പോലുള്ള വിഭാഗങ്ങൾ ജമാഅത്തിലുണ്ടായിരുന്നില്ല. ഭാവിയിൽ കൂടുതൽ പോഷകസംഘടനകൾ ജമാഅത്തിലുണ്ടാകുവാൻ ഇടയുണ്ടോ? പുതിയ വിഭാഗങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത സംജാതമാകുമോ?*

സാദ്ധ്യത കാണുന്നില്ല. അതിന്റെ ആവശ്യമുണ്ടെന്നും തോന്നുന്നില്ല. മനുഷ്യന്റെ ശാരീരിക നിലയനുസരിച്ചുള്ള വിഭാഗങ്ങളാണവ. 40 കഴിഞ്ഞാൽ താങ്കളും അൻസാറാവും. 15 കഴിഞ്ഞ എല്ലാ സ്ത്രീകളും ലജ്നയാണ്. ലജ്നയിൽ അൻസാർ ലജ്നയില്ല. (ചെറുപ്പക്കാരും പ്രായമുള്ളവരുമായ ലജ്നകൾ.) അതുകൊണ്ട് ഭാവിയിൽ പുതിയ വിഭാഗങ്ങൾ ഉണ്ടാകാനിടയില്ല.

## ബംഗാളികളുമായുള്ള അഭിമുഖം 25.12.2001

*254. മിഅ്റാജിന്നിടയിൽ പരിശുദ്ധ നബി (സ)'സിദ്റത്തുൽ മുൻതഹ' വരെ എത്തി. അതെന്താണ്?*

അതൊരു വൃക്ഷമല്ല. മനുഷ്യന് പ്രാപ്യമല്ലാത്ത, അല്ലാഹുവിന്റെ നിജഗുണത്തെ (സിഫ്ത്ത്) വേർതിരിക്കുന്ന ഒരു ചിഹ്നമാണത്. അല്ലാഹുവിന്റെ ചില ഗുണങ്ങൾ മാത്രമെ മനുഷ്യന് സംപ്രാപ്യമായുള്ളൂ. മനുഷ്യനെ അല്ലാഹുവുമായി വേർതിരിക്കുന്ന ആ ബിന്ദുവിലേക്കായിരുന്നു നബി (സ)യെ കൊണ്ട്പോയത്. പരിശുദ്ധ നബി (സ) എത്താവുന്നതിൽ പരമാവധി എത്തിക്കഴിഞ്ഞിരുന്നു. സിദ്റ എന്നത് ഒരു ഫലവൃക്ഷമാണ് അതിന്നർത്ഥം ഒരു അതിർത്തി അവസാനിക്കുന്നു മറ്റൊന്ന് തുടങ്ങുന്നു എന്നാണ്. സ്വർഗ്ഗത്തിൽ അങ്ങനെ ഒരു മരമില്ല. മനുഷ്യന് പരമാവധി സംപ്രാപ്യമായത് എന്ന അർത്ഥത്തിലുള്ള പ്രതീകാത്മക പ്രയോഗം മാത്രമാണത്. പരിശുദ്ധനബി (സ) ആ നില ആർജ്ജിച്ച് കഴിഞ്ഞിരുന്നു.

***255. 'റുബൂബിയ്യത്ത്' എന്നത് ശാസ്ത്രപുരോഗതിയും വ്യാവസായിക വിപ്ലവവുമായി ബന്ധപ്പെട്ടതാണോ?***

റുബൂബിയ്യത്ത് എന്നത് സകല ഉൽപ്പന്നങ്ങളുമായും ബന്ധപ്പെട്ടതാണ്. എല്ലാറ്റിനും-മൃഗങ്ങൾക്കുംകൂടി-ആഹാരം പ്രദാനം ചെയ്യുന്ന പ്രവർത്തനത്തിൽ നിന്ന് ഇത് വിഭിന്നവുമല്ല.

***256. മനുഷ്യസൃഷ്ടിപ്പ് രക്തച്ചൊരിച്ചിലിന് ഇടയാക്കുമെന്ന് പറഞ്ഞ്കൊണ്ട് മലക്കുകൾ അല്ലാഹുവെ എതിർത്തിരുന്നുവോ?***

ഈ എതിർപ്പ് പ്രതീകാത്മകമാണ്. മലക്കുകൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരിക്കലും തടസ്സങ്ങൾ സൃഷ്ടിക്കുകയില്ല. രക്തച്ചൊരിച്ചിലിനെക്കുറിച്ചും ആദമിനെക്കുറിച്ചും അല്ലാഹു മലക്കുകൾക്ക് അറിവ് നൽകിയിരുന്നു. പ്രവാചകന്മാരുടെ യുദ്ധങ്ങൾ വെറും പ്രതിരോധം മാത്രമാണെന്ന് മലക്കുകൾക്കറിയാമായിരുന്നു. ഭാവിയിൽ വരാനിരിക്കുന്ന പ്രവാചകന്മാരുടെ പേരുകളും അല്ലാഹു മലക്കുകളോട് പറഞ്ഞിരുന്നു. തങ്ങളുടെ അജ്ഞതയിൽ മലക്കുകൾ പശ്ചാതപിക്കുകയും അല്ലാഹുവിനോട് മാപ്പ് ഇരക്കുകയും

ചെയ്തിരുന്നു.

## ജർമ്മൻകാരുമായുള്ള അഭിമുഖം 2.12.002

*257. പുതുവർഷം ആരംഭിച്ച് കഴിഞ്ഞു. ഈ വർഷത്തിന് വല്ല പ്രത്യേകതയുമുണ്ടോ?*

സമയം അനുസ്യൂതമാണ്. അതിന് ഗതകാലമെന്നും വർത്തമാനകാലമെന്നുമുള്ള വ്യത്യാസമില്ല. ആളുകൾ എനിക്ക് പുതുവത്സരാശംസകൾ അയക്കുന്നു. ഞാനത് സ്വീകരിക്കുന്നു. നമുക്ക് നല്ലതിന്നായി പ്രാർത്ഥിക്കാം.

*258. 'ഈമാൻ' എന്ന പദത്തിന്റെ പരിഭാഷ 'വിശ്വാസം' എന്നാണ്. അത് ശരിയാണോ?*

വിശ്വാസം എന്നത് മതധർമ്മം (മതതത്ത്വസംഹിതയാണ്) ഈമാൻ എന്നതിന്റെ ശരിയായ പരിഭാഷ വിശ്വസ്തത അല്ലെങ്കിൽ പ്രതിജ്ഞാബദ്ധത എന്നാണ്.

*259. ഇബ്റാഹീം നബി (സ)യുടെ നാല് പക്ഷികൾ എന്നത്കൊണ്ട് എന്താണ് ഉദ്ദേശിക്കപ്പെടുന്നത്?*

ലോകത്തിന്റെ നാല് ഭാഗങ്ങളാണ് അത്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അല്ലാഹു വിളിക്കുമ്പോൾ അവ ഒത്തുചേരുന്നു. ഉലമാക്കൾ നൽകുന്ന കഷ്ണിക്കപ്പെട്ട മാംസക്കഷ്ണങ്ങൾ എന്നും മറ്റുമുള്ള അർത്ഥങ്ങൾ തെറ്റാണ്.

*260. അലോപ്പതിമരുന്നും ഹോമിയോപ്പതി മരുന്നും ഒരുമിച്ച് കഴിക്കാമോ?*

നിർബ്ബന്ധമാണെങ്കിൽ ഒരുമിച്ച് കഴിക്കാം. ഞാൻ രണ്ടും ഒരുമിച്ച് കഴിക്കാറുണ്ട്. രണ്ടിനും അതിന്റേതായ ഫലങ്ങളുമുണ്ട്.

*261. അങ്ങയ്ക്ക് ഗ്രന്ഥരചനയിലുള്ള അഭിരുചി എങ്ങനെ ലഭിച്ചതാണ്?*

ജനങ്ങളുടെ നിർബന്ധത്തിന് വഴങ്ങിയതാണ്. പുസ്തക രചനയിൽ എനിക്ക് യാതൊരു അഭിരുചിയും ആഗ്രഹവു

മുണ്ടായിരുന്നില്ല. ഞാൻ ലണ്ടൻ യൂനിവേഴ്സിറ്റിയിൽ പഠിക്കുന്ന അവസരത്തിലായിരുന്നു ആദ്യപുസ്തകം ഇറക്കിയത്. 'റെവലേഷൻ, റേഷനാലിറ്റി, നോളഡ്ജ് എന്റ് ട്രൂത്ത്' എന്ന പുസ്തകം എന്റെ ആദ്യപുസ്തകത്തിന്റെ പരിഷ്ക്കരിച്ച പതിപ്പാണ് (വികസിതരൂപമാണ്) ടൈപിസ്റ്റ് ഉണ്ടായിരുന്നില്ല. ഒരു ഇംഗ്ലീഷ് കാരി പെൺകുട്ടിയായിരുന്നു എന്റെ കുറിപ്പുകൾ എഴുതിയെടുത്തിരുന്നത്. എന്റെ മാനസിക ആശയങ്ങളെല്ലാം ഞാൻ അതിൽ പ്രകടിപ്പിച്ചിരുന്നു. അതായിരുന്നു പിന്നീട് Revelation, Rationality, knowledge and truth എന്ന പുസ്തകമാക്കി വികസിപ്പിച്ചെടുത്തത്.

***262. വിശുദ്ധ നബി (സ) സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉത്തമനാണ്. മറ്റ് നക്ഷത്രങ്ങളിൽ (ഗ്രഹങ്ങളിൽ) തിരുനബി (സ)യെക്കാൾ ഉത്തമനായ മറ്റാരെങ്കിലും ഉണ്ടായിരിക്കാനിടയുണ്ടോ?***

മറ്റ് ഗ്രഹങ്ങളിലും ജീവിനുണ്ടാവാം. ഒന്നിലധികം സൂര്യന്മാരും ഭൂമികളുമുണ്ട്. മറുപടി പറയാൻ വളരെ പ്രയാസമുള്ള ഒരു ചോദ്യമാണിത്. അല്ലാഹു അവയെ ഏത് നിലയിൽ, എന്തുകൊണ്ടാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് നമുക്കറിയില്ല. അവർക്കും ശരീഅത്ത് ഉണ്ടാകാം. അല്ലാഹു അവരുടെ പ്രാർത്ഥനയും സ്വീകരിക്കുന്നുമുണ്ടാവും. തിരുനബി(സ)യെക്കാൾ ഉന്നതനായി മറ്റാരെങ്കിലുമുണ്ടോ എന്ന കാര്യം അല്ലാഹുവിന് മാത്രമെ അറിയാവൂ. നമുക്ക് പറയാനാവില്ല. അത് നബി (സ)യോട് ചെയ്യുന്ന നിന്ദയായിരിക്കും.

***263. ശ്രീബുദ്ധനെക്കുറിച്ച് എന്തെങ്കിലും പറയാമോ?***

എന്റെ Revelation, Rationality, knowledge and truth എന്ന ഗ്രന്ഥത്തിലെ ബുദ്ധമതം എന്ന അദ്ധ്യായം പാരായണം ചെയ്യുക. ബുദ്ധൻ നൂറ് ശതമാനവും ദൈവവിശ്വാസിയായിരുന്നുവെന്ന് ഞാൻ തെളിയിച്ചിട്ടുണ്ട്. അതിൽ ശ്രീബുദ്ധൻ (അ) ഒരു ബ്രാഹ്മണനുമായി നടത്തുന്ന ഒരു സംവാദമുണ്ട്. അതിൽ ശ്രീബുദ്ധൻ "ഞാൻ ദൈവത്തിൽ നിന്നുള്ളവനാകുന്നു" "ദൈവമാർഗ്ഗം എനിക്കറിയാം" എന്ന് പറയു

ന്നുണ്ട്. കൂടുതൽ അറിയണമെങ്കിൽ എന്റെ ആ പുസ്തകം വായിക്കുക.

264. *നമുക്ക് ക്രിസ്തുമസ് ആഘോഷിക്കാമോ? നമുക്ക് ക്രിസ്തുമസ് ആഘോഷിക്കാമെന്ന് താങ്കൾ എപ്പോഴെങ്കിലും പറഞ്ഞിരുന്നുവോ?*

ഇല്ല. നിങ്ങളുടെ സന്താനങ്ങളോട് ക്രിസ്തുമസിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് നന്നായി പറഞ്ഞുകൊടുക്കുക. അതൊരു കള്ളക്കഥയാണ്. യേശുവിന്റെ ജന്മദിനം അതല്ലെന്ന് മനസ്സിലാക്കിക്കൊടുക്കുക. അത് മനസ്സിലാക്കിയ ശേഷം ക്രിസ്തുമസ് വിരുന്നുകളിൽ പോയി മറ്റുള്ളവർക്കും യാഥാർത്ഥ്യം പറഞ്ഞുകൊടുക്കുക.

265. *താങ്കളോട് ധാരാളം ചോദ്യങ്ങൾ ചോദിക്കപ്പെടുന്നുണ്ട്. എപ്പോഴെങ്കിലും ഏതെങ്കിലും ചോദ്യം താങ്കൾക്ക് അനിഷ്ടകരമായി തോന്നിയിട്ടുണ്ടോ?*

ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും എനിക്കുത്തരം പറഞ്ഞല്ലേ പറ്റൂ. ചോദ്യങ്ങൾ എന്റെ ഗുരുവാണ്. ഉത്തരം അറിയില്ല എങ്കിൽ ഞാനത് തുറന്ന് പറയുന്നു. പിന്നീട് അല്ലാഹുവിന്റെ സഹായത്താൽ ഞാനത് പഠിക്കുന്നു. എന്റെ അറിവ് വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

266. *തിരുനബി (സ)യെ അദ്ദേഹത്തിന്റെ ജോലിയിൽ സഹായിച്ചിരുന്നത് ആരായിരുന്നു?*

തിരുനബി (സ)യെ സഹായിച്ചിരുന്നത് സഹാബാക്കളായിരുന്നു. സ്വന്തം ജോലിതന്നെ വേണ്ടുവോളം ഉണ്ടായിരുന്നു. പകൽ മുഴുവനും ധാരാളം അദ്ധ്വാനിക്കുകയും രാത്രി തഹജ്ജുദിൽ കഴിച്ച് കൂട്ടുകയും ചെയ്യുക എന്നത് നബിതിരുമേനി (സ)യുടെ സവിശേഷ കഴിവായിരുന്നു.

267. *'നഫ്സ്' എന്നതിന്റെ അർത്ഥമെന്താണ്?*

'നഫ്സ്' എന്നത് അഹം (ഞാൻ) എന്ന ബോധമാണ്. അതിന് ആത്മാവ് (റൂഹ്) എന്നും ജീവൻ എന്നും അർത്ഥമുണ്ട്.

***268. ക്യാൻസർ ആത്മാവിന്റെ രോഗമാണ് എന്ന് പറയാമോ?***

അല്ലാഹുവിനെ അനുസരിക്കാതിരിക്കലല്ല കാൻസർ. ഒരാൾ തുടർച്ചയായി അല്ലാഹുവിനെ ധിക്കരിച്ച്കൊണ്ടേയിരിക്കുന്നുവെങ്കിൽ അതൊരു ആത്മരോഗമാണെന്ന് പറയാം. എന്നാൽ ക്യാൻസർ ശരീരത്തെയാണ് ബാധിക്കുന്നത്.

***269. താങ്കൾ രചിച്ച പുസ്തകങ്ങളിൽ താങ്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകം ഏതാണ്?***

Revelation, Rationality, knowledge and truth ആണ് എന്റെ ഇഷ്ടപ്പെട്ട പുസ്തകം.

***270. ഹാരിപോർട്ടറുടെ പുസ്തകങ്ങളെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?***

അവ തികച്ചും പ്രയോജനശൂന്യവും സമയം വൃഥാ ചെലവഴിക്കുന്നതുമായ പുസ്തകങ്ങളാണ്. അവ വളരെ ദുഷിച്ച ഫലങ്ങൾ ഉളവാക്കുന്നവയാണ്. അത്തരം പുസ്തകങ്ങൾ വായിക്കരുതെന്ന് ക്രിസ്ത്യാനികൾ പറയുന്നതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഒരു നല്ല കാര്യമാണ് അവർ ചെയ്യുന്നത്. അവ അസ്വാഭാവികതയും അയയഥാർത്ഥബോധവും സംജാതമാക്കുന്നു. ഹാരിപോർട്ടറുടെ പുസ്തകങ്ങൾ വായിച്ചശേഷമാണ് ഞാനിത് പറയുന്നത്. വായിക്കുന്നത് മുമ്പല്ല.

## സ്ത്രീകളുമായുള്ള അഭിമുഖം 30.12.2001

***271. ഏത് ഭാഷയാണ് കുട്ടികൾക്ക് പഠിപ്പിക്കേണ്ടത്?***

എല്ലാ കുട്ടികൾക്കും അറബിയും ഉറുദുവും പഠിപ്പിക്കുക. ഈ ഭാഷകൾ ലോകം മുഴുക്കെ പ്രചരിക്കുന്നതായിരിക്കും.

***272. സ്ത്രീകൾക്ക് 'കളാ' (ന്യായവിധി) നടത്താമോ?***

സ്ത്രീകൾക്ക് അവർക്കിടയിൽ ന്യായവിധി നടത്താവുന്നതാണ്. സ്ത്രീകൾക്കിടയിൽ 'ഖാളി'യാകാവുന്നതുമാണ്.

***273. ഞാനൊരു ഡോക്ടർ ആകാൻ ഉദ്ദേശിക്കുവന്നു. എനിക്കെങ്ങനെ ജമാഅത്തിനെ സേവിക്കുവാൻ കഴിയും?***

ഒരു സർജൻ ആവുക. ജമാഅത്തിനെ സകല തുറകളിലും താങ്കൾക്ക് സഹായിക്കാവുന്നതാണ്.

***274. നമ്മുടെ ജീവിതലക്ഷ്യമെന്താണ്?***

അല്ലാഹുവിന്റെ ഗുണങ്ങൾ സ്വായത്തമാക്കുക. അതാണ് നമ്മുടെ ജീവിതലക്ഷ്യം.

***275. ഭാര്യയ്ക്ക് അവളുടെ മാതാപിതാക്കന്മാരെ സേവിക്കുവാനുള്ള അവകാശം ഭർത്താവിന് അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരെ സേവിക്കുവാനുള്ള അവകാശത്തെക്കാൾ കുറവാണോ?***

അല്ല. ഭർത്താവ് തന്റെ ഭാര്യയുടെ കുടുംബാംഗങ്ങളെ തന്റെ കുടുംബാംഗങ്ങളായി കണക്കാക്കി പരിചരിക്കേണ്ടതാണ്. ഭാര്യയും ഭർത്താവും അവരിരുവരുടെയും മാതാപിതാക്കന്മാരെ സ്വന്തം മാതാപിതാക്കന്മാരെപ്പോലെ പരിഗണിച്ച് പരിചരിക്കേണ്ടതാണ്.

***276. ക്ഷീണിതനായിത്തീർന്നാൽ താങ്കൾ എന്താണ് ചെയ്യുക?***

ഞാൻ ക്ഷീണിതനായിത്തീർന്നാൽ എനിക്ക് ഉറക്കം വരാറില്ല. പെരുന്നാൾ ദിവസങ്ങളിൽ ഞാൻ വളരെ ക്ഷീണിതനായിത്തീരാറുണ്ട്.

## ബങ്കാളികളുമായുള്ള അഭിമുഖം 30.5.2000

***277. മൂസാനബിയുടെ കാലത്തെ ഫിർഔനെപ്പറ്റി പറയുന്ന വിശുദ്ധഖുർആനിലെ സൂറ യൂനുസി (അദ്ധ്യായം 10)ൽ 91 മുതൽ 93 വരെ ആയത്തുകളിൽ അവസാന കാലത്തെ ജനങ്ങളുടെ അടയാളം എന്താണ്?***

വിശുദ്ധഖുർആനിലെ 10ാം അദ്ധ്യായം 91 മുതൽ 93 വരെയുള്ള ആയത്തുകൾ ഇറങ്ങിയ സമയത്ത് എല്ലാവരും വിചാരിച്ചിരുന്നത് ഫിർഔന്റെ ശരീരം മുങ്ങിപ്പോയി എന്നാണ്.

ശരീരം രക്ഷപ്പെട്ടുവെന്ന കാര്യത്തിൽ ബൈബിൾ ഒന്നും തന്നെ പറയുന്നില്ല. ഈ രംഗത്തിന് സാക്ഷികളായവരും വിചാരിച്ചിരുന്നത് ഫിർഔൻ മുങ്ങിമരിച്ചു എന്നാണ്. ആരാണ് ഇതിനെ സംബന്ധിച്ച് നബിതിരുമേനി (സ)യോട് പറഞ്ഞത്? ജനങ്ങൾ പറയുന്നു നബി (സ) കാര്യങ്ങൾ ബൈബിളിൽ നിന്ന് പകർത്തിയതാണെന്ന്. നബിതിരുമേനി ഒരിക്കലും തന്നെ അങ്ങനെ പകർത്തിയിട്ടില്ല. അദ്ദേഹം അത് പകർത്തിയിരുന്നുവെങ്കിൽ ബൈബിളിൽ ഉള്ളപോലെയായിരിക്കും അദ്ദേഹം എഴുതിയിരിക്കുക. ആ കാലത്തെ ജനങ്ങൾക്ക് അറിയാത്ത കാര്യങ്ങളായിരുന്നു അദ്ദേഹം പറഞ്ഞത്. ഫിർഔൻ മുങ്ങിമരിക്കാതെ രക്ഷിക്കപ്പെടുകയാണുണ്ടായതെന്ന് പിന്നീട് കണ്ടെത്തുമെന്ന് അദ്ദേഹം പ്രവചിച്ചു. മുങ്ങിമരിക്കുവാൻ പോകുന്ന ഫിർഔൻ അനുഭവിക്കുന്ന യാതനകളെക്കുറിച്ചുള്ള തെളിവുകൾ ഭൗതിക ശരീരം പരിശോധിച്ചപ്പോൾ കണ്ടെത്തിയിട്ടുണ്ട്. 90 വർഷം ജീവിക്കുകയും യാതനകൾ അനുഭവിക്കുകയും ചെയ്ത ഫിർഔനെസംബന്ധിച്ച് നബിതിരുമേനി (സ.അ) പറഞ്ഞിട്ടുണ്ട്. മൂസാനബിയുടെ കാലത്ത് ജീവിച്ചിരുന്ന ഫിർഔന്റെ ജഡം കണ്ടുപിടിച്ചത് ക്രിസ്ത്യാനികളായിരുന്നു. മുസ്ലിംകളല്ല. മേലുദ്ധരിച്ച ചെറിയ ഖുർആൻ വചനം ഒരത്ഭുതം (മുഅ്ജിസത്ത്) തന്നെയാണ്.

***278. ബാബർ ചക്രവർത്തിയുടെ പുത്രനായ ഹുമയൂൺ മരണാസന്നമായ നിലയിൽ രോഗഗ്രസ്തനായപ്പോൾ തനിക്ക് ഏറ്റവും പ്രിയപ്പെട്ട തന്റെ ജീവൻ സ്വീകരിച്ചു കൊണ്ട് തന്റെ മകനെ മരണത്തിൽ നിന്ന് രക്ഷിക്കണമെന്ന് പ്രാർത്ഥിക്കാൻ ആരോ ബാബർ ചക്രവർത്തിയെ ഉപദേശിച്ചിരുന്നു. ഇക്കാര്യത്തിൽ താങ്കളുടെ അഭിപ്രായമെന്താണ്?***

(ബാബറിനെ ഉപദേശിക്കാനുള്ള സമയം കഴിഞ്ഞുപോയി എന്ന് ഹുസൂർ പറയുകയുണ്ടായി.)

ഹുമയൂണിന്റെ ആരോഗ്യകരമായ ജീവിതത്തിനാണ് ഞാൻ പ്രഥമപരിഗണന നൽകുന്നതെന്നും അതിനാൽ ഹുമയൂൺ

ആരോഗ്യത്തോടെ ജീവിക്കുന്നത് കാണാൻ തനിക്ക് ദീർഘായുസ്സ് നൽകണമെന്ന് ബാബറിന്ന് പ്രാർത്ഥിക്കാമായിരുന്നു. ഹുമയൂണിനെ രോഗവിമുക്തനാക്കാൻ എന്തെങ്കിലും പ്രിയപ്പെട്ട വസ്തു ബലികഴിക്കണമെങ്കിൽ അത് തന്റെ ജീവൻ തനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ് എന്നും അദ്ദേഹത്തിന് പറയാമായിരുന്നു. ഇത്രമാത്രമാണ് അദ്ദേഹം പറയേണ്ടിയിരുന്നത്. അതിൽ കൂടുതലായി ഒന്നും പറയേണ്ടതില്ല.

***279. നോബൽ സമ്മാനം നൽകുന്നതിന് എന്തെങ്കിലും മുൻവിധിയുണ്ടോ?***

നോബൽ സമ്മാനം നൽകുന്നതിന് യാതൊരു മുൻവിധിയുമില്ല. അത്ഭുതകരമായ ഭാരിച്ച പ്രവൃത്തിയാണ് ശാസ്ത്രജ്ഞൻ ചെയ്യുന്നത്. ശാസ്ത്രത്തിലുള്ള അവരുടെ മഹത്തായ കണ്ടുപിടിത്തങ്ങൾക്ക് അവർ നോബൽ സമ്മാനമർഹിക്കുന്നു.

***280. കത്തുകളിൽ ചിലപ്പോൾ താങ്കൾ സ്വയം ഒപ്പിടുന്നു. ചിലവയിൽ പ്രൈവറ്റ് സിക്രട്ടറിയാണ് ഒപ്പിടുന്നത്. താങ്കൾ എങ്ങനെയാണ് ഇത് തീരുമാനിക്കുന്നത്?***

മരണം, വിവാഹം, ശിശുവിന്റെ ജനനം എന്നീ കാര്യങ്ങളടങ്ങിയ കത്തുകളിൽ ഞാൻ തന്നെ ഒപ്പിടുന്നു. പ്രൈവറ്റ് സെക്രട്ടറി ഒപ്പിട്ട് അയക്കുന്ന കത്തുകളിൽ എന്റെ സന്ദേശം തന്നെയാണ് ഉള്ളത്. അങ്ങനെയല്ലാത്ത പക്ഷം കത്തുകളിൽ ഒപ്പിടാൻ വേണ്ടി മാത്രം ദിവസത്തിന്റെ പകുതി ഭാഗം എനിക്ക് വിനിയോഗിക്കേണ്ടിവരും.

## കുട്ടികളുമായുള്ള അഭിമുഖം 12.7.2000

***281. പള്ളിയുടെ പേര് താങ്കൾ എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത്?***

ഞാൻ അല്ലാഹുവിന്റെ ഗുണനാമങ്ങൾ (സിഫത്തുകൾ) മനസ്സിൽകാണും. പള്ളിയുടെ നിർമ്മാണത്തിൽ ചില വ്യക്തികൾ ഭീമമായ തുക സംഭാവന ചെയ്തതായി മനസ്സിലാക്കുന്നു. ആ വ്യക്തിയുടെ പേര് അബ്ദുർറഹ്മാൻ അല്ലെ

ങ്കിൽ അബ്ദുറഹീം എന്നാണെങ്കിൽ പള്ളിയുടെ പേര് റഹ്മാൻ മോസ്ക്, അല്ലെങ്കിൽ റഹീം മോസ്ക് എന്ന് വെക്കുന്നു.

***282. കബറിടങ്ങളിൽ പുഷ്പാർച്ചന നടത്താമോ? അത് വിരോധിക്കപ്പെട്ടതാണോ?***

നമ്മൾ പ്രാർത്ഥന മാത്രം നടത്തുന്നു. സൂറഫാത്തിഹയാണ് ഏറ്റവും ഉത്തമമായ ദുആ. പൂക്കൾ അർപ്പിക്കുന്നത് സുന്നത്തല്ല. പൂക്കൾ വെക്കുന്നത് വിരോധിക്കപ്പെട്ടിട്ടില്ല. പക്ഷേ അങ്ങനെ ചെയ്യാതിരിക്കുന്നതാണ് നല്ലത്.

***283. അഹ്മദിയ്യത്ത് ലോകം മുഴുവൻ വ്യാപിക്കുകയാണെങ്കിൽ മർക്കസ് എവിടെയായിരിക്കും?***

അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ. മക്കയോ മദീനയോ ആയിരുന്നാൽ നന്നായിരുന്നു. നബിതിരുമേനി (സ)യുടെ അവസാനത്തെ മർക്കസ് മദീനയായിരുന്നു. അത് റബ്വയോ ഖാദിയാനോ ആയേക്കാം. അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

***284. കുട്ടികൾ എത്രസമയം ഉറങ്ങണം?***

നിങ്ങൾ (അത്ഫാൽ) എട്ടോ പത്തോ മണിക്കൂർ ഉറങ്ങണം. പത്താണ് നല്ലത്. മുതിർന്നവർ ആകെ സമയത്തിന്റെ മൂന്നിലൊന്നാണ്, അതായത് 24 മണിക്കൂറിന്റെ മൂന്നിലൊന്നായ 8 മണിക്കൂർ ഉറങ്ങണം. മുമ്പ് ഞാൻ വെറും 3 മണിക്കൂർ മാത്രമാണ് ഉറങ്ങിയിരുന്നത്. എന്നിട്ടും എനിക്ക് ധാരാളം ജോലികൾ ചെയ്യാൻ സാധിക്കാറുണ്ട്. നിങ്ങൾ (അത്ഫാൽ) ചുരുങ്ങിയത് 8 മണിക്കൂറെങ്കിലും ഉറങ്ങണം. പക്ഷേ നമസ്കാരത്തിന് അതിന്റെ സമയത്തുതന്നെ എഴുന്നേൽക്കണം.

***285. ക്രിസ്ത്യാനികൾക്ക് ബൈബിൾ പാരായണം ചെയ്താൽ പ്രതിഫലം ലഭിക്കുമോ?***

വിശുദ്ധഖുർആൻ പറയുന്നത് അവർ തങ്ങളുടെ വേദഗ്രന്ഥം പാരായണം ചെയ്യണം എന്നാണ്. സാത്വികരായ ക്രിസ്ത്യാ

നികൾക്ക് മാത്രമേ പ്രതിഫലം ലഭിക്കുകയുള്ളൂ. എന്നാൽ അവർ ബൈബിളിന് തെറ്റായ വ്യാഖ്യാനം നൽകുകയും തെറ്റായ അർത്ഥം നൽകി യേശുവിനെ ദൈവമാക്കുകയും അദ്ദേഹത്തെ ആരാധിക്കണമെന്ന് പറയുകയും ചെയ്താൽ അതിന് പ്രതിഫലം കിട്ടുകയില്ലെന്ന് മാത്രമല്ല, അതൊരു പാപവുമായിരിക്കും.

***286. യാത്ര ചെയ്യുന്നതിനെസ്സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?***

യാത്ര ചെയ്യുന്നത് മുഖേന അറിവ് വർദ്ധിക്കുന്നു. പുരാതന സമൂഹങ്ങളുടെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണാൻ സാധിക്കുകയും അല്ലാഹുവിന്റെ ശിക്ഷയുടെ ദൃഷ്ടാന്തങ്ങൾ കാണാൻ സാധിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ റഹ്മത്തിന്റെ അടയാളങ്ങളും കാണാൻ സാധിക്കും. നിങ്ങളുടെ നയനങ്ങൾ തുറന്ന് വെക്കുക. പ്രകൃതിയെ മാത്രം കാണാതെ അതിന്റെ പിന്നിലുള്ള ദൈവഹസ്തങ്ങൾ കാണുക.

***287. ക്രിസ്ത്യാനിയോ ഹിന്ദുവോ ആയ സുഹൃത്തിന്റെ വീട്ടിൽവെച്ച് നമസ്ക്കരിക്കാൻ പാടുണ്ടോ?***

പാടുണ്ട്. പക്ഷെ വൃത്തിയുള്ള സ്ഥലമായിരിക്കണം. നിങ്ങൾ നമസ്കരിക്കുന്നതിന്റെ മുമ്പിൽ ബിംബം ഉണ്ടാവാൻ പാടില്ലാത്തതാണ്.

***288. നമസ്ക്കരിക്കുന്ന ഒരാളുടെ മുമ്പിൽ കൂടി എത്രദൂരം വിട്ട് നടക്കണം?***

നമസ്കരിക്കുന്ന ആൾ സുജൂദ് ചെയ്യുന്ന സ്ഥലം വിട്ട് നടക്കാം. എങ്കിലും അങ്ങനെ നടന്ന് നമസ്കരിക്കുന്നവനെ ശല്യം ചെയ്യരുത്. എന്നാൽ ആവശ്യം വരികയാണെങ്കിൽ മേൽപറഞ്ഞ ദൂരം പാലിക്കണം. നമസ്ക്കരിക്കുന്ന ആൾ സുജൂദ് ചെയ്യുന്ന സ്ഥലത്തേക്ക് നോക്കണം എന്ന് നബി (സ) പറഞ്ഞിട്ടുണ്ട്. അങ്ങനെയാവുമ്പോൾ നിങ്ങൾ നടന്നുപോവുമ്പോൾ നമസ്കരിക്കുന്ന ആൾക്ക് ശല്യമുണ്ടാ

കില്ല. എന്നാൽ ചിലർ നമസ്കരിക്കുമ്പോൾ നേരെ നോക്കുന്നു. അപ്പോൾ ആരെങ്കിലും അവരുടെ മുമ്പിൽ കൂടി പോകുകയാണെങ്കിൽ അത് ശല്യമായിത്തീരും.

***289. നമസ്ക്കാരത്തിലല്ലാതെ വേറെ ഏതെങ്കിലും വഴിയിൽ കൂടി ദൈവസ്മരണ സാധ്യമാണോ?***

സദാസമയവും ദൈവത്തെ സ്മരിച്ചുകൊണ്ടിരിക്കുക. ദിക്റെ ഇലാഹി എപ്പോഴും വേണം. പ്രകൃതിയെ നോക്കി അല്ലാഹുവിനെ സ്മരിക്കുക. നിങ്ങൾക്കെല്ലാ സമയവും അല്ലാഹുവിനെ സ്മരിക്കാൻ സാധിക്കും. കൈകൾകൊണ്ട് ജോലി ചെയ്യുമ്പോൾ ഹൃദയത്തിൽ അല്ലാഹുവിനെ സ്മരിക്കുക. നിങ്ങൾക്ക് സ്ഥിരമായി അല്ലാഹുവിനെ സ്മരിക്കാൻ സാധിക്കും.

## ജർമ്മൻകാരുമായുള്ള അഭിമുഖം 17.8.2000

***290. മാതാപിതാക്കളുടെ നന്മ മക്കൾക്ക് പരമ്പരാഗതമായി കിട്ടുമോ?***

കുട്ടികൾ ജനിക്കുന്നത് സൽപ്രകൃതിയിലാണ്. സാഹചര്യമാണ് അവരിൽ മാറ്റമുണ്ടാക്കുന്നത്. കുട്ടികളുടെ പെരുമാറ്റത്തിൽ മാതാപിതാക്കളുടെ സാദൃശ്യമുണ്ട്. ഇരിക്കുക, നിൽക്കുക, പുഞ്ചിരിക്കുക എന്നിവയിലാണ് ഈ സാദൃശ്യം. എന്നാൽ നന്മയിൽ മാതാപിതാക്കളോട് സാദൃശ്യമുണ്ടായിക്കൊള്ളണമെന്നില്ല. വളരെ സൽപ്രകൃതിയുള്ള മാതാപിതാക്കൾക്ക് ചിലപ്പോൾ വളരെ മോശക്കാരായ സന്താനങ്ങൾ ഉണ്ടാകാറുണ്ട്.

***291. പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനത്തിന് വളരെയധികം പണം ചെലവുചെയ്യപ്പെടുന്നു. ഇത് ദുർവ്യയമാണോ?***

അല്ല. എല്ലാ ശാസ്ത്രങ്ങളും പുരോഗതി പ്രാപിച്ചത് പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനംകൊണ്ടാണ്. ഭൗതികശാസ്ത്രം പുരോഗമിച്ചത് പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനംകൊണ്ടാണ്. ഐൻസ്റ്റീന്റെ ആപേക്ഷിക സിദ്ധാന്തവും ക്വാണ്ടം തിയറിയും പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനഫലമായിരുന്നു. അത്

വളരെ ഗുണപ്രദമാണ്. വളരെ പുരോഗതി അതുവഴിയുണ്ടായിരുന്നു.

292. ***മരണാനന്തര ജീവിതത്തെ ഐഹിക ജീവിതത്തേക്കാൾ സ്നേഹിക്കുന്നതെങ്ങനെയാണ്?***

ഐഹികജീവിതവും പരലോക ജീവിതവുമായി ഏറ്റുമുട്ടുമ്പോൾ നിങ്ങൾ പരലോകജീവിതത്തിന് മുൻഗണന നൽകുക. നിങ്ങൾ ഈ ലോകത്ത് ജീവിക്കുമ്പോൾ മനുഷ്യകുലത്തേയും ജന്തുക്കളേയും സ്നേഹിക്കണം, എന്തെന്നാല് അവയെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണ്.

293. ***വാഗ്ദത്ത മസീഹിന്റ ഖിലാഫത്തിന്റെ ബർക്കത്തുകളെക്കുറിച്ച് എനിക്ക് അറിയാം. എന്നാൽ 'ഖിലാഫത്തർറാശിദയെക്കുറിച്ച്' എനിക്കറിയില്ല. അത് സംബന്ധമായി എനിക്ക് പറഞ്ഞുതരാമോ?***

ഖിലാഫത്തുർറാശിദയുടെ ബർക്കത്താണ് ഇന്ന്വരെ ആവർത്തിക്കപ്പെടുകയും തുടരുകയും ചെയ്യുന്നത്. ഹസ്റത്ത് അബൂബക്കർ (റ)യുടെ ബർക്കത്താണ് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)യുടെ കാലത്ത് ആവർത്തിച്ചിരിക്കുന്നത്. ഹസ്റത്ത് ഉമർ (റ)യുടെ ബർക്കത്താണ് ഖലീഫത്തുൽ മസീഹ്സ്സാനി (റ)യുടെ കാലഘട്ടത്തിൽ ആവർത്തിച്ചിരിക്കുന്നത്. ഹസ്റത്ത് ഉസ്മാൻ (റ)യുടെ ബർക്കത്താണ് ഖലീഫത്തുമസീഹ് സ്സാലിസ് (റഹ്)യുടെ കാലഘട്ടത്തിൽ ആവർത്തിച്ചിരിക്കുന്നത്. ഹസ്റത്ത് അലി (റ)യുടെ ബർക്കത്താണ് എന്റെ കാലത്ത് ഇപ്പോൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്.

294. ***പാക്കിസ്താനിൽ സ്വയംരക്ഷക്കുവേണ്ടി നമുക്കെന്തുകൊണ്ട് പ്രതിരോധിച്ചുകൂട?***

നാം സ്വയരക്ഷക്കുവേണ്ടി പ്രതിരോധിക്കുകയാണെങ്കിൽ അത് മറ്റുള്ളവരേക്കൂടി ബാധിക്കും. അതുകൊണ്ട് അത് വിഡ്ഢിത്തമാണ്. പാക്കിസ്താനിൽ പട്ടാളം ജമാഅത്തിനെ മെരുക്കിക്കളയും. ആവേശക്കൂടുതൽ കാരണം ചില അഹ്മദികൾ പ്രതിരോധത്തിലേർപ്പെടാറുണ്ട്. അത് മറ്റുള്ള

അഹ്മദികളെ പ്രതികൂലമായി ബാധിക്കുന്നു. അതുകൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നത് ബുദ്ധിപൂർവ്വം പ്രതിരോധി ക്കണമെന്നാണ്. അത് നല്ല ഫലങ്ങളുളവാക്കും.സാഹചര്യ ങ്ങൾ വഷളാക്കുകയില്ല.

***295. ഭ്രാന്തിപ്പശു രോഗത്തിനുള്ള ചികിത്സയെന്ത്?***

ഹോമിയോപ്പതിയിൽ ഇതിനെക്കുറിച്ച് ഗവേഷണം നടത്തേ ണ്ടതുണ്ട്; തീർച്ചയായും ഇതിനുള്ള ശമനം അതിലുണ്ട്. അലോപ്പതിയിൽ ഗവേഷണങ്ങൾ നടക്കുന്നുണ്ടെങ്കിലും ശരി. അത് രക്തം കട്ടപിടിക്കുന്നതിനാലാണ് ഉണ്ടാവുന്ന തെങ്കിൽ കാത്സ്യത്തിന്റെ കുറവും ചില ഞരമ്പുകളെ ബാധി ക്കുന്നതുമൂലവുമാവാം. അലോപ്പതിയിൽ നടത്തിയ ഗവേ ഷണങ്ങളിൽനിന്ന് ഫലം ഉൾക്കൊണ്ട് ഹോമിയോപ്പതി മരുന്ന് കണ്ടുപിടിക്കാൻ ശ്രമിക്കണം. അഥവാ ആ മരുന്ന് പ്രവർത്തിക്കുന്നില്ലെങ്കിൽ അതിനർത്ഥം അതിനെക്കുറി ച്ചുള്ള അറിവ് നമുക്ക് ലഭിച്ചില്ലെന്നാണ്. തീർച്ചയായും ഇതി നുള്ള മരുന്ന് ഹോമിയോപ്പതിയിലുണ്ട്.

***296. വീട്ടിൽ മൃഗങ്ങളെ (Pets) വളർത്താമോ?***

വീട്ടിന്റെ ഘടനയെ ബാധിക്കുന്ന മുയലുകളെപ്പോലുള്ള ജന്തുക്കളെ വളർത്തരുത്. അല്ലാത്തവയെ വളർത്താം. നിങ്ങൾ പക്ഷികളെ കൂട്ടിലടച്ച് വളർത്തുകയാണെങ്കിൽ അത് അവയ്ക്ക് അസഹ്യമാണ്. അത് അക്രമമാണ്. അവയെ കൂട്ടിലടച്ച് വളർത്തരുത്. അങ്ങനെ വളർത്തിയാൽ അദ്ധ്വാ നിക്കാനും ആഹാരം സമ്പാദിക്കാനും അവയ്ക്കറിയാതെ വരും. ഒരു മൃഗത്തോടും ക്രൂരത കാണിക്കാൻ പാടില്ല.

ഞാനൊരു തത്തയെ വളർത്തിയിരുന്നു. അതിലെ തെറ്റ് മനസ്സിലാക്കി ഞാനതു തുറന്നുവിട്ടപ്പോൾ അത് പറ ക്കാൻതന്നെ മറന്നുപോയിട്ടുണ്ടായിരുന്നു.

***297. ഒരു ഔഷധമെന്ന നിലിയിൽ ബ്രാൻഡി അനുവദനീയ മാണോ?***

അതെ, ചെറിയ തോതിൽ ബ്രാൻഡി ഔഷധമെന്ന നില യിൽ ഉപയോഗിക്കാവുന്നതാണ്. കുട്ടികളിൽ ചിലപ്പോൾ

അത് ആവശ്യമായി വരും. അല്ലെങ്കിൽ അവർക്ക് ന്യൂമോണിയ ബാധിച്ചേക്കാം. ജീവൻ രക്ഷിക്കാൻ ആവശ്യമായത്ര ഉപയോഗിക്കാവുന്നതാണ്.

## യുവലജനകളുമായുള്ള അഭിമുഖം 10.6.2001

**298. *ആർക്കാണ് നാം വോട്ടുചെയ്യേണ്ടത്? (യു കെ ജനറൽ ഇലക്ഷനിൽ)***

അഹ്മദികളുടെ ഇഷ്ടത്തിനനുസരിച്ച് വോട്ടുചെയ്തുകൊള്ളാനാണ് ഞാൻ പറയുന്നത്. ഖുർആനിക അദ്ധ്യാപനമനുസരിച്ചായിരിക്കണം വോട്ട് ചെയ്യേണ്ടത്. ഉത്തരവാദിത്വമേൽപ്പിക്കാൻ ഏറ്റവും യോഗ്യരായവർക്ക് വോട്ട് ചെയ്യുക. അതുകൊണ്ട് ഞാൻ അഹ്മദികളോട് പറയുന്നത് വോട്ടു ചെയ്യുമ്പോൾ പാർട്ടി നോക്കാതെ സ്ഥാനാർത്ഥിയുടെ വ്യക്തിഗുണങ്ങൾ നോക്കി അവർക്ക് വോട്ടുചെയ്യുക. ആരാണ് സത്യസന്ധരും, ആത്മാർത്ഥതയുള്ളവരും, അനുയോജ്യരുമെന്ന് നോക്കുക; പാർട്ടി നോക്കരുത്.

**299. *അല്ലാഹു പറയുന്നു 'അവൻ ഇഷ്മുള്ളവർക്ക് അവൻ കൊടുക്കും. ഇഷ്ടമില്ലാത്തവർക്ക് കൊടുക്കുകയില്ല'. അതെന്താണ് അങ്ങനെ?***

ഈ ജീവിതം ഒരു പരീക്ഷണമാണ്. അല്ലാഹു നമ്മെ പരീക്ഷിക്കുന്നു. അനുയോജ്യമെന്ന് തോന്നുന്നവർക്ക് അവൻ കൊടുക്കുന്നു. ചില ധനികർക്ക് കൂടുതൽ ലഭിക്കുന്നു. ചില പാവപ്പെട്ടവർക്ക് ഒന്നും ലഭിക്കുന്നില്ല. ഇതവരെ പരീക്ഷിക്കാൻ വേണ്ടിയാണ്. പല അഹ്മദികളും ദരിദ്രാവസ്ഥയിലും ഉറച്ചുനിന്നുകൊണ്ട് ചന്ദ കൊടുക്കുന്നു. ദരിദ്രാവസ്ഥയിൽതന്നെ അവർ സാമ്പത്തിക ത്യാഗങ്ങൾ വരിക്കുന്നു. അല്ലാഹു അവരെ അനുഗ്രഹിക്കും. പക്ഷേ ഇതുമാത്രമല്ല ദാരിദ്ര്യത്തിന്റെ കാരണം. ഇസ്ലാമിക സംവിധാനം പ്രാവർത്തികമാക്കുകയാണെങ്കിൽ ആരുംതന്നെ ദരിദ്രരായിട്ടുണ്ടായിരിക്കുകയില്ല. എല്ലാവർക്കും ഭക്ഷണവും വസ്ത്രവും പാർപ്പിടവും വെള്ളവും നൽകപ്പെടുന്നതായിരിക്കും.

***300. പുരുഷൻമാരുടെ പർദ്ദ എന്താണ്?***

സ്ത്രീകളുടെ കാണുമ്പോൾ ചീത്ത ദൃഷ്ടിയോടെ നോക്കാതിരിക്കുക എന്നതാണ് പുരുഷൻമാരുട പർദ്ദ. ദൃഷ്ടി കീഴ്പ്പോട്ടിടുക എന്നതാണ് അവരുടെ പർദ്ദ. എന്നാൽ സ്ത്രീകളോട് സംസാരിക്കുമ്പോൾ അവർക്കവരെ കാണാം. എന്നാൽ ദുർനോട്ടം അരുത്.

***301. 'അക്യൂ പാക്ചറിനെ' നെകുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? അത് വാസ്തവമാണോ?***

കുടലിൽ ക്യാൻസർ ബാധിച്ച ഒരാളെ, കുടലിന്റെ മുക്കാൽഭാഗവും ക്യാൻസർ തിന്നുകഴിഞ്ഞിരുന്നു, അയാളുടെ കൈകളിൽ ചില സൂചികൾ കുത്തിവെക്കുകയും അതിനുശേഷം അയാളോട് പത്രം വായിക്കാൻ പറയുകയും ചെയ്തു. എന്നിട്ട് അവർ കുടലിന്റെ ഭാഗം മുറിച്ചുനീക്കി. അതിനുശേഷം അയാൾക്ക് പാല് കുടിക്കാൻ കൊടുത്തു. അല്ലാഹു മനുഷ്യശരീരത്തിൽ ഗോജരക്തം നശിപ്പിക്കുന്നു. ചില സ്ഥാനങ്ങൾ വെച്ചിട്ടുണ്ട്. അവ എങ്ങനെ സംഭവിക്കുന്നു എന്നു നമുക്കറിയില്ല.

***302. 'റൂഹുൽ ഖുദ്സ്' എന്താണ്?***

ജിബ്രീൽ. 'റൂഹുൽ ഖുദ്സ്' നൻമ ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കും. ഇതാണ് റൂഹുൽ ഖുദ്സ്. നല്ല ചിന്തകൾ ഉള്ളിൽ നിന്ന് വരുമ്പോൾ അതിനനുസരിച്ച് നിങ്ങൾ പ്രവർത്തിക്കേണ്ടതാണ്.

***303. അനീതി പ്രവർത്തിച്ച ഉദ്യോഗസ്ഥന് എതിരെ നിയമനടപടിക്ക് കേസു കൊടുക്കാമോ?***

അതെ, അനീതി പ്രവർത്തിച്ച ഡിപ്പാർട്ട്മെന്റിനെതിരെ നിങ്ങൾക്ക് കേസ് ഫയൽ ചെയ്യാവുന്നതാണ്.

***304. ജോലി ചെയ്യാതെ സമരം ചെയ്യണമെന്ന് യൂനിയൻ ആവശ്യപ്പെട്ടാൽ ആ സമരത്തിൽ അഹ്മദികൾക്ക് പങ്കെടുക്കാമോ?***

സർക്കാർ അംഗീകരിച്ച നിയമാനുസൃതമായ യൂനിയനാ

ണെങ്കിൽ, സമരം ചെയ്യാനുള്ള അവകാശം യൂനിയനുണ്ടെങ്കിൽ അഹ്മദികൾ സമരത്തിൽ പങ്കെടുക്കേണ്ടതാണ്. പക്ഷേ സർക്കാർ ആ സമരം നിയമവിരുദ്ധമായി പ്രഖ്യാപിച്ചാൽ അഹ്മദികൾ സമരം ചെയ്യാതെ ജോലിക്ക് പോകേണ്ടതാണ്.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 11.6.2001

***305. ഒരു സംസ്ഥാനത്തിന് സ്വയംഭരണാവകാശത്തിനുവേണ്ടി ആവശ്യപ്പെടാമോ?***

മറ്റു സംസ്ഥാനങ്ങൾ അവരോട് മോശമായിപെരുമാറുന്നുവെന്ന് അവർക്ക് തോന്നുകയാണെങ്കിൽ അവർക്ക് അങ്ങനെ ആവശ്യപ്പെടാവുന്നതാണ്.

***306. തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യൽ നിർബന്ധമാണോ?***

വോട്ടുചെയ്യാനുള്ള അവകാശം വിനിയോഗിക്കണം. സത്യസന്ധനായ ആൾക്ക് നിങ്ങൾ വോട്ട് ചെയ്യുക; പാർട്ടിക്കല്ല. നിങ്ങളുടെ താത്പര്യങ്ങൾ സത്യസന്ധതയോടെ സംരക്ഷിക്കുമെന്ന് തോന്നുന്ന വ്യക്തിക്ക് വോട്ടു ചെയ്യുക.

***307. എഞ്ചിനിയർമാരും ഡോക്ടർമാരും മറ്റു ചില അഹ്മദികളും സാമ്പത്തിക വ്യവഹാരത്തിൽ ( Financial Business) എർപ്പെടുന്നുണ്ട്. ഇതിനെക്കുറിച്ച് താങ്കളുടെ നിർദേശമെന്താണ്?***

എന്ത് സാമ്പത്തിക വ്യവഹാരമാണെന്ന് എനിക്കറിയില്ല. ചില സാമ്പത്തിക വ്യവഹാരങ്ങൾ വളരെ അപകടകരമാണ്. അത് വൻശക്തികളാൽ നിയന്ത്രിക്കപ്പെടുന്നതാണ്. അഹ്മദികൾക്ക് നഷ്ടം സംഭവിക്കും. എന്റെ അഭിപ്രായം അഹ്മദികൾ സാമ്പത്തിക വ്യവഹാരത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്നാണ്.

***308. ജൂതൻമാരും ക്രിസ്ത്യാനികളുമായുള്ള ചങ്ങാത്തം വിരോധിച്ചിട്ടുണ്ടല്ലോ. അവരുടെ വികാരത്തെ വ്രണപ്പെടുത്താതെ ഇക്കാര്യം എങ്ങനെ അവരെ ധരിപ്പിക്കും?***

ജൂതൻമാരോടും ക്രിസ്ത്യാനികളോടും ചങ്ങാത്തം കൂടരുത് എന്ന് ഖുർആൻ പറഞ്ഞത് നിങ്ങൾ അവരിലേക്ക് ചായുകയും ഇസ്‌ലാമിനെ ഉപേക്ഷിക്കുകയും ചെയ്യരുത് എന്ന അർത്ഥത്തിലാണ്. ഖുർആൻ പറയുന്നത് അവരോട് ദയാപൂർവ്വം പെരുമാറുകയും നീതി പാലിക്കുകയും ചെയ്യണമെന്നാണ്. സുഹൃദ്ബന്ധം വിരോധിച്ചിട്ടില്ല. അവരിലേക്ക് ചായുകയും ഇസ്‌ലാമിനെ ഉപേക്ഷിക്കുകയും ചെയ്യുന്നതിനെയാണ് വിരോധിച്ചത്.

***309. ആദം നബി(അ)ക്ക് പുത്രിമാരുണ്ടായിരുന്നുവോ?***

ഇതൊരു രസകരമായ ചോദ്യമാണ്. ഏതെങ്കിലും പെൺകുട്ടികളെക്കുറിച്ചുള്ള പ്രതിപാദനം എവിടെയും ഞാൻ കണ്ടിട്ടില്ല.

***310. എങ്ങനെയാണ് നിഷ്കളങ്കത നില നിർത്തിക്കൊണ്ട്തന്നെ വിജ്ഞാനം വർദ്ധിപ്പിക്കാൻ സാധിക്കുക?***

യഥാർത്ഥ നിഷ്ക്കളങ്കത വിജ്ഞാനത്തോടൊപ്പമുണ്ടാകുന്നതാണ്. വിജ്ഞാനമില്ലാത്ത നിഷ്കളങ്കത വിഡ്ഢിത്തമാണ്. വിജ്ഞാനം നേടുകയും തിന്മകളിൽനിന്ന് സ്വയം രക്ഷപ്പെടുകയും ചെയ്യുന്നതാണ് യഥാർത്ഥ നിഷ്കക്കളങ്കത. ഷണ്ഠൻമാർക്ക് ആരോടും ആകർഷണം തോന്നാറില്ല. അത് നിഷ്ക്കളങ്കത കൊണ്ടല്ല. അതവരുടെ കഴിവ് കേടുകൊണ്ടാണ്. തിൻമയിലേർപ്പെടാനുള്ള കഴിവും ശക്തിയും ഉണ്ടായിരിക്കെ അതിൽ നിന്ന് വിട്ടു നിൽക്കലാണ് യഥാർത്ഥ നിഷ്ക്കളങ്കത.

***311. തബ്‌ലീഗ് ചെയ്യാൻ നാണം തോന്നുകയാണെങ്കിൽ എന്താണ് ചെയ്യേണ്ടത്?***

മൂസാനബി (അ) ചെയ്തതുപോലെ ദുആ ചെയ്യുക. പ്രബോധനത്തിലേർപ്പെടാനും ആശയം പ്രകടിപ്പിക്കാനും അതാണ് ഏറ്റവും നല്ല ദുആ (വി.ഖു. 20:26-29). ഈ ദുആയുടെ സ്വീകാര്യതയുടെ തെളിവായി മൂസാനബി ആവശ്യപ്പെട്ടതു[illegible]ലെ, കൂടുതൽ സംസാരിക്കാനും കാര്യങ്ങൾ അവതരി[illegible]ാനും കഴിവുള്ള അദ്ദേഹത്തിന്റെ സഹോദ

രനെ കൂടെ കൊണ്ടുപോകാൻ അല്ലാഹു അനുവദിച്ചുവെങ്കിലും യഥാർത്ഥ സന്ദർഭം വന്നപ്പോൾ മൂസാനബി തന്നെ സംസാരിക്കുകയും സഹോദരൻ മൗനം പാലിക്കുകയുമാണ് ചെയ്തത്.

## ബംഗാളികളുമായുള്ള അഭിമുഖം 12.6.2001

**312. *യു.എസ്.എ. മനുഷ്യനെ ക്ലോൺ ചെയ്യുന്നതിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്താണ്?***

ക്ലോണിംഗിനെ ഞാൻ ശക്തമായി എതിർക്കുന്നു. ക്ലോൺ ചെയ്ത കുട്ടിക്ക് മാതാവും പിതാവും ഉണ്ടായിരിക്കുകയില്ല. അവർ യാന്ത്രികമായി സൃഷ്ടിക്കപ്പെടുകയാണ്. ദയാ കാരുണ്യം മുതലായ വികാരങ്ങൾ അവർക്കുണ്ടാവുകയില്ല. ഇത് വളരെ അപകടകരമാണ്. ക്ലോൺ ചെയ്യപ്പെട്ട ശക്തരായ ആളുകളുടെ ഒരു സൈന്യത്തെ ഉണ്ടാക്കുകയാണെങ്കിൽ അവർക്ക് രാജ്യസ്നേഹം എന്ന വികാരം ഉണ്ടാവുന്നതല്ല. അവർ വെറും യന്ത്രങ്ങളായിരിക്കും. ഗ്ലോണിംഗ് വളരെ അപകടം പിടിച്ച ഒരു കാര്യമാണ്. ചില ശാസ്ത്രജ്ഞന്മാർ ക്ലോണിംഗ് നിർത്തണമെന്ന് ആവശ്യപ്പെട്ട് ശബ്ദം ഉയർത്തുന്നുണ്ട്.

**313. *താടിവളർത്താൻ ഭാര്യമാരിൽനിന്ന് അനുവാദം വാങ്ങേണ്ടതുണ്ടോ?***

വേണ്ട. താടിവളർത്തുക എന്നത് നബിതിരുമേനി (സ)യുടെ ഉപദേശമാണ്. യുവത്വത്തിൽ നബി (സ) യോടുള്ള സ്നേഹം നിമിത്തം നിങ്ങൾ ചെറിയ താടി വെച്ചുകൊള്ളുക. അത് ഫേഷനുവേണ്ടിയായിരിക്കരുത്. അല്ലാഹു പിന്നീട് അതിനെ വളർത്തി വലുതാക്കുന്നതാണ്. ചെറുപ്പത്തിൽ എനിക്ക് ചെറിയ താടിയാണുണ്ടായിരുന്നത്. അതിന്റെ ഉൾഭാഗം ഞാൻ ഷേവ് ചെയ്യാറുണ്ടായിരുന്നു. ക്രമേണ അല്ലാഹു അത് വളർത്തി വലിയ താടിയാക്കി.

**314. *ഇമാം മഹ്ദി 'ജിസ്‌യ' നിർത്തലാക്കുമെന്ന് പറഞ്ഞതിന്റെ അർത്ഥമെന്താണ്?***

അത് നബി തിരുമേനി (സ)യുടെ പ്രവചനമാണ്. അദ്ദേഹത്തിന്റെ കാലത്ത് വാളുകൊണ്ടുള്ള മതയുദ്ധങ്ങൾ ഉണ്ടാവുകയില്ല. യുദ്ധം ഇല്ലാത്തപ്പോൾ പിന്നെ 'ജിസ്‌യ'യും ഇല്ല.

***315. പ്രപഞ്ചത്തിന്റെ പ്രായം എത്രയാണ്?***

ശാസ്ത്രജ്ഞന്മാർ പറയുന്നത് 18-20 ലക്ഷം കോടി വർഷങ്ങളാണ് പ്രപഞ്ചത്തിന്റെ പ്രായം എന്നാണ്. വിശുദ്ധഖുർആൻ പറയുന്നത് പ്രപഞ്ചം തമോഗർത്തത്തിൽ അപ്രത്യക്ഷമാവുകയും അല്ലാഹു വീണ്ടും അത് പുനഃസൃഷ്ടിക്കുകയും ചെയ്യുമെന്നാണ്. ഇത് അനുസ്യൂതം തുടർന്നുകൊണ്ടിരിക്കും. ശൂന്യതയിൽനിന്ന് പല പ്രപഞ്ചങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഭാവിയിലും അനന്തമായി ഇത് തുടരും. ഇതിന് തുടക്കമോ അവസാനമോ ഇല്ല. അസംഖ്യം പ്രപഞ്ചങ്ങൾ ശൂന്യതയിൽനിന്നു സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഭാവിയിലും അനന്തമായി ഈ പ്രക്രിയ തുടരും.

***316. വാഗ്ദത്ത മസീഹിന്റെ (അ) ഉയരം എത്രയായിരുന്നു?***

അദ്ദേഹത്തിന് 5 അടി 10 ഇഞ്ച് ഉയരമുണ്ടായിരുന്നു.

***317. 'ഇസ്തിഖാറ' എന്നാൽ എന്താണ്?***

ഒരാൾ ഏർപ്പെടാൻ പോകുന്ന ജോലിയിലോ വിവാഹത്തിലോ അനുഗ്രഹം ചൊരിയാൻ വേണ്ടി അല്ലാഹുവിനോടുള്ള പ്രാർത്ഥനയാണ് ഇസ്തിഖാറ. അത് നല്ലതാണെങ്കിൽ അല്ലാഹു ആ വിവാഹത്തിനോ കച്ചവടത്തിനോ അനുഗ്രഹം നൽകും. ദോഷമാണെങ്കിൽ ഹൃദയം ആ ആഗ്രഹത്തിൽനിന്ന് മാറ്റപ്പെടും. ഒരു സ്വപ്നം കാണിക്കപ്പെടണമെന്നില്ല. ഒരു പ്രത്യേക കാര്യത്തിൽ അല്ലാഹുവിൽനിന്നു വ്യക്തമായ അറിയിപ്പ് കിട്ടാൻവേണ്ടിയുള്ള പ്രാർത്ഥനയല്ല 'ഇസ്തിഖാറ'. പ്രത്യുത, ആ പ്രവൃത്തിയിൽ അനുഗ്രഹങ്ങൾ ചൊരിയാൻ വേണ്ടി അല്ലാഹുവിനോടുള്ള അപേക്ഷയാണ്.

***318. വിവാഹം [illegible]ിക്കാൻ പോകുന്ന പെൺകുട്ടിയെ കാണാൻ പോകുമ്പോൾ യുവാവിന് അദ്ദേഹത്തിന്റെ പുരുഷബ***

*ന്ധുക്കളെ കൂടെ കൊണ്ടുപോകാമോ?*

വധുവുമായി ബന്ധമില്ലാത്ത ആളെ ചെറുക്കൻ കൂടെ കോണ്ടുപോകരുത്. പെണ്ണിന്റെ മാതാപിതാക്കളുടെ സാന്നിധ്യത്തിൽ ചെറുക്കൻ അവളെ കാണുകയും സംസാരിക്കുകയും ചെയ്തുകൊള്ളട്ടെ. അത് അയാളുടെ വ്യക്തിപരമായ കാര്യമാണ്.

319. *എന്തുകൊണ്ടാണ് താങ്കൾ തക്കാളി തിന്നാത്തത്?*

ഞാൻ ചെറുതായിരിക്കുമ്പോഴും യുവാവായിരിക്കുമ്പോഴും വളരെയധികം തിന്നിരുന്നു. എനിക്ക് തക്കാളിയും തക്കാളി ജൂസും വളരെ ഇഷ്ടമായിരുന്നു. ഞാൻ തക്കാളി അമിതമായി കഴിച്ചു. വിശുദ്ധഖുർആൻ പറയുന്നതനുസരിച്ച് അത് ശരിയായിരുന്നില്ല. സന്തുലിതത്വം പാലിക്കാനാണ് വിശുദ്ധഖുർആൻ നിർദേശിക്കുന്നത്. അമിതമായി തക്കാളി കഴിച്ചത് നിമിത്തം എന്നിൽ അത് അലർജി ഉണ്ടാക്കി. ആ അലർജി കാരണം കൂടക്കൂടെ മൂത്രമൊഴിക്കുന്ന അസുഖം ഉണ്ടായി. അതുകൊണ്ടാണ് ഞാൻ അത് നിർത്തിയത്.

ഒരിക്കൽ എന്റെ മാതാവിന്റെകൂടെ ഞാനെന്റെ അമ്മാവൻ സയ്യിദ് അസീസുല്ലാ ഷാ സാഹിബിന്റെ വീട്ടിൽ പോയി. മുറേക്കടുത്തുള്ള നാത്തിഗിരി ഹിൽസ്റ്റേഷനിൽ അദ്ദേഹം ഫോറസ്റ്റ് ഓഫീസറായിരുന്നു. അവിടെവെച്ച് ഞാൻ ധാരാളം തക്കാളി. തിന്നാനിടയായി. അത് വളരെ രുചിയുള്ള തക്കാളിയായിരുന്നു. ഞാനത് പറിക്കുകയും തിന്നുകയും ചെയ്തു. അതുമുതൽക്കാണ് തക്കാളിയോടുള്ള ഇഷ്ടം എനിക്കുണ്ടായത്. അതിനുശേഷം ഞാൻ അമിതമായി തക്കാളി ഭക്ഷിക്കാൻ തുടങ്ങി.

## മജ്‌ലിസെ ഇർഫാൻ 2.6.2001

320. *'കശ്തീനൂഹ്' എന്ന പുസ്തകത്തിൽ വാഗ്ദത്ത മസീഹ് (അ) മറ്റുള്ളവർക്ക് മാപ്പുകൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇതൊന്നു വിശദീകരിക്കാമോ?*

ഒരു വ്യക്തി താങ്കൾക്കെന്തെങ്കിലും ദ്രോഹം ചെയ്താൽ അത് മാപ്പാക്കിക്കൊടുക്കുന്നതിനെക്കുറിച്ചാണത്. അല്ലാഹുവിനോടും നബിതിരുമേനി(സ)യോടും ചെയ്യപ്പെടുന്ന ദ്രോഹം നിങ്ങളല്ല പൊറുത്തുകൊടുക്കേണ്ടത്. അല്ലാഹുവിനുമാത്രമേ അത് പൊറുത്തുകൊടുക്കാൻ സാധിക്കുകയുള്ളൂ. മസീഹ് മൗഊദി(അ)ന്റെ ഉദാഹരണം അപ്രകാരമായിരുന്നു. ആരെങ്കിലും അദ്ദേഹത്തോട് അക്രമം പ്രവർത്തിച്ചാൽ അദ്ദേഹമത് പൊറുത്തുകൊടുക്കും. ആരെങ്കിലും അദ്ദേഹത്തിന്റെ മുമ്പിൽ വന്ന് അദ്ദേഹത്തോട് ഒച്ചയിട്ടാൽ അദ്ദേഹം പുഞ്ചിരിക്കുകയേ ഉള്ളു. പക്ഷേ നബിതിരുമേനി (സ)യെ കുറിച്ച് ആരെങ്കിലും എതിർത്ത് സംസാരിച്ചാൽ മസീഹ് മൗഊദ് (അ) കോപാകുലനാകും. ഒരിക്കൽ ലേഖ്റാം റെയിൽവേസ്റ്റേഷനിൽവെച്ച് മസീഹ് മൗഊദിന്ന് സലാം ചൊല്ലി. എന്നാൽ മസീഹ് മൗഊദ് (അ) സലാം മടക്കിയില്ല. അദ്ദേഹം പറഞ്ഞു: അയാൾ എന്റെ യജമാനനായ നബിതിരുമേനി(സ)യെ അപമാനിക്കുകയും എനിക്ക് സലാം ചൊല്ലുകയും ചെയ്യുന്നു.

## ജർമ്മൻകാരുമായുള്ള അഭിമുഖം 13.6.2001

***321. മൂന്നോ നാലോ വയസ്സുള്ള ഒരു കുട്ടിയോട് അല്ലാഹു എവിടെയാണെന്ന് താങ്കൾ എങ്ങനെയാണ് പറഞ്ഞുകൊടുക്കുക?***

വളരെ വിഷമം പിടിച്ച ചോദ്യമാണിത്. അല്ലാഹു ഉണ്ടെന്നും അല്ലാഹുവിനെക്കുറിച്ചും പറയുക. അത്രമതി. കുട്ടിയുടെ പ്രകൃതത്തിൽതന്നെ അത് കാണാം. എന്റെ മകൾ ശൗക്കി ചെറുതായിരിക്കുമ്പോൾ ഞാൻ അവളോട് പറയാറുണ്ടായിരുന്നു. അല്ലാഹു നമ്മെ വീക്ഷിച്ചു കൊണ്ടിരിക്കുന്നതിനാൽ കുസൃതിത്തരങ്ങൾ ഒന്നും കാണിക്കരുതെന്ന്. ഒരിക്കൽ കുസൃതിയിലേർപ്പെട്ടിരിക്കെ ഞാൻ 'ശൗക്കീ' എന്നു വിളിച്ചു. 'വിഷമിക്കാതെ, അല്ലാഹു പുറത്ത് പോയിരിക്കയാണ്' എന്നായിരുന്നു അവളുടെ മറുപടി.

***322. എന്തെങ്കിലും കാരണത്താൽ നമ്മുടെ ആത്മാവിന് ക്ഷതം സംഭവിക്കുമോ?***

ചീത്ത പ്രവൃത്തികളും ചീത്ത കൂട്ടുകെട്ടും ആത്മാവിനെ ബാധിക്കും. മലക്കുകൾ നൻമ ചെയ്യാൻ ആത്മാവിനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും ശൈത്വാൻ തിന്മ ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും. നിങ്ങൾ നന്മ ചെയ്യാൻ പ്രേരിതനാവുകയാണെങ്കിൽ പിന്നീട് കൂടുതൽ നല്ല ചിന്തകൾ തോന്നാൻതുടങ്ങും. അങ്ങനെ മനുഷ്യൻ അവന്റെ ആത്മാവിനെ അല്ലാഹുവിലേക്ക് പുരോഗമിപ്പിച്ചു കൊണ്ടിരിക്കും. ഇങ്ങനെയാണ് ആത്മാവിനെ പരിപോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത്.

## ഫ്രഞ്ച് കാരുമായുള്ള അഭിമുഖം 18.6.2001

*323. ദീർഘകാലം സന്താനങ്ങളില്ലാതിരിക്കുകയാണെങ്കിൽ എന്താണ് ചെയ്യേണ്ടത്?*

സക്കരിയ്യാ നബി(അ) പ്രാർത്ഥിച്ചതുപോലെ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും അതോടൊപ്പം ചികിത്സിക്കുകയും ചെയ്യുക. ന്യായമായ സമയം കഴിഞ്ഞിട്ടും ഒന്നും സംഭവിക്കുന്നില്ലെങ്കിൽ ഒരു കുട്ടിയെ ദത്തെടുക്കുക. നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം കുട്ടിയായി അത് അനുഭവപ്പെടും. അതിനുശേഷവും പ്രാർത്ഥനയും ചികിത്സയും തുടർന്നുകൊണ്ടേയിരിക്കുക. അല്ലാഹു സഹായിച്ച് നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം കുട്ടിയെ ലഭിക്കുന്നതായിരിക്കും. പല സന്ദർഭത്തിലും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്.

*324. നബിതിരുമേനി (സ)യുടെ തലമുടി നീളമുള്ളതായിരുന്നു. എന്തുകൊണ്ടാണ് അഹ്മദികൾ ഈ ചര്യ സ്വായത്തമാക്കാത്തത്?*

നബി(സ)യുടെ കൂടെ താമസിച്ചിരുന്ന സഹാബിമാർ നബിയുടെ ആ ചര്യ സ്വീകരിച്ചതായി കാണുന്നില്ല. ഇതു കാണിക്കുന്നത് അത് താടി വെക്കുന്നതുപോലെ അനുകരിക്കപ്പെടേണ്ട ഒരു സുന്നത്തായിരുന്നില്ല എന്നാണ്. ചെറുപ്പകാലത്ത് എനിക്ക് നബി (സ)യുടെതുപോലുള്ള മുടിയുണ്ടായിരുന്നു. മുസ്‌ലിഹ് മൗഊദ് (റ)നും ചെറുപ്പത്തിൽ അപ്രകാരം മുടിയുണ്ടായിരുന്നു. ആ സുന്നത്ത് ഒന്നോ

രണ്ടോപ്രാവശ്യം അനുകരിച്ചാൽ മതിയാകുന്നതാണ്. കാരണം സഹാബാക്കളുടെ ഉദാഹരണം കാണിക്കുന്നത് അനുകരിക്കൽ നിർബന്ധമായ ഒരു സുന്നത്തല്ല അത് എന്നാണ്.

***325. പത്രമാസികകളിൽ ഇസ്‌ലാമിനെതിരായി വരുന്ന ലേഖനത്തിന് പ്രതികരിക്കാൻ ആരിൽനിന്നാണ് നാം അനുവാദം വാങ്ങേണ്ടത്? വ്യക്തിപരമായ നിലയിൽ അതിന് നമുക്ക് മറുപടി കൊടുക്കാമോ? ജമാഅത്ത് സാഹിത്യങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ ഉപയോഗിക്കാൻ പാടുണ്ടോ? അതിനെന്തെങ്കിലും പകർപ്പവകാശമുണ്ടോ?***

അഹ്മദികൾ വ്യക്തിപരമായ നിലയിൽ ഇസ്‌ലാമിനെതിരെയുള്ള അത്തരം ലേഖനങ്ങൾക്ക് മറുപടി പറയാൻ അനുവദിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകം അനുവാദത്തിന്റെ ആവശ്യമില്ല. എന്നാൽ മറുപടി യുക്തിയുക്തമായിരിക്കണം. അത് മുറബ്ബിയെ കാണിക്കുക. അദ്ദേഹം അറിവുള്ള ആളാണ്. കാരണം എന്തെങ്കിലും തെറ്റ് വന്നുപോയാൽ പിന്നീടത് തിരുത്താൻ സാധിക്കുന്നതല്ല.

നിങ്ങൾക്ക് ജമാഅത്തിന്റെ സാഹിത്യങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ ഉപയോഗിക്കാവുന്നതാണ്. അതിന് പകർപ്പവകാശമൊന്നുമില്ല. പലരും അത് പ്രസംഗങ്ങളിലും ലേഖനങ്ങളിലും ഉപയോഗിക്കുന്നുണ്ട്. അത് ഇന്റർനെറ്റിലേക്ക് അയക്കരുത്. അതവരുടെ സ്വത്തായി മാറും.

***326. എങ്ങനെയാണ് ഒരാളുടെ കോപം നിയന്ത്രിക്കുക? എപ്പോഴാണ് കോപിക്കാൻ അനുവാദമുള്ളത്?***

ചമോമില-1000 (ഹോമിയോ മരുന്ന്) ഓരോ ആഴ്ച ഇടവിട്ട് കുറച്ച് ഡോസുകൾ കഴിക്കുക. നിങ്ങൾക്ക് നിങ്ങളുടെ നിയന്ത്രണം നഷ്ടപ്പെട്ട്പോകുമെന്ന് തോന്നുന്ന അവസരത്തിൽ ഒന്നും പറയാതിരിക്കുക. ഒരു ഗ്ലാസ് വെള്ളം കുടിക്കുക. എന്നിട്ടും അത് മാറുന്നില്ലെങ്കിൽ ഒരു സ്ഥലത്ത് ഇരിക്കുക. എന്നിട്ടും മാറുന്നില്ലെങ്കിൽ കിടക്കുക. ഈ മൂന്നു ഘട്ടങ്ങളിലൂടെ നിങ്ങളുടെ കോപം നിങ്ങളെ വിട്ടുപോകുന്നതും

നിങ്ങൾ പൂർവ്വ സ്ഥിതി പ്രാപിക്കുന്നതുമായിരിക്കും. ഇതാണ് നബിതിരുമേനി(സ)യുടെ ഉപദേശം.

അല്ലാഹുവിനെതിരായി ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ നബിതിരുമേനി (സ) നിയന്ത്രണം വിടുമായിരുന്നു. അദ്ദേഹത്തിന്റെ മുഖം രക്തവർണ്ണമാകും. അവിടെ അദ്ദേഹം നിയന്ത്രിക്കാറുണ്ടായിരുന്നില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത്, ഇത്തരം ക്ഷോഭം അനുവദനീയമാണെന്നാണ്.

327. ***'സൂഫിസ'ത്തെക്കുറിച്ചുള്ള താങ്കളുടെ വീക്ഷണമെന്താണ്?***

നബിതിരുമേനി (സ)യുടെ കാലത്ത് യഥാർത്ഥ ഇൽമും (വിജ്ഞാനം) സൂഫിസവും കൈകോർത്തുപോയിരുന്നു. വസ്തുതകളുടെ ആന്തരികാർത്ഥങ്ങൾ മനസ്സിലാക്കിയ ആളെന്നനിലയിൽ യഥാർത്ഥ സൂഫി നബി (സ)യായിരുന്നു. യഥാർത്ഥ സൂഫിസവും ആചാരാനുഷ്ഠാനങ്ങളും നബിതിരുമേനി (സ)യുടെ കാലത്ത് സമന്വയിച്ചുപോയിരുന്നു. പിന്നീടത് വഴിപിരിഞ്ഞു. സൂഫികൾ ആചാരാനുഷ്ഠാനങ്ങളെ ഉപേക്ഷിച്ചുകൊണ്ട് ദിക്റ്കൾ മാത്രം ചെയ്തുതുടങ്ങി. പിന്നീട് സൂഫികൾ ധരിച്ചു, സംഗീതം ആത്മീയതയെ ഉദ്ധരിക്കുമെന്ന്. ഇത് മതിഭ്രമത്തിലേക്കും ഖവാലി മുതലായവകളിലേക്കും തിരിഞ്ഞു. ഇതുകൊണ്ടെന്തു കാര്യം? ഖവാലി കഴിഞ്ഞ് അവരിലൊരു മാറ്റവും സംഭവിക്കാതെ അവർ തിരിച്ചുപോകുന്നു.

328. ***സംഗീതജ്ഞന്മാർ അഹ്മദിയ്യത്തിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്നു. എന്തുപദേശമാണ് അവർക്ക് നൽകാനുള്ളത്?***

ഇസ്‌ലാം സംഗീതത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. സംഗീതം കൃത്രിമമായ ഒരു ആനന്ദം മനസ്സിലും ഹൃദയത്തിലും ഉണ്ടാക്കുന്നു. ഇത് ആത്മീയതയാണെന്ന് ആളുകൾ വിചാരിക്കുന്നു. നബി (സ) സംഗീതം ഇഷ്ടപ്പെട്ടിരുന്നില്ല. സ്വർഗ്ഗ

ത്തിൽ സംഗീതത്തെക്കുറിച്ചുള്ള ഒരു പ്രതിപാദനവും കാണുന്നില്ല. അത് ആനന്ദവും സമാധാനവും നൽകുമെങ്കിൽ എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു? സ്വർഗ്ഗത്തിലെപ്പോഴും സമാധാനത്തിന്റെ അവസ്ഥയാണ്. സമാധാനവും ആനന്ദവും സംഗീതത്തിലൂടെ ലഭ്യമാകുമെങ്കിൽ പിന്നെ എന്തുകൊണ്ട് സംഗീതം സ്വർഗ്ഗത്തിൽ ഇല്ലാതായി? അഹ്മദികളായ സംഗീതജ്ഞൻമാരോട് സംഗീതം നല്ലതല്ലെന്ന് പറയുക. യു എസ് എ യിലെ പര്രേതനായ ഒു പ്രഗൽഭ സംഗീതജ്ഞൻ അഹ്മദിയായപ്പോൾ അദ്ദേഹം സംഗീതം ഉപേക്ഷിക്കുകയുണ്ടായി. അദ്ദേഹത്തിന് സംഗീതം ഉപേക്ഷിക്കാമെങ്കിൽ എന്തുകൊണ്ട് മറ്റുള്ളവർക്കായിക്കൂട? അദ്ദേഹം യു എസ് എയിലെ അതിപ്രശസ്തനായ സംഗീതജ്ഞൻമാരിലൊരാളായിരുന്നു.

***329. മനുഷ്യനെ കളിമണ്ണിൽനിന്നാണ് സൃഷ്ടിച്ചിരിക്കുന്നത് എന്നു പറയുന്നതിന്റെ ഉദ്ദേശ്യമെന്താണ്?***

എല്ലാ വസ്തുക്കളും ഭൂമിയിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. നാം അത് ശ്രദ്ധിക്കുന്നില്ല. നാം അരി ഭക്ഷിക്കുന്നു. അരി ഭൂമിയിൽനിന്ന് ഉണ്ടാവുന്നതല്ലേ? വെള്ളവും സസ്യങ്ങളും ഭൂമിയിൽനിന്ന് സൃഷ്ടിക്കപ്പെട്ടതിനെക്കുറിച്ച് നിങ്ങൾക്ക് അത്ഭുതം തോന്നുന്നില്ലേ. മരങ്ങൾ വളരുന്നു, പുഷ്പിക്കുന്നു, കായ്ക്കുന്നു എങ്ങനെ? ശാസ്ത്രജ്ഞൻമാർക്ക് കുറച്ച് മണ്ണും വെള്ളവും കൊടുത്ത് അവരോട് മരമുണ്ടാക്കാൻ പറയുക. അവർക്ക് സാദ്ധ്യമല്ല. അല്ലാഹുവിന്റെ സൃഷ്ടി മഹോന്നതമാണ്. അതില്ലാതെ മനുഷ്യന് അടിസ്ഥാനവസ്തുക്കൾപ്പോലും സൃഷ്ടിക്കാൻ സാദ്ധ്യമല്ല.

***330. ജമാഅത്തിന്റെ തിരഞ്ഞെടുപ്പുകളിൽ ചന്ദ നൽകുന്ന സ്ത്രീകൾക്ക് എന്തുകൊണ്ടാണ് വോട്ടവകാശം ഇല്ലാത്തത് ?***

കാരണം അവർ പുരുഷനെയാണ് തിരഞ്ഞെടുക്കേണ്ടത്. പുരുഷന്മാർ പുരുഷന്മാരെ തിരഞ്ഞെടുക്കുന്നു. സ്ത്രീകൾ

സ്ത്രീകളെ തിരഞ്ഞെടുക്കുന്നു. അതാണ് ഉത്തമം.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 22.10.2001

331. *ഇക്കാലത്ത് രാഷ്ട്രീയത്തിൽ സത്യസന്ധത പാലിക്കപ്പെടാൻ സാദ്ധ്യതയുണ്ടോ? അതോ അഹ്മദിയ്യാ രാജ്യം വരുന്നത് വരെ കാത്തിരിക്കേണ്ടിവരുമോ?*

രാഷ്ട്രീയത്തിൽ സത്യം, സത്യസന്ധത എന്നൊന്നില്ല. അഹ്മദിനാടുകളിൽ കക്ഷിരാഷ്ട്രീയം എന്ന ഒന്ന് ഉണ്ടാവുകയില്ല. രാഷ്ട്രീയം അഴിമതിയാണ്. പാർട്ടി (കക്ഷി)സമ്പ്രദായം ഉണ്ടാകുമ്പോൾ അഴിമതിയുണ്ടാവുന്നു. അഹ്മദിയ്യത്തിൽ കക്ഷിസമ്പ്രദായമുണ്ടായിരിക്കില്ല. മജ്ലിസ് ശൂറ നോക്കൂ. എല്ലാവരും സ്വതന്ത്രരാണ്. പാർട്ടി സമ്പ്രദായമല്ല. അഹ്മദി നാടുകളിൽ കക്ഷി രാഷ്ട്രീയമുണ്ടായിരിക്കയില്ല.

332. *ദൈവത്തിൽ വിശ്വസിക്കാതെ ഒരാൾക്ക് നല്ലവനാകുവാൻ പറ്റുമോ?*

അസാദ്ധ്യമാണ്. ദൈവരഹിതമായ നന്മകൾ അഴിമതികളിൽ അവസാനിക്കുന്നു. ദൈവസങ്കല്പമാണ് നേർമാർഗം നിലനിർത്തുന്നത്. ദൈവത്തിൽ നിന്നകന്ന ഒരു അപരാധിക്ക് മരണം ജീവിത ദുരന്തങ്ങളിൽ നിന്നുള്ള മോചനമാണ്. മരണത്തിന്റെ വാതിലാണ് അയാളുടെ മോചനമാർഗ്ഗം. പിടിക്കപ്പെടുകയില്ലെന്ന ചിന്തയോടെ അയാൾ കുറ്റകൃത്യങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു. താൻ ദൈവ സമക്ഷത്തിങ്കലേക്ക് തിരിച്ച്ചെന്ന് കണക്കുകൾ ബോധിപ്പിക്കേണ്ടവനാണെന്ന ബോധമുണ്ടെങ്കിൽ അയാൾ സൂക്ഷ്മതയുള്ളവനായിരിക്കും.

333. *"ഇമാം നല്ലയാളാണെങ്കിലും അല്ലെങ്കിലും, അയാൾ ഗുരുതരമായ കുറ്റകൃത്യം ചെയ്തയാളാണെങ്കിൽപോലും, ഫർള് നമസ്കാരങ്ങൾ ഇമാമിന്റെ പിന്നിൽ തന്നെ നിർവഹിക്കപ്പെടേണ്ടത് നിർബന്ധമാണെന്ന ഒരു തിരുമൊഴിയുണ്ടല്ലോ. ഈ നബിവചനമൊന്ന് വിശദീകരിക്കാമോ?*

ഇമാം കുറ്റംചെയ്തിട്ടുണ്ടെങ്കിൽ അത് അമീറിന്റെ ശ്രദ്ധ യിൽ കൊണ്ടുവരേണ്ടതാണ്. തെളിവുകളുടെ അടിസ്ഥാ നത്തിൽ അമീറിന്ന് ഇമാമിനെ മാറ്റാവുന്നതാണ്. ഒരാളുടെ സ്വന്തം ഇഷ്ടത്തിനൊത്ത്, ഇമാം കുറ്റക്കാരനാണെ ങ്കിൽപോലും അയാളെ തുടരാതിരിക്കുവാൻ പാടില്ലാത്ത താണ്. മുസ്ലിംകളിൽ ഏകതാബോധം (ഐക്യം) നില നിർത്തുവാനുള്ള ഒരു സുപ്രധാന ഹദീസാണിത്. അല്ലാ ത്തപക്ഷം തികഞ്ഞ അവ്യവസ്ഥ നടമാടുന്നതായിരിക്കും.

***334. ഇമാം രഹസ്യമായി ഇമാം മഹ്ദിയെ തള്ളിപ്പറയുന്നു വെങ്കിൽ എന്ത് ചെയ്യും?***

ഇമാം രഹസ്യമായി എന്ത് തന്നെ ചെയ്താലും അത് അല്ലാ ഹുവിന്റെ അധീനത്തിലുള്ള കാര്യമാണ്. അതിനെക്കുറിച്ച് നമുക്ക് ഒന്നുംചെയ്യാനാവില്ല.

***335. ആഫ്രിക്കയിൽ നാലിൽ കൂടുതൽ ഭാര്യമാരുള്ള ചിലരു ണ്ട്. അവർ അഹ്മദികളായാൽ നാലിൽ കൂടുതലുള്ള ഭാര്യമാരെ ഒഴിവാക്കുക എന്നത് വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു പ്രവൃത്തിയായി രിക്കും. അവർ എന്ത് ചെയ്യണം?***

കൂടുതലുള്ള ഭാര്യമാരെ അയാൾ ഒഴിവാക്കിയേ തീരു. നാലിൽ കൂടുതൽ ഭാര്യമാർ ഉണ്ടാകുവാൻ പാടില്ല. അവ രിൽ ആരെ ഒഴിവാക്കണമെന്ന് തീരുമാനിക്കേണ്ടത് അയാ ളാണ്. അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ ഞാൻ കാര്യ മാക്കുന്നില്ല.

***336. എപ്പോഴാണ് ദജ്ജാൽ നശിപ്പിക്കപ്പെടുക?***

ഇനിയും വളരെക്കാലം കഴിഞ്ഞ് മൂന്നാം ലോകമഹായുദ്ധ ത്തിന് ശേഷമുണ്ടാക്കുന്ന ഒരു സമൂലപരിവർത്തനത്തി ലൂടെ മാത്രമേ ദജ്ജാൽ ഉൻമൂലനം ചെയ്യപ്പെടുകയുള്ളു. ഇനിയും കുറച്ച് കാലങ്ങൾകൂടി ദജ്ജാലുമായി മല്ലിട്ട് നിൽക്കേണ്ടിയിരിക്കുന്നു.

***337. തന്റെ കഴിവിന്റെ പാരമ്യത്തിലെത്തിയെന്ന് എങ്ങനെ ഒരു***

***വന് നിശ്ചയിക്കുവാൻ കഴിയും?***

എങ്ങനെയാണ് ഞാനിതിനുത്തരം പറയേണ്ടത്? "ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് വഹിക്കുവാൻ കഴിയാത്ത ഭാരം ഞങ്ങളുടെ മേൽചുമത്തരുതേ" എന്ന് പ്രാർത്ഥിക്കുന്നതാണുത്തമം. ഓരോരുത്തരുടേയും കഴിവുകൾ വ്യത്യസ്ഥമാണ്. കഴിവിന് അപ്പുറമെത്തുവാൻ ആർക്കും സാധ്യമല്ല. തന്റെ അവസ്ഥയുടെ ഉൽക്കർഷത്തിന്നായി അവിരാമം പ്രയത്നിക്കുകയാണ് അഭികാമ്യം. അപ്പോൾ അയാൾ സ്വയമേവ തന്റെ കഴിവിന്റെ പരിപൂർണതയിലെത്തുന്നു.

***338. "അല്ലയോ വിശ്വാസികളെ" എന്ന ഈ സംബോധന മുസ്ലിംകളെ മാത്രം ബാധിക്കുന്ന ഒന്നാണോ?***

അത് മുസ്ലിംകൾക്ക് മാത്രം ബാധകമായ ഒന്നല്ല. ഏക ദൈവത്തിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുന്ന എല്ലാവർക്കും അത് ബാധകമായതാണ്.

***339. നിക്കാഹ് ഫാറത്തിൽ വനിതാ സാക്ഷികളില്ലാത്തത് എന്തുകൊണ്ടാണ്?***

വനിതകൾക്ക് വിവാഹിതയാകുന്ന പെൺകുട്ടിയുടെ സമ്മതസാക്ഷികളായി പുരുഷന്മാരെപ്പോലെ നിക്കാഹ്ഫാറത്തിൽ സാക്ഷികളാകാവുന്നതാണ്.

***340. നരകം ഒടുവിൽ ശൂന്യമായിത്തീരുമെന്നാണ് നാം വിശ്വസിക്കുന്നത്. അപ്പോൾ ഹിറ്റ്ലറെപ്പോലുള്ളവരുടെ സ്ഥിതി എന്തായിരിക്കും?***

നരകം ഒടുവിൽ ശൂന്യമായിത്തീരും. അല്ലാഹു മനുഷ്യരോട് കാണിക്കുന്ന മഹത്തായ കാരുണ്യമാണത്. കുറ്റത്തിന്റെ വ്യാപ്തിയനുസരിച്ചാണ് കുറ്റവാളികളെ വിലയിരുത്തപ്പെടുന്നത്. അവർ ദ്രോഹിക്കപ്പെടുകയോ അതിക്രമിക്കപ്പെടുകയോ ചെയ്യുന്നതല്ല. ഹിറ്റ്ലറുടെ കാര്യം അല്ലാഹുവിന്ന് മാത്രമെ അറിയാവൂ. ജൂതന്മാർ ജർമൻകാരോട് വളരെ ക്രൂരത കാണിച്ചിട്ടുണ്ടായിരുന്നു. ജൂതന്മാരുടെ പ്രവർത്തനത്തിന്റെ തിരിച്ചടിയായിരുന്നു അത്. ഹിറ്റ്ലർ തന്റെ പ്രതികരണത്തിൽ നിലവിട്ട് പ്രവർത്തിച്ചുവോ എന്ന് അല്ലാ

ഹുവിന് മാത്രമേ അറിയൂ. ഹിറ്റ്ലർ സീമകൾ ലംഘിച്ചുകൊണ്ട് ധാരാളം നിഷ്കളങ്കരെ വധിച്ചിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അത്ര എളുപ്പത്തിൽ അദ്ദേഹത്തിന് മാപ്പ് ലഭിക്കുമെന്ന് തോന്നുന്നില്ല.

***341. പ്രാർത്ഥന അല്ലാഹു സ്വീകരിക്കപ്പെടുമാറാകുന്നതിന് പ്രാർത്ഥനകൾ വികാരാധിഷ്ഠിതമാക്കിതീർക്കുവാനുള്ള മാർഗ്ഗമെന്താണ്?***

പ്രാർത്ഥനാവേളകളിൽ കൃത്രിമമായി കരച്ചിലുണ്ടാക്കാവുന്നതാണെന്ന് വാഗ്ദത്ത മസീഹ് നിർദ്ദേശിച്ചിട്ടുണ്ട്. കാരണം കരയുമ്പോൾ നമ്മുടെ മനസ്സിൽ ഒരൽപം സങ്കടം ജനിക്കുമാറാകുന്നു. അങ്ങനെ കുറച്ച് കാലംകൊണ്ട് നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ ശരിക്കും വിലപിച്ച് തുടങ്ങും. എന്റെ അഭിപ്രായത്തിൽ ഓരോരുത്തരും അവനവന്റെ തെറ്റുകുറ്റങ്ങളെക്കുറിച്ച് ഓർക്കുകയും, നാമും ഒരു ദിവസം മരണത്തിന്ന് വിധേയരാവുമെന്ന് ചിന്തിക്കുകയും ചെയ്യുന്നത് ഒരു നല്ല മാർഗ്ഗമാണ്. മരണഭയം തീർച്ചയായും അല്ലാഹുവിന്റെ മുന്നിൽ സാഷ്ടാംഗ പ്രണാമം ചെയ്ത്കൊണ്ട് ഉത്കടവേദനയോടെ വിതുമ്പിക്കരയുവാൻ പ്രേരകമായി വർത്തിക്കുന്നതാണ്.

***342. കുട്ടികൾ സുബഹി നമസ്ക്കാരത്തിനായി എത്ര വയസ്സു മുതലാണ് എഴുന്നേറ്റ് തുടങ്ങേണ്ടത്?***

ഫജ്ർ നമസ്ക്കാരത്തിനായി കുട്ടികൾ ഏഴ് വയസ്സ് മുതൽ എഴുന്നേറ്റ് തുടങ്ങേണ്ടതാണ്. അവർക്കത് നിർബ്ബന്ധമല്ലെങ്കിലും നമസ്ക്കാരവുമായി ഒരു ആത്മബന്ധം ഉണ്ടാക്കുവാൻ അത് നല്ലതാണ്. ക്രമേണ അവർക്കത് ഒരു ശീലമായിത്തീരുന്നതാണ്. നമസ്കാരവുമായി ജീവിതം മുഴുവൻ നിലനിൽക്കുന്ന ഒരു വ്യക്തിഗതബന്ധം പടുത്തുയർത്തുവാൻ അതവരെ സഹായിക്കുന്നതാണ്.

***343. പരിശുദ്ധനബി(സ)യുടെ പ്രവാചകത്വപദവി ലഭിക്കുന്നതിന് മുമ്പുള്ള മൊഴികളെ ഹദീസ് എന്ന് പറയാമോ?***

പ്രവാചകത്വത്തിന് മുമ്പുള്ള തിരുമൊഴികൾ കൃത്യമായി

രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അതിനാൽ അതിന് മുമ്പുള്ള കാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് പരിശോധിച്ച് പ്രമാണീകരിക്കുവാൻ സാധ്യമല്ല. അതുകൊണ്ടാണ് അവ ഹദീസ് എന്ന് പറയപ്പെടാത്തത്. ഹദീസ് വ്യവസ്ഥാപിതമായി നിലവിൽവന്നത് പ്രവാചകത്വത്തിന് ശേഷമാണ്.

**344. *മറ്റു മതങ്ങളിൽ ആരാധനാവേളകളിൽ വിളക്കുകളും മെഴുകുതിരികളും ഉപയോഗിക്കുന്നുണ്ട്. എന്ത്കൊണ്ടത് ഇസ്‌ലാമിലില്ല?***

ഇസ്‌ലാം അതിന്നനുവദിക്കുന്നില്ല.

മുറി ശരിയായി പ്രകാശിതമായിരിക്കണം. അലങ്കരിക്കപ്പെടുമ്പോൾ ശ്രദ്ധ അലങ്കാരവസ്തുക്കളിലേക്കായിരിക്കും പതിയുക-ദൈവത്തിങ്കലേക്കല്ല. പ്രാർത്ഥനാമുറി നല്ല പ്രകാശമുള്ളതായിരിക്കണം. പ്രകാശം തീർച്ചയായും സ്വാഗതാർഹമാണ്.

**345. *അഹ്മദിയ്യത്തിന്റെ ആദർശവാക്യം "എല്ലാവരോടും സ്നേഹം, ആരോടുമില്ല വിരോധം" എന്നതാണല്ലോ. ഇത് ഭീകരരോടും പ്രയോഗക്ഷമമാണോ?***

അവർക്കിത് ബാധകമാവുന്നില്ല. ഖലീഫത്തുൽമസീഹ് മൂന്നാമൻ (റഹ്) കുറ്റത്തെയായിരുന്നു വെറുത്തിരുന്നത്, കുറ്റവാളികളെയായിരുന്നില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. ഇങ്ങനെ ഒരു സൂക്ഷ്മവിവേചനം നടത്തുമ്പോൾ ഈ ആദർശവാക്യം പ്രയോഗക്ഷമതയുള്ളതായിക്കാണാം. ഒരിക്കലും ഭീകരർക്കിത് ബാധകമാകുന്നില്ല. ഖുർആന്റെ ഉദ്ദേശ്യമതല്ല. അവരെ ഖുർആനികാദ്ധ്യാപനങ്ങളനുസരിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. ഇത് മൂന്നാം ഖലീഫ (റഹ്) തിരുമനസ്സിന്റെ ഒരു മുദ്രാവാക്യമാണ്. അദ്ദേഹം ചെയ്തിരുന്നതുപോലെ കുറ്റത്തേയും കുറ്റവാളിയെയും തമ്മിൽ സസൂക്ഷ്മവിവേചനം നടത്തിയാൽ മാത്രമെ ഇതിന് പ്രയോഗക്ഷമത കൈവരികയുള്ളൂ.

**346. *ഇൻഫ്ളുവൻസക്കുള്ള പ്രതിരോധ കുത്തിവെപ്പിനെക്കു***

*റിച്ച് എന്തുപറയുന്നു?*

ഞാനതിൽ വിശ്വസിക്കിന്നില്ല. ഇൻഫ്ളുവൻസിയം 200, നാട്രംമൂർ 200 എന്നീ ഹോമിയോ മരുന്നുകളാണ് ഞാൻ കുറിച്ചുകൊടുക്കാറുള്ളത്.

**347.** ***ത്രിയേകത്വമെന്നത് ജലം, ഐസ് നിരാവി എന്നിവപോലെയാണെന്നാണ് ക്രിസ്തീയർ പറയുന്നത്. താങ്കളുടെ അഭിപ്രായമെന്താണ്?***

പരമവിഡ്ഢിത്തം. ഐസ് എന്ന അവസ്ഥയിലായാലും ബാഷ്പാവസ്ഥയിലായാലും ജലം ജലം തന്നെയാണ്. ഏകനായ ദൈവത്തിന്ന് പല രൂപഭാവങ്ങളുമുണ്ട്. അവൻ റഹ്മാനാണ്, ഗഫൂറാണ്, റഹീമാണ്. ഇതെല്ലാം ഏകനായ അല്ലാഹുവിന്റെ വിവിധ പ്രാദുർഭാവങ്ങളാണ് (ഭാവപ്രകടനങ്ങളാണ്) അല്ലാതെ വ്യത്യസ്ത ദൈവങ്ങളല്ല. (ത്രിയേകത്വത്തിൽ മൂന്ന് വ്യത്യസ്ത ദൈവങ്ങളുണ്ട്-ദൈവം, ദൈവപുത്രൻ, പരിശുദ്ധാത്മാവ്) ജലത്തിന്റെ ഐസ്, ബാഷ്പം എന്നിന്നവസ്ഥകൾ ത്രിയേകത്വത്തിന് ബാധകമല്ല. കാരണം ഏതവസ്ഥയായിരുന്നാലും ജലം ജലംതന്നെയാണ്. ത്രിയേകത്വത്തിൽ ഒന്നല്ല മൂന്ന് വ്യത്യസ്ത ദൈവങ്ങളുണ്ട്.

**348.** ***വാഗ്ദത്ത മസീഹ് (അ) ന്റെ നർമ്മബോധത്തെക്കുറിച്ച് പറഞ്ഞുതരാമോ?***

യഥാർത്ഥഫലിതം കേൾക്കുമ്പോൾ അദ്ദേഹം ധാരാളം ചിരിക്കാറുണ്ടായിരുന്നു. ചിരികാരണം ഒഴുകുന്ന കണ്ണുനീർ വസ്ത്രത്തലപ്പ് കൊണ്ട് തുടക്കുമായിരുന്നു. ഒരാളെ കളിയാക്കിച്ചിരിക്കുന്നതിൽ അദ്ദേഹം ഒരിക്കലും പങ്കുചേർന്നിരുന്നില്ല. അത് പാപമാണെന്ന് പറയുമായിരുന്നു. ഒരാളെ നിന്ദിക്കുന്ന ഫലിതങ്ങളിൽ വാഗ്ദത്ത മസീഹ് ചിരിക്കാറുണ്ടായിരുന്നില്ല.

മിർസാ ബശീർ അഹ്മദ് (റ)ന്റെ കുട്ടിക്കാലത്ത് പഞ്ചാബി പദങ്ങൾക്ക് പകരം ഉറുദുപദങ്ങൾ ഉപയോഗിക്കുവാൻ മാതാവ് ആവശ്യപ്പെടുമ്പോഴൊക്കെ അതേ വാക്ക് തന്നെ കുറെ കൂടി നീട്ടി 'കുട ' എന്നതിന് 'കൂട' എന്ന് നീട്ടി ഉച്ച

രിക്കുമായിരുന്നുവെന്നും അതുകേട്ട് മാതാവും വാഗ്ദത്ത മസീഹും (അ) ധാരാളം ചിരിക്കാറുണ്ടായിരുന്നുവെന്നും അദ്ദേഹം തന്നെ (മിർസാ ബശീർ അഹ്മദ് (റ)) നിവേദനം ചെയ്യുന്നുണ്ട്.

ഖാദിയാനിൽ തെരുവ് നായ്ക്കൾ പെരുകിയ അവസരത്തിൽ വാഗ്ദത്ത മസീഹ് (അ) സിറാജുൽ ഹഖ് സാഹിബിനെ ആ നായകളെ കൊല്ലുവാൻ ഏർപ്പാടുചെയ്തു. കുട്ടികൾ അദ്ദേഹത്തെ "വിശുദ്ധ ശ്വാനനിഗ്രഹൻ" (പീർകുത്തമാർ) എന്ന് വിളിക്കാൻ തുടങ്ങി. സിറാജുൽ ഹഖ് സാഹിബ് ഇതിനെക്കുറിച്ച് വാഗ്ദത്തമസീഹ് (അ) നോട് ആവലാതി ബോധിപ്പിച്ചു. വാഗ്ദത്ത മസീഹ് (അ) ചിരിച്ചുകൊണ്ട് പറഞ്ഞു. ഹദീസിൽ ഞാൻ സൂകരനിഗ്രഹനാണെന്ന് (പന്നിയെ കൊല്ലുന്നവൻ) വന്നിരിക്കുന്നു. ഞാൻ പന്നി നിഗ്രഹകനും താങ്കൾ 'ശുനകനിഗ്രഹനുമാണ് എന്ന് പറഞ്ഞു.

## ബംഗാളികളുമായുള്ള അഭിമുഖം 23.10.2001

***349. ജിഹാദ് ഇസ്‌ലാമിലെ അടിസ്ഥാനകാര്യങ്ങളിൽ പെട്ടതാണോ?***

അതെ. പക്ഷേ, ആയുധമേന്തിയുള്ള യുദ്ധമല്ല അത്. അതൊരു മൗലികമായ കാര്യമാണ്. ഖുർആനിക പാഠമനുസരിച്ച് ഖുർആൻ കൊണ്ടുള്ള ജിഹാദാണ് ഏറ്റവും വലിയ ജിഹാദ്. ഒരിക്കൽ തിരുനബി (സ) യുദ്ധാനന്തരമുള്ള മടക്കയാത്രയിൽ സഹാബികളോട് ഇങ്ങനെ പറഞ്ഞു. "നാമിപ്പോൾ ചെറിയ ജിഹാദിൽ നിന്ന് വലിയ ജിഹാദിലേക്ക് മടങ്ങുകയാണ്. സ്വശരീരത്തോടും മനസ്സിനോടുമുള്ള ഖുർആന്റെ സഹായത്തോടുകൂടിയുള്ള ജിഹാദാണ് ഏറ്റവും വലിയ ജിഹാദ് (ജിഹാദ് അക്ബർ) ആത്മാവിനോട് എതിർത്ത് അതിനെ കീഴടക്കുക. എന്നാൽ മാത്രമെ നിങ്ങൾക്ക് ഈ സന്ദേശം പ്രചരിപ്പിക്കുവാൻ കഴിയുകയുള്ളൂ."

***350. ആയുധമേന്തിയുള്ള ജിഹാദ് എന്നെന്നേക്കുമായി നിരോ***

*ധിക്കപ്പെട്ടിരിക്കയാണോ?*

സ്ഥിരമായിട്ടല്ല. ശത്രു നിങ്ങളുടെ മതത്തെ യുദ്ധത്തിലൂടെ ഉന്മൂലനം ചെയ്യാനൊരുങ്ങാത്തിടത്തോളം അത് നിരോധിക്കപ്പെട്ടിരിക്കുന്നു. കൊലയും യുദ്ധവും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. യുദ്ധരീതിയിലുള്ള ജിഹാദിൽ വിജയം അനിവാര്യമാണ്. ഇന്നത്തെ അവസ്ഥയിൽ നിങ്ങൾ യുദ്ധത്തിനിറങ്ങിയാൽ തികഞ്ഞ പരാജയമാണ് ഉണ്ടാവുക. ഫലസ്തീൻ പോലുള്ള പ്രശ്നങ്ങൾ അത് സ്പഷ്ടമായി മനസ്സിലായതുമാണ്. പരാജിതരാക്കപ്പെടുക മാത്രമല്ല, അതിർകവിഞ്ഞ ക്രൂരതകൾക്ക് വിധേയരാക്കപ്പെടുകയും ചെയ്യും.

*351. ഏതവസരത്തിലാണ് സായുധയുദ്ധം അനിവാര്യമായിത്തീരുന്നത്?*

മതപരമായ നമസ്ക്കാരം, കലിമോച്ചാരണംപോലുള്ള അനുഷ്ഠാനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുവാനുള്ള ഉദ്ദേശത്തോടെ നിങ്ങളുടെ മേൽ യുദ്ധം അടിച്ചേൽപ്പിക്കപ്പെടുമ്പോൾ യുദ്ധം നിർബന്ധമായിത്തീരുന്നു. ഇസ്ലാമിലെ സർവ്വപ്രധാനമായ അദ്ധ്യാപനങ്ങളാണിത്. മതപരമായ അനുഷ്ഠാനങ്ങൾ നിരോധിക്കുവാൻ ശത്രുവിന് യാതൊരധികാരവുമില്ല. യുദ്ധം അനിവാര്യമല്ല എന്നതുകൊണ്ട് ഇമാമിന്റെ അനുമതിയോടുകൂടി മാത്രമേ അതാകാവൂ എന്നാണുദ്ദേശിക്കപ്പെടുന്നത്. വാളുകൊണ്ടുള്ള ജിഹാദിനുള്ള അവസ്ഥാവിശേഷമില്ലാത്തപ്പോൾ ഖുർആൻകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാദ്ധ്വാനം ചെയ്യുക. ഇതാണ് അല്ലാഹുവിന്റെ അദ്ധ്യാപനം.

*352. ഒരമുസ്ലിം രാഷ്ട്രം മുസ്ലിംരാഷ്ട്രത്തെ ആക്രമിക്കുമ്പോൾ അവർ അതിനെ ചെറുത്തുകൊണ്ട് യുദ്ധം ചെയ്യുന്നത് ജിഹാദിൽപ്പെടുമോ?*

നിർദ്ദോഷിയായ ഒരു മുസ്ലിം രാഷ്ട്രത്തെ അമുസ്ലിം രാഷ്ട്രം ആക്രമിക്കുമ്പോൾ അതിനെ ചെറുക്കുവാനുള്ള എല്ലാ അവകാശങ്ങളും അവർക്കുണ്ട്. എന്നാൽ അത് ജിഹാ

ദല്ല. ഇസ്ലാം മതാനുഷ്ഠാനങ്ങൾ അനുവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഹനിക്കപ്പെടുമാറുള്ള യുദ്ധത്തിനെതിരെ യുള്ളതുമാത്രമേ ജിഹാദാവുകയുള്ളൂ.

*353. മരണവേളയിൽ മലക്കു ജീവനെടുക്കുന്നതെങ്ങനെ യാണ്?*

ഇതൊരു പ്രയാസകരമായ ചോദ്യമാണ്. എല്ലാവരും മരി ക്കും. എന്നാൽ ദ്രോഹികളായവരുടെ മരണത്തിന് മുമ്പു തന്നെ മലക്ക് അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. മലക്ക് അവരോടുപറയും. സ്വയമേവ നീ തന്നെ നിന്റെ പ്രാണനെ വെടിയുക. അത്തരത്തിലുള്ളവരുടെ ആത്മാവിനെ മലക്കു കൾ സ്പർശിക്കുകയില്ല. ഒരു ദൈവഭക്തിയുള്ള പുണ്യ വാളന്റെ മരണവേളയിൽ "അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ, നിന്റെ നാഥനിലേക്ക് നീ അവനിലും അവൻ നിന്നിലും പരിപൂർണ്ണസംതൃപ്തനായ നിലയിൽ മടങ്ങു ക. എന്റെ ദാസരേ എന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക" എന്നായിരിക്കും ശ്രവിക്കുക.

*354. നാസ്തികതയോ വിഗ്രഹാരാധനയോ ഏതാണ് കൂടുതൽ നീചതരമായത്?*

വിഗ്രഹാരാധനയാണ് കൂടുതൽ നികൃഷ്ടതരം.

*355. ഭാര്യയും ഭർത്താവും ഒരുമിച്ച് ജമാഅത്തായി നമസ്ക്ക രിക്കുമ്പോൾ ഭാര്യക്ക് ഇഖാമത്ത് കൊടുക്കാൻ പാടുണ്ടോ?*

ഭാര്യക്ക് ഇഖാമത്ത് കൊടുക്കാവുന്നതാണ്. അവൾ ഭർത്താ വിന്റെ ഇടതുഭാഗത്ത് നിൽക്കേണ്ടതാണ്.

*356. കുട്ടികൾ ചായകുടിക്കുന്നത് നല്ലതാണോ?*

എന്റെ കുട്ടികൾ, മോനയുടെ (ഹുസൂറിന്റെ മകൾ) ചെറിയ കുട്ടികൾ വരെ അത് കുടിക്കുന്നവരാണ്. ആ സ്ഥിതിക്ക് എനിക്കെങ്ങനെ മറ്റുള്ളവരെ വിലക്കുവാൻ സാധിക്കും? (ഒരു കുട്ടിയുടെ നേരെ തിരിഞ്ഞുകൊണ്ട്) നിനക്കിഷ്ടമാ ണെങ്കിൽ കുടിച്ചോളൂ.

# ജർമ്മൻകാരുമായുള്ള അഭിമുഖം 17.10.2001

***357. തിന്മ എങ്ങനെയാണ് മനുഷ്യനെ സ്വാധീനിക്കുന്നത്? അതിൽനിന്ന് എങ്ങനെ രക്ഷപ്രാപിക്കാം?***

ഓരോ മനുഷ്യന്റെയും ദോഷപ്രവണമായ ആത്മാവ് അയാളുടെ ഹൃദയത്തിലെ ശെയ്ത്താനാണ്. അതെപ്പോഴും തിന്മകൾ ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. അയാൾ അത് അനുസരിക്കുമ്പോൾ അയാളുടെ ഹൃദയം കഠിനമായിതീരുന്നു. എന്നാൽ അയാളുടെതന്നെ ശാസിക്കുന്ന ആത്മാവ് (അന്തഃരംഗം) ആരംഭംമുതൽ തന്നെ അയാളെ ശാസിച്ചുകൊണ്ടിരിക്കും. അതിനെ അവഗണിക്കുമ്പോൾ അയാളുടെ ഹൃദയം കാഠിന്യമേറിയതായിത്തീരുകയും ആ ശാസന സ്വീകരിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. ശാസിക്കുന്ന ആത്മാവാണ് മനുഷ്യനെ നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നത്. ശാസിക്കുന്ന ആത്മാവിന്റെ ശാസനകൾ സ്വീകരിക്കുന്നതിൽ ആത്മാവ്  വിജയിക്കുന്നുവെങ്കിൽ അത് ശാന്തി പ്രാപിച്ച ആത്മാവായിത്തീരുന്നു. അല്ലാഹു നിങ്ങളിലും നിങ്ങൾ അല്ലാഹുവിലും സംതൃപ്തരായിത്തീരുന്നു. അപ്പോൾ അല്ലാഹു നിങ്ങളോട് അവന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളുവാൻ പറയുന്നു. ആ ദുആ അറബിയിൽത്തന്നെ ചൊല്ലുകയും അർത്ഥം ഗ്രഹിക്കുകയും ചെയ്യുക.

***358. റബ്വയുടെ പേര് ചീനാബ്നഗർ എന്നാക്കിമാറ്റുന്നതിൽ താങ്കളുടെ അഭിപ്രായമെന്താണ്?***

റബ്വയെന്നാൽ ഉയർന്ന പർവ്വതപ്രദേശം എന്നാണർത്ഥം. കശ്മീരും ഒരു റബ്വയാണ്. റബ്വയെന്നത് ഈസാ (അ) യുടെ കാലത്തുണ്ടായിരുന്ന കശ്മീരിനെ അനുസ്മരിപ്പിക്കുന്ന നാമമാണ്. എന്നാൽ ഇതുകൊണ്ട് വേണ്ടത്ര പ്രയോജനമുണ്ടായില്ല. റബ്വയിൽ നമുക്ക് ഉപ്പുവെള്ളമാണ് ലഭിക്കുന്നത്. റബ്വയായ കശ്മീരിലേതുപോലുള്ള ശുദ്ധജലം ഇവിടെ ലഭിക്കുന്നില്ല. ചീനാബ് നഗർ എന്നതാണ് കൂടുതൽ യോജിക്കുന്ന പേര്. ചേൻ-ആബ് എന്നാൽ ചന്ദ്രനിൽനിന്നുള്ള നദി എന്നാണർത്ഥം. നൈൽനദി ചന്ദ്രമല

യിൽനിന്നാണ് (ആ നദി പുറപ്പെടുന്ന മലയുടെ പേര് അതാണ്) ഉത്ഭവിക്കുന്നത്.

ഫിർഔൻ നൈൽനദിയിൽ മുങ്ങിയതുപോലെ മുല്ലാക്കളും (ചന്ദ്രനദിയിൽ) നൈൽനദിയിൽ മുങ്ങട്ടെ. നിങ്ങൾ അതിനെ റബ്വയെന്നു വിളിച്ചോളു. എനിക്ക് ചീനാബ് നഗർ എന്ന് വിളിക്കാനാണിഷ്ടം.

## ജർമ്മൻകാരുമായുള്ള അഭിമുഖം 31.10.2001

359. ***അത്യാഹിതങ്ങളിൽ നിന്ന് രക്ഷപ്പെടുന്നവരെ അല്ലാഹു അവന്റെ മലക്കുകളാൽ രക്ഷപ്പെടുത്തുന്നതാണോ?***

'അല്ലാഹു രക്ഷിച്ചു' എന്നത് ഒരു ഭാഷാശൈലി (മുആവറ)യാണ്. അവസരങ്ങളും സാധ്യതകളും ഒത്തുവരികയെന്നത് അല്ലാഹുവിന്റെ നിയമത്തിൽപ്പെട്ടതാണ്. രക്ഷപ്പെടാനുള്ള സാധ്യതകൾ ഉണ്ടായിരിക്കുന്നതുമൂലം രക്ഷപ്പെടുന്നു. ജീവിതത്തിലും മരണത്തിലും സാദ്ധ്യതകൾ ഒളിഞ്ഞുകിടപ്പുണ്ട്. അല്ലാഹുവിന്റെ വിധിയിൽ അത് കമ്പ്യൂട്ടർവത്കരണം ചെയ്യപ്പെട്ടതാണ്. നിങ്ങളുടെ കുറ്റംകൊണ്ടല്ലാതെതന്നെ നിങ്ങൾ അത്യാഹിതങ്ങൾക്ക് വിധേയരാകാവുന്നതാണ്.

360. ***ഒരു വ്യക്തിയെ സംബന്ധിച്ചുള്ള പൂർണ്ണജ്ഞാനമില്ലാത്ത സ്ഥിതിക്ക് ജമാഅത്തിൽ അയാൾക്കെങ്ങനെയാണ് വോട്ട് നൽകുവാൻ കഴിയുക?***

നിങ്ങൾക്ക് ഒരു വ്യക്തിയെക്കുറിച്ച് അറിയില്ല; വോട്ടുചെയ്യുകയും വേണം. അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിനോട് ദുആ ചെയ്യുക. ആ വ്യക്തിയുടെ മുഖംനോക്കി അയാളെ വിലയിരുത്തുവാൻ ശ്രമിക്കുക. എന്നിട്ട് അയാൾക്ക് വോട്ട് നൽകുക. വോട്ടുചെയ്യൽ നിർബന്ധമാണ്; നിങ്ങൾക്കയാളെ പരിചയമില്ലെങ്കിൽപ്പോലും.

361. ***നമസ്ക്കാരം നടന്നുകൊണ്ടിരിക്കെ അണിയിൽനിന്ന് ഒരാൾ മാറിപ്പോവുകയാണെങ്കിൽ പിന്നിലുള്ളവർ ആ സ്ഥലം നികത്തേണ്ടതുണ്ടോ?***

അത് നമസ്ക്കാരത്തിന് ശല്യവും വിഘ്നവും സൃഷ്ടിക്കു

ന്നതും തിരുമൊഴികൾക്ക് വിരുദ്ധവുമാണ്. പിന്നിലുള്ള ആൾ മുന്നിലേക്ക് പോകേണ്ടതില്ല. ആ വരിയുടെ വശങ്ങളിൽനിന്ന് വളരെ ശ്രദ്ധിച്ച് പതുക്കെ ശല്യമുണ്ടാകാത്തവിധം അണി ശരിപ്പെടുത്തേണ്ടതാണ്. അണിയുടെ ഇടയിൽ വിടവുണ്ടാകുവാൻ പാടില്ലാത്തതാണ്.

***362. ഗർഭധാരണത്തിന്റെ ആദ്യ മൂന്നുമാസത്തിനുള്ളിൽ ഗർഭച്ഛിദ്രം അനുവദനീയമായ പരിതസ്ഥിതികൾ ഏതൊക്കെയാണ്?***

ഡോക്ടറുടെ ഉപദേശമനുസരിച്ച് മാത്രമേ അതുപാടുള്ളൂ. അമ്മയുടേയോ കുഞ്ഞിന്റെയോ ജീവഹാനിക്ക് കാരണമായിത്തീരുന്ന തരത്തിലുള്ള അവസ്ഥയിലോ, കുഞ്ഞ് മാനസികവൈകല്യമുള്ളതും രക്ഷിതാക്കൾക്ക് ഭാരമായിത്തീരുന്ന അവസ്ഥാവിശേഷമുള്ളപ്പോഴും ആദ്യമൂന്നുമാസങ്ങൾക്കുള്ളിൽ ഗർഭഛിദ്രം നടത്താവുന്നതാണ്. എന്നാൽ ബലാത്സംഗം മൂലമുണ്ടാകുന്ന ഗർഭധാരണത്തിൽ ഗർഭഛിദ്രം അനുവദനീയമല്ല.

***363. 'സ്നേഹവും ശത്രുതയും വളരെ സമീപസ്തമാണോ?***

അതെ. സ്നേഹിച്ച് വിവാഹിതരാകുന്നു. എന്നാൽ പ്രതീക്ഷകൾ തകരുമ്പോൾ ശത്രുതയായിത്തീരുന്നു. ശത്രുത സ്നേഹമാക്കി മാറ്റുവാൻ കഴിവുള്ള അത്ഭുതകരമായ സ്വഭാവവൈശിഷ്ട്യമായിരുന്നു തിരുനബി (സ)യുടേത്. എന്നാൽ കടുത്ത സ്നേഹം കടുത്തവിരോധമായിത്തീരുന്നതായിട്ടാണ് നാം മറ്റുള്ളവരിൽ ദർശിക്കുന്നത്.

***364. ഖുർആൻ മുഴുവനും ആദ്യമായി പാരായണം ചെയ്തുതീർക്കുന്ന വേളയിൽ വിരുന്ന് ഏർപ്പെടുത്താമോ?***

അതെ. ഒരു നല്ല വിരുന്നുതന്നെ ഏർപ്പെടുത്താവുന്നതാണ്. നിങ്ങളുടെ എല്ലാ ബന്ധുക്കളേയും സുഹൃത്തുക്കളേയും ക്ഷണിക്കുക. അത് പ്രകടനാത്മകമാവരുത്. സന്തോഷത്തിൽ പങ്കുചേരാൻ മറ്റുള്ളവരെ ക്ഷണിക്കുന്നതിൽ തെറ്റില്ല.

# സ്ത്രീകളുമായുള്ള അഭിമുഖം 18.11.2001

***365. അങ്ങയ്ക്ക് ഏറ്റവും പ്രിയങ്കരമായ കാര്യമേതാണ്?***

നബികീർത്തനം ചെയ്യൽ.

***366. സ്കൂളുകളിലും സർവ്വകലാശാലകളിലും അങ്ങയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം ഏതായിരുന്നു?***

എനിക്ക് ഏറ്റവും ഇഷ്ടമുള്ള വിഷയം ക്ലാസ്സുകളിൽ പഠിപ്പിച്ചിരുന്നില്ല. എങ്കിലും ജീവശാസ്ത്രവും, സസ്യശാസ്ത്രവും എനിക്ക് പ്രിയമുള്ള വിഷയങ്ങളായിരുന്നു.

***367. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുവാനുള്ള പ്രാർത്ഥന ഏതാണ്?***

അല്ലാഹുവിന്റെ സാമീപ്യത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. 'അല്ലാഹുവേ, നീ മഹത്വമുടയവനും അതീവകാരുണ്യവാനുമാകുന്നു. ഞാൻ നിന്റെ സാമീപ്യത്തിനായി കാംക്ഷിക്കുന്നു. എനിക്കു നിന്റെ സാമീപ്യം നൽകിയാലും.' എന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.

***368. വാഗ്ദത്ത മസീഹ് മറ്റു രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടോ?***

ഹജ്ജ് ചെയ്യുന്നതിൽനിന്നും മറ്റു രാജ്യങ്ങൾ സന്ദർശിക്കുന്നതിൽനിന്നും അദ്ദേഹത്തെ വിലക്കിയിരുന്നത് മൗലവിമാരുടെ ഫത്വകളായിരുന്നു. വധിക്കുവാനുള്ള ഫത്വകളായിരുന്നു അവ. സമാധാനവും സുരക്ഷയും നിലനിൽക്കുമ്പോൾ മാത്രമേ ഹജ്ജ് നിർബന്ധമായിത്തീരുന്നുള്ളൂ. മക്കയും മദീനയുമല്ലാതെ മറ്റു രാജ്യങ്ങളിൽപ്പോകുവാൻ അദ്ദേഹത്തിന് താത്പര്യമുണ്ടായിരുന്നില്ല. ഇന്ത്യയിൽ തന്നെ സകലമതങ്ങളും ഉണ്ടായിരുന്നു. ഇന്ത്യയിൽ ഇരുന്നുകൊണ്ടുതന്നെ മറ്റെല്ലാ മതങ്ങളുമായി അദ്ദേഹം സംവാദത്തിലേർപ്പെട്ടു. അതിനായി മറ്റു രാജ്യങ്ങളിൽ പോകേണ്ടിവന്നില്ല.

***369. കവിതാരചനക്കുള്ള പ്രചോദനമെന്തായിരുന്നു?***

ഉള്ളിൽനിന്നുള്ള പ്രചോദനങ്ങളായിരുന്നു; പുറത്തുനിന്നു ള്ളവയായിരുന്നില്ല കവിതകളെഴുതുവാനുള്ള പ്രേരണ നൽകിയിരുന്നത്. ചുറ്റുപാടുകളും അതിന് സഹായിക്കുന്നു ണ്ട്. പക്ഷേ, ഒരു കവിയായിത്തീരുവാൻ നിങ്ങളുടെ ഉള്ളിൽ ഒരു കവി ഉണ്ടായിരിക്കേണ്ടതാണ്.

***370. കുട്ടിക്കാലത്ത് അങ്ങ് ദിവസത്തിൽ ഏതാനും മണിക്കൂറുകൾ മാത്രമായോ ഉച്ചവരേയോ വ്രതം എടുക്കാറുണ്ടായിരുന്നുവോ?***

ഉണ്ടായിരുന്നു. ഒമ്പതുവയസ്സായതോടെ മുഴുദിവസവും വ്രതം അനുഷ്ഠിച്ചുതുടങ്ങി. ഒമ്പതുവയസ്സുമുതൽ പന്ത്രണ്ട് വയസ്സുവരെയുള്ള കാലങ്ങളിൽ ഞാൻ വ്രതങ്ങളുടെ എണ്ണം കൂട്ടിക്കൊണ്ടിരുന്നു. പന്ത്രണ്ടുവയസ്സിനുശേഷം റമ സാൻ മാസത്തിൽ എല്ലാ നോമ്പുകളും ഞാനെടുക്കുവാ നാരംഭിച്ചു.

***371. തിരുനബി (സ)യുടെ ചെറുപ്പകാലത്ത് തങ്ങളുടെ ഹൃദയം മാറ്റപ്പെട്ടതായി പറയപ്പെടുന്ന സംഭവം എന്താണ്?***

മറ്റുള്ളവർ കൂടി ദർശിച്ച ഒരു കാശ്ഫ് ആണത്. വിശുദ്ധ നബി (സ)യുടെ ഹൃദയം കീറപ്പെട്ടതായി മറ്റുള്ള കുട്ടികൾ കണ്ടപ്പോൾ അവർ ഭയപ്പെട്ടു. തിരുനബി (സ)യുടെ ഹൃദ യത്തിൽ യാതൊരു മാലിന്യങ്ങളുമില്ല എന്ന ഒരു പ്രവ ചനം കൂടിയായിരുന്നു അത്. ഇക്കാര്യം മറ്റുള്ളവരുംകൂടി സാക്ഷ്യപ്പെടുത്തുന്നതിനുംകൂടിയാണ് അവർക്കും ഈ ദൃശ്യം കാണിച്ചുകൊടുത്തത്.

***372. മനുഷ്യശരീരത്തിൽ അപ്പെന്റിക്സി (വൻകുടലിനോട് ചേർന്നുനിൽക്കുന്ന ഒരു മാംസസഞ്ചി)ന്റെ ആവശ്യമെന്താണ്?***

കുടലിനെ നശിപ്പിച്ചേക്കാവുന്ന അണുക്കളെ അത് ആഗി രണം ചെയ്യുന്നു. അതിന്റെ വലിപ്പം ക്രമാതീതമായി വളരു മ്പോൾ അത് മുറിച്ചുമാറ്റേണ്ടിവരുന്നു. ഭക്ഷണമാലിന്യങ്ങ

ളെയും അത് വലിച്ചെടുത്തുകളയുന്നു.

## മജ്‌ലിസെ ഇർഫാൻ 22.6.2001

373. ***നിർബന്ധ ചന്ദ കൊടുക്കാത്തവർക്ക് വോട്ടവകാശം ഉണ്ടാകുമോ? നിർബന്ധ ചന്ദ കൊടുക്കാത്ത ആൾക്ക് മറ്റു ചന്ദകൾ നൽകാമോ?***

നിർബന്ധ ചന്ദ കൊടുക്കാത്ത ആൾക്ക് ജമാഅത്തിന്റെ തിരഞ്ഞെടുപ്പുകളിലോ മറ്റു ശാഖാ സംഘടനകളുടെ തിരഞ്ഞെടുപ്പുകളിലോ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. ജമാഅത്തിന്റെ അനുവാദത്തോടുകൂടി 'ശറഹ്'(ക്രമം)നെക്കാൾ കുറവാണ് അയാൾ ചന്ദ കൊടുക്കുന്നതെങ്കിൽ അയാൾക്ക് മറ്റു ചന്ദ കൊടുക്കാവുന്നതാണ്. എന്നാൽ അയാൾ ജമാഅത്തിനെ കബളിപ്പിക്കുകയാണെങ്കിൽ മറ്റു ചന്ദകൾ സ്വീകരിക്കാൻ പാടില്ല.

374. ***തഹജ്ജുദ് നമസ്കരിക്കുന്നതിനുമുമ്പ് ഉറങ്ങൽ നിർബന്ധമാണോ?***

നിങ്ങൾ ഉറങ്ങുകയും അതിനുശേഷം തഹജ്ജുദ് നമസ്കരിക്കുകയും ചെയ്യുക. എന്നാൽ നിങ്ങൾ ജോലിചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ ഉറങ്ങാതെ തന്നെ തഹജ്ജുദ് നമസ്കരിക്കാവുന്നതാണ്; രാത്രി ഉറക്കമിളച്ച് ജോലി ചെയ്യൽ നിർബന്ധമാകുന്ന അവസരങ്ങളിൽ.

## 65. ജർമ്മൻകാരുമായുള്ള അഭിമുഖം 20.6.2001

375. ***പ്രസവം മാതാവിനെ സംബന്ധിച്ച് വേദനാ ജനകമായ അനുഭവമാകുന്നതെന്തുകൊണ്ടാണ്?***

പ്രസവവേദന കാരണമായി മാതാവ് കുട്ടിയെ അധികമായി സ്നേഹിക്കുന്നു. അല്ലാഹുവിന്റെ വിധിയിൽ ധാരാളം 'ഹിക്മത്ത്' (യുക്തി) അടങ്ങിയിരിക്കുന്നു.

376. ***താങ്കൾ പ്രേതകഥകൾ വായിച്ചിട്ടുണ്ടോ?***

ഞാൻ പ്രേതകഥാ പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. രസകരമാണത്. എന്നാൽ എല്ലാം വ്യാജമാണ്.

***377. ജിന്നുമായി ബന്ധപ്പെട്ട താങ്കളുടെ മറ്റു ചില അനുഭവങ്ങൾ പറയാമോ?***

ഒരിക്കൽ ഞാൻ എന്റെ വീട് പുറത്ത് നിന്ന് പൂട്ടിയശേഷം ലാഹോറിലുള്ള ഭാര്യാവീട്ടിലേക്ക് പോയി. ഞാൻ തിരിച്ചു വന്നപ്പോൾ വീട്ടിന്റെ വാതിൽ അകത്ത് നിന്ന് പൂട്ടിയതായി കാണുകയുണ്ടായി. താഴത്തെ സാക്ഷ യാദൃച്ഛികമായി വീണുപോയതായിരിക്കും എന്നു ഞാൻ കരുതി. വെന്റിലേറ്ററിനുള്ളിൽ കൂടി അകത്ത് കടന്ന് താഴ് തുറക്കുവാൻ ഞാൻ അർഷാദ് എന്ന് പേരുള്ള ഒരു ചെറിയ കുട്ടിയെ വിളിച്ചുവരുത്തി. അവൻ മുകളിൽ കയറിയിട്ട് പറഞ്ഞു വെന്റിലേറ്റർ തുറക്കാൻ കഴിയുന്നില്ല, അത് കയറിട്ട് കെട്ടിയിരിക്കുന്നുവെന്ന്. ആരാണത് ചെയ്തത്? ഞങ്ങൾ അത് പതുക്കെ തള്ളിത്തുറന്നു. അവൻ അകത്ത് കയറി. വാതിലിന്റെ മുകളിലത്തെ സാക്ഷയാണ് ഇട്ടിരിക്കുന്നതെന്നും അവന് അത് എത്തുകയില്ലെന്നും അവൻ വിളിച്ചുപറഞ്ഞു. ഒരു കസേരയിൽ കയറിനിന്ന് സാക്ഷ നീക്കുവാൻ അവനോട് ഞാൻ പറഞ്ഞു. അങ്ങനെ വാതിൽ തുറന്ന് ഞങ്ങൾ അകത്ത് കയറിയപ്പോൾ മറ്റൊരു വാതിലും ഇതുപോലെ മുകളിൽ കുറ്റിയിട്ടിരിക്കുന്നതായി കണ്ടു. ആരാണിതെല്ലാം ചെയ്തത്? അത് ജിന്നായിരുന്നു.

***378. നമ്മുടെ പ്രവൃത്തികളിൽ മധ്യമാർഗ്ഗമാണ് നാം പാലിക്കുന്നതെന്ന് എങ്ങനെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും? നാം പ്രവർത്തിച്ചത് കൂടുതലോ കുറവോ എന്ന് എങ്ങനെ അറിയും?***

പ്രവൃത്തിയിൽ അത് സ്വയം പ്രതിഫലിച്ചുകാണും. നിങ്ങൾ മധ്യമാർഗ്ഗമാണ് അവലംബിച്ചിട്ടുള്ളതെങ്കിൽ അതിന്റേതായ പ്രതിഫലനം അതിൽ കാണാവുന്നതാണ്. കൂടുതലും കുറവും ഹാനികരമാണ്. നിങ്ങൾ ക്രമാതീതമായി ജോലി ചെയ്താൽ ആരോഗ്യത്തിലും ഉറക്കത്തിലും അത് പ്രതിഫലിച്ചുകാണാം. അതേപോലെതന്നെ കളിയും. നിങ്ങൾ

ആവശ്യത്തിന് വ്യായാമം ചെയ്തില്ലെങ്കിൽ ശരീരം വണ്ണിക്കും; ക്രമാതീതമായി ചെയ്താൽ ശരീരം ശോഷിക്കുകയും ചെയ്യും.

***379. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആരാണ് നല്ലയാൾ? അഞ്ച് നേരവും നമസ്ക്കരിക്കുന്ന ആളോ അതല്ല നമസ്ക്കരിക്കാതെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മറ്റുജോലികൾ ചെയ്യുന്ന ആളോ?***

ഒരു വ്യക്തി നമസ്ക്കരിക്കുന്നില്ലെങ്കിൽ അല്ലാഹുവുമായുള്ള അയാളുടെ എല്ലാ ബന്ധവും അറ്റുപോകുന്നതാണ്.

***380. 'ഇബാദത്ത്' എന്നതിന്റെ അർത്ഥമെന്താണ്?***

ഇബാദത്തിന്റെ അർത്ഥം അടിമയെപ്പോലെ വർത്തിക്കുക എന്നാണ്. നിങ്ങളുടേതായി ഒന്നും തന്നെയില്ല; മാലിക്കിനെ (യജമാനനെ) അനുസരിക്കുക. അല്ലാഹുവിന്റെ മഹനീയ ഗുണങ്ങൾ സ്വാംശീകരിക്കുക എന്നതാണ് ജീവിതത്തിന്റെ ലക്ഷ്യം. അതുമൂലം നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്ക് പുരോഗതിയുണ്ടാകുന്നു.

***381. ഇരുന്നുകൊണ്ട് ഖുത്ബ നിർവഹിക്കാമോ?***

നിർവഹിക്കാം. ഇമാമിന് അസുഖമാണെങ്കിൽ അങ്ങനെ ചെയ്യാം. പക്ഷേ, നിന്നുകൊണ്ട് ഖുത്ബ നിർവ്വഹിക്കുന്നതാണ് ഉത്തമം. എല്ലാ ഖലീഫമാരും ചെയ്തുപോന്നിട്ടുള്ളത് അപ്രകാരമാണ്. അവർക്ക് അസുഖമാണെങ്കിൽ അവർ ഖുത്ബ നിർവ്വഹിക്കാറില്ല. മറ്റാരെയെങ്കിലും ആ കൃത്യം ഏൽപ്പിക്കുകയാണ് ചെയ്യാറ്.

***382. മരുന്ന് മണപ്പിക്കുന്നത്കൊണ്ട് നോമ്പ് മുറിയുമോ?***

അസുഖം മാറണമെന്ന ഉദ്ദേശ്യത്തോടുകൂടി നിങ്ങൾ മരുന്ന് മണക്കുകയാണെങ്കിൽ നോമ്പ് മുറിയും. രോഗാവസ്ഥയിൽ നിങ്ങൾ നോമ്പനുഷ്ഠിക്കാൻ പാടില്ല എന്നതിനാൽ ഈഅവസരത്തിൽ വൈരുദ്ധ്യം കാണപ്പെടും.

***383. മലക്കുകളെ എന്ത് വസ്തുകൊണ്ടാണ് സൃഷ്ടിച്ചിട്ടുള്ളത്?***

മലക്കുകളെ മണ്ണുകൊണ്ടല്ല സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടാണ് നമുക്കവയെ കാണാൻ സാധിക്കാത്തത്.

## സ്ത്രീകളുമായുള്ള അഭിമുഖം 1.7.2001

***384. കുടുംബസുഹൃത്തുക്കളുടെ ഇടയിൽ പർദ്ദ ആചരിക്കേണ്ടതുണ്ടോ?***

വേണം. വളരെ അടുത്ത സുഹൃത്തും മാന്യനുമാണെങ്കിൽ നിങ്ങൾക്ക് ഒന്നിച്ചിരിക്കുകയും ഭക്ഷണം കഴിക്കുകയുമാകാം. ഖുർആൻ അത് അനുവദിക്കുന്നുണ്ട്. അത്തരക്കാരുടെ ഇടയിൽ കർശനമായി പർദ്ദ ആചരിക്കേണ്ടതില്ല. മാന്യനല്ലെങ്കിൽ, വളരെ അടുത്ത സുഹൃത്താണെങ്കിലും നിങ്ങളുടെ 'കസിൻ' ആണെങ്കിൽ തന്നെയും നിങ്ങൾ കർശനമായും പർദ്ദ അനുഷ്ഠിക്കണം.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 9-7-2001

***385. രാജാവിന്റേയോ രാജ്ഞിയുടെയോ മുമ്പിൽ കുനിഞ്ഞ് ബഹുമാനിക്കുന്നത് ശിർക്കാകുമോ?***

രാജാവിന്റേയോ രാജ്ഞിയുടെയോ മുമ്പിൽ ബഹുമാനസൂചകമായി തലകുനിക്കുന്നത് ശിർക്കോ പാപമോ അല്ല. സ്ത്രീകൾക്ക് ഹസ്തദാനം ചെയ്യുന്നതിനുപകരമായി ഞാൻ തലകുനിച്ച് അഭിവാദ്യം ചെയ്യാറുണ്ട്.

***386. ഹിന്ദുക്കളിലും മറ്റും കാണുന്ന 'ചക്ര' പോലുള്ള അനുഷ്ഠാനം മൂലവും ധ്യാനം വഴിയും അവർക്ക് ആന്തരികമായ ശക്തിയും ഊർജ്ജവും പകർന്നുകിട്ടുന്നതായും സമാധാനം ലഭിക്കുന്നതായും അവർ അവകാശപ്പെടുന്നുണ്ട്. താങ്കളുടെ അഭിപ്രായമെന്താണ്.***

ധ്യാനനിരതരായിരിക്കുമ്പോൾ അവർക്ക് സമാധാനം ലഭിക്കുന്നതായി അനുഭവപ്പെടും. പക്ഷേ, അതിന്റെ അർത്ഥം അവർ എന്തെങ്കിലും സൽകൃത്യം ചെയ്തെന്നോ അല്ലാഹു അവരിൽ തൃപ്തനായി എന്നോ അല്ല. നബിതിരുമേനി (സ) അപ്രകാരം ചെയ്തിട്ടുണ്ടായിരുന്നില്ല. അല്ലാഹു എല്ലാവിധ

അനുഗ്രഹങ്ങളും അദ്ദേഹത്തിൽ വർഷിച്ചു. 'ചക്ര' വെറുമൊരു മനഃശാസ്ത്ര പ്രതിഭാസമാണ്. മാനസികമായി അവർക്ക് സന്തോഷം തോന്നുന്നു. മനഃസമാധാനം കൈവന്നതായി അവർക്ക് തോന്നുന്നു. എന്നാൽ അതുമൂലം ആത്മീയമായി എന്തെങ്കിലും ലഭിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നില്ല.

*387. ഹസ്റത്ത് ഇസ്മായീൽ നബി (അ)ക്കും നബി തിരുമേനി (സ)ക്കും ഇടയിൽ ഒരു പ്രവാചകനും അറേബ്യയിൽ അവതരിച്ചിട്ടുണ്ടായിരുന്നില്ലേ?*

അറേബ്യയിൽ നബിതിരുമേനി (സ) ക്കും ഹസ്റത്ത് ഇസ്മായീൽ (അ)നബിക്കും ഇടയിൽ ഒരു പ്രവാചകൻപോലും വന്നിട്ടുണ്ടായിരുന്നില്ല. അറബ് ജനതയെ അഭിസംബോധന ചെയ്യാൻ ഒരൊറ്റ പ്രവാചകനും അതിനിടയിൽ നിയുക്തനായിട്ടുണ്ടായിരുന്നില്ല. ഒരു സുദീർഘകാലം അറേബ്യൻ ജനതയ്ക്ക് മുന്നറിയിപ്പുകളൊന്നും ലഭിച്ചിരുന്നില്ല. അവരുടെ അവസ്ഥ വളരെ മോശമായിരുന്നു. നബി തിരുമേനി (സ)യുടെ ദൗത്യം വളരെ ദുർഘടം പിടിച്ചതായിരുന്നു. ഒരൊറ്റ മുന്നറിയിപ്പുകാരനും ദീർഘമായ കാലയളവിൽ അവർക്കിടയിൽ വന്നിട്ടുണ്ടായിരുന്നില്ല. നബിതിരുമേനി (സ) ആത്മീയമായി മരിച്ച അവരെ ആത്മീയജീവിതത്തിലേക്ക് ആനയിച്ചു; അവർ പരിഷ്കരിക്കപ്പെട്ടു.

*388. സമയത്തെ ഏറ്റവും നല്ല വിധത്തിൽ ഉപയോഗപ്പെടുത്താൻ ഏത് പ്രാർത്ഥനയാണ് നാം ചെയ്യേണ്ടത്?*

സമയത്തെക്കുറിച്ചും സമയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ധാരണയുണ്ടാക്കിത്തരുവാൻ അല്ലാഹുവിനോട് യാചിക്കുക. സമയമാണ് സർവ്വസ്വവും. നിങ്ങൾ അത് എങ്ങനെ വിനിയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. 'സമയം പാഴാക്കിക്കളയാത്ത മഹോന്നത വ്യക്തിയാണ് താങ്കൾ' എന്ന് അർത്ഥം വരുന്ന ഒരു ദിവ്യവെളിപാട് ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് ലഭിച്ചിട്ടുണ്ട്. മസീഹ് മൗഊദ് ഒരു സെക്കന്റ് സമയംപോലും പാഴാക്കിയിരുന്നില്ല. സമയത്തെക്കുറിച്ചുള്ള യഥാർത്ഥ ധാരണ നിങ്ങൾക്ക് ലഭ്യമാക്കിത്ത

രുവാൻ  അല്ലാഹുവിനോട് യാചിക്കുക.

***389. ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിൽ ചെയ്യപ്പെടുന്ന ദുആ സ്വീകരിക്കപ്പെടുമെന്ന് നബിതിരുമേനി (സ) അരുളിയിട്ടുണ്ട്. എന്താണ് നബി (സ) ഇങ്ങനെ പറയാൻ കാരണം?***

ബാങ്കിനുശേഷം ഇഖാമത്തുവരെ നിങ്ങളുടെ ശ്രദ്ധ പ്രാർത്ഥനയിലേക്ക് തിരിയാൻ വേണ്ടി നബിതിരുമേനി ചെയ്ത ഒരു പ്രയത്നമാണത്. ജനങ്ങൾ ബാങ്ക് കേൾക്കുകയും അതിനുശേഷം നമസ്കാരംവരെ ലൗകിക കാര്യങ്ങളെക്കുറിച്ചുള്ള സംസാരത്തിൽ മുഴുകുകയും ചെയ്യുന്നു. അതുകൊണ്ടാണ് നബി (സ) പറഞ്ഞത് പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്ന്. അപ്പോൾ മനസ്സ് പ്രാർത്ഥനാനിരതമാകുന്നു. നിങ്ങൾക്ക് പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ  സാധിച്ചാൽ നബി(സ)യുടെ തിരുവചനങ്ങൾ പൂർത്തിയാകുന്നതാണ്.

***390. ഇപ്പോഴത്തെ കുട്ടികൾക്ക് സാധനങ്ങൾ സൂക്ഷിക്കുന്നതിനെക്കുറിച്ച് യാതൊരു ശ്രദ്ധയുമില്ല. എങ്ങനെയാണ് അതിന്റെ വില അവർക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കും?***

ഉദാഹരണത്തിലൂടെ അവരെ ആവർത്തിച്ച് ഗുണദോഷിക്കുക. ഉദാഹരണമായി, വസ്ത്രങ്ങൾ സൂക്ഷിക്കുന്നതിനെക്കുറിച്ചും മറ്റും പറയുക. ഒന്നുംതന്നെ പാഴാക്കിക്കളയാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക. അല്ലാഹു സൃഷ്ടിച്ച ഒന്നും തന്നെ പാഴാക്കിക്കളയാതിരിക്കുക എന്നത് നബിതിരുമേനി (സ)യുടെ സുന്നത്താണ്. സ്നേഹപൂർവ്വം അവരെ ഗുണദോഷിക്കുക. സ്നേഹത്തോടെ കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുക. സഫറുല്ലാഹ് ഖാൻ സാഹിബിന് ഒരു ഓവർകോട്ടുണ്ടായിരുന്നു. അത് അദ്ദേഹം വളരെ ശ്രദ്ധയോടെ സംരക്ഷിച്ച് 20-25 വർഷക്കാലം ഉപയോഗിക്കുകയുണ്ടായി.

***391. ചൈനക്കാർ മൃഗങ്ങളോട് വളരെ ക്രൂരത കാട്ടുന്നവരാണ്. അവരെ എങ്ങനെ ഇക്കാര്യത്തെക്കുറിച്ച് ബോധ***

*വത്കരിക്കാം?*

അവർ മുസ്‌ലിംകളാകാത്തിടത്തോളം പ്രതീക്ഷക്ക് വകയി ല്ല. അവിടത്തെ മുസ്‌ലിംകളും മൃഗങ്ങോട് അതേ നയം തന്നെയാണ് സ്വീകരിച്ചുകാണുന്നത്. അവർ ഹൃദയാത്മനാ മുസ്‌ലിംകളാകേണ്ടിയിരിക്കുന്നു. അതേപോലെതന്നെ മൃഗ ങ്ങൾക്കും ജീവനുണ്ടെന്ന് അവരുടെ ഹൃദയത്തിൽ ബോധ്യ പ്പെടേണ്ടിയിരിക്കുന്നു. ചില ഹദീസുകളിൽ പറയപ്പെട്ടത നുസരിച്ച് മൃഗങ്ങളോടുള്ള ക്രൂരത നരകശിക്ഷയ്ക്ക് അർഹ മാകുന്ന കുറ്റമാണ്. അല്ലാഹുവിന്റെ അനുവാദത്തോടെ മാത്രമെ മൃഗങ്ങളെ കൊല്ലാൻ പാടുള്ളൂ. ഏറ്റവും കുറഞ്ഞ വേദനയാൽ മൃഗങ്ങളെ അറുക്കണമെന്നാണ് നബി (സ) തിരുമേനിയും പറഞ്ഞിരിക്കുന്നത്. അറുക്കുന്ന അവസര ത്തിൽ മൃഗങ്ങൾക്ക് അതറിയാം. വേദനയെക്കുറിച്ചും അവയ്ക്ക് ബോധ്യമുണ്ട്. പക്ഷേ, അത് പ്രകടിപ്പിക്കാൻ കഴി യുന്നില്ലെന്നേയുള്ളൂ. നല്ല മൂർച്ചയുള്ള കത്തികൊണ്ട് നിങ്ങൾ പെട്ടെന്ന് അറുക്കുകയാണെങ്കിൽ തലച്ചോറിലേ ക്കുള്ള രക്തപ്രവാഹം നിലയ്ക്കുന്നു. അതോടെ വേദന ഇല്ലാതാകുന്നു. ചൈനക്കാർ ഹൃദയാത്മനാ മുസ്‌ലിംകളാ ക്കാത്തിടത്തോളം കാലം അവർക്ക് വേണ്ടി ഒന്നുംതന്നെ ചെയ്യാൻ നിവൃത്തിയില്ല.

## ബംഗാളികളുമായുള്ള അഭിമുഖം 17.7.2001

*392. ഏതാണ് ഏറ്റവും നല്ല ചികിത്സാ രീതി? നമുക്ക് മൂന്ന് രീതികളും ഉപയോഗിക്കാമോ? അതായത് ഹോമിയോ പ്പതിയും അലോപ്പതിയും ആയുർവേദവും?*

ഏറ്റവും നല്ലത് ഹോമിയോപ്പതിയാണ്. ഹോമിയോപ്പതി യുടെ അസ്തിത്വം അല്ലാഹുവിന്റെ അസ്തിത്വവുമായി ബന്ധപ്പെട്ടതാണ്. ഞാൻ ഹോമിയോപ്പതി ഇഷ്ടപ്പെടുന്നു. കാരണം അത് അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ശക്ത മായ തെളിവാണ്. ഹോമിയോ ഡോക്ടർ ഹോമിയോപ്പ തിയിൽ നല്ല പരിജ്ഞാനമില്ലാത്തയാളാണെങ്കിൽ അതിന്റെ റിയാക്ഷൻ അതിഗുരുതരമായിരിക്കും. സിലീഷ്യ (Selicea)

യുടെ ഉയർന്ന ആവർത്തനം മാരകമായയധമേന്തി നിൽക്കുന്ന നരഭോജിയേക്കാൾ അപകടകരമാണ്.

നബി തിരുമേനി (സ)യുടെ കാലത്തും ഹോമിയോപ്പതി ഉണ്ടായിരുന്നു. തേനിന്റെ ശമനഗുണം അത്തരത്തിലുള്ള താണ്. അനഹ്ൽ സൂറത്തിൽ അത് പറഞ്ഞിട്ടുണ്ട്. തേനീച്ച വിവിധ പുഷ്പങ്ങളിൽ നിന്നാണ് തേൻ ശേഖരിക്കുന്നത്. കഠിനമായ അതിസാരം ബാധിച്ച ഒരാൾക്ക് നബി (സ) ഒരിക്കൽ തേൻ ഔഷധമായി നൽകി. പക്ഷേ, ഒന്നും സംഭവിച്ചില്ല. നബിതിരുമേനി (സ) പറഞ്ഞു. നിങ്ങളുടെ വയറ് കള്ളം പറയുകയാണ്; തേനല്ല. (പിന്നീട് ആ സഹാബി തേൻമൂലംതന്നെ സുഖം പ്രാപിച്ചു).

നബിതിരുമേനി (സ)യുടെ കാലത്ത് ഹോമിയോപ്പതി സമ്പ്രദായം ഉണ്ടായിരുന്നില്ല എന്നു പറയുന്നത് ശരിയല്ല. ഏറ്റവും നല്ല ആത്മീയ ശമനമാർഗ്ഗമാണത്.

***393. ഇസ്ലാമിൽ ഇന്ന് പല വിഭാഗങ്ങൾ ഉണ്ടല്ലോ. എന്നാൽ ഒന്നും യഥാർത്ഥ ഇസ്ലാമല്ല. ഈ സാഹചര്യത്തിൽ നമ്മുടെ കർത്തവ്യമെന്താണ്?***

M.T.A.പ്രചരിപ്പിക്കുക. യഥാർത്ഥ ഇസ്ലാം M.T.A.യിലുണ്ട്. M.T.A.യെ പ്രചരിപ്പിക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്തം. നമുക്ക് ചെയ്യാൻ പറ്റുന്ന ഏറ്റവും നല്ല കാര്യം അതാണ്.

***394. ആഫ്രിക്കയിൽ ധാരാളം ബൈഅത്തുകൾ നടക്കുന്നുണ്ടല്ലോ. എന്നാൽ അതിന് ആനുപാതികമായി തർബിയ്യത്ത് നടക്കുന്നില്ലല്ലോ?***

ഞാൻ സമ്മതിക്കുന്നു. തർബിയ്യത്തിന് സമയമെടുക്കും. ആദ്യത്തെ പ്രക്രിയ അഹ്മദിയ്യത്തിൽ അംഗമാകുക എന്നതാണ്. തർബിയ്യത്ത് വളരെ വിഷമം പിടിച്ച പ്രവൃത്തിയാണ്. നിരന്തരം നാം ദുആ ചെയ്തുകൊണ്ടിരിക്കേണ്ടിയിരിക്കുന്നു. തർബിയ്യത്ത് സ്ഥായിയായി നിരന്തരം നടത്തിക്കൊണ്ടിരിക്കേണ്ട പ്രക്രിയയാണ്. മസീഹ് മൗഊദ് (അ)ന്റെ പ്രതീക്ഷക്കൊത്ത് ഉയർന്ന എത്ര അഹ്മദികളുണ്ട്? തർബി

യ്യത്ത് എന്നത് നിരന്തരം നടക്കേണ്ട കാര്യമാണ്.

395. *സ്ത്രീകൾക്ക് രാഷ്ട്രത്തലവൻമാരാകാൻ പാടുണ്ടോ?*

സ്ത്രീകൾക്ക് രാഷ്ട്രത്തലവൻവാകാം. അല്ലായിരുന്നുവെങ്കിൽ ഖുർആൻ ശീബാ രാജ്ഞിയെ പുകഴ്ത്തുകയില്ലായിരുന്നു. അവർ സ്ത്രീയായിരുന്നില്ലേ?

396. *തഹജ്ജുദ് നമസ്ക്കാരം എവിടെവെച്ചാണ് അനുഷ്ഠിക്കേണ്ടത്?*

തഹജ്ജുദ് നമസ്ക്കാരം വീട്ടിൽ വെച്ചാണ് അനുഷ്ഠിക്കേണ്ടത്. ജമാഅത്തായിട്ടല്ല; പള്ളിയിൽ വെച്ചും അല്ല.

## ജർമ്മൻകാരുമായുള്ള അഭിമുഖം 18.7.2001

397. *അഹ്മദിയ്യത്തിന്റെ കഠിന വൈരിയായ ഒരു അനഹ്മദിയുടെ മൃതദേഹം അഹ്മദി ശ്മശാനത്തിൽ അടക്കം ചെയ്യാമോ?*

അതെ. അഹ്മദിയ്യത്തിന്റെ ശത്രുവിനെപ്പോലും അഹ്മദി ശ്മശാനത്തിൽ അടക്കം ചെയ്യാവുന്നതാണ്. ഒരു പ്രശ്നവുമില്ല. എന്നാൽ ബഹിശ്തി മഖ്ബറയിൽ പാടില്ല. അത് 'മൂസി'കൾക്ക് (വസിയ്യത്ത് ചെയ്തവർ) മാത്രമുള്ളതാണ്.

398. *കഷ്ടപ്പാടനുഭവിച്ചുള്ള മരണവും കഷ്ടപ്പാടില്ലാത്ത മരണവും ഒരാളുടെ ഭക്തിയുമായി ബന്ധപ്പെട്ടതാണോ?*

കഷ്ടപ്പാടനുഭവിച്ചോ ഇല്ലാതെയോ ഉള്ള മരണവും ഭക്തിയും തമ്മിൽ ഒരു ബന്ധവുമില്ല. ധാരാളം ഭക്തജനങ്ങൾ കഷ്ടപ്പാടനുഭവിച്ച് മരിച്ചിട്ടുണ്ട്; എത്രയോ ദുഷ്ടജനങ്ങൾ ഒരു കഷ്ടപ്പാടും അനുഭവിക്കാതെയും മരിച്ചിട്ടുണ്ട്. വളരെയധികം അഹ്മദികൾ ക്യാൻസർ ബാധിച്ച് മരിച്ചിട്ടുണ്ട്. ഇതും ഭക്തിയുമായി ഒരു ബന്ധവുമില്ല.

399. *കുട്ടികൾ പാക്കിസ്താനിൽ വളർന്നാൽ അവർക്ക് നല്ല തർബിയ്യത്ത് (ശിക്ഷണം) ലഭിക്കുമോ?*

ഇല്ല. പാക്കിസ്ഥാനിലും അവർ ദുഷിച്ചുപോകാം. തർബി

യ്യത്ത് അല്ലാഹുവിന്റെ അനുഗ്രഹവും ദുആയും ഭക്തരായ മാതാപിതാക്കളും മുഖേനയാണ് സാധ്യമാവുക. കുട്ടികൾ ലണ്ടനിലോ അമേരിക്കയിലോ കാനഡയിലോ വളരുന്നത് എന്നതിന് ഒരു പ്രസക്തിയുമില്ല. പാക്കിസ്താനിലായാലും അവർ ദുഷിച്ചുപോകാൻ ഇടയുണ്ട്. കുട്ടികൾ മാതാപിതാക്കളുമായി ബന്ധിക്കപ്പെട്ടിരിക്കണം. സ്കൂൾ വിട്ട ഉടൻ വീട്ടിലേക്ക് വരുവാനുള്ള ആഗ്രഹം അവരുടെ ഹൃദയത്തിൽ ഉണ്ടാകണം. ഹൃദയം എപ്പോഴും വീടുമായി ബന്ധപ്പെട്ടിരിക്കണം. ഹൃദയം പുറംലോകവുമായി ബന്ധപ്പെട്ടിരിക്കുമ്പോഴാണ് അവർ ദുഷിക്കുന്നത്. അത്തരം കുട്ടികൾ വീട്ടിൽ എത്താൻ താമസിക്കുകയും മറ്റുള്ളവരുമായി സമയം ചെലവഴിക്കുകയും അങ്ങനെ ദുഷിച്ചുപോകുകയും ചെയ്യുന്നു.

## സ്ത്രീകകളുമായുള്ള അഭിമുഖം 22.7.2001

***400. സ്ത്രീകൾക്ക് ആയോധനകല അഭ്യസിക്കാമോ?***

സ്വയരക്ഷാർത്ഥം അഹ്മദി സ്ത്രീകൾ നിർബന്ധമായും ആയോധനകല അഭ്യസിച്ചിരിക്കണം. പക്ഷേ, അവർ സ്ത്രീകളിൽ നിന്നായിരിക്കണം പഠിക്കേണ്ടത്.

***401. എന്താണ് സംസ്കാരവും മതവും തമ്മിലുള്ള അന്തരം?***

സംസ്കാരവും മതവും വ്യതിരിക്തങ്ങളാണ്. അവതമ്മിൽ പൊരുത്തക്കേട് കാണുകയാണെങ്കിൽ ഇസ്‌ലാമിനെ പിൻപറ്റേണ്ടതാണ്. അവ തമ്മിൽ പൊരുത്തക്കേടൊന്നുമില്ലെങ്കിൽ നിങ്ങൾക്ക് സംസ്കാരത്തെ പിൻപറ്റാവുന്നതാണ്. ബ്രിട്ടീഷ് സംസ്കാരത്തിൽ ധാരാളം നല്ല വശങ്ങളുണ്ട്.

***402. ഒരു വ്യക്തിയോട് ആത്മാർത്ഥമായി മാപ്പിന് യാചിച്ചിട്ടും അയാൾ പൊറുത്തുതരാൻ തയ്യാറാകുന്നില്ലെങ്കിൽ അല്ലാഹു പൊറുത്തുതരുമോ?***

ആത്മാർത്ഥ ഹൃദയത്തോടെ യഥാർത്ഥമായി ക്ഷമചോദിച്ചിട്ടും അയാൾ മാപ്പുതരുന്നില്ലെങ്കിൽ അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരും.

*403. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിവാഹത്തിന് ഏറ്റവും അനുയോജ്യമായ പ്രായം എത്രയാണ്?*

പെൺകുട്ടികൾ 18നും 22നും ഇടയിൽ വിവാഹിതരാകേണ്ടതാണ്; ആൺകുട്ടികൾ 22നും 28നും ഇടയിലും. നേരത്തെയാകുന്നത് ഏറ്റവും നല്ലത്. കാരണം കൂടുതൽ കാലം യുവത്വത്തിൽ കഴിയാം.

*404. എത് നോവലുകളാണ് അങ്ങ് ഏറ്റവും ഇഷ്ടപ്പെടുന്നത്?*

ഒരു നീണ്ട നിരതന്നെയുണ്ട്. ചിലർ നോവലിന്റെ ഘടനയെ നിലനിർത്തിക്കൊണ്ടുതന്നെ വളരെയധികം യുക്തിയും ധിഷണയും ഉപയോഗിച്ച് നോവലെഴുതുന്നു. ഞാൻ വായിച്ചുകൊണ്ടിരുന്ന ഒരു നോവലിൽ യുക്തിജ്ഞാനപരമായ ധാരാളം കാര്യങ്ങൾ ഉണ്ടായിരുന്നു. ഞാൻ ഉസ്മാനോട് (ഹുസൂറിന്റെ പേരക്കുട്ടി) അതിലുള്ള യുക്തിജ്ഞാനമടങ്ങിയ ഭാഗങ്ങളും അടിവരിയട്ടുവെക്കുവാൻ പറയുകയുണ്ടായി.

## ജർമ്മൻകാരുമായുള്ള അഭിമുഖം 19.9.2002

*405. ലോകത്ത് നിന്ന് ഭീകരവാദം ഇല്ലാതാക്കുവാൻ കഴിയുമോ?*

ഭീകരവാദത്തെ ഇല്ലാതാക്കുവാൻ സാധ്യമല്ല. വൻശക്തികൾ അതിന്റെ പിന്നിലുണ്ട്. അവർ അതിനെ സംരക്ഷിക്കുകയും പിന്നെ തടയാൻ ശ്രമിക്കുകയും ചെയ്യുന്നു. താലിബാന്റെ പിന്നിൽ അമേരിക്കയായിരുന്നു. റോക്കറ്റുകളും മിസൈൽ ലോഞ്ചറുകളും മറ്റും അവർക്ക് നൽകിയത് അമേരിക്കയാണ്. അവരെ റഷ്യക്കെതിരിൽ ഉപയോഗിക്കുകയായിരുന്നു അമേരിക്കയുടെ ഉദ്ദേശ്യം. ചില ഭീകര പ്രസ്ഥാനങ്ങൾക്ക് റഷ്യ, ചൈന മുതലായ രാജ്യങ്ങൾ പരിശീലനം നൽകുന്നുണ്ട്. ഭരണകൂടങ്ങൾ അനീതി നിറഞ്ഞതാണ്. അതുകൊണ്ട് ഭീകരവാദത്തെ ഇല്ലാതാക്കാൻ സാധ്യമല്ല.

***406. ഇപ്പോഴത്തെ പ്രതിസന്ധിയിൽ (സെപ്താംബർ 11-ന് അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമിക്കപ്പെട്ട സംഭവം) അന്താരാഷ്ട്ര കോടതിയുടെ പങ്കെന്താണ്?***

അവർക്ക് ഇതിൽ ഒന്നും ചെയ്യാനില്ല. ഇത് അതിന്റെ പ്രവർത്തക വൃത്തത്തിൽ വരുന്നതല്ല. രണ്ടാമതായി അത് അമേരിക്കയുടെ സ്വാധീന വലയത്തിലാണ്. പേൾഹാർബറിനുശേഷം അമേരിക്കയ്ക്കുണ്ടായിട്ടുള്ള ഏറ്റവും വലിയ ദുരന്തമാണിത്. അമേരിക്ക അങ്ങേയറ്റം ക്രുദ്ധമാണ്. ഇതൊരു സാധാരണ കാര്യമല്ല. വളരെ വലിയ കെട്ടിടമാണ് നിലംപൊത്തിയിരിക്കുന്നത്. 500 അഗ്നിശമനസേനാനികളിൽ 300 പേർ കെട്ടിടത്തിനടിയിൽപെട്ടു മരിച്ചു. ഭയാനകമായ സംഭവമാണ് നടന്നത്.

***407. മുസ്‌ലിംകൾ ആക്രമണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. (സെപ്റ്റംബർ 11-ലെ സംഭവത്തിനുശേഷം) എന്ത് പ്രായോഗിക മുൻകരുതലുകളാണ് അഹ്മദികൾ സ്വീകരിക്കുന്നത്?***

അഹ്മദികൾ എല്ലാവിധ മുൻകരുതലുകളും സ്വീകരിക്കുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി പള്ളിക്ക് ചുറ്റുമുള്ള ആളുകൾക്കറിയാം അഹ്മദികൾ ഭീകരവാദികളല്ലെന്ന്. ഭീകരവാദവുമായി അഹ്മദികൾക്ക് ഒരു ബന്ധവുമില്ലെന്ന് അവർക്ക് ബോധ്യമുണ്ട്. യു കെയിലും യു എസ് എയിലും ജർമനിയിലുമുള്ള അനഹ്മദി പള്ളികൾക്കുനേരെ ആക്രമണങ്ങളുണ്ടായിട്ടുണ്ട്. ഒരൊറ്റ ആക്രമണം പോലും അഹ്മദി പള്ളികൾക്ക് നേരെ ഉണ്ടായിട്ടില്ല. അഹ്മദികൾക്ക് ഭീകരപ്രസ്ഥാനങ്ങളുമായി യാതൊരു ബന്ധവുമില്ലെന്ന് അല്ലാഹു അവർക്ക് വ്യക്തമാക്കിക്കൊടുത്തിരിക്കുന്നു. നാം ഈ ആക്രമണത്തെ (വേൾഡ് ട്രേഡ് സെന്ററിനു നേരെ നടന്ന) അപലപിച്ച് പ്രസ്താവനയിറക്കിയിട്ടുണ്ട്. വിഡ്ഢികളായ ഒരുകൂട്ടം ജനങ്ങൾ ചെയ്ത ഈ ആക്രമണത്തിന് അവരുടെ മതവുമായി ഒരു ബന്ധവുമില്ല. അതുകൊണ്ട് ഇസ്‌ലാമിനെ വെറുതെ വിടുക.

*408. പാക്കിസ്താന് മുല്ലായിസത്തിന്റെ പിടിയിൽനിന്ന് മോചനം ലഭിക്കുമോ?*

മുല്ലാക്കളിൽ നിന്ന് മോചനം ലഭിച്ചില്ലെങ്കിൽ പാക്കിസ്താന് രക്ഷയുമില്ല. തങ്ങൾക്ക് നേരെയുള്ള അമേരിക്കയുടെ പ്രതികരണം കടുത്തതും ശക്തവുമായിരിക്കുമെന്ന് പാക്കിസ്താനിലെ മുല്ലാക്കൾക്കറിയാം. അവർ അതിനെതിരിൽ പ്രതിഷേധം മുഴക്കുന്നുണ്ട്. അമേരിക്കയുടെ നിലനിൽപ്പിനുവേണ്ടി അവർ മുല്ലായിസത്തെ ഉൻമൂലനം ചെയ്യാൻ പോകുകയാണ്. അഫ്ഗാനിസ്താനിൽ സംഭവിച്ചതും മുല്ലായിസം മൂലംതന്നെയാണ്. ഏതുവരെ മുല്ലായിസം അവർക്ക് ആവശ്യമായിരുന്നുവോ അതുവരെ അമേരിക്ക മുല്ലായിസത്തെ പിൻതാങ്ങി. ഇപ്പോൾ മുല്ലായിസം അവർക്ക് ആവശ്യമില്ല.

*409. ഈയിടെ മരണമടഞ്ഞ അഫ്ഗാൻ കമാൻഡർ മസൂദിനെക്കുറിച്ച് ഹുസൂറിന്റെ അഭിപ്രായമെന്താണ്?*

മസൂദ് നല്ല മനുഷ്യനായിരുന്നു; അക്കാര്യത്തിൽ സംശയമില്ല. ജനങ്ങൾ വഞ്ചിച്ചതിന് നിമിത്തമാണ് അദ്ദേഹം മരിച്ചത്. എല്ലാം മുല്ലാ ഉമറിന്റെ പണിയാണ്. എനിക്ക് ഇത്രമാത്രമേ പറയാൻ കഴിയൂ: അല്ലാഹു അദ്ദേഹത്തിന്റെ ആത്മാവിനെ അനുഗ്രഹിക്കട്ടെ.

*410. അമേരിക്കയിൽ ഈയിടെ നടന്ന സംഭവവുമായി ബന്ധപ്പെട്ട് (സെപ്തംബർ 11) ലോകത്തുള്ള മുസ്ലിംകളോട് താങ്കൾക്ക് നൽകാനുള്ള സന്ദേശമെന്താണ്?*

എല്ലാ മുസ്ലിംകൾക്കും ഞങ്ങൾ സന്ദേശം നൽകി വരികയാണ്. അവർ അത് ചെവിക്കൊണ്ടാലും ശരി, ഇല്ലെങ്കിലും ശരി. അമേരിക്കയോട് ചെയ്ത ഈ അതിക്രമത്തെ അപലപിക്കുക. ഇത് മുസ്ലിംകളെ പ്രതികൂലമായി ബാധിക്കുകയും തിരിച്ചടിക്കപ്പെടുകയും ചെയ്യും. നിർഭാഗ്യവശാൽ അവർ നമ്മുടെ വാക്കുകൾ കേൾക്കാൻ തയ്യാറാകുന്നേയില്ല.

## ബംഗാളികളുമായുള്ള അഭിമുഖം 18.9.2001

*411. ഇപ്പോൾ നടന്ന സംഭവവുമായി (സെപ്റ്റംബർ 11) ബന്ധപ്പെട്ട് മുസ്ലിം രാജ്യങ്ങൾ കൈക്കൊള്ളേണ്ട നിലപാടെന്താണ്?*

ഈ ആക്രമണത്തെ അപലപിക്കുക. അതിന് യാതൊരു നീതീകരണവുമില്ല. ഇസ്റായേലിനെയാണ് ആക്രമിച്ചിരുന്നതെങ്കിൽ എന്തെങ്കിലും കാരണമുണ്ടെന്ന് പറയാമായിരുന്നു. ആയിരക്കണക്കിന് നിരപരാധികളായ അമേരിക്കക്കാരെ കൊലപ്പെടുത്തിയതിന് യാതൊരു നീതീകരണവും നൽകാനില്ല. തെറ്റിദ്ധാരണാജനകമായ പെരുമാറ്റം കാരണമായാണ് മുസ്ലിംകൾ ഇതൊക്കെ അനുഭവിക്കേണ്ടിവരുന്നത്. ധാരാളം പള്ളികൾ ആക്രമിക്കപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി പള്ളികൾക്ക് നേരെ ആക്രമണമൊന്നും ഉണ്ടായിട്ടില്ല. ആളുകൾക്കറിയാം അഹ്മദികൾ മറ്റുള്ളവരെപ്പോലെയല്ലെന്ന്. അല്ലാഹു മുസ്ലിം ഉമ്മത്തിനെ അനുഗ്രഹിക്കുമാറാകട്ടെ. പാക്കിസ്താനിലെ മുല്ലാക്കൾ പ്രാകോപിതരാണ്. അവർ പാക്കിസ്താൻ സർക്കാറിനെതിരിൽ ജിഹാദ് പ്രഖ്യാപിച്ചിരിക്കുകയാണ്- പാക്കിസ്താൻ പൗരൻമാർ പാക്കിസ്താൻ സർക്കാറിനെതിരെ. മുശർറഫ് മുല്ലാക്കളെ പിൻതാങ്ങിയത് വ്യാർത്ഥമായിരുന്നുവെന്നും മുല്ലാക്കൾ നിയമലംഘകരും ഒന്നിനും കൊള്ളാത്തവരുമാണെന്നും ഇപ്പോൾ അദ്ദേഹത്തിന് മനസ്സിലാകും. ഇപ്പോഴും അദ്ദേഹം അഹ്മദികൾക്കെതിരിൽ അവരെ പിൻതാങ്ങുന്നുണ്ട്. കുറച്ച് ദിവസങ്ങൾക്കുള്ളിൽ തന്നെ എന്തെങ്കിലും സംഭവിക്കും.

## മജ്ലിസെ ഇർഫാൻ 21.9.2001

*412. പാക്കിസ്താനിൽ മുല്ലായിസത്തിന്റെ നാശത്തിനുള്ള സമയമായോ?*

സമയമായെന്ന് ഞാൻ കരുതുന്നു. ഭാവി സംഭവവികാസങ്ങൾ അത് വ്യക്തമാക്കും. എല്ലാ മൗലവിമാരും ഒന്നിച്ച്

ചേർന്നുകൊണ്ട് ഗവൺമെന്റിനെതിരിൽ ജിഹാദിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. അവർ ഹിജ്റത്ത് ചെയ്യട്ടെ; അതാണ് തിരുനബി (സ)യുടെ സുന്നത്ത്. അതിന് ശേഷം ജിഹാദ് ചെയ്യട്ടെ. വീട്ടിൽ തന്നെയിരുന്നുകൊണ്ട് അവർക്ക് ജിഹാദ് ചെയ്യാൻ സാദ്ധ്യമല്ല. എല്ലാ ഉലമാഉം ഒന്നിച്ച് ചേർന്നിരിക്കയാണ്. മുമ്പ് പകുതിപേർ ഗവൺമെന്റിന്റെ പക്ഷത്തും പകുതിപേർ ഗവൺമെന്റിന് എതിരിലും ആയിരുന്നു. ഇപ്പോൾ ആദ്യമായി എല്ലാവരും ഒന്നിച്ചണിനിരന്നിരിക്കുകയാണ്. അവരെല്ലാവരും ഒന്നിച്ച്തന്നെ നിൽക്കാൻ വേണ്ടി ദുആ ചെയ്യുക.

## ജർമൻ കാരുമായുള്ള അഭിമുഖം 26 – 8 – 2001

413. ***അമേരിക്ക അഫ്ഗാനിസ്താനെ ആക്രമിച്ച സംഭവത്തിൽ മുസ്‌ലിംകൾ എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത്?***

മുസ്‌ലിംകൾ ചെയ്തത് (സെപ്തംബർ 11) തികച്ചും തെറ്റാണ്. അമേരിക്കക്ക് അവരുടെ മേൽ ചെയ്യപ്പെട്ട അക്ര മത്തിനെതിരെ പ്രതികാര നടപടിയെടുക്കാനുള്ള അവകാ ശമുണ്ട്. ഇത് ഇസ്‌ലാമിനെതിരെയല്ലെന്നും ഭീകരവാദത്തി നെതിരെയാണെന്നും പ്രസിഡന്റ് ബുഷ് വിശദീകരിച്ചിട്ടുണ്ട്. ഈ നടപടി കുരിശിനു വേണ്ടിയുള്ളതല്ലെന്നും മുസ്‌ലിംക ളുടെയും ക്രിസ്ത്യാനികളുടെയും പൊതുശത്രുക്കളായ ഭീക രവാദികൾക്കെതിരെയുള്ളതാണെന്നും അദ്ദേഹം വ്യക്ത മാക്കിയിട്ടുണ്ട്. ഈ വിശദീകരണത്തിനുശേഷം നാം ബുഷിനെ പിൻതുണയ്ക്കേണ്ടതാണ്. അതുകൊണ്ട് മുഷർറ ഫിന് ബുഷിനെ സഹായിക്കാൻ അവകാശമുണ്ട്. എന്നാൽ അദ്ദേഹം ആർത്തിമൂലമാണ് അമേരിക്കയെ സഹായിക്കു ന്നത്. അമേരിക്കയിൽ നിന്നും ജപ്പാനിൽനിന്നും ധാരാളം പണം പാക്കിസ്താനുവേണ്ടി മുശർറഫിന് കിട്ടിയിട്ടുണ്ട്. അതുകൊണ്ട് മുശർറഫിന്റെ അനുകൂല നിലപാട് അല്ലാ ഹുവിനുവേണ്ടിയുള്ളതല്ല. മറിച്ച്, ആർത്തി കാരണമാണ്. പക്ഷേ, മുശർറഫ് പാക്കിസ്താനുവേണ്ടിയാണ് പണം വാങ്ങുന്നത്; സ്വന്തം ആവശ്യത്തിനല്ല. അക്കാര്യത്തിൽ അദ്ദേഹം സത്യസന്ധത പുലർത്തുന്നുണ്ട്.

***414. കാബൂളിനെതിരിലുള്ള മസീഹ് മൗഊദിന്റെ ശാപം (ല അ്നത്ത്) ഇപ്പോഴും തുടരുന്നുണ്ടോ?***

അവർ അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതുവരെ ശാപം തുടരും. എന്നാൽ അവർ അഹ്മദികളാകാൻ ഒരു സാധ്യതയും കാണുന്നില്ല. അവർ (അഫ്ഗാനികൾ) അവർക്ക് തന്നെ നാശം വരുത്തിതീർക്കുകയാണ്. പത്താൻകാർ പത്താൻകാരെ കൊലചെയ്തുകൊണ്ടിരിക്കുന്നു. കഠിനഹൃദയരായ ജനങ്ങളാണവർ. ഏതുവരെ അവരുടെ ഹൃദയം കഠിനമായിരിക്കുന്നുവോ അതുവരെ ലഅ്നത്ത് തുടരും. ഈ ലഅ്നത്ത് കാരണം തന്നെയാണ് 'ബിൻലാദൻ സംഭവം' അവിടെ ഉണ്ടായത്. അമേരിക്കയുടെ സൈനിക ശക്തി മുഴുവൻ ഇപ്പോൾ അവർക്കെതിരിലാണ്. ശക്തമായ ആക്രമണം നടത്തി പരാജയപ്പെടുത്തുന്നതുവരെ അവർ പിൻവാങ്ങില്ല. ഈ വമ്പൻ പരാജയത്തിനുശേഷം അവശേഷിക്കുന്ന ജനതയിൽ പരിവർത്തനമുണ്ടായേക്കാം. അല്ലാഹു അവരിൽ കാരുണ്യം ചൊരിയുമാറാകട്ടെ.

## ഫ്രഞ്ച്കാരുമായുള്ള അഭിമുഖം 24.9.2001

***415. അമേരിക്ക അഫ്ഗാനിസ്താനെ ആക്രമിക്കുകയാണെങ്കിൽ അഹ്മദികളുടെ നിലപാടെന്തായിരിക്കും?***

ഒരേസമയം നമ്മൾ സങ്കടത്തിലും സന്തോഷത്തിലുമായിരിക്കും. സന്തോഷത്തിനുകാരണം അധമൻമാരായ നേതാക്കൾ ശിക്ഷിക്കപ്പെടും എന്നതിനാലാണ്. പാവപ്പെട്ട നിരപരാധികൾ കഷ്ടതയനുഭവിക്കേണ്ടിവരുന്നതിൽ നാം വ്യസനിക്കുന്നു. നേതാക്കൾ തീർച്ചയായും ശിക്ഷിക്കപ്പെടണം. ഏറ്റവും അധമൻമാരാണവർ. സാധാരണക്കാർ സംരക്ഷിക്കപ്പെടണം. ഇതാണ് മുല്ലാക്കളെക്കുറിച്ചുള്ള എന്റെ പ്രാർഥന.

***416. ഇന്തോ-പാക് യുദ്ധം ആസന്നമാണോ?***

ഇന്ത്യയ്ക്കും പാക്കിസ്താനും ഇടയിൽ യുദ്ധമുണ്ടാകാൻ അമേരിക്ക അനുവദിക്കില്ല. രണ്ടുകൂട്ടർക്കും ഇക്കാര്യം ഉറ

പ്പുകൊടുത്തിട്ടുണ്ട്. രണ്ടുപേരും അമേരിക്കയെ അനുസരിക്കുന്നവരാണ്.

417. ***പാക്കിസ്താനിലെ മുല്ലാക്കൾ നശിപ്പിക്കപ്പെടുകയാണെങ്കിൽ ഇന്ത്യയിലെ മുല്ലാക്കൾക്ക് എന്തു സംഭവിക്കും?***

മുല്ലാക്കളുടെ ദിനങ്ങൾ എണ്ണപ്പെട്ടിരിക്കയാണ്. അടുത്ത പത്ത് വർഷത്തിനുള്ളിൽ ലോകത്തുള്ള എല്ലാ മുല്ലാക്കളെയും നശിപ്പിക്കാൻ അമേരിക്ക പദ്ധതിയിട്ടിട്ടുണ്ട്. ക്ഷമയോടെ കാത്തിരിക്കുക. മുല്ലായിസം അവസാനിച്ചാൽ മുസ്ലിം രാജ്യങ്ങൾ ഉയർച്ച പ്രാപിക്കും.

418. ***ഉസാമാബിൻലാദൻ കുറ്റവാളിയാണോ? നാം അദ്ദേഹത്തോട് ദയ കാണിക്കേണ്ടതുണ്ടോ?***

കുറ്റവാളിയാണോ എന്ന ചോദ്യം തന്നെ ഉത്ഭവിക്കുന്നില്ല. അയാൾ കുറ്റവാളിയല്ലെങ്കിൽ പിന്നെ ആർക്കാണ് ഇതുപോലൊരു സംഭവം മുൻകൂട്ടി ആസൂത്രണം ചെയ്യാൻ സാധിക്കുക. അയാൾ വളരെ ബുദ്ധിമാനാണ്. എന്നാൽ പക്വതയില്ല. അയാൾ വളരെ സൂത്രശാലിയാണ് മനുഷ്യനാണ്. അമേരിക്ക കഠിനമായി ശിക്ഷിക്കപ്പെടുമെന്ന് 6 മാസങ്ങൾക്കുമുമ്പ് അയാൾ പറഞ്ഞിരുന്നു. അതൊരു പ്രവചനമല്ല; അയാളൊരു പ്രവാചകനല്ല. തീർച്ചയായും അയാൾ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടായിരുന്നു. പാക്കിസ്താന് ഇതിനെക്കുറിച്ചുള്ള വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടുണ്ട്. അത് അവർ അമേരിക്കയ്ക്ക് കൈമാറി. അമേരിക്കചെയ്യുന്നതൊക്കെ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ്; കേട്ടുകേൾവി അടിസ്ഥാനമാക്കിയല്ല.

## സ്ത്രീകളുമായുള്ള അഭിമുഖം 30 – 9 – 2001

419. ***അഫ്ഗാനിസ്താന്റെ ദുരിതം എപ്പോഴാണ് അവസാനിക്കുക?***

അബ്ദുല്ലത്തീഫ് സാഹിബ് (റ)നെ ശഹീദാക്കിയ അവർ കഠിനഹൃദയരാണ്. അവരുടെ ഹൃദയ കാഠിന്യം ഇപ്പോഴും

തുടരുന്നു; അതിന് ഒരു മാറ്റവുമില്ല. അവർ പരസ്പരം കൊല ചെയ്യുന്നു. ഹൃദയം മാറാത്തിടത്തോളം അവരുടെ ദുരിതവും അവസാനിക്കില്ല.

***420. ഈ അവസ്ഥയ്ക്ക് എപ്പോഴാണ് മാറ്റമുണ്ടാകുക?***

എപ്പോഴാണ് മാറുകയെന്ന് പറയാൻ കഴിയില്ല. പരിതസ്ഥിതി എന്തു തന്നെയായാലും, എത്ര മോശമായാലും ജമാഅത്ത് പുരോഗതി പ്രാപിച്ചുകൊണ്ടേയിരിക്കും.

***421. അമേരിക്കയുടെ യുദ്ധം അപകടകരമായിരിക്കുമോ?***

അമേരിക്കയോട് കടുത്ത അക്രമമാണ് കാണിച്ചത്. പ്രതികാരം ചെയ്യാൻ അവർക്ക് അവകാശമുണ്ട്. അമേരിക്കക്ക് വമ്പിച്ച വിനാശമാണ് സംഭവിച്ചത്. 500 അഗ്നിശമന സേനാനികളിൽ 300 പേർ മരിക്കുകയുണ്ടായി. വളരെ സങ്കടകരമായ കാര്യമാണത്. അമേരിക്ക പ്രതികാരം ചെയ്യും; അതവരുടെ അവകാശമാണ്. എന്താണ് സംഭവിക്കുക എന്ന് നമുക്കറിയില്ല; അല്ലാഹുവിനല്ലാതെ ചിലപ്പോൾ അതൊരു രൂക്ഷമായ യുദ്ധമായിരിക്കും; മൂന്നാം ലോക മഹായുദ്ധവുമായേക്കാം.

## ഫ്രഞ്ച്കാരുമായുള്ള അഭിമുഖം 1.10.2001

***422. നേതാക്കളായ മൗലവിമാരിൽ ശാപം വർഷിക്കപ്പെടാൻ ഇപ്പോൾ നമ്മൾ കൂടുതലായി ദുആ ചെയ്യേണ്ടതുണ്ടോ?***

അതെ. ഇപ്പോൾ പ്രത്യേകമായി ദുആ ചെയ്യുക. അമേരിക്കയ്ക്കെതിരിൽ മുല്ലാ നേതാക്കളെല്ലാം ഒന്നിച്ചണിനിരന്നിരിക്കുകയാണ്. ഇസ്ലാമിന്റെ പേരിൽ അവർ ഒന്നിച്ച് കൈകോർത്തിരിക്കുകയാണ്. എന്നാൽ, വാസ്തവത്തിൽ ഭീകരവാദത്തെയാണ് അവർ അനുകൂലിക്കുന്നത്. എല്ലാ നേതാക്കളിലും ശാപമിറങ്ങുവാൻ വേണ്ടി പ്രാർത്ഥിക്കുക. അതേസമയം സാധാരണക്കാരായ ജനങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിക്കുക. അഫ്ഗാനിസ്താനിലെ സാധാരണക്കാർക്ക് അപകടമൊന്നും വരാതിരിക്കാൻ വേണ്ടിയും

പ്രാർത്ഥിക്കുക.

## ഫ്രഞ്ച്കാരുമായുള്ള അഭിമുഖം 15.10.2001

***423. ഉസാമാബിൻ ലാദനെ ജീവനോടെയോ അല്ലാതെയോ പിടികൂടാൻ സാധിക്കുമോ?***

വളരെ വിഷമം പിടിച്ച ചോദ്യം. അവർ നമ്മുടെ ഉപദേശം കേൾക്കാൻ തയാറല്ല. ഉസാമ വളരെ സ്വാധീനശാലിയാണ്. അയാൾ ലോകമെമ്പാടുമുള്ള മുസ്ലിംകളുടെ വികാരത്തെ ഇളക്കിവിട്ടിരിക്കുകയാണ്. അതുകൊണ്ട് അമേരിക്ക വളരെ വിഷമത്തിലാണ്. ബോംബാക്രമണം തികച്ചും ദയാരഹിതമാണ്; ധാരാളം നിരപരാധികൾ കൊല്ലപ്പെടും. കാര്യങ്ങൾ വളരെ മോശമാണ്. ഏത് വഴിയാണ് അവർ സ്വീകരിക്കുക എന്ന് നിശ്ചയമില്ല.

***424. ആന്ത്രാക്സിനെതിരെയുള്ള കുത്തിവെപ്പ് കണ്ടുപിടിക്കപ്പെട്ടാൽ അഹ്മദികൾക്ക് അതെടുക്കാമോ?***

അതെ, എന്തുകൊണ്ട് പാടില്ല? അമേരിക്കയിൽ ആന്ത്രാക്സിനെക്കുറിച്ച് വലിയ ഭയം പടർന്നിരിക്കയാണ്. ഉസാമയാണ് പ്രതിയാക്കപ്പെടുന്നത്. ആന്ത്രാക്സ് പെട്ടെന്ന് പകരുന്ന രോഗമല്ല. വളരെ വേഗം പടരുന്ന മറ്റു പല സാംക്രമിക രോഗങ്ങളുമുണ്ട്. ജൈവായുധമുപയോഗിച്ചുള്ള യുദ്ധം വളരെ അപകടകരമാണ്. അല്ലാഹു രക്ഷിക്കട്ടെ. രണ്ടുവിഭാഗവും ജൈവായുധമുപയോഗിക്കാൻ തുടങ്ങിയാൽ ലോകംമുഴുവൻ വർണ്ണനാതീതമായ ദുരിതത്തിലമരും.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 22.10.2001

***425. ആന്ത്രാക്സിനുള്ള എന്തെങ്കിലും ഹോമിയോ മരുന്നുകൾ ഉണ്ടോ?***

ഏറ്റവും നല്ല മരുന്ന് 'ആന്ത്രാസീനം' (Anthracinum) ആണ്. ആന്ത്രാക്സിൽ നിന്നാണ് അത് നിർമ്മിക്കുന്നത്. അത് പ്രതിരോധ ഔഷധം കൂടിയാണ്. അതാണ് ഏറ്റവും നല്ല മരുന്ന് (Anthracinum-200)

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 1.10.2001

***426. അന്ധവിശ്വാസികളെ അത് തെറ്റാണെന്ന് എങ്ങനെ ബോധ്യപ്പെടുത്താം?***

ആരെങ്കിലും അന്ധവിശ്വാസിയാണെങ്കിൽ അവരെ വെറുതെ വിട്ടേക്കുക; അല്ലെങ്കിൽ അവർ നിങ്ങളെകൂടി അന്ധവിശ്വാസിയാക്കും.

***427. കുമ്പസാരം പള്ളികളിൽ എന്നാണ്, എന്തിനാണ് ആരംഭിച്ചത്?***

പേപ്പസി (പോപ്പിന്റെ ഭരണം)യുടെ അവസാനകാലത്താണ് കുമ്പസാരം തുടങ്ങിയത്. ഉന്നതൻമാരുടെ രഹസ്യങ്ങൾ അറിയിക്കുകയും അതുമൂലം രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. ഈ ഒരു മാർഗ്ഗം പേപ്പസിക്ക് കാനഡ, യു കെ, ജർമ്മനി മുതലായ രാഷ്ട്രങ്ങളുടെ മേൽ രാഷ്ട്രീയ സ്വാധീനവും സമ്മർദ്ദതന്ത്രവും ചെലുത്തുവാൻ സഹായിച്ചു. അവർ കുമ്പസരിക്കാൻ ആവശ്യപ്പെടുകയും അതുവഴി രഹസ്യങ്ങൾ ചോർത്തുകയും പിന്നീടതുവെച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തുപോന്നിരുന്നു. അങ്ങനെ മുഴുവൻ യൂറോപ്പും അമേരിക്കയും പേപ്പസിയുടെ രാഷ്ട്രീയ പിടിയിൽ അകപ്പെട്ടു.

***428. ഹുസൂർ, അങ്ങയുടെ ഫ്രഞ്ചുപഠനം നടക്കുന്നുണ്ടോ?***

തൽക്കാലം ഞാൻ അത് ഉപേക്ഷിച്ചു. എനിക്ക് അറബി, ബംഗാളി, ഫ്രഞ്ച് എന്നിവ കൂടിക്കലർന്നു പോകുന്നു ഫ്രഞ്ചിനെ കുറിച്ച് ചിന്തിക്കുമ്പോൾ അറബിക് മനസ്സിൽ കടന്നുവരുന്നു. തൽക്കാലം ഫ്രഞ്ച് പഠനത്തിന് വിശ്രമം.

***429. ബഹായി ഒരു മതവിശ്വാസ പദ്ധതി ആണോ? അത് എന്തുകൊണ്ടാണ് ഇത്രയും കാലം നിലനിന്നത്?***

സി. ഐ. എ. ഏജന്റ് എന്ന നിലയിലുള്ള അസ്തിത്വം മാത്രമാണ് അവർക്ക് ഇന്നുള്ളത്. നിങ്ങൾ എത്ര ബഹായികളുണ്ടെന്ന് ചോദിച്ചാൽ അവർ പറയും. ഇവിടെ നൂറ് പേരെ

യുള്ളു. മൗറീഷ്യസിൽ ധാരാളം പേരുണ്ടെന്ന്. എന്നാൽ മൗറീഷ്യസിലന്വേഷിച്ചാൽ അവിടെ കുറച്ചേയുള്ളു ബുർകിനാഫാസോയിൽ ധാരാളമുണ്ടെന്ന് പറയും. ഈ രഹസ്യം മുസ്‌ലിഹ് മൗഊദ് (റ) കണ്ടുപിടിച്ചു. യഥാർത്ഥ സംഖ്യ അവർ മറച്ചുവെക്കുന്നു. ഞാൻ അന്വേഷിച്ചപ്പോൾ ഇത് തന്നെയാണ് എല്ലായിടത്തും ഉത്തരമെന്നാണ് അറിയാൻ കഴിഞ്ഞത്. അവർ തീർച്ചയായും സി. ഐ. എ. ഏജന്റുമാർ തന്നെയാണ്. ബഹായി കേന്ദ്രങ്ങളിൽ അമേരിക്കക്കാരാണ് ഉള്ളത്. മുഴുവൻ അവരുടെ നിയന്ത്രണത്തിലാണ്. അവർ സി. ഐ. ഏ. ഏജന്റ് അല്ലാതെ മറ്റൊന്നുമല്ല.

*430. വി. ഖുർആനിലെ ചില സൂക്തങ്ങൾ പാരായണം ചെയ്യുമ്പോൾ എന്തിനാണ് നാം സുജൂദ് ചെയ്യുന്നത്?*

നിങ്ങൾ പാരായണം ചെയ്യുന്ന സൂക്തങ്ങളിൽ അർപ്പണം ചെയ്യാനുള്ള നിർദേശമുണ്ട്. സുജൂദ് അർപ്പണത്തിന്റെ ഒരു ശാരീരിക പ്രകടനമാണ്.

*431. തന്നോട് അക്രമം ചെയ്യപ്പെട്ടാൽ പ്രതികാരം ചെയ്യാനുള്ള അവകാശമുണ്ടോ?*

വി. ഖുർആന്റെ പാഠം സമ്പൂർണ്ണമാണ്. അക്രമിക്കപ്പെട്ടയാൾക്ക് തുല്യമായി പ്രതികാരം ചെയ്യാനുള്ള അവകാശം ഉണ്ട്. പ്രതികാരം ഒരിക്കലും അധികമാവാൻ പാടില്ല. പൊറുത്തു കൊടുക്കുക വഴി അക്രമികളിൽ ഒരു മാറ്റം ഉണ്ടാവുമെങ്കിൽ പൊറുത്തുകൊടുക്കുക. പൊറുത്തുകൊടുക്കുന്നവന് അല്ലാഹു പ്രതിഫലം നൽകുന്നു. ഞാൻ ബഹായികളോട് ഇതിനേക്കാൾ ഉത്തമമായ ഒരു പാഠം ബഹായിസത്തിൽ നിന്നു കൊണ്ടുവരാൻ പറയുന്നു. അവരുടെ കാഴ്ചപ്പാടിൽ പ്രതിക്രിയാ ചെയ്യുമ്പോൾ ഒരു അണുപോലും അധികമായിക്കൂടാ. അത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അക്രമിയിൽ നല്ല മാറ്റമുണ്ടാകുമെങ്കിൽ മാത്രമേ പൊറുത്തു കൊടുക്കാവൂ.

*432. അബൂത്വാലിബിന്റെ കുടുംബത്തെകുറിച്ച് ഹുസൂർ പറഞ്ഞുതരിക.*

അദ്ദേഹം സമുന്നതരായ തലവൻമാരിൽ ഉൾപ്പെടുന്നു. ആർക്കും തന്നെ അബൂത്വാലിബിനെക്കാളും അദ്ദേഹത്തിന്റെ കുടുംബത്തെക്കാളും മേന്മയുണ്ടായിരുന്നില്ല. അദ്ദേഹം വർഗ്ഗത്തലവൻമാരുടെ നേതാവായിരുന്നു. നബി (സ) ആ കുടുംബത്തിൽപ്പെട്ട ആളായിരുന്നു. ഒരു പ്രവാചകൻ താഴ്ന്ന കുടുംബത്തിൽപ്പെട്ടവനാണ് എന്ന് പറഞ്ഞ് ജനങ്ങൾ നിഷേധിക്കാതിരിക്കാനായി അല്ലാഹു എപ്പോഴും പ്രവാചകൻമാരെ ഉന്നതകുലത്തിൽ നിന്നാണ് എഴുന്നേൽപ്പിച്ചിരുന്നതെന്ന് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നു. എല്ലാ പ്രവാചകൻമാരും ഉന്നതകുലത്തിൽപ്പെട്ടവരായിരുന്നു.

***433. എന്തുകൊണ്ടാണ് ജനങ്ങൾ പ്രഭാഷണങ്ങൾക്കു പകരം കഥകൾ കേൾക്കാൻ ഇഷ്ടപ്പെടുന്നത്?***

ഏതു വിഷയത്തിലാണോ നിങ്ങൾക്കു താത്പര്യം, അത് നിങ്ങൾക്ക് ഉണർവ് നൽകുന്നു. താത്പര്യമില്ലാത്ത വിഷയം ഉറക്കം വരുത്തുന്നതാണ്. എന്റെ ചെറുപ്രായത്തിൽ ഉറക്കം വരാനായി ഞാൻ നോവലുകൾക്കു പകരം പാഠപുസ്തകങ്ങൾ വായിക്കാറുണ്ടായിരുന്നു. അത് മുഷിപ്പിക്കുന്നതായിരുന്നു. ഒരു പേജ് വായിക്കുമ്പോഴേക്കും ഉറക്കം വരും.

***434. ഹിന്ദുക്കളും ക്രിസ്ത്യാനികളും പ്രാർത്ഥിക്കുമ്പോൾ ഹൃദയത്തിൽ വിഗ്രഹത്തെ പ്രതിഷ്ഠിക്കുന്നു. അവർ അഹ്മദികളായാൽ പ്രാർത്ഥനയിൽ ഏകാഗ്രത ലഭിക്കുന്നതിനായി എന്ത് ഉപദേശമാണ് നൽകേണ്ടത്?***

അവർ അല്ലാഹുവിന്റെ ഗുണവിശേഷങ്ങളെക്കുറിച്ച് ചിന്തിക്കണം. എത്രത്തോളം ശ്രദ്ധ നിങ്ങൾ അല്ലാഹുവിന്റെ നാമത്തിലും സിഫത്തുകളിലും കേന്ദ്രീകരിക്കുന്നുവോ അത്രതന്നെ ഏകാഗ്രത നിങ്ങൾക്ക് നമസ്ക്കാരത്തിൽ കിട്ടുന്നതാണ്. റബ്ബ്, റഹ്മാൻ, റഹീം, മാലിക്ക് എന്നിവയാണ് അല്ലാഹുവിന്റെ പ്രധാന സിഫത്തുകൾ. ഈ സിഫത്തുകളിലേക്ക് അവരുടെ ശ്രദ്ധ നിങ്ങൾക്ക് കൊണ്ടുവരാൻ സാധിച്ചാൽ അവർക്ക് നമസ്ക്കാരത്തിൽ ഏകാഗ്രത കിട്ടുന്നതാണ്.

***435. കമിഴ്ന്ന് കിടക്കാതിരുന്നാലുള്ള നേട്ടം എന്താണ്?***

അത് ആരോഗ്യത്തിന് നല്ലതാണ്. ചെറിയ കുട്ടികൾ കമിഴ്ന്ന് കിടക്കുകയാണെങ്കിൽ അവർക്ക് മരണം സംഭവിക്കുന്നു. എല്ലാ ഡോക്ടർമാരും ഇതുതന്നെയാണ് ഉപദേശിക്കുന്നത്. ഒന്നുകിൽ മലർന്നുകിടക്കുക, അല്ലെങ്കിൽ ഒരുവശത്തേക്കായി ചെരിഞ്ഞുകിടക്കുക.

***436. അല്ലാഹുവിൽ വിശ്വസിക്കുന്നതിനു മുമ്പ് ഒരാൾക്ക് തഖ്‌വ ഉണ്ടാകാൻ സാധ്യതയുണ്ടോ?***

അല്ലാഹുവിൽ വിശ്വസിക്കുന്നതിനു മുമ്പ് ഏതെങ്കിലും തരത്തിലുള്ള ഒരു തഖ്‌വ ഒരാൾക്ക് ഉണ്ടെങ്കിൽ തീർച്ചയായും അയാൾ അല്ലാഹുവിൽ എത്തിചേരുന്നതാണ്.

***437. ഖാദിയാനിൽ ഖിലാഫത്ത് വീണ്ടും സ്ഥാപിതമാകുമ്പോൾ റബ്‌വയുടെ സ്ഥാനം എന്തായിരിക്കും.***

റബ്‌വ കേന്ദ്രമായിട്ടുതന്നെ തുടരും. എന്തെന്നാൽ നബി (സ)യ്ക്ക് മക്കയുടെ മേൽ ആധിപത്യം കിട്ടിയതിനുശേഷം മദീനയിലേക്ക് തിരിച്ചുപോവുകയാണുണ്ടായത്. മക്കം ഫതഹിനു ശേഷം സാമഗ്രികൾ മുഴുവനും നബി (സ) മക്കയിലുള്ള ഖുറൈശികൾക്ക് വിതരണം ചെയ്തു. തുടർന്നു മദീനയിലേക്ക് പോയി. നബി (സ) മദീനക്കാർക്ക് അത്തരം ഒന്നും തന്നെ കൊടുത്തില്ല. ഒരു മദീനക്കാരൻ നബി (സ)യോട് ചോദിച്ചു: "ഞങ്ങൾ നിങ്ങൾക്കുവേണ്ടി രക്തം ചൊരിഞ്ഞു. എന്നിട്ടും നിങ്ങളെല്ലാം മക്കക്കാർക്കല്ലേ കൊടുത്തത്?" നബി (സ) മറുപടി പറഞ്ഞു: "ഞാൻ മദീനയിലേക്കാണല്ലോ തിരിച്ചുവന്നത്. നിങ്ങൾ എന്നെക്കാൾ ഈ ദുനിയാവിന്റെ സാമഗ്രികൾക്കാണോ പ്രാധാന്യം നൽകുന്നത്?" ഈ ഹദീസ് എനിക്ക് വെളിച്ചം നൽകുന്നു. നബി (സ)യുടെ ഈ സുന്നത്താണ് പിൻതുടരേണ്ടത്. ഞാൻ ഖാദിയാനിലേക്ക് മടങ്ങിയതിനു ശേഷം റബ്‌വയിലേക്ക് തിരിച്ചുപോകുന്നതാണ്.

***438. ജീവിതത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് ജനങ്ങളുടെ ദൃഷ്ടികൾ എത്താനായി ഏത് ദുആ ആണ് പ്രത്യേക***

*മായി ചെയ്യേണ്ടത്?*

ആത്മീയാന്ധത ബാധിച്ച ജനങ്ങൾക്ക് കാഴ്ചശക്തി നൽകി അവരുടെ തെറ്റുകൾ അവർക്ക് കാണിച്ചുകൊടുക്കേണേ എന്ന് ദുആ ചെയ്യുക. ഇതിനായി പ്രത്യേക ദുആ ഇല്ല.

*439. മുസ്ലിം ചെറുപ്പക്കാരെ എങ്ങനെയാണ് സമൂഹത്തിന്റെ ദു: സ്വാധീനത്തിൽ നിന്ന് സംരക്ഷിക്കുക?*

അവരോട് സ്വയം നിയന്ത്രിക്കാനായി പറയുക. അവരുടെ മേൽ മറ്റുള്ളവർക്ക് ഒരിക്കലും സ്വാധീനം നൽകരുത്. ഇപ്പോൾ യൂനിവേഴ്സിറ്റിയിലെ വിദ്യാർഥികൾ വളരെ കൗശലശാലികളാണ്. അവർ കുറച്ചു സിഗരറ്റ് വലിക്കാനായി പറയും. നിങ്ങൾ ഇല്ല എന്നു പറഞ്ഞാൽ ഒരേ ഒരു തവണ പുക എടുത്തുനോക്കാൻ പറയും. അങ്ങനെ അവർ സിഗരറ്റിനും മയക്കുമരുന്നിനും അടിമയാക്കുന്നു. അതു പിന്നീട് ഒഴിവാക്കാൻ പറ്റാതെ വരും. പുകവലി ചീത്ത സ്വഭാവമാണ്. പൊതു സ്ഥലങ്ങളിൽ വെച്ച് പുക വലിക്കരുത് പുകവലി പൂർണമായും ഒഴിവാക്കേണ്ടതാണ്.

## ബങ്കാളികളുമായുള്ള അഭിമുഖം 2.10.2001

*440. ഒരിക്കൽ ഹസ്റത്ത് അബൂബക്കർ (റ) തന്റെ വീട്ടിൽനിന്ന് എല്ലാം തന്നെ കൊണ്ടുവന്നിട്ട് നബി (സ)യോട് പറഞ്ഞു. "ഞാൻ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അല്ലാതെ ഒന്നും തന്നെ വീട്ടിൽ വെച്ചിട്ടില്ല." അല്ലാഹുവിന്റെ റസൂലിനെ വീട്ടിൽ വെച്ചിരിക്കുന്നു എന്നതിന്റെ അർത്ഥം എന്താണ്?*

അല്ലാഹുവിനെ വീട്ടിൽവെച്ചു എന്നതിന്റെ അർത്ഥംതന്നെയാണ് റസൂലിനെ വീട്ടിൽ വച്ചു എന്നതിന്റെയും. ആ വാക്കുകൾ അല്ലാഹുവിനോടും നബി(സ)യോടും ഉള്ള പ്രേമം മാത്രമാണ് സൂചിപ്പിക്കുന്നത്. അല്ലാഹു സർവ്വവ്യാപിയായതുകൊണ്ട് ഒരു സ്ഥലത്തും വെക്കാൻ പറ്റില്ല. ദൈവപ്രേമവും നബി (സ)യോടുള്ള പ്രേമവും മാത്രമാണ് വീട്ടിൽ അവശേഷിക്കുന്നത് എന്നതാണ് ഇതിന്റെ അർത്ഥം.

**441. 'കാലത്തെ കൊണ്ട് സത്യം' എന്ന് അല്ലാഹു പറയുന്നു ഇതിന്റെ അർത്ഥമെന്ത്?**

പലതും സംഭവിക്കാൻ സമയമെടുക്കുന്നു. അത് ഇപ്പോൾ കാണാൻ സാധ്യമല്ല. കാലം (സമയം) അതു പറയുന്നു. നമ്മൾ കാത്തിരിക്കേണ്ടിവരും. കാലം (സമയം) തീരുമാനിക്കുമ്പോൾ നമ്മൾ അറിയുന്നു.

**442. 'തിന്മ' എന്താണ്? ആരാണ് സൃഷ്ടിച്ചത്?**

തിന്മ ഒരു സൃഷ്ടിയല്ല. മറിച്ച്, വസ്തുവിന്റെ നിഴൽ പോലെയാണ്. (നിഴൽ സൃഷ്ടിക്കപ്പെട്ടതല്ല) വെളിച്ചത്തിന്റെ അഭാവമാണ് നിൽ. അതുപോലെ നൻമയുടെ അഭാവമാണ് തിന്മ.അല്ലാഹു നമുക്കു ജന്മം നൽകി. എന്നാൽ, നൻമ ഇല്ലാതിരിക്കുന്ന സന്ദർഭങ്ങളിൽ അവിടെ ഇരുട്ട് കാണപ്പെടുന്നു.

**443. ഭാര്യക്ക് ഭർത്താവിന്റെയോ ഭർത്താവിന് ഭാര്യയുടെയോ കത്തുകളോ, പ്രധാന കടലാസുകളോ വായിക്കാൻ പാടുണ്ടോ?**

ഇല്ല. കത്ത് ഒരു വിശ്വാസമാണ്. അതിനു ഭംഗം വരുത്തരുത്. രഹസ്യമായി മറ്റൊരാളുടെ കത്ത് വായിക്കുന്നത് ചീത്ത സ്വഭാവമാണ്. സമ്മതമില്ലാതെ ഭാര്യഭർത്താവിന്റെയോ അല്ലെങ്കിൽ ഭർത്താവ് ഭാര്യയുടെയോ കത്തുകൾ വായിക്കാൻ പാടില്ല.

**444. എന്തുകൊണ്ടാണ് വെള്ളം കരയേക്കാൾ കൂടുതൽ?**

അത് കരക്ക് വെള്ളം നൽകാനാണ്, വെള്ളം ബാഷ്പപ്പീകരിക്കപ്പെടുന്നത് കാരണത്താൽ കരയേക്കാൾ മൂന്നിരട്ടി വെള്ളം ആവശ്യമാണ്. ജലസേചന ആവശ്യത്തിനായി 3:1 അനുപാതം ആവശ്യമുണ്ട്. ഇത് അല്ലാഹുവിന്റെ പണിയാണ്. ഇല്ലെങ്കിൽ ഭൂമി വരണ്ടുപോകും.

**445. സ്ത്രീകൾക്ക് ജുമുഅ നമസ്കാരം നിർബന്ധമാണോ?**

നിർബന്ധമല്ല.

**446. വഹ്യ് ഉണ്ടാകുമ്പോൾ തണപ്പുകാലത്തും നബി (സ) വിയർക്കാറുണ്ടായിരുന്നു. എന്തുകൊണ്ടാണത്?**

അത് രക്തചംക്രമണം കാരണമാണ്. ആവേശത്താൽ രക്തം പെട്ടെന്ന് കുതിക്കുന്നു. അതുകൊണ്ട് വിയർക്കുന്നു. അദ്ദേഹത്തിന്റെ മേൽ അല്ലാഹു ഏൽപിച്ച ഉത്തരവാദിത്തം വലുതായിരുന്നു. ആ വ്യാകുലതയാൽ അദ്ദേഹം വിയർത്തിരുന്നു.

**447. കുറേ സ്ത്രീകളും ഒരു പുരുഷനും മാത്രമേയുള്ളൂ എങ്കിൽ ആ പുരുഷൻ ജുമുഅയ്ക്ക് ഇമാമാകാൻ പാടുണ്ടോ?**

ഇമാം പുരുഷനാണെങ്കിൽ അദ്ദേഹത്തിന്റെ ഇടത്തോ വലത്തോ ആയി പുരുഷൻമാർ ആരെങ്കിലും ഉണ്ടായിരിക്കണം. സ്ത്രീകൾ മാത്രമാണെങ്കിൽ, അവരിൽ നിന്നുതന്നെ ഇമാമിനെ തിരഞ്ഞെടുക്കേണ്ടതുണ്ട്.

**448. ആരാണ് ശൈത്വാനെ സൃഷ്ടിച്ചത്?**

അല്ലാഹു ആണ് ശൈത്താനെ സൃഷ്ടിച്ചത്. ശൈത്വാൻ ചിരഞ്ജീവിയല്ല. ശൈത്വാൻ തീയിൽ നിന്നും മനുഷ്യൻ കളിമണ്ണിൽനിന്നുമാണ് സൃഷ്ടിക്കപ്പെട്ടത്. ഇവ തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ അഗ്നി കത്തുന്നതും നശിപ്പിക്കുന്നതുമാണ്. എന്നാൽ മണ്ണ് വളർച്ചയുടെ അടയാളമാണ്. എല്ലാം നനഞ്ഞ മണ്ണിൽനിന്ന് വളരുന്നു. അല്ലാഹു ശൈത്വാനോട് ആദമിന് സുജൂദ് ചെയ്യാൻ കൽപിച്ചു. ശൈത്വാൻ ചോദിച്ചു: 'എന്നേക്കാൾ ചെറിയ (താഴ്ന്ന) സൃഷ്ടിയെ ഞാനെന്തിന് സുജൂദ് ചെയ്യണം.' എങ്ങനെയാണ് മനുഷ്യൻ ശൈത്താനെക്കാൾ താഴ്ന്നതാകുന്നതെന്ന് അല്ലാഹു ചോദിച്ചു. ശൈത്താൻ പറഞ്ഞു: 'എനിക്ക് കത്താൻ സാധിക്കും.' നല്ല ന്യായം! എന്നാൽ ശൈത്താനു തെറ്റുപറ്റി. തീക്ക് ഒരിക്കലും പച്ചപ്പിനെ മുഴുവനായി ഇല്ലാതാക്കാൻ സാധിക്കില്ല. തീക്ക് താൽകാലിക പ്രതികരണമേ ഉണ്ടാക്കാൻ കഴിയൂ. ശൈത്വാൻ എന്തുതന്നെ ചെയ്താലും അല്ലാഹുവിന്റെ യഥാർത്ഥ ദാസരുടെ മേൽ ഒരു

സ്വാധീനവും ചെലുത്തുവാൻ കഴിയില്ല.

ശൈത്വാനെ തോന്നിയതു ചെയ്യാനായി അല്ലാഹു വെറുതെ വിട്ടിരിക്കുന്നത്. 2 കാര്യങ്ങൾ തെളിയിക്കാനാണ്.

1) അല്ലാഹുവിന്റെ ദാസൻ എന്നും അല്ലാഹുവിന്റെ കൂടെ യായിരിക്കും.

2) മനുഷ്യരെ പരീക്ഷിക്കാൻ,

മലക്കുകൾ അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കുന്നു. അവർക്ക് നല്ലതും ചീത്തയും തിരഞ്ഞെടുക്കാനുള്ള കഴിവില്ല. ശൈത്വാനില്ലെങ്കിൽ മനുഷ്യന്റെ സൃഷ്ടിപ്പുതന്നെ വ്യർത്ഥമാകുമായിരുന്നു. പരീക്ഷിക്കപ്പെടാനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ശൈത്വാൻ മനുഷ്യനെ പരീക്ഷിക്കുന്നു. മലക്ക് നല്ല കാര്യങ്ങളും ശൈത്താൻ ചീത്ത കാര്യങ്ങളും പറഞ്ഞുതരുന്നു. നബി (സ) പറയുന്നു: ഓരോ മനുഷ്യന്റെ രക്തത്തിലൂടെയും ശൈത്ത്വാൻ ഓടിക്കൊണ്ടിരിക്കുന്നു. സഹാബാക്കൾ അൽഭുതപൂർവം ചോദിച്ചു, റസൂലുല്ലാഹ്! അങ്ങയുടെ രക്തത്തിലും ശൈത്വാൻ ഓടുന്നുണ്ടോ? നബി (സ) മറുപടി പറഞ്ഞു, എന്നിലോടുന്ന ശൈത്ത്വാൻ മുസ്‌ലിം ആയിരിക്കുന്നു. എന്റെ ഹൃദയം പൂർണ്ണമായും അല്ലാഹുവിലേക്ക് ചാഞ്ഞിരിക്കുന്നു. ധിക്കാരത്തിന്റെ ശബ്ദം എന്നിൽ ഉയരുന്നില്ല. അങ്ങനെ ശൈത്ത്വാൻ മനുഷ്യനെ പരീക്ഷിക്കാനായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്.

പ്രാവീണ്യം നേടിയവരിൽ ചിലർ പറയുന്നു. അഗ്നി ഒരുപാട് വൃക്ഷങ്ങളെ നശിപ്പിക്കുന്നു എന്നാൽ അതിന്റെ ചാരത്തിൽ നിന്ന് പച്ചപ്പ് വീണ്ടും ഉയരുന്നു. അഗ്നിക്ക് പച്ചപ്പിന്റെ മേൽ യാതൊരു മേന്മയുമില്ല.

## മജ്‌ലിസെ ഇർഫാൻ 5.10.2001

*449. ഞാൻ തുർക്കിയുടെ മുകളിലൂടെ വിമാനത്തിൽ യാത്ര ചെയ്യുകയായിരുന്നു. ളുഹറിന് സമയമായിട്ടില്ല. എന്റെ വാച്ചിൽ സമയം ഉച്ച ഒന്നരമണി. എനിക്ക് ളുഹർ*

***നമസ്ക്കരിക്കാമോ?***

ഏതു നാട്ടിലാണോ വിമാനം ഉള്ളത് അവിടത്തെ സമയം നോക്കി നമസ്കരിക്കുക. നിങ്ങളുടെ വാച്ചിലുള്ള സമയം നോക്കരുത്.

***450. 'ഖിള്ർ' പ്രവാചകനായിരുന്നുവോ?***

ഖിള്ർ എന്ന ഒരു വ്യക്തിതന്നെ ഇല്ല. അത് നബി (സ) തന്നെയാണ്. മറ്റെല്ലാം കെട്ടുകഥയാണ്.

***451. ഖുർആൻ പാരായണം ചെയ്യാത്ത ഒരാൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാനാകുമോ?***

സൽക്കർമ്മിയും, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും ചെയ്യുന്ന ഒരാൾക്ക് അയാൾ ഖുർആൻ പാരായണം ചെയ്തിട്ടില്ലെങ്കിലും സ്വർഗ്ഗത്തിൽ പ്രവേശിക്കാവുന്നതാണ്.

***452. നബി (സ) ഇപ്പോൾ എവിടെയാണുള്ളത്?***

നബി (സ) ഇപ്പോൾ ബർസഖിലാണ്. അദ്ദേഹത്തിന് ബർസഖിലും സ്വർഗ്ഗീയാവസ്ഥയാണ്.

***453. നമ്മൾ സ്വർഗ്ഗത്തിലും നമ്മുടെ മാതാപിതാക്കൾ നരകത്തിലുമാണെങ്കിൽ അവരെ നമ്മൾ ഓർക്കുമോ?***

ആ അവസസ്ഥയിൽ നിങ്ങൾ അവരെ മറക്കുന്നതായിരിക്കും.

***454. മസീഹ് മൗഊദ് (അ)ൽ ബൈഅത്ത് ചെയ്ത ആദ്യത്തെ സ്ത്രീ ആരാണ്?***

ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ ഭാര്യയായ ഹസ്റത്ത് അമ്മാജീ (റ)യാണ് ആദ്യമായി ബൈഅത്ത് ചെയ്ത സ്ത്രീ.

***455. മറ്റുള്ളവർക്കു വേണ്ടിയുള്ള ഹജ്ജ് അനുവദനീയമാണോ?***

*അതെ. ഒരു ഹജ്ജ് ചെയ്തു കഴിഞ്ഞവർക്ക് മറ്റുള്ളവർക്കു വേണ്ടി ഹജ്ജ് ചെയ്യാവുന്നതാണ്.*

## ജർമ്മൻകാരുമായുള്ള അഭിമുഖം 12.9.2001

**456. *അഹ്മദിയ്യത്ത് വ്യാപിക്കുന്നതോടൊപ്പം ഇസ്ലാം സ്നേഹിക്കപ്പെടുമോ?***

അഹ്മദിയ്യത്ത് വ്യാപിക്കുന്ന എല്ലായിടത്തും അഹ്മദികളുടെ ജീവിതം കണ്ട് മുമ്പ് ഇസ്ലാമിനെ വെറുത്തവർ ഇന്ന് സ്നേഹിക്കുന്നവരായിത്തീർന്നു. തീവ്രവാദികളായ മുസ്ലിംകളുടെ പ്രവർത്തനങ്ങൾ നിമിത്തം ഇസ്ലാമിനെ ജർമ്മൻകാർ വെറുത്തു. എന്നാൽ അഹ്മദികൾ ചെന്നപ്പോൾ അവർ ഇസ്ലാമിനെ സ്നേഹിക്കുന്നവരായി മാറി.

**457. *ലോട്ടറി ഹറാമാണ്. എന്നാൽ ഭാഗ്യനമ്പറുകൾ ചില സാധനങ്ങൾ വാങ്ങുമ്പോഴോ തിരഞ്ഞെടുപ്പിലോ കിട്ടുന്നു. ഇത് ഹറാമാണോ?***

സാധനത്തോടൊപ്പം ഫ്രീ ലഭിക്കുന്നത് സ്വീകരിക്കാം. എന്നാൽ ഭാഗ്യനമ്പറുകളും മറ്റും തട്ടിപ്പാണ്. അതിൽ ആശ്രയിക്കരുത്.

**458. *ചിലപ്പോൾ ചിലർ ഇന്ന സമയത്ത് വരാമെന്ന് പറയുന്നു. എന്നാലവർക്ക് വാക്കുപാലിക്കാൻ കഴിയുന്നില്ല. ഇതു പാപമാണോ?***

ഇത് ഒരു 'ലഗ്വ്' (അനാവശ്യം)ആണ്. പാപമല്ല. ചിലർക്ക് നേരം വൈകി വരൽ ഒരു ശീലമാണ്. എന്നോട് ചിലർ മുലാഖാത്തിനായി സമയം പറയുന്നു, അവർ ആ സമയത്തു തന്നെ വരണമെന്നുദ്ദേശിക്കുന്നു. എന്നാൽ അവർ വൈകി വരുന്നു; ചിലപ്പോൾ വരുന്നേയില്ല.

**459. *'ഖസീദ' മനഃപാഠമാക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്?***

അത് മനഃപാഠമാക്കുന്നവർക്ക് അല്ലാഹുവിന്റെ ഫസൽ (അനുഗ്രഹം) ഉണ്ടാകുന്നു. നിങ്ങളതു വായിക്കുകയാണെങ്കിൽ നബി (സ)യെ പ്രേമിക്കാൻ തുടങ്ങുന്നതാണ്. കണ്ണീർ

വാർക്കുന്നതാണ്. പിന്നെ നബി (സ)യിൽ നിന്നുള്ള ദുറൂദ് നമ്മളിൽ എത്തുന്നു. ഇതുകൊണ്ടാണ് ഖസീദ വായിക്കുന്നവർക്ക് അല്ലാഹുവിന്റെ ഫസൽ ഉണ്ടാകുമെന്ന് മസീഹ് മൗഊദ് (അ) പറഞ്ഞത്.

***460. നക്ഷത്രങ്ങളുടെ ആയുസ്സെത്രയാണ്?***

ഓരോ നക്ഷത്രത്തിനും ഓരോ ആയുസ്സാണുള്ളത്. വളരെ വലിയ ചില നക്ഷത്രങ്ങൾ പൊടിഞ്ഞു ചെറിയ നക്ഷത്രങ്ങളാവുന്നു. ചില നക്ഷത്രങ്ങൾ ഈ പ്രപഞ്ചത്തിന്റെ ആരംഭംമുതൽ നിലകൊള്ളുന്നു. അവക്കൊന്നുംതന്നെ സംഭവിച്ചിട്ടില്ല. ഓരോ നക്ഷത്രത്തിനും ഓരോ ജീവചക്ര (Life cycle) മുണ്ട്. സൂര്യനും ഇല്ലാതാകും. എല്ലാവരും മരിക്കും, മരിക്കാനായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. ഇത് അല്ലാഹു ഉണ്ടാക്കിയ പ്രകൃതി നിയമമാണ്. അല്ലാഹുവിനു മാത്രമേ ഓരോ നക്ഷത്രത്തിന്റെയും അവസാന സമയം അറിയൂ.

***461. നിഷേധികൾ സത്യവാൻമാരാണെങ്കിൽ ഒരു സൂറത്ത് കൊണ്ടുവരാനായി വി:ഖുർആൻ വെല്ലുവിളിക്കുന്നു. ആരെങ്കിലും ഇതിനായി ഇതുവരെ ശ്രമിച്ചിട്ടുണ്ടോ?***

പലരും ശ്രമിച്ചിട്ടുണ്ട്. എന്നാൽ എല്ലാവരും പരാജയപ്പെടുകയാണുണ്ടായത്. ഓരോ സൂറയിലും ഭാവിയെക്കുറിച്ചും ഭൂതത്തെക്കുറിച്ചുമുള്ള പ്രവചനങ്ങളുണ്ട്. എങ്ങനെയാണ് മറ്റുള്ളവർക്ക് ഇത്തരം സൂറത്തുകൾ കൊണ്ടുവരാൻ കഴിയുക.

***462. ഹുസൂർ പെൺകുട്ടികൾക്ക് പേര് വെക്കുമ്പോൾ തുടക്കത്തിൽ 'അമത്തുൽ' എന്ന് വെക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്?***

അല്ലാഹുവിന്റെ അടിമ, ദാസി എന്നിങ്ങനെയാണ് 'അമത്തുൽ' എന്ന വാക്കിന്റെ അർത്ഥം. ചിലപ്പോൾ ഞാൻ 'ഹിബ' എന്നു വെക്കുന്നു. അതായത് അല്ലാഹുവിൽ നിന്നുള്ള ധനമെന്ന്. ഫാഷൻ കാരണം ഇപ്പോഴത്തെ ജനങ്ങൾക്ക് പഴയ പേരൊന്നും ഇഷ്ടമില്ല. അതുകൊണ്ട് ഞാൻ പുതിയ പേരുകൾ നൽകുന്നു.

***463. മനുഷ്യത്വ പരമായ കാര്യങ്ങൾക്ക് വേണ്ടി സമ്പത്ത് ചെല വഴിക്കുന്നവർക്ക് എന്ത് പ്രതിഫലമാണുള്ളത്?***

അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കാതെ ഹൃദയത്തിന്റെ കാരുണ്യത്താൽ സമ്പത്ത് ചെലവഴിക്കുന്നവർക്ക് അതി നുള്ള പ്രതിഫലം ഉടനെ കിട്ടുന്നു. അത്തരക്കാർക്ക് സംതൃപ്തി ലഭിക്കുന്നു.

എന്നാൽ അല്ലാഹുവിനുവേണ്ടി ചെലവഴിക്കുന്നവരുടെ കാര്യം വ്യത്യസ്തമാണ്. അവർ ഹൃദയത്തിന്റെ കാരുണ്യ ത്താലോ അനുകമ്പയാലോ അല്ല ചെലവഴിക്കുന്നത്. അവർ അല്ലാഹുവിനോടുള്ള പ്രേമം നിമിത്തം മാത്രമാണ് ചെല വഴിക്കുന്നതും മനുഷ്യരെ സ്നേഹിക്കുന്നതും അവർ മനുഷ്യരുടെ നന്ദി ആഗ്രഹിക്കുന്നില്ല.

***464. എത്ര കുട്ടികൾ നമുക്കുണ്ടാകണം. കുറച്ചോ അതോ നമ്മുടെ കഴിവിനനുസരിച്ചോ?***

അധികം സന്താനങ്ങളെ നൽകുന്ന സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കുക എന്ന് നബി (സ) പറഞ്ഞിരിക്കുന്നു. നിങ്ങളുടെ (ശാരീരിക) കഴിവിനനുസരിച്ച് കുട്ടികൾ ഉണ്ടാ വട്ടെ. നബി (സ)യുടെ ഉമ്മത്ത് വളരും. ഇതാണ് നബി (സ) പറഞ്ഞത്.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 3.4.2000

***465. ആദ്യത്തെ നൂറ്റാണ്ടിൽ തബ്ലീഗിന്റെ രീതി വാദപ്രതി വാദങ്ങളുടേതായിരുന്നു. രണ്ടാമത്തെ നൂറ്റാണ്ടിൽ ഏതു രീതിയാണ് അനുവർത്തിക്കേണ്ടത്?***

നബി (സ)ക്ക് ശേഷം മസീഹ് മൗഊദ് (അ) അല്ലാതെ മറ്റാരും തന്നെ ദുആയുടെ മേൽ ഇത്രയധികം ആശ്രയി ക്കാൻ നിർദ്ദേശിച്ചിട്ടില്ല. ദുആ അഹ്മദിയ്യത്തിന് നിർബ ന്ധവും ആവശ്യവുമാണ്. ദുആക്ക് അഹ്മദിയ്യത്തിന്റെ വിജ യത്തിൽ പ്രധാന പങ്ക് വഹിക്കാനുണ്ട്. രണ്ടുതരത്തിലുള്ള മുഅല്ലിമുകളും, മുബല്ലിഗുകളും, സേവകൻമാരും ജമാഅ ത്തിലുണ്ട്. ആദ്യത്തെ കൂട്ടർ വളരെയധികം വിദ്യ കരസ്ഥ

മാക്കിയവരാണ്. രണ്ടാമത്തേത് സാധാരണ അറിവുള്ളവരാണ്. രണ്ടാമത്തെ കൂട്ടരിൽ ചിലർ വളരെ വിനയമുള്ളവരും എല്ലാ ആശ്രയവും പ്രാധാന്യവും ദുആക്ക് നൽകുന്നവരുമാണ്. ഈ കൂട്ടർക്ക് ഒരുപാട് പേരെ ബൈഅത്ത് ചെയ്യിക്കാൻ സാധിച്ചു. ഇവർ കൊണ്ടുവരുന്നവർ തഖ്‌വയുള്ളവരും പരിശുദ്ധിയുള്ളവരുമായി മാറി. ഞാൻ എപ്പോഴും പറയാറുള്ളത് തബ്‌ലീഗ് കാര്യത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകേണ്ടത് ദുആയ്ക്കാണ് എന്നാണ്.

***465. ഇഹലോകത്തിൽ തിന്മയ്ക്കെതിരെ പൊരുതി അല്ലാഹുവിന്റെ തൃപ്തി നേടുന്നു. പരലോകത്തിൽ എങ്ങനെയാണ് ഇത് സംഭവ്യമാക്കുക?***

പരലോകത്ത് തിന്മയില്ല. അവിടെ തിന്മയില്ലാതെ തന്നെ ഉയർച്ചയുണ്ടാകുന്നതാണ്. പരലോകത്തിൽ ഉയർച്ച അല്ലാഹുവിനോടുള്ള അടുപ്പം കൂടുന്നതിലാണ്. നിങ്ങൾ ഒരേ അവസ്ഥയിലിരുന്നാൽ അത് മുഷിപ്പ് നൽകും. പരലോകത്തിൽ നിരന്തരമായ ഉയർച്ച മനുഷ്യനുണ്ടാകുന്നു. ഓരോ സ്ഥാനത്തിനും മീതെ മറ്റൊരു സ്ഥാനമുണ്ട്.

***466. സ്വർഗ്ഗത്തിൽ അമുസ്‌ലിംകൾ ഉണ്ടാകുമോ?***

സ്വർഗ്ഗത്തിൽ അവർ മുസ്‌ലിംകളായിട്ടായിരിക്കും ഉണ്ടാവുക. ലോകാരംഭം മുതലുള്ള മതം ഇസ്‌ലാമാണ്. അഥവാ അല്ലാഹുവിലുള്ള പൂർണ്ണ സമർപ്പണം. എല്ലാ പ്രവാചകൻമാരും അവരുടെ നല്ല അനുയായികളോടൊപ്പം അവിടെയുണ്ടാകും. ഖുർആനിൽ നിന്ന് മനസ്സിലാകുന്നത് എല്ലാ മതങ്ങളിൽ നിന്നുമുള്ള നല്ല ആളുകൾ സ്വർഗ്ഗത്തിലുണ്ടാകുമെന്നാണ്. നമ്മുടെ കണ്ണിൽ അവർ മുസ്‌ലിംകളല്ല. എന്നാൽ അല്ലാഹുവിൽ സമർപ്പണം ചെയ്തു എന്ന അർത്ഥത്തിൽ അവർ മുസ്‌ലിംകളാണ്.

***467. മരിച്ചതിനുശേഷം 40 ദിവസം കഴിഞ്ഞ് 'സിയാറത്ത്' ചെയ്യുന്നത് ഇസ്‌ലാമിക സുന്നത്താണോ?***

അല്ല, അങ്ങനെയൊന്നും തന്നെയില്ല. ഞാൻ എവിടെയും വായിച്ചിട്ടില്ല. നബി (സ)യുടെ ഒരു ഹദീസുണ്ട്, "മരണ

ത്തിനു ശേഷം മൂന്ന് ദിവസം കഴിഞ്ഞാണ് ആത്മാവ് പ്രവാചകൻമാരുടെ ശരീരത്തിൽ നിന്ന് വേറിടുക" എന്ന്. അവർ പരലോകത്തെ ആഗ്രഹിക്കുന്നു. ഈ ദുനിയാവിനോട് ഒരു താൽപര്യവുമില്ല. അവർ മരണത്തെ ഉറ്റുനോക്കുന്നു. അതുകൊണ്ട് അവരിൽനിന്ന് 3 ദിവസത്തിനുശേഷം ആത്മാവ് പൂർണ്ണമായും വേറിടുന്നു. മറ്റുളളവർക്ക് മൂന്നുമുതൽ 40 ദിവസം വരെ സമയം വേണ്ടിവരുന്നു. എന്റെ ഉമ്മയുടെ വഫാത്തിനുശേഷം ഞാനും ഉപ്പയും ബഹിശ്തി മഖ്ബറയിൽ ഉമ്മയുടെ ഖബറിനടുത്ത് ആദ്യത്തെ 40 ദിവസം നിരന്തരമായി പോയിരുന്നു.

**468. *ഹുസൂറിന്റെ കാഴ്ചപ്പാടിൽ ഖാദിയാന്റെ ഭാവി എങ്ങനെയായിരിക്കും?***

അത് വളരെ വലുതായിരിക്കും. റബ്വ രണ്ടാമത്തെ കേന്ദ്രമായിരിക്കും. ഖാദിയാനാണ് പ്രധാനകേന്ദ്രം.

വാഗ്ദത്ത മസീഹ് (അ) ജനിച്ചതും അടക്കം ചെയ്യപ്പെട്ടതും അവിടെയാണ്. ബൈത്തുദ്ദുആ ഖാദിയാനിലാണ്. അഹ്മദിയ്യാ ലോകത്തിന് ഖാദിയാനുമായുള്ള ബന്ധം വിഛേദിക്കാനാവില്ല.

**469. *ഒരു അഹ്മദിയ്യാ രാഷ്ട്രമുണ്ടായാൽ അവിടേക്ക് ചെല്ലാൻ അഹ്മദികൾക്ക് വിസ ആവശ്യമാണോ?***

അതെ. അഹ്മദികൾക്ക് വിസ ആവശ്യമായിരിക്കും.

**470. *നമസ്ക്കാരത്തിൽ ദർശനമുണ്ടാകുമോ? അതുപോലെ ഇല്ലാത്ത ഒന്നിന്റെ വാസന നമുക്കറിയാൻ സാധിക്കുമോ?***

അങ്ങനെയെല്ലാം സംഭവിക്കുന്നതാണ്. ചില മുത്തഖീങ്ങൾക്ക് ഇല്ലാത്ത ഒന്നിന്റെ വാസന അറിയുവാൻ കഴിയും. നമസ്ക്കാരത്തിൽ ദർശനമുണ്ടാകുന്നതാണ്. ഒരിക്കൽ മലിക് സൈഫുർറഹ്മാൻ തന്റെ മകൾക്ക് സന്താനമുണ്ടാകുന്നതിനായി എന്നോട് പ്രാർത്ഥിക്കാൻ കത്തിലൂടെ അപേക്ഷിച്ചു. ആ കത്ത് എന്റെ ഹൃദയത്തിൽ ആഴത്തിലിറങ്ങി. ഞാൻ തഹജ്ജുദ് നമസ്കാരത്തിൽ സുജൂദ് ചെയ്യുകയാ

യിരുന്നപ്പോൾ ഞാൻ 'കശ്ഫിൽ' ഒരു ആൺ കുട്ടി എന്റെ യടുക്കൽ നിൽക്കുന്നതായി കണ്ടു. ഞാൻ ആ കുട്ടിയുടെ കാൽതൊട്ടു. ഈ കശ്ഫ് അതുപോലെത്തന്നെ പുലർന്നു. അവർക്കൊരാൺകുട്ടി ജനിക്കുകയുണ്ടായി.

***471. എല്ലാ മനുഷ്യർക്കും ശരീരപ്രകൃതിയിൽ വ്യത്യാസമുണ്ട്. എന്നാൽ പക്ഷികൾക്ക് വ്യത്യാസമില്ലാത്തതെന്തുകൊണ്ടാണ്?***

പക്ഷികൾക്കിടയിലും വ്യത്യാസമുണ്ട്. പക്ഷികളെ നിരീക്ഷിക്കുന്നവർക്ക് അത് മനസ്സിലാക്കാനാകും. ഒറ്റനോട്ടത്തിൽ എല്ലാ ചൈനക്കാരെയും കാണാൻ ഒരുപോലെയല്ലേ? എന്നാൽ ശ്രദ്ധിച്ചാൽ വ്യത്യാസം മനസ്സിലാകുന്നതാണ്. അല്ലാഹു എല്ലാ പക്ഷികളെയും വ്യത്യസ്ത രൂപത്തിലാണ് സൃഷ്ടിച്ചത്. വ്യത്യാസം കാണുന്നതിന് വെളിച്ചം വേണം.

***472. സംസാരിക്കാൻ കഴിയാത്ത കുട്ടികൾക്ക് ആംഗ്യഭാഷ പഠിപ്പിച്ചുകൊടുക്കുന്നതിനെകുറിച്ച് എന്താണ് ഹുസൂറിന്റെ അഭിപ്രായം?***

അത് നല്ല കാര്യമാണ്. അങ്ങനെ പഠിപ്പിക്കുന്നത് സാധ്യമാണ്. കുട്ടികൾ ബുദ്ധിയുള്ളവരാണ്. ഗർഭാശയത്തിലിരിക്കുന്ന അവസ്ഥയിൽതന്നെ അവർ ശബ്ദം കേൾക്കുകയും അതിന് പ്രതികരിക്കുകയും ചെയ്യുന്നു.

***473. ബാബാനക്കിന്റെ ചോല, അതുപോലെ ഈസാ (അ) യുടെ തിരുശീല നമ്മുക്ക് കിട്ടിയാൽ അതെന്തു ചെയ്യണം?***

ബഹുമാനത്തോടെ നമ്മളത് സൂക്ഷിക്കേണ്ടതാണ്.

***474. ഭാവിയിൽ ഉണ്ടാകാവുന്ന പുതിയ ജീവജാലങ്ങൾ എങ്ങനെയുള്ളതായിരിക്കും?***

മനുഷ്യജീവിതം പൂർണമായും തുടച്ചുനീക്കപ്പെട്ട് ഒരു പുതിയ ജീവി വരുന്ന ഒരു സമയം ഉണ്ടായേക്കാം. ചിലപ്പോൾ അത് 10 മില്ല്യൻ വർഷങ്ങൾക്കുശേഷമായിരിക്കും.

അത്തരത്തിലുള്ള ജീവി മനുഷ്യനോട് സാമ്യമുള്ളതും പല കാര്യങ്ങളിൽ മനുഷ്യനിൽ നിന്ന് വ്യത്യസ്തവുമായിരിക്കും. മനുഷ്യനെപ്പോലെയുള്ള ഒരു പുതിയ സൃഷ്ടി ഭാവിയിലുണ്ടാവുമെന്നത് തീർച്ചയാണ്.

***475. 'റസൂൽ,' 'നബി' എന്നിവ മസീഹ് മൗഊദി(അ)ന്റെ ആലങ്കാരികനാമമാണെന്ന് ലാഹോരി അഹ്മദികൾ പറയുന്നു. ഇതിന്റെ യഥാർത്ഥ അർത്ഥം എങ്ങനെയാണ് അവർക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത്.***

അല്ലാഹു മസീഹ് മൗദീ (അ)നെ 'നബിയുല്ലാഹ്' എന്ന് സംബോധന ചെയ്തത് ഗൗരവമായിട്ടും വാക്കർത്ഥമായിട്ടും എടുക്കേണ്ടതാണ്. 'ഞാൻ ആരാണ് നബിയാവാൻ' എന്ന് മസീഹ് മൗഊദ് (അ) തന്റെ എളിമയാൽ ചിന്തിക്കാറുണ്ടായിരുന്നു. എന്നാൽ ഒരു രാത്രി മുഴുവൻ 'നബിയുല്ലാഹ്' എന്ന് വഹ്‌യ് ലഭിച്ചതിനുശേഷം മസീഹ് മൗഊദ് (അ) അതിന് വാക്കർത്ഥമാണ് നൽകിയത്. അല്ലാതെ ആലങ്കാരിക അർത്ഥമല്ല.

## ബംഗാളികളുമായുള്ള അഭിമുഖം 11.4.2000

***476. നമ്മൾ ഓഹരി വിപണിയിൽ പണം മുടക്കാൻ പാടുണ്ടോ?***

അത് ആത്മഹത്യാപരമായ പ്രവൃത്തിയാണ്. അതിൽ ചൂത്കളിയുടെ അംശം ഉണ്ട്. അത് നമുക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അമുസ്ലിംകൾക്കും അത് ആത്മഹത്യക്ക് തുല്യമാണ്. താത്കാലിക ലാഭമുണ്ടാകുന്നു. എന്നാൽ അവസാനം എല്ലാം നഷ്ടമാകുന്നു. യഹൂദ മാഫിയ അതിനെ നിയന്ത്രിക്കുകയും തകർക്കുകയും ചെയ്യുന്നു.

ഒരഹ്മദി ലക്ഷക്കണക്കിന് പൗണ്ട് ഓഹരി വിപണിയിൽ മുടക്കി. എന്നോട് ഉപദേശം തേടിയപ്പോൾ എല്ലാ ഷെയറുകളും നഷ്ടത്തിലാണെങ്കിലും വിൽക്കാൻ പറഞ്ഞു. ഒരാഴ്ചക്കകം ഓഹരി വിപണിതകർന്നു. അയാൾ വിറ്റില്ലായിരുന്നുവെങ്കിൽ എല്ലാം നഷ്ടമായേനെ. അയാൾ ഒരുലക്ഷം

പൗണ്ട് അല്ലാഹുവിനോടുള്ള നന്ദിസൂചകമായി ജമാഅത്തിന് നൽകുകയുണ്ടായി. നിങ്ങൾക്ക് പണം മുടക്കാനാവുമെങ്കിൽ റിയൽ എസ്റ്റേറ്റിൽ (വസ്തു ഇടപാട്) മുടക്കിക്കൊള്ളൂ. ബാങ്കിൽ നിക്ഷേപിക്കരുത്. പലിശ ഹറാമാണ്.

മറ്റൊരഹ്മദി തന്റെ സ്വന്തം പണവും അതുപോലെ കുടുംബത്തിലുള്ള മറ്റുള്ളവരുടെ പണവും ഓഹരിവിപണിയിൽ മുടക്കി. എന്റെ ഉപദേശം അയാൾ ശ്രവിച്ചില്ല. അയാൾ വളരെ ബുദ്ധിശാലിയാണെന്ന് സ്വയം കരുതി. വിപണി തകർന്നു. അയാളുടെയും അയാളുടെയൊപ്പം മുടക്കിയവരുടെയും പണം നഷ്ടപ്പെട്ടു. ഇന്ന് ആ കുടുംബത്തിന് ഒരു വീടൊഴികെ ഒന്നും തന്നെയില്ല. അതുകൊണ്ട് ഓഹരി വിപണി തൊടരുത്.

***477. സൂറഃനഹ്ലിലെ (16) 92-ാം ആയത്തിന്റെ അർത്ഥം എന്താണ്?***

ചിലർ സൽകർമ്മം ചെയ്തതിനുശേഷം അത് നശിപ്പിക്കുന്നു. പാവപ്പെട്ടവരോട് ഔദാര്യം കാണിച്ചതിനുശേഷം അവരെ കുത്തി നോവിക്കുന്നു. അവർ അല്ലാഹുവിനെ സാക്ഷിനിർത്തി ജനങ്ങളോട് വിശ്വാസം വാങ്ങുന്നു. ഇത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പണം ചെലവുചെയ്യുന്നവർക്കുള്ള ഒരുപദേശമാണ്. അല്ലാഹുവിന്റെ തൃപ്തി എങ്ങനെ കരസ്ഥമാക്കാമെന്ന് പഠിപ്പിക്കുന്നു.

***478. ഒരു അഹ്മദിയ്യാ രാഷ്ട്രത്തിൽ സർക്കാരിനാണോ അതോ ഖലീഫയ്ക്കാണോ സക്കാത്ത് കൈകാര്യം ചെയ്യാനുള്ള അധികാരം?***

അഹ്മദിയ്യാ രാഷ്ട്രത്തിൽ സകാത്ത് കൈകാര്യം ചെയ്യുക സർക്കാറായിരിക്കും. മുഴുവൻ സർക്കാറും അഹ്മദികളായിരിക്കും. അവർ ഇസ്ലാമിക അദ്ധ്യാപനങ്ങളെ ബഹുമാനിക്കുകയും ഖലീഫയുടെ ഉപദേശങ്ങൾ അനുസരിക്കുകയും ചെയ്യുന്നതാണ്. അവർ നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നതായിരിക്കും. അല്ലെങ്കിൽ അവർ അടുത്ത തിരഞ്ഞെടുപ്പിൽ തോൽക്കുന്നതാണ്.

***479. എവിടെ നിന്നാണ് ഭാഷയുടെ ഉത്ഭവം?***

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം ഭാഷ മുഖാന്തരം സംസാരിക്കാൻ പഠിപ്പിച്ചു. മനുഷ്യകുലം വ്യാപിച്ചപ്പോൾ ഭാഷയിൽ മാറ്റങ്ങളുണ്ടാവാൻ തുടങ്ങി.

***480. നബി (സ)യെ എങ്ങനെയാണ് ശത്രുക്കൾ ബഹിഷ്കരിച്ചത്?***

നബി (സ)യെയും സഹാബാക്കളെയും മക്കയിലെ ഖുറൈശികൾ പൂർണ്ണമായി ബഹിഷ്കരിച്ചു. നബി (സ)യും ഭാര്യ ഖദീജയും (റ) സഹാബാക്കളും ഇലകൾ തിന്നാണ് ജീവിച്ചത്. ശത്രുക്കൾ ഭക്ഷണം നബിയുടെ അടുക്കൽ എത്തുന്നത് തടഞ്ഞു. ചില സമയങ്ങളിൽ ഭക്ഷണം എത്തിയിട്ടുണ്ടാവാം. ഒരിക്കൽ ഒരു സഹാബി ആ ബഹിഷ്കരണ കാലഘട്ടത്തിൽ എന്തോ മൃദുലമായ ഒരു സാധനം ചവിട്ടിപ്പോയി. അയാൾ അത് എന്താണെന്ന് നോക്കാതെ ഭക്ഷിച്ചു. അത് കാരക്കയാണോ അതോ വല്ല പുഴുവാണോ എന്ന് അയാളുടെ മരണംവരെ അയാൾ അറിഞ്ഞില്ല. അത്രയും കഠിനമായ വിശപ്പായിരുന്നു.

***481. ഖുർആനിൽ ചിലയിടങ്ങളിൽ അല്ലാഹു പലതിനെയും സാക്ഷിനിർത്തുന്നു. ഇതിന്റെ തത്ത്വമെന്താണ്?***

സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ പല പ്രവചനങ്ങളുമായി അത് ബന്ധപ്പെട്ടുകിടക്കുന്നു. ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് എന്റെ 'റവലേഷൻ റേഷനാലിറ്റി നോളെഡ്ജ് ആന്റ് ട്രൂത്ത്' എന്ന പുസ്തകം വായിക്കുക. അതിൽ ഞാൻ നിരത്തിയ യുക്തി അമുസ്ലിംകൾക്കു പോലും നിഷേധിക്കാനാവില്ല.

***482. ഇമാം നല്ലയാളല്ലെങ്കിലും അയാളെ നമ്മൾ പിന്തുടരാൻ പാടുണ്ടോ?***

ഇമാം നല്ലതാണെങ്കിലും ചീത്തയാണെങ്കിലും നിങ്ങൾ അയാളെ പിന്തുടരേണ്ടതാണ്. അയാൾ ചീത്ത സ്വഭാവിയാണെങ്കിൽ അയാളെ നിയോഗിച്ച ഉത്തരവാദിത്തപ്പെട്ട

വരോട് അയാളെ ആ സ്ഥാനത്തുനിന്ന് മാറ്റാൻ പറയേണ്ട താണ്. അയാൾ ഇമാമായിരിക്കുന്നിടത്തോളം നിങ്ങൾ അയാളെ പിന്തുടരേണ്ടതാണ്.

## കുട്ടികളുമായുള്ള അഭിമുഖം 12.4.2000

***483. ഈസാനബി (അ)ക്ക് ഫലസ്തീനിൽ നിന്ന് കശ്മീരിലെ ത്താൻ എത്ര വർഷം ആവശ്യമായി വന്നു.***

ആ കാലത്ത് ജനങ്ങൾ യാത്രക്കാരോട് വളരെ നല്ല രീതി യിലാണ് പെരുമാറിയിരുന്നത്. ഒരു വർഷത്തിൽ കുറവാ യിരിക്കും അദ്ദേഹം യാത്രയ്ക്ക് എടുത്തിട്ടുണ്ടാവുക.

***484. നോഹയുടെ പെട്ടകത്തിന്റെ പ്രാധാന്യം എന്താണ്?***

അല്ലാഹു പറയുന്നു. അത് വലിയ അടയാളമാണെന്ന്. അത് കണ്ടുകിട്ടിയാൽ അല്ലാഹുവിന്റെ വലിയ ദൃഷ്ടാന്തമായി രിക്കും.

***485. ആദം (അ)നു മുമ്പ് മനുഷ്യരുണ്ടായിരുന്നോ? അവർ മുസ്ലിംകളായിരുന്നുവോ?***

ആദം നബി (അ)ക്കു മുമ്പ് പല സ്ഥലങ്ങളിൽ പ്രവാച കൻമാരുണ്ടായിട്ടുണ്ട്. അവർ അല്ലാഹുവിന് കീഴ്പ്പെട്ടു എന്ന അർത്ഥത്തിൽ മുസ്ലിംകളാണ്.

***486. നമ്മുടെ ജന്മദിനത്തിൽ 'നഫ്ല്' നമസ്കരിക്കാമോ?***

അല്ലാഹു സൃഷ്ടിച്ചതിന് നന്ദിസൂചകമായി 'നഫ്ല്' നമസ്കരിക്കാവുന്നതാണ്. ഒരു നല്ല ബിദ്അത്താണത്. കേക്ക് മുറിക്കുന്നത് ചീത്ത ശീലമാണ്.

***487. ഖാദിയാനിലെ മിനാറത്തുൽ മസീഹിൽ ഹുസൂർ കയറി യിട്ടുണ്ടോ?***

അതെ, ഒരുപാട് തവണ; കുട്ടിയായിരിക്കുമ്പോൾ. ഞാൻ അതിൽ ആനന്ദം കണ്ടെത്താറുണ്ടായിരുന്നു. 1991ലും ഞാൻ കയറിയിട്ടുണ്ട്. അതിന്റെ മുകളിൽനിന്ന് ഖാദിയാന്റെ നല്ല കാഴ്ച കാണാവുന്നതാണ്. ഞാനത് ഇഷ്ടപ്പെടുന്നു.

***488. പരീക്ഷയ്ക്ക് തയ്യാറാകാൻ ഉത്തമമാർഗമേതാണ്?***

നിങ്ങൾ ദുആ ചെയ്യുക. മനസ്സിലാകുന്നതു വരെ ഏകാഗ്രതയോടെ നന്നായി വായിക്കുക. മനസ്സിലാകുന്നതുവരെ അടുത്ത പേജിലേക്ക് കടക്കരുത്. നിങ്ങൾക്ക് ഉറക്കം വരുന്നെങ്കിൽ അതിന്റെയർഥം മുമ്പത്തെ പേജ് മനസ്സിലായിട്ടില്ലാ എന്നാണ്. അങ്ങനെ വന്നാൽ പഴയ വിഷയത്തിലേക്ക് പോവുക.

***489. അമുസ്ലിംകൾ മരണത്തിനുശേഷം എവിടേക്കുപോകും?***

അല്ലാഹുവിന്റെ റഹ്മത്ത് വലുതാണ്. അമുസ്ലിംകൾക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാവുന്നതാണ്. അത് അല്ലാഹു തീരുമാനിക്കും.

***490. നിരന്തരം കളവു പറയുന്ന സുഹൃത്തിനെ ഉപേക്ഷിക്കണമോ?***

അതെ, അയാളുമായി സൗഹൃദം വേർപ്പെടുത്തേണ്ടതാണ്.

***491. ഏതു സംഗീതമാണ് കേൾക്കേണ്ടത്?***

എം ടി എയിലുള്ള സംഗീതം ശ്രവിക്കുക. അതിൽ മനുഷ്യന്റെ ശബ്ദം കൊണ്ടുള്ള സംഗീതമാണ്. അതാണു നല്ലത്.

***492. ഏതു പ്രായം വരെ നീളം വെക്കുന്നതിന് ഹോമിയോപതി മരുന്ന് സഹായിക്കും?***

ഹോമിയോപതി മരുന്ന് നീളം കുറഞ്ഞ കുടുംബത്തിലുള്ളവർക്ക് കൊടുക്കേണ്ടതാണ്. അത് വലുപ്പം വെക്കാവുന്ന പ്രായം വരെ സഹായിക്കും.

***493. എം ടി എ നമുക്ക് ഇന്റർനെറ്റിൽ കണ്ടുകൂടേ?***

എന്തിനാണ് എം ടി എ ഇന്റർനെറ്റിൽ കാണുന്നത്. ടെലിവിഷനിൽ കണ്ടാൽ പോരേ? അല്ലെങ്കിൽ റെക്കോഡ് ചെയ്ത കാസറ്റ് വീഡിയോയിൽ കണ്ടാൽ പോരേ? ഇന്റർനെറ്റ് ചീത്ത കാര്യമാണ് അതിൽ നോക്കരുത്.

***494. ദൈവിക ഗ്രന്ഥങ്ങൾ നാലെണ്ണം മാത്രമേയുള്ളൂ?***

പല നബിമാർക്കും ഗ്രന്ഥങ്ങൾ കിട്ടിയിട്ടുണ്ട്. വെറും നാലെണ്ണമല്ല.

***495. എന്തുകൊണ്ടാണ് മാംസഭുക്കുകളായ ജന്തുക്കളുടെ ഇറച്ചി കഴിക്കാൻ പാടില്ലാത്തത്?***

അത്തരം മൃഗങ്ങളുടെ ശരീരത്തിൽ നിന്ന് ചീത്ത മണം വരുന്നു. അത് വളരെ മലിനവുമാണ്. മനുഷ്യന് മാത്രം ആണ് മാംസഭുക്കായിട്ടും ചീത്ത വാസന ഇല്ലാത്തത്.

***496. ആദം നബിയുടെ ഭാഷ ഏതായിരുന്നു?***

അറബി

***497. അത്ഫാലീംകൾ എങ്ങനെയാണ് തബ്ലീഗ് ചെയ്യേണ്ടത്?***

സൽസ്വഭാവിയായിട്ടും പ്രാർത്ഥിച്ചുകൊണ്ടും വേണം അത്ഫാലുകൾ തബ്ലീഗ് ചെയ്യേണ്ടത്. നിങ്ങൾ നല്ലവരും മൃദുല ഭാഷിയുമാണെങ്കിൽ എല്ലാ നല്ല കുട്ടികളും നിങ്ങളുടെയടുക്കൽ വരും. പിന്നീട് സ്നേഹത്തോടെയും ഹിക്മത്തിനാലും തബ്ലീഗ് ചെയ്യുക.

***498. എങ്ങനെയാണ് ദൈവാസ്തികൃത്തിനുള്ള തെളിവുകൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുക?***

നിങ്ങളുടെ ശരീരഘടനയെകുറിച്ച് നിങ്ങൾ ചിന്തിക്കുക. നിങ്ങളുടെ കണ്ണുകളും കാതുകളും നോക്കുക. അത് എങ്ങനെയാണ് സൃഷ്ടിക്കപ്പെട്ടത്? ഇതെല്ലാം ദൈവാസ്തികൃത്തിനുള്ള തെളിവുകളാണ്. ദൈവാസ്തികൃത്തിനുള്ള തെളിവ് നിങ്ങളുടെ ശരീരത്തിനകത്തു തന്നെയുണ്ട്. അതിനെ കുറിച്ച് ചിന്തിക്കുക. നിങ്ങൾ അല്ലാഹുവിനെ കാണുന്നതാണ്. അത് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കയും ചെയ്യുക. നിങ്ങളുടെ പല്ലുകളെയും നോക്കുക. അത് ഒരു നിശ്ചിതവലിപ്പം വയ്ക്കുന്നു. അതിൽ കൂടുതലാണെങ്കിൽ താഴെയുള്ള പല്ലുകൾ തലച്ചോറ് വരെ എത്തുന്നതായിരിക്കും. പല്ലുകൾ ആവശ്യമുള്ള വലിപ്പമെത്തുമ്പോൾ

അതിന്റെ വളർച്ച നിൽക്കുന്നു. പല്ലുകളുടെ മനോഹരമായ ഘടനയെ നോക്കുക!

നിങ്ങൾ ചിന്തിക്കുക. എത്ര സംരക്ഷണത്തോടെയാണ് മരം കൊത്തിയുടെ ചെവിയുടെ ഘടന നിലകൊള്ളുന്നത്. കൊത്തുന്നതിന്റെ ആഘാതത്തിൽ നിന്ന് അതിന്റെ മസ്തിഷ്ക്കത്തെ സംരക്ഷിക്കുന്നതായിട്ട്. ചെവികൾക്കും മസ്തിഷ്ക്കത്തിനുമിടയിൽ ആഘാതം തടുക്കുന്ന ഒരു പ്രത്യേക വസ്തു സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹുവാണ് ആഘാതം തടുക്കുന്ന ആ വസ്തു സൃഷ്ടിച്ചത്. എങ്ങനെയാണ് മനുഷ്യർക്കിത് വിശദീകരിക്കാൻ കഴിയുക? മൃഗങ്ങളെ നോക്കുക, അതുപോലെ അവ എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് ചിന്തിക്കുക. ഇതെല്ലാം ദൈവാസ്തികൃത്തിനുള്ള തെളിവുകളാണ്. ആദ്യം നിങ്ങൾ ദൈവാസ്തികൃത്തിനുള്ള തെളിവ് സ്വയം കണ്ടെത്തുക. എന്നാൽ മാത്രമേ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ പറ്റുകയുള്ളൂ. നിരീശ്വരവാദത്തിന്റെ ഈ കാലഘട്ടത്തിൽ കുട്ടികൾ ഇതിനെപ്പറ്റി വായിച്ചു മറ്റു കുട്ടികൾക്കു പറഞ്ഞുകൊടുക്കേണ്ടതാണ്.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 17.7.2001

**499. *ടേബിൾ ടെന്നിസ് ബാഡ്മിന്റൺ തുടങ്ങിയ കളികളിൽ അഹ്മദി സ്ത്രീകൾക്ക് പങ്കെടുക്കാമോ?***

അഹ്മദി സ്ത്രീകൾ പുരുഷൻമാർ കാണവെ കളിക്കാൻ പാടില്ല. അത് ദുർനോട്ടത്തിലേക്ക് നയിക്കുന്നതാണ്. അഹ്മദി സ്ത്രീകൾക്കായി ജമാഅത്ത് മത്സരങ്ങൾ നടത്താറുണ്ട്. സ്ത്രീകൾ അതിൽ പങ്കെടുക്കട്ടെ.

**500. *ചിത്രകലയെ (Painting) കുറിച്ച് ഇസ്ലാമിക കാഴ്ചപ്പാട് എന്താണ്?***

അതിൽ തെറ്റുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. നബി (സ) ചിത്രകല നിഷിദ്ധമാക്കിയിട്ടില്ല. നല്ലൊരു കലാകാരന്

യാഥാർഥ്യമെന്നു തോന്നുന്ന ചിത്രങ്ങൾ വരയ്ക്കാനാവും; ക്യാമറയിൽ കിട്ടുന്ന ചിത്രങ്ങൾപോലെ. ആയിശാ (റ)യെ കല്യാണം കഴിക്കുന്നതിനുമുമ്പ് അല്ലാഹു നബി (സ)ക്ക് ആയിശാ (റ)യുടെ ചിത്രം കാണിച്ചുകൊടുക്കയുണ്ടായി. നബി (സ) ആയിശാ (റ)യെ അതിനുമുമ്പ് കണ്ടിരുന്നില്ല. അവരെ പിന്നീട് നേരിട്ട് കണ്ടപ്പോൾ ചിത്രവുമായി യാതൊരു വ്യത്യാസവും ഇല്ലെന്ന് മനസ്സിലായി. വിഗ്രഹാരാധനയിലേക്ക് നയിക്കുന്ന ചിത്രങ്ങളാണ് നിരോധിക്കപ്പെട്ടത്. ആ കാലഘട്ടത്തിൽ ചിത്രങ്ങൾ വിഗ്രഹാരാധനയിലേക്ക് നയിച്ചിരുന്നു.

***501. ഇഹലോകത്ത് കുടുംബബന്ധുക്കളുടെ ചീത്ത സ്വാധീനത്തിൽ നിന്ന് സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് അവരോടുള്ള നമ്മുടെ കർത്തവ്യം നിറവേറ്റുക എങ്ങനെയാണ്.***

അവരുടെ സ്വാധീനം നിങ്ങളുടെ മേൽ ഉണ്ടാകാതിരിക്കാൻ അവരിൽ നിന്ന് കഴിയുന്നത്ര വിട്ടുനിൽക്കുക. അവരോടുള്ള കടമ പരമാവധി നിറവേറ്റുക. അവരിലുള്ള തിന്മ നിങ്ങളിൽ പ്രവേശിക്കരുത്. നിങ്ങൾ അവരെ നല്ലരീതിയിൽ സ്വാധീനിക്കുക. അവരുടെ ചീത്ത സ്വാധീനം നിങ്ങളുടെ മേലുണ്ടാകരുത്.

***502. യഹൂദർ ഉൽപ്പാദിപ്പിക്കുന്നക്കുന്ന ഉൽപ്പന്നങ്ങളുടെ ലാഭം ഫലസ്തീൻകാർക്കെതിരെയുള്ള യുദ്ധത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. അതിനാൽ, നമ്മൾ അവരുടെ ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കേണ്ടതുണ്ടോ?***

അധികം ഹോട്ടലുകളിലും വിമാനങ്ങളിലും യഹൂദരുടെ ഭക്ഷണമാണ് ലഭ്യമായിട്ടുള്ളത്. അവരുടേതാണെന്ന് പൂർണ്ണ അറിവുണ്ടെങ്കിൽ അത് വാങ്ങാതിരിക്കുക.

***503. ആദം നബി(അ)യുടെ കാലത്ത് അവിശ്വാസികളായ ജനങ്ങൾക്ക് പാഠം ഉൾക്കൊള്ളാനായി മുൻ ചരിത്രമില്ലായിരുന്നതിനാൽ അവർക്ക് ശിക്ഷയിൽ ഇളവ് ലഭിക്കുമോ?***

അതെ. അവർക്ക് മുൻകടന്ന ജനങ്ങളുടെ ചരിത്രം മുമ്പിലില്ലായിരുന്നു. കാലം പുരോഗമിക്കുന്നതിനനുസരിച്ച് ശിക്ഷ വർദ്ധിക്കും. മുൻ പ്രവാചകൻമാരെ നിഷേധിക്കുകയും ശിക്ഷ ഇറക്കുകയും ചെയ്ത ചരിത്രം ഖുർആൻവഴി ജനങ്ങൾക്ക് പറഞ്ഞുകൊടുക്കപ്പെട്ടിരുന്നതിനാൽ നബി (സ)യെ നിഷേധിക്കുന്നതിന് കഠിനമായ ശിക്ഷയുണ്ടാകും.

***504. എന്റെ ക്രൈസ്തവ സുഹൃത്തുക്കൾ ബൈബിളിനെ ബഹുമാനിക്കുന്നില്ല. അവരെ എങ്ങനെ ബഹുമാനിക്കുന്നവരായി മാറ്റും?***

അവരെ അങ്ങനെ തന്നെ വെറുതെ വിട്ടുകളയരുത്. അത് അവരെ നേർവഴിയിലേക്ക് നയിക്കുന്നതിനുപകരം വഴികേടിലാക്കും. ഇപ്പോൾ നിലവിലുള്ള ബൈബിൾ ബഹുമാനം അർഹിക്കുന്നില്ല.

***505. അഹ്മദിയ്യത്തിന് അനുകൂലമായ വിപ്ലവം എന്നാണ് പാക്കിസ്ഥാനിൽ ഉണ്ടാവുക.***

അത് എന്റെ പാക്കിസ്ഥാനിലേക്കുള്ള മടക്കവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് എന്റെ കാലഘട്ടത്തിൽ സംഭവിക്കുന്നതായാൽ മുല്ലാക്കൾ പൂർണ്ണമായും തുടച്ചുനീക്കപ്പെടുന്നതാണ്. അവിടെ വലിയ വിപ്ലവം അരങ്ങേറുന്നതാണ്.

## ബംഗാളികളുമായുള്ള അഭിമുഖം 24.07.2001

***506. ഇസ്‌ലാം പറയുന്നു 'കുറ്റത്തെ വെറുക്കുക; കുറ്റവാളിയെ അല്ല' എന്നാൽ എന്തുകൊണ്ടാണ് ഇസ്‌ലാം മരണശിക്ഷയും കൈമുറിക്കലും നിർദേശിക്കുന്നത്?***

കുറ്റവാളികളെ പിടികൂടി അവരുടെ ശിക്ഷിക്കുന്നത് അവരോട് വെറുപ്പുണ്ടായിട്ടല്ല. മറിച്ച്, കുറ്റം ചെയ്തതിനാണ്. കുറ്റവാലിക്ക് മാപ്പു നൽകിത്തുടങ്ങിയാൽ സാമൂഹിക വ്യവസ്ഥിതിയുടെ താളം തെറ്റും. ക്രമസമാധാനം നഷ്ടപ്പെടും. നിങ്ങൾ കുറ്റത്തെയാണ് വെറുക്കേണ്ടത് കുറ്റവാളിയെ അല്ല. നബി (സ) കുറ്റത്തെയാണ് വെറുത്തത്. മറിച്ച്, കുറ്റവാളിയെ

അല്ല. ഒരിക്കൽ ഒരു കുറ്റവാളി കല്ലെറിഞ്ഞു കൊല്ലപ്പെടുന്നതിൽ നിന്നു ഓടി രക്ഷപ്പെട്ടു. കുറച്ചുപേർ പിന്നാലെ ചെന്ന് അയാളെ പിടികൂടി എറിഞ്ഞുകൊന്നു. ഈ സംഭവം നബി (സ)യ്ക്ക് ഇഷ്ടമായില്ല. അയാളെ രക്ഷപ്പെടാൻ അനുവദിക്കണമായിരുന്നുവെന്ന് തിരുമേനിപറഞ്ഞു. അത് അല്ലാഹുവിനും അയാൾക്കുമിടയിലുള്ള കാര്യമാണ്. ഈ സംഭവം നബി (സ) കുറ്റത്തെയാണ് വെറുത്തതെന്ന് മനസ്സിലാക്കിത്തരുന്നു.

***507. കളഞ്ഞുകിട്ടിയ മുതൽ എന്താണ് ചെയ്യേണ്ടത്?***

അത്തരം സാധനങ്ങൾ എടുക്കരുതെന്ന് നബി (സ) കൽപ്പിച്ചിരിക്കുന്നു. എന്നാൽ ഇന്ന് സമൂഹത്തിൽ ഒരുപാട് കള്ളൻമാരുണ്ട്. അതുകൊണ്ട് കളഞ്ഞുകിട്ടിയ സാധനങ്ങൾ സൂക്ഷിക്കുന്ന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ജൽസാവേളയിൽ ഇത്തരം ഓഫീസുകൾ നമ്മൾ സ്ഥാപിക്കാറുണ്ട്.

***508. എന്തുകൊണ്ടാണ് ഇന്ന് മാനസിക വിഭ്രാന്തിയും മാനസികരോഗങ്ങളും വളരെയധികമുള്ളത്?***

അത് ജീവിതത്തിൽ മാനസികസമ്മർദ്ദം കൂടുന്നതുകൊണ്ടാണ്. എത്ര മാനസികസമ്മർദ്ദം (Stress) കൂടുന്നോ അത്രയും മാനസിക രോഗങ്ങളുണ്ടാകും. മനശ്ശാസ്ത്രജ്ഞന്റെ മുന്നിൽ മനോവിഷമങ്ങൾ പ്രകടിപ്പിക്കുന്നതിനുപകരം അല്ലാഹുവിന്റെ മുമ്പിൽ പ്രകടിപ്പിക്കട്ടെ. അതാണ് സമാധാനത്തിന് (Relax) ഏറ്റവും ഉത്തമമായത്. അതുമൂലം രോഗം ഭേദപ്പെടുന്നതുമാണ്. മനശ്ശാസ്ത്രജ്ഞൻമാരും ഇതുതന്നെയാണ് നിർദേശിക്കുന്നത്.

***509. ഇന്തോനേഷ്യയിൽ ഇപ്പോഴുണ്ടായ മാറ്റത്തെക്കുറിച്ച് ഹുസൂറിന് എന്തുതോന്നുന്നു?***

അവിടെ നല്ല കാര്യമാണ് അരങ്ങേറിയത്. ഇന്തോനേഷ്യയിൽ അത് സമാധാനം കൊണ്ടുവരും, അഹ്മദിയ്യത്തിന് അനുകൂലവുമാണ്. മുമ്പുള്ള പ്രസിഡന്റ് മുല്ലാക്കളെ സഹായിക്കുന്ന ആളായിരുന്നു.

***510. പണമിടപാടുകൾ നടത്തുമ്പോൾ എഴുതിവയ്ക്കണമെന്ന്ഖുർആൻ പറയുന്നു. ഉപ്പയും മറ്റു കുടുംബക്കാരുമായും ഇടപാടു നടത്തുമ്പോൾ എഴുതി വയ്ക്കണമോ?***

ഇത് സമൂഹത്തിനുള്ള ഒരു സാമ്പത്തിക ഉപദേശമാണ്. കുടുംബത്തിലും അതുപോലെ അടുത്ത ബന്ധുക്കളുമായും ഇത് അത്രതന്നെ ആവശ്യമില്ല. എന്നാൽ സഹോദരൻമാർ തമ്മിൽ ഇടപാടു നടത്തുമ്പോൾ എഴുതിവെക്കുന്നതാണ് നല്ലത്. ഏതെങ്കിലുമൊരാൾ തന്റെ ഉത്തരവാദിത്തം മറന്നുപോകാൻ ഇടയുണ്ട്.

***511. എന്റെ ഇളയ സഹോദരിയോട് ഞാൻ ഏതു രീതിയിൽ പെരുമാറണം? (ചോദ്യകർത്താവിനെക്കാൾ സഹോദരിക്ക് 5 വയസ്സ് കുറവാണ്).***

അവളെ നിന്നോട് ചേർത്ത് വയ്ക്കുക. പിതാവെന്നോണം അവളോട് പെരുമാറുക. അവൾ വലുതാകുമ്പോൾ നിങ്ങളെ പിതാവായിട്ട് കാണുകയും വേണം.

***512. ജോലിയുള്ള ആളുടെ ഭാര്യക്ക് ഉപരിപഠനം അനുവദനീയമാണോ?***

അഹ്മദിയ്യാ വിഭാവനയിൽ ഒരു സ്ത്രീക്ക് പഠിക്കാനുള്ള കഴിവുണ്ടെങ്കിൽ അവൾ പഠിക്കേണ്ടതാണ്. ദാരിദ്ര്യം പഠനത്തിന് തടസ്സമാകാൻ പാടില്ല. പണമില്ലാത്തവരെ ജമാഅത്ത് സഹായിക്കുന്നു. വിവാഹശേഷവും കഴിയുന്നത്ര പഠിക്കേണ്ടതാണ്.

## ജർമ്മൻകാരുമായുള്ളഅഭിമുഖം 25.7.2001

***513. ആരായിരിക്കും ഒരു നല്ല മാതാവ്.***

ഏതൊരു മാതാവിന്റെ കാൽചുവട്ടിലാണോ സ്വർഗ്ഗമുള്ളത് അവരാണ് നല്ല മാതാവെന്ന് നബി (സ) ഒറ്റവാക്കിൽനിർവ്വചിച്ചിരിക്കുന്നു. നരകശിക്ഷയ്ക്ക് വിധേയരാകുന്ന കുട്ടികൾ മാതാവിന്റെ കാൽക്കീഴിൽ നരകമാണ് പ്രാപിക്കുക. ചെറുപ്പം

മുതൽ ദീൻ പഠിപ്പിക്കുകയും നല്ല ശിക്ഷണം നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ, കുട്ടികൾ സദ്‌വൃത്തരായിരിക്കും. അങ്ങനെയുള്ള കുട്ടികളുടെ മാതാവിന്റെ കാൽകീഴിൽ സ്വർഗ്ഗമായിരിക്കും.

***514. അപസ്മാര രോഗികൾ മരണപ്പെട്ടാൽ അവർ സ്വർഗ്ഗത്തിലെത്തുമോ?***

അപസ്മാരരോഗം കാരണം ശാരീരികമായി കഷ്ടപ്പെട്ടവർക്ക് അല്ലാഹു ഇളവ് നൽകുന്നതായിരിക്കും.

***515. നബി (സ) ഏതു സഹാബിയെ ആണ് കൂടുതൽ സ്നേഹിച്ചിരുന്നത്?***

ഓരോ സഹാബിയും തന്നെയാണ് നബി (സ) ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതെന്ന് വിശ്വസിച്ചിരുന്നു. നബി (സ) എല്ലാവരെയും വളരെയധികം സ്നേഹിച്ചിരുന്നു എന്നാണ് ഇതു മനസ്സിലാക്കിത്തരുന്നത്. കുട്ടികളോടും അതുപോലെ യുവാക്കളായ സഹാബിമാരോടും സ്നേഹമുള്ള പ്രകൃതമായിരുന്നു നബി (സ)യുടേത്. അവർക്ക് കഥ പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു. എല്ലാ വിശ്വാസികളോടും റഊഫും റഹീമുമായിരുന്നു നബി തിരുമേനി(സ).

***516. നാം മറ്റുള്ളവരുടെ നന്മ മാത്രമേ കാണാവൂ എന്ന് പറയുന്നത് ശരിയാണോ?***

നിങ്ങൾ ഏറ്റവും മോശപ്പെട്ടവനാണെന്ന് കരുതുന്നവനിലും നല്ല ഗുണങ്ങളുണ്ട്. അല്ലാഹു നന്മ നോക്കി അയാളുമായി ബന്ധം വെക്കുന്നു. എപ്പോഴും നല്ലതു മാത്രം നോക്കുക. ഞാൻ കള്ളൻമാരിലും കൊള്ളക്കാരിലും നന്മ കണ്ടിട്ടുണ്ട്. ഒരിക്കൽ ഹസ്റത്ത് അലി (റ) യാത്രയ്ക്കിടയിൽ ഒരു ചത്ത കഴുതയെ കണ്ടപ്പോൾ അതിന്റെ വെളുത്ത പല്ലിനെ പ്രശംസിച്ചു. നബി (സ)യുടെതർബിയ്യത്ത് അദ്ദേഹം ഉൾക്കൊണ്ടു. അല്ലാഹു നന്മ നോക്കിയാണ് മനുഷ്യനുമായി ബന്ധപ്പെടുന്നതെന്ന് നബി (സ) അരുൾ ചെയ്തു. നമ്മൾ മനുഷ്യരുടെ തിന്മ കണ്ട് അവരുമായി ബന്ധം വിച്ഛേദിക്കരുത്.

**517. വിഷാദരോഗികൾ നമസ്കരിക്കാൻ പാടുണ്ടോ?**

വിഷാദത്തിനുള്ള ശമനം നമസ്ക്കാരമാണ്. എല്ലാവർക്കും ഏകാഗ്രത കിട്ടാൻ പ്രയാസമാണ്. ചിലപ്പോൾ മുത്തഖീങ്ങളുടെ ഏകാഗ്രതയ്ക്കും, ദുഃഖം, സന്തോഷം എന്നീ കാരണങ്ങളാൽ ഭംഗം സംഭവിക്കുന്നു. നമസ്ക്കാരം ഒരിക്കലും ഉപേക്ഷിക്കരുത്. വാഗ്ദത്ത മസീഹ് (അ) എല്ലാ വിഷമഘട്ടങ്ങളിലും ദുഃഖ വേളകളിലും നഫല് നമസ്ക്കരിക്കാറുണ്ടായിരുന്നു.

**518. പെരുന്നാൾ വിരുന്നുകളിൽ വല്ല ബർക്കത്തു(അനുഗ്രഹം)മുണ്ടോ ?**

ദൈവസ്മരണയും ദുആയും ഉണ്ടെങ്കിൽ ബർക്കത്തുണ്ടാകും.

**519. 'ഹഖ്മെഹർ' എപ്പോഴാണ് കൊടുക്കേണ്ടത്?**

ആദ്യം തന്നെ കൊടുക്കുക. അത് ഭാര്യയുടെ അവകാശമാണ് (ഹഖ്) അവർക്കത് ആവശ്യാർഥം ചെലവഴിക്കാം. ഒരിക്കൽ ഒരഹ്മദി ഖലീഫത്തുൽ മസീഹ് അവ്വൽ (റ) നോട് തന്റെ ഭാര്യ 'ഹഖ് മെഹർ' വേണ്ടെന്നു വെച്ചതായി പറഞ്ഞു. ഖലീഫ അവ്വൽ (റ) പറഞ്ഞു: ആദ്യം നിങ്ങൾ ഭാര്യയുടെ കയ്യിൽ മെഹർ കൊടുക്കുക. പിന്നീട് അവർ അത് തിരിച്ചുതരികയാണെങ്കിൽ അത് വേണ്ടെന്നു വെച്ചതായി കണക്കാക്കാം. അദ്ദേഹം വായ്പ വാങ്ങി മെഹർ സംഖ്യ ഭാര്യക്ക് നൽകി. അതിനുശേഷം തിരികെ തരാൻ അവശ്യപ്പെട്ടു. എന്നാൽ തിരികെ നൽകാൻ ഭാര്യ വിസമ്മതിക്കുകയാണുണ്ടായത്. പണത്തിന്റെ മൂല്യം കുറയുന്നതിനാൽ അധികം വൈകാതെ, വിവാഹത്തിനു മുൻപുതന്നെ മെഹർ സംഖ്യ നൽകുക. അത് ഭാര്യയുടെ അവകാശമായതിനാൽ താമസിക്കാതെ കൊടുക്കുക.

## സ്ത്രീകളുമായുള്ള അഭിമുഖം 29.7.2001

**520. അല്ലാഹു കാഫിറുകൾക്ക് പൊറുത്തു കൊടുക്കുമോ?**

അതെ അല്ലാഹുവിന് അവരോട് പൊറുക്കാനാവും. അല്ലാഹുവിന്റെ റഹ്മത്ത്(കാരുണ്യം) വിശാലമാണ്. അവർ എന്തു കൊണ്ട് കുഫ്റ് ചെയ്തു, അവരുടെ പൂർവ്വകാലം എന്താണ്, അവരുടെ മേലുള്ള സമ്മർദ്ദം എത്തരത്തിലുള്ളതായിരുന്നു എന്നിങ്ങനെ അല്ലാഹു എല്ലാ അവസ്ഥകളും അറിയുന്നു. നമ്മുടെ കണ്ണിൽ അവർ കാഫിറുകളാണെങ്കിലും യാഥാർത്ഥ്യം അല്ലാഹുവിന് നന്നായിട്ടറിയാം. അല്ലാഹുവിന് വേണമെങ്കിൽ പൊറുത്തു കൊടുക്കാം.

***521. മസീഹ് മൗഊദ് (അ)ന്റെ കവിതകൾക്ക് 'ദുർറേ സമീൻ' എന്ന് ആരാണ് പേരുവെച്ചത്?***

'ദുർറേ സമീൻ' എന്നാൽ അമൂല്യമുത്തുകൾ എന്നാണർത്ഥം. മസീഹ് മൗഊദ് (അ) ആണ് ആ പേര് നൽകിയത്. അതിനെ 'കലാമെ മഹ്മൂദു'മായോ, 'കലാമെ ത്വാഹിറു'മായോ താരതമ്യപ്പെടുത്താൻ പറ്റില്ല. അത് താരതമ്യത്തിന്നതീതമാണ്.

***522. ബലിപെരുന്നാളിൽ ഖുർബാനിയുടെ പ്രാധാന്യമെന്താണ്?***

യഥാർഥ ഖുർബാനി ആത്മാർപ്പണമാണ്. അത് ജിഹാദെ അക്ബർ (ഏറ്റവും വലിയ ജിഹാദ്) ആണ്. മൃഗത്തെ ബലിയിടുന്നതിന്റെ അർത്ഥം തന്റെ ജീവൻ (നഫ്സ്) ത്യജിക്കാൻ തയ്യാറാണെന്നുള്ളതാണ്.

## ബംഗാളികളുമായുള്ള അഭിമുഖം 13 – 3 – 2001

***523. ഇൽമും ഇർഫാനും തമ്മിൽ എന്താണ് വ്യത്യാസം?***

ഉപരിപ്ലവമായ (പുറമെയുള്ള) ജ്ഞാനത്തെ ഇൽമെന്നും അന്തർലീനമായി കിടക്കുന്ന അഗാധ ജ്ഞാനത്തെ ഇർഫാനെന്നും പറയുന്നു. ഒരാളുമായുള്ള പരിചയത്തെ ഇൽമെന്നു വിശേഷിച്ചാൽ അയാളെ സൂക്ഷ്മമായി അറിയുന്നതിന് ഇർഫാനെന്നു പറയാം. വി. ഖുർആൻ പരിഭാഷയിലൂടെ ഇൽമ് ലഭിക്കുമെങ്കിൽ അതിലടങ്ങിയ ഗുപ്തമായ സൂക്ഷ്മ

ജ്ഞാനമാണ് ഇർഫാൻ. അല്ലാഹുവിന്റെ ഇൽമുമായി താരതമ്യപ്പെടുത്തുമ്പോൾ മനുഷ്യന്റെ ഇർഫാൻ ഒന്നുമല്ല. 'ആരിഫ്' എന്ന ഗുണനാമം (സിഫത്ത്) അല്ലാഹുവിനില്ല. അതിനാൽ അബ്ദുൽ ആരിഫ് എന്ന പേര് കേൾക്കാറില്ല.

524. ***റസൂൽ തിരുമേനിയുടെ പ്രവചനങ്ങളിൽ അടങ്ങിയ മിനാരത്തിന്റെ പ്രസക്തി എന്താണ്?***

റസൂൽ തിരുമേനിയുടെ പ്രവചനവേളയിൽ ഡമാസ്കസിൽ ഇത്തരമൊരു മിനാരത്ത് ഉണ്ടായിരുന്നില്ല. ഇന്നും ഇല്ല. കോണിപ്പടികളില്ലാത്ത ഇത്തരമൊരു മിന്നാരത്ത് ആരും തന്നെ പണിതീർത്തിട്ടില്ല. അതിനാൽ ഈ മിനാരത്ത് ആലങ്കാരികമായിരിക്കാനെ തരമുള്ളൂ.

മിനാരത്ത് വെള്ള നിറത്തിൽ ഉയരത്തിൽ നിൽക്കുന്നു. പരിശുദ്ധിയുടെ സന്ദേശം ദൂരദിക്കുകളിൽ പരത്തുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. വാഗ്ദത്ത മസീഹ് വന്നാൽ അദ്ദേഹം നമ്മിലേക്ക് ഇറങ്ങിവരികയില്ല. മറിച്ച് നമ്മുടെ ഹൃദയത്തിലേക്കുള്ള കോണിപ്പടി നാം തയ്യാറാക്കിയാലേ അദ്ദേഹത്തിലെത്തുവാനും സ്വാഗതം ചെയ്യുവാനും സാധിക്കുകയുള്ളൂ. ഈ രീതിയിലാണ് മസീഹ് ഹൃദയത്തിലേക്ക് ഇറങ്ങുക. കോണിപ്പടികളില്ലാതേത മിനാരം എന്നതിന്റെ വിവക്ഷ ഇതാണ്. ഡമാസ്കസിന്റെ കിഴക്കായാണ് ഖാദിയാൻ സ്ഥിതിചെയ്യുന്നത്. വാഗ്ദത്ത മസീഹ് ഡമാസ്കസിന് കിഴക്ക് വരുമെന്നാണ് റസൂൽ തിരുമനസ്സിന്റെ പ്രവചനം. തിരുനബിയുടെ (സ) വാക്കുകളിൽ അഗാധമായ ഇർഫാൻ അടങ്ങിയിരിക്കുന്നു.

525. ***വി.ഖുർആൻ 29:45ൽ "കൊട്ടാരത്തിൽ പ്രവേശിക്കുക എന്ന് അവളോട് പറയപ്പെട്ടു. അങ്ങനെ അവളത് കണ്ടപ്പോൾ അത് ആഴമുള്ള ഒരു ജലസംഭരണിയാണെന്ന് അവൾ ധരിച്ചു. അവൾ പരിഭ്രമിച്ചു. അപ്പോൾ സുലൈമാൻ പറഞ്ഞു. ഇതു മിനുസമുള്ള സ്ഫടികംകൊണ്ട് നിർമിച്ച കൊട്ടാരമാണ് അവൾ പറഞ്ഞു: എന്റെ നാഥാ! ഞാൻ സ്വയം എന്നോടുതന്നെ അധർമം പ്രവർത്തിച്ചു പോയി. സുലൈമാനോടൊപ്പം സർവലോക പരിപാലക***

*നായ അല്ലാഹുവിന് ഞാൻ സ്വയം അർപ്പണം ചെയ്തിരിക്കുന്നു." ഇതിലടങ്ങിയ സന്ദേശമെന്താണ്?*

മനോഹര സന്ദേശമാണിതിൽ അടങ്ങിയിരിക്കുന്നത്. അതായത് സൂര്യൻ ദൈവമല്ല മറിച്ച് ദൈവിക സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതുപോലെ സ്ഫടികത്താൽ നിർമ്മിതമായ മിനുത്ത നിലം കണ്ട് അത് വെള്ളമാണെന്ന് ധരിച്ചു. എന്നാൽ യഥാർത്ഥത്തിൽ വെള്ളത്തിന്റെ പ്രതിഫലനം മാത്രമാണ് അവിടെ ദർശിച്ചത്. ശീബ രാജ്ഞിക്ക് യഥാർത്ഥ സന്ദേശം നൽകുകയായിരുന്നു ഉദ്ദേശ്യം.

*526. ഇബ്രാഹിം (അ)നെക്കുറിച്ച് വി.ഖു. 2:125ൽ മാനവരാശിക്കായുള്ള ഇമാമായി പറഞ്ഞത് എന്തുകൊണ്ടാണ്?*

തിരുനബി (സ) ഇബ്രാഹിം നബിയുടെ സന്താന പരമ്പരയിൽ നിന്നായിരുന്നു. ഇതിനാലാണ് ഇബ്രാഹിം നബിക്ക് മാനവകുലത്തിന്റെ നേതാവെന്ന സ്ഥാനം ലഭിച്ചത്. ഇമാമത്തിനു മുകളിലാണ് നുബുവ്വത്തും രിസാലത്തും. നബിയെക്കാൾ ഉന്നത സ്ഥാനത്തല്ല ഇമാം. ഇമാമത്ത്, രിസാലത്ത് എന്നിവ വ്യത്യസ്ത പ്രയോഗങ്ങളാണ്. മുഴുലോകവും തിരുനബിയെ പിന്തുടരേണ്ടിയിരുന്നതിനാൽ ആ മഹാത്മാവിലൂടെ ഇബ്രാഹിം നബി ജനങ്ങളുടെ നേതാവായി. ആദ്യം നുബുവ്വത്ത് പദവി ലഭിക്കുകയും പിന്നീട് ജനങ്ങളുടെ ഇമാമാവുക വഴി ഉന്നത സ്ഥാനത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു എന്നത് തെറ്റായ വിശ്വാസമാണ്. നമ്മെ മുത്തഖീങ്ങൾക്ക് ഇമാമാക്കിതീർക്കുവാൻ നാം ദുആ ചെയ്യാറുണ്ട്. എന്നാൽ ഇത് നബിമാരായിത്തീരുവാനാണോ? ഇമാമത്തിന് നുബുവ്വത്തുമായി ബന്ധമൊന്നുമില്ല.

## കുട്ടികളുമായുള്ള അഭിമുഖം 8.3.2000

*527. ചെറുപ്പത്തിൽ 'അഖീഖ' ചെയ്തിട്ടില്ലെങ്കിൽ എന്തു ചെയ്യണം?*

ചെറുപ്പത്തിൽ ചെയ്തിട്ടില്ലെങ്കിൽ വിട്ടുകളയുക. വലുതായശേഷം ചെയ്യേണ്ടതില്ല.

*528. നമ്മുടെ ശരീരഭാഗങ്ങൾ ദാനം ചെയ്യാനായി വിൽപത്രം എഴുതാമോ?*

അതെ. അത് നല്ല കാര്യമാണ്.

*529. കുട്ടികളെ അടിക്കാമോ?*

കുട്ടികളെ അടിക്കരുത്. മസീഹ് മൗഊദ് (അ) തികച്ചും ഇതിനെതിരായിരുന്നു. കുട്ടികളെ സ്നേഹത്തോടെ പഠിപ്പിക്കുക. ഖാദിയാനിൽ കുട്ടികളെ അടിക്കാറുണ്ടായിരുന്ന അധ്യാപകരോട് മുസ്‌ലിഹ് മൗഊദ് (റ) കോപം പ്രകടിപ്പിച്ചിരുന്നു.

*530. അസുഖം ബാധിച്ചാൽ എന്ത് ഭക്ഷണമാണ് കഴിക്കേണ്ടത്?*

ഡോക്ടർ ഉപദേശിക്കുന്ന ഭക്ഷണം മാത്രം.

*531. ദുആ വേളയിൽ എന്തിനാണ് കൈ ഉയർത്തുന്നത്?*

റസൂൽ തിരുമേനി അങ്ങനെ ചെയ്തിരുന്നു. നമ്മുടെ കൈ ഒഴിഞ്ഞതാണെന്ന് കാണിച്ച് അല്ലാഹുവിനോട് യാചിക്കുകയാണ് ചെയ്യുന്നത്.

*532. നമസ്കാരാനുഷ്ഠാനത്തിന്റെ ഏറ്റവും ഉത്തമമായ മാർഗം ഏതാണ്?*

ജമാഅത്തായി അനുഷ്ഠിക്കുക. തനിയെ നമസ്കരിക്കുമ്പോൾ പൂർണമായും ഏകാഗ്രത പുലർത്തുക. ഇതിനായി വളരെ പരിശ്രമം ആവശ്യമാണ് വീണുപോകുന്ന നമസ്കാരത്തെ പിടിച്ചുനിർത്തുക. നിങ്ങൾ എവിടെയാണെങ്കിലും, അൽപം ബുദ്ധിമുട്ടിയാലും, ജനങ്ങൾ നിങ്ങളെ പരിഹസിച്ചാലും നമസ്കാരം അനുഷ്ഠിക്കുക. ജനങ്ങൾ എന്ത് കരുതുമെന്ന് വിചാരിക്കാതെ അല്ലാഹുവിന് വേണ്ടി നമസ്കരിക്കുക.

*533. ച്യൂയിങ്ങ് ഗം (Chewing gum) തിന്നാമോ?*

അത് നല്ല സ്വഭാവമല്ല. എന്നാൽ യാത്രാവേളയിലും വാഹനം ഓടിക്കുന്ന അവസരത്തിലും ഉറക്കം ഒഴിവാക്കുവാനും ചുയിങ്ങ് ഗം ചവക്കുന്നത് നല്ലതാണ്.

***534. മറ്റു മതസ്ഥരുടെ ആരാധനാലയങ്ങൾക്കായി സംഭാവന നൽകാമോ?***

ശിർക്ക് നടക്കുന്നുവെങ്കിൽ അതിലേക്ക് സംഭാവന നൽകരുത്. കത്തോലിക്കാ പള്ളിക്കായി പണം നൽകാതിരിക്കുക. എന്നാൽ ജൂത, സിഖ് ക്ഷേത്രങ്ങൾക്ക് നൽകാം. അവിടെ ശിർക്ക് കാണപ്പെടുന്നില്ല.

***535. ഹുസൂർ നോവലുകൾ വായിക്കാറുണ്ടോ?***

ധാരാളം നോവലുകൾ വായിച്ചിരുന്നു. അവ വളരെ പ്രയോജനപ്രദങ്ങളാണ്. അതുവഴി രാജ്യങ്ങളെക്കുറിച്ചും അവയുടെ സാംസ്കാരിക യാഥാർത്ഥ്യങ്ങളെക്കുറിച്ചും മനസ്സിലാക്കുവാൻ സാധിക്കും. ഡേവിഡ് കോപ്പർഫീൽഡിന്റെ പുസ്തകങ്ങൾ കഥകളാണെങ്കിലും യാഥാർത്ഥ്യങ്ങളായിരുന്നു. ഇപ്പോൾ ഒരു ഹൈന്ദവ വിഷയം പ്രതിപാദിക്കുന്ന നോവലാണ് വായിക്കുന്നത്. സന്യാസിമാരെകുറിച്ച് പ്രതിപാദിക്കുന്ന പ്രസ്തുത നോവൽവഴി പല യാഥാർത്ഥ്യങ്ങളും മനസ്സിലാക്കാൻ സാധിക്കുന്നു.

***536. അഹ്മദി കുട്ടികൾക്ക് ജന്മദിനം (Birthday) കൊണ്ടാടാമോ?***

അഹ്മദി കുട്ടികൾ ജന്മദിനം കൊണ്ടാടരുത്. തിരുനബിയോ ഖലീഫമാരോ അങ്ങനെ ചെയ്തിരുന്നില്ല.

***537. ബാങ്ക് കൊടുക്കുമ്പോൾ സംസാരിക്കാമോ?***

ബാങ്ക് കേൾക്കുമ്പോൾ സംസാരിക്കാതെ ബാങ്കിന്റെ പദങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക.

***538. സ്കൂൾ വിട്ടശേഷം ളുഹർ അസർ നമസ്കാരങ്ങൾ ഒന്നിച്ച് അനുഷ്ഠിക്കാമോ?***

ളുഹർ സ്കൂളിൽവെച്ചും അസർ വീട്ടിൽവെച്ചും അനുഷ്ഠി

ക്കുക.

*539. എല്ലാവർക്കും നസം (പദ്യം) എഴുതിക്കൂടെ?*

നസം എഴുതുന്നതും ആലാപനം ചെയ്യുന്നതും അല്ലാഹു നൽകുന്ന സിദ്ധിയാണ്. സ്വയമേവ ചെയ്യുവാൻ സാധ്യമ ല്ല.

*540. ഹസ്റത്ത് ഈസാ നബി(അ) വിവാഹിതനായിരുന്നു വോ?*

വിവാഹം ചെയ്തില്ലെന്ന് ചിലർ കരുതുന്നു. എന്നാൽ മഗ്ദ ലന മറിയമിനെ വിവാഹം ചെയ്തുവെന്ന് വിശ്വസിക്കുന്ന വരുണ്ട്. വിവാഹം ചെയ്തിരിക്കാമെങ്കിലും കുട്ടികളില്ലാ യിരുന്നു.

## ചോദ്യോത്തര സദസ്സ് 15.8.99

*541. എന്തുകൊണ്ടാണ് മുസ്ലിം ഉലമാക്കൾ വാഗ്ദത്ത മസീ ഹിനെ സ്വീകരിക്കാത്തത്?*

താങ്കൾ ഞങ്ങളുടെയും അവരുടെയും (ഉലമാക്കളുടെ) വാദ ങ്ങൾ കേട്ടതിനുശേഷം സ്വയം തീരുമാനത്തിലെത്തുക. അവരുടെ വാദഗതിയിൽ അണുഅളവ് സത്യമില്ല. ദൈവ ദൂതൻ വരുമ്പോൾ ഉലമാക്കൾ എതിർക്കുന്നു. ജൂതരുടെയും ക്രിസ്ത്യാനികളുടെയും പ്രമുഖ പണ്ഡിതർ തിരുനബിയെ എതിർക്കുകയാണല്ലോ ചെയ്തത്.

*542. എന്തുകൊണ്ടാണ് ഈസാനബിയുടെ മരണം അഹ്മദി കളുടെ വിശ്വാസത്തിന്റെ കാതലും പ്രാധാന്യമർഹിക്കു ന്നതുമായത്?*

കാരണം, ഇന്ന് മുഴുലോകവും ക്രിസ്ത്യാനികളുടെ പ്രതാ പത്തിലാണ്. ഈസാനബിയുടെ വഫാത്തിലൂടെ മാത്രമേ ത്രിയേകത്വത്തിലുള്ള വിശ്വാസം തകർക്കപ്പെടൂ. ഈസാനബി ജഢിക ശരീരത്തോടെ സ്വർഗത്തിൽ കഴിയു ന്നതായി ഭൂരിപക്ഷ മുസ്ലിംകൾ വിശ്വസിക്കുന്നു. ഈ വിശ്വാസം മുഴുലോകത്തെയും മുസ്ലിംകളുടെ വിശ്വാസ

ത്തെയും അനുഷ്ഠാനങ്ങളെയും വിപരീതമായി ബാധിച്ചിരിക്കയാണ്. ഈസാനബി ആകാശത്തുനിന്ന് ജഢിക ശരീരത്തോടെ ഇറങ്ങുന്നില്ലെങ്കിൽ മുല്ലാക്കളുടെ മേധാവിത്വം തുടർന്നുപോകുന്നതാണ്. അവർ കാരണമായി ഇപ്പോൾതന്നെ ആവശ്യത്തിലധികം പാപം ഈ ലോകത്ത് പരന്നിരിക്കയാണ്.

***543. നാം ഇസ്‌ലാംമതം സ്വീകരിച്ചിരിക്കെ ഇമാം മഹ്ദിയിലുള്ള വിശ്വാസത്തിന്റെ പ്രാധാന്യമെന്താണ്?***

അടിസ്ഥാന കാര്യങ്ങളെല്ലാം ഒന്നാണെങ്കിലും വിശദീകരണം വ്യത്യസ്തമാണ്. സുന്നികളും ശിയാക്കളും ഒരേ അടിസ്ഥാനത്തിൽ വിശ്വസിച്ചിട്ടും എന്തുകൊണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകൾ? ഖുർആനിക വചനങ്ങളുടെ വ്യാഖ്യാനത്തെ മുൻനിർത്തി സുന്നികൾ തമ്മിൽതന്നെ പോരിടുന്നു. ചിലർ ഖുർആൻ മതിയെന്നും ഹദീസുകളുടെ ആവശ്യമില്ലെന്നും വാദിക്കുന്നു. ഖുർആനിൽ നിന്നുതന്നെയാണ് അവർ ഇതിന് തെളിവ് കണ്ടെത്തുന്നത്. മറ്റു ചിലർ തിരുനബിയെ പിന്തുടരേണ്ട ആവശ്യം പ്രധാനപ്പെട്ടതാണെന്ന് ഖുർആനിലൂടെ തെളിയിക്കുന്നു. നമ്മുടെ ഖുർആൻ വ്യാഖ്യാനം മറ്റുള്ളവർ സ്വീകരിക്കുമെങ്കിൽ അത് ജനങ്ങളെ ഏകീകരിക്കുന്നതാണ്.

***544. ദൈവാസ്തിക്യത്തിനുള്ള തെളിവെന്താണ്?***

ദൈവം സൃഷ്ടിച്ച പ്രകൃതിയിലേക്ക് കണ്ണോടിച്ചാൽ അവൻ എല്ലാ ജീവജാലങ്ങളെയും പരിരക്ഷിക്കുന്നതായി കാണാം. കടലിനടിയിലും, വായുവിലും ഭൂമിയിലുമുള്ളവയ്ക്കെല്ലാം അവൻ വിഭവങ്ങൾ നൽകുന്നു. ഇതു യാദൃച്ഛികമാവുക അസാധ്യമാണ്. നമ്മുടെ സ്വനപേടക (Voice Box) ത്തിലേക്ക് നോക്കുക. ചെവികളിലേക്ക് കണ്ണോടിച്ചാൽ തലച്ചോറിലേക്ക് ശബ്ദം എത്തിക്കുവാനുള്ള സങ്കീർണ്ണമായ വ്യവസ്ഥിതി അവയിലടങ്ങിയതായി മനസ്സിലാക്കാം. എന്തുകൊണ്ടാണിത് സംഭവിക്കുന്നത്? നമ്മുടെ ശ്രവണശ

ക്തിയും കാഴ്ചശക്തിയും ഒന്നിച്ചാണ് വികാസം പ്രാപിച്ച ത്. പരിണാമത്തിന് എങ്ങനെ ഈ സങ്കീർണ്ണ പ്രശ്നം പരി ഹരിക്കാൻ സാധിക്കും? നമ്മുടെ നയനേന്ദ്രിയത്തെ നിരീ ക്ഷിക്കുക. ചില മൃഗങ്ങളുടെ കണ്ണുകൾ ഒന്നിലധികം ചെറു കണ്ണുകളാൽ നിർമിതമാണ്. എല്ലാ കണ്ണുകൾ വഴിയും അവക്ക് കാണാം. എങ്ങനെ അവ ഒന്നിച്ച് വികസിച്ചുവന്നു? കടൽജീവികൾക്ക് പരന്ന കണ്ണുകളാണ്. തരംഗ ദൈർഘ്യവ്യത്യാസത്തിൽ ഏഴു അടുക്കുകളായി അവ ഒരു ക്കിയിരിക്കുന്നു. ഇവ വികാസം പൂണ്ടത് ഒന്നിച്ചായതിനാൽ മാത്രമാണ് ദർശനം സാധ്യമായത്. പരിണാമ സിദ്ധമായി രുന്നെങ്കിൽ ഒന്നിച്ച് രൂപം കൊള്ളുന്നതിന് പകരം ഒരു നിശ്ചിതസമയത്ത് ഒരു തട്ട് മാത്രമെ രൂപം കൊള്ളുമായി രുന്നുള്ളൂ.

***545. വഫാത്തിന് മുമ്പ് റസൂൽ തിരുമേനിയുടെ സ്ഥിതി എന്താ യിരുന്നു?***

തിരുമേനിക്ക് ടൈഫോയ്ഡ് (Typhoid) ബാധിച്ചു. നല്ല പനിയും ചൂടും ഈ അസുഖത്തിന്റെ ലക്ഷണങ്ങളാണ്. ചൂടിന്റെ ആധിക്യത്താൽ കുളിക്കുവാൻ അദ്ദേഹം ആഗ്ര ഹിച്ചു. നമസ്കരിക്കാൻ ശ്രമിച്ചപ്പോൾ അബോധാവസ്ഥ യിലായി. പിന്നീട് കണ്ണുതുറക്കുമ്പോൾ വീണ്ടും വീണ്ടും നമസ്കരിക്കുവാൻ ശ്രമിച്ചു. എന്നാൽ ഇത് അനുഷ്ഠിച്ചു കഴിഞ്ഞ നമസ്കാരമായിരുന്നു. പിന്നെയും ബോധരഹിത നായി. മരണത്തിന് മുമ്പ് ഇതായിരുന്നു സ്ഥിതി.

## സ്ത്രീകളുമായുള്ള അഭിമുഖം 12.3.2000

***546. ജമാഅത്തിനായി എന്ത് ഖിദ്മത്താണ് ലജ്ന ചെയ്യേണ്ടത്?***

ലജ്ന സഹോദരിയുടെ താത്പര്യവും കഴിവും അടിസ്ഥാന മാക്കി ജമാഅത്തിന് ഖിദ്മത്ത് ചെയ്യാം. എം ടി എയിൽ പദ്യം ആലപിക്കുന്നതും നല്ല സേവനമാണ്.

***547. 'സൂറ:യാസീൻ' 'സൂറ:റഹ്മാൻ' എന്നിവയുടെ***

***പ്രാധാന്യം എന്താണ്?***

മരണവേളയിൽ സുറഃയാസീൻ ഓതപ്പെടുന്നു. ഇതിലെ ആയത്തുകൾ ജീവൻവെടിയുന്ന ആൾക്ക് സാന്ത്വനമേകുന്നു. ചിലർ മരണത്തെ ഭയന്നുകൊണ്ട് സുറഃ യാസീൻ ഓതുവാൻ മടികാണിക്കാറുണ്ട് (ഇതിൽ സത്യമില്ല).

ചിലർ സൂറഃ റഹ്മാന്റെ ഈണം ഇഷ്ടപ്പെടുന്നു. അതിൽ അഗാധമായ ജ്ഞാനം അടങ്ങിയിട്ടുണ്ട്. അറിവിന്റെ സമുദ്രമടങ്ങിയ ഈ സുറത്ത് ചിന്തയ്ക്ക് വിധേയമാക്കി സാവകാശം പാരായണം ചെയ്യേണ്ടതാണ്. ധാരാളം വിഷയങ്ങളും പ്രവചനങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്.

***548. എന്തുകൊണ്ടാണ് സുറഃ ഫാത്തിഹയെ ഉമ്മുൽ കിതാബ് എന്ന് വിശേഷിപ്പിച്ചത്?***

മാതാവിന്റെ ഉദരത്തിൽ ശിശുവിന്റെ മുഴുജീവിതവും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതുപോലെ മുഴുഖുർആനും സൂറാ ഫാത്തിഹയിൽ അടക്കം ചെയ്യപ്പെട്ടിട്ടുണ്ട്. വാഗ്ദത്ത മസീഹിന്റെ (അ) സൂറ: ഫാത്തിഹയുടെ തഫ്സീർ അത്ഭുതാവഹമാണ്. മുഴുവൻ കിതാബും (ഖുർആൻ) ഏഴു സൂക്തങ്ങളിൽ (സൂറ: ഫാത്തിഹ) ഉള്ളടക്കം ചെയ്തിരിക്കുന്നു.

***549. എന്തുകൊണ്ടാണ് മുൻകഴിഞ്ഞ എല്ലാ ദിവ്യഗ്രന്ഥങ്ങളുടെയും പേരുകൾ ഖുർആനിൽ പ്രതിപാദിക്കാത്തത്?***

മുൻകഴിഞ്ഞ എല്ലാ നബിമാരുടെയും ഗ്രന്ഥനാമങ്ങൾ കൊടുത്തിരുന്നുവെങ്കിൽ വി.ഖുർആൻ ഒരു ഗ്രന്ഥാലയമായേനെ. എന്നാൽ എല്ലാ ദിവ്യഗ്രന്ഥങ്ങളിലെയും ശാശ്വത അധ്യാപനങ്ങൾ ഖുർആനിൽ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. ഇത് ഖുർആന്റെ അത്ഭുതമാണ്. ഈ സാഹചര്യത്തിൽ മുഴുവൻ മുൻ വേദ്രഗ്രന്ഥങ്ങളുടെയും പേരുകൾ വിവരിക്കേണ്ടതില്ല.

***550. അല്ലാഹു 'റഹ്മാൻ' ആയിരുന്നിട്ടും ചിലർക്ക് ദുആ ചെയ്ത കാര്യം സാധിക്കാറില്ല. ഇതെന്തുകൊണ്ടാണ്?***

അല്ലാഹു ആരുടെയും സേവകനല്ല. ആളുകൾ എന്തെങ്കിലും

ആവശ്യം തോന്നുമ്പോൾ അല്ലാഹുവിനെ ഓർക്കുകയും അല്ലാത്തപ്പോൾ അവനെ വിസ്മരിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അർത്ഥനക്ക് ദുആ എന്നല്ല മറിച്ച് 'ഗുസ്താകി' (പരിഹാസം) എന്നാണ് പേര്. അല്ലാഹു ദുആ സ്വീകരിക്കുന്നു. പക്ഷേ ഒരു നിബന്ധന അനുസരിച്ച്; മനുഷ്യർ അവനെ ചെവികൊള്ളുകയും അനുസരിക്കുകയും ചെയ്യണം. നാം അല്ലാഹുവോടുള്ള ബാധ്യതകൾ നിറവേറ്റിയാൽ അവൻ നമ്മുടെ പ്രാർത്ഥന സ്വീകരിക്കുന്നതാണ്.

***551. ആദം ആദ്യനബിയോ അതോ ആദ്യ മനുഷ്യനോ?***

ആദമിനുമുമ്പ് മനുഷ്യർ ഉണ്ടായിരുന്നു; അതുപോലെ തന്നെ നബിമാരും. തിരുനബി (പരിപൂർണ്ണ പ്രവാചകൻ) ആഗതരായത് ആദമിന്റെ സന്താന പരമ്പരയിൽ നിന്നായതിനാൽ, ഈ അർത്ഥത്തിൽ ആദം (അ) ആദ്യ നബിയെന്ന് പറയപ്പെടുന്നു. അതുപോലെ പരിപൂർണ്ണ മനുഷ്യനായ റസൂൽ തിരുമേനി ആഗതരായത് ആദമിന്റെ പരമ്പരയിൽ നിന്നായതിനാൽ ആദം (അ)നെ ആദ്യമനുഷ്യനെന്നും ഈ അർത്ഥത്തിൽ പറയുന്നു എന്നു മാത്രം.

***552. എന്തുകൊണ്ടാണ് സുഹർ, അസർ നമസ്ക്കാരവേളയിൽ ഇമാം ഉച്ചത്തിൽ തിലാവത്ത് ചെയ്യാത്തത്?***

ഈ സമയങ്ങളിൽ പ്രകൃതി തന്നെ നിശ്ശബ്ദമാണെന്ന് കാണാം. പക്ഷികളുടെ ആരവം കേൾക്കാറില്ല. എന്നാൽ ഫജ്ർ വേളയിൽ അവ ആരവം പൊഴിക്കുന്നു. പ്രകൃതിയിൽ മൂകമായ അന്തരീക്ഷവും കളകളാരവത്തിനുള്ള വേളയും ഉള്ളതായി കാണാം. നമസ്ക്കാരങ്ങളെക്കുറിച്ച് ഇതേരീതിയിൽ ഖുർആൻ പറഞ്ഞുതരുന്നു.

***553. തിരുനബിക്ക് മുമ്പുള്ള പ്രവാചകൻമാർ ഏതു രീതിയിലാണ് ഇബാദത്ത് ചെയ്തിരുന്നത്?***

തിരുനബിക്ക് മുമ്പുള്ള നബിമാർ അല്ലാഹു അവരെ പഠിപ്പിച്ചുകൊടുത്ത രീതിയിൽ ഇബാദത്ത് അനുഷ്ഠിച്ചു. എന്നാൽ അത് ഇസ്ലാമിക നമസ്കാരം ആയിരുന്നില്ല. മുമ്പുണ്ടായിരുന്ന സമസ്ത മതങ്ങളിലെയും ആരാധനാ

സമ്പ്രദായങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ളതാണ് ഇസ്ലാമിക നമസ്ക്കാരം. ഇസ്ലാമിക നമസ്ക്കാരം മുമ്പു കഴിഞ്ഞ എല്ലാ നമസ്ക്കാരങ്ങളുടെയും ആകെത്തുകയാണ്.

***554. ഏതവസ്ഥയിലാണ് നമസ്കാരം അനുഷ്ഠിക്കേണ്ടത്?***

നിങ്ങൾ ഏറ്റവും നല്ല മാനസിക നിലയിൽ ആയിരിക്കുമ്പോൾ നമസ്കരിക്കുക. പൂർണ്ണഹൃദയത്തോടെ പ്രാർത്ഥനയിൽ ഏർപ്പെടുക. എന്നാൽ നമസ്ക്കാരസമയം കഴിഞ്ഞിഞ്ഞുപോകുമെന്നു കണ്ടാൽ നല്ല അവസ്ഥക്ക് വേണ്ടി കാത്തുനിൽക്കാതെ മനസ്സിനെ നമസ്ക്കാരത്തിനായി പ്രേരിപ്പിക്കുക. അതുവഴി ഉള്ളുരുക്കം ഉണ്ടാവും. നമസ്ക്കാരത്തിൽ ശ്രദ്ധ ലഭിക്കുവാൻ കരയുന്ന മുഖഭാവം ഉണ്ടാക്കിത്തീർക്കാവുന്നതാണെന്ന് വാഗ്ദത്ത മസീഹ് (അ) പറഞ്ഞിട്ടുണ്ട്. ഇത്തരം ഭാവചേഷ്ടകൾ ഹൃദയത്തിൽ പ്രഭാവം ചെലുത്തുന്നു.

## ഫ്രഞ്ചുകാരുമായുള്ള അഭിമുഖം 20.3.2000

***555. ഇന്നത്തെ അഫ്ഗാൻ ജനത ശിക്ഷിക്കപ്പെടുന്നതെന്തു കൊണ്ടാണ്? പലരും തന്നെ സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബിനെകുറിച്ചു കേട്ടിട്ടുപോലുമില്ലാത്തവരാണല്ലോ?***

അഫ്ഘാൻ ജനതയുടെ അനുകമ്പയില്ലാത്ത സ്വഭാവമാണ് അവർ ശിക്ഷിക്കപ്പെടാൻ കാരണം. അഫ്ഗാനികൾ വളരെ കഠിനഹൃദയരാണ്.

***556. പാശ്ചാത്ത്യരാജ്യത്ത് മൃഗബലി നടത്തുന്നത് വളരെ പ്രയാസകരമാണ്. ഞങ്ങൾ എന്തുചെയ്യും?***

മൃഗബലി നടത്താൻ വേണ്ടി പാവപ്പെട്ട രാജ്യങ്ങളിലേക്ക് പണം അയക്കുക. അവിടെയുള്ള ആളുകൾ വളരെ പാവപ്പെട്ടവരാണ്. അവർ ഒരുപക്ഷേ വർഷത്തിൽ ഒരിക്കൽ മാത്രമായിരിക്കും മാംസം കഴിക്കുന്നത്.

*557. വികസിതരാജ്യങ്ങളിൽ പള്ളികൾ പണിയുന്നത് വളരെ ചെലവേറിയ കാര്യമാണ്. ദരിദ്രരാജ്യങ്ങളിൽ അത്രയും പണംകൊണ്ടു കൂടുതൽ പള്ളികൾ പണിയാം. നാം എന്താണ് ചെയ്യേണ്ടത് ?*

ഓരോ പ്രദേശത്തിനും അതിന്റേതായ രീതികളുണ്ട്. അതുകൊണ്ട് സമ്പന്ന രാജ്യങ്ങളിലും ദരിദ്രരാജ്യങ്ങളിലും പള്ളികൾ പണിയുക. സമ്പന്നരാജ്യങ്ങളിൽ പള്ളികൾ പണിയുന്നതോടൊപ്പം ദരിദ്രരാജ്യങ്ങളിൽ പള്ളികൾ പണിയുന്നതിന് പണം നൽകുക.

*558. തീയിലൂടെ നടക്കുന്നതെങ്ങനെയാണ്?*

തീയിലൂടെ നടക്കുന്നതിൽ ആത്മീയമായി യാതൊന്നും തന്നെയില്ല. ഇത് ആ മനുഷ്യന്റെ മനഃശക്തിയെ ആശ്രയിച്ചിരിക്കുന്നു. നല്ല മനക്കട്ടിയുള്ള ഒരാളെ സംബന്ധിച്ചിടത്തോളം തീയിലൂടെ നടക്കുമ്പോൾ വേദന അനുഭവപ്പെടുകയേയില്ല. ചില ആളുകൾ കാലിന്നടിയിൽ രാസവസ്തുക്കൾ പുരട്ടുന്നു. ഇത് കാലിനെ തീയിൽനിന്ന് സംരക്ഷിക്കുന്ന ആവരണമായിത്തീരുന്നു. അങ്ങനെ അവർക്ക് തീയിലൂടെ നടക്കാൻ സാധിക്കുന്നു.

*559. ഊർജ്ജം പാഴാക്കുന്നതിനെ കുറിച്ച് ഖുർആൻ എന്തുപറയുന്നു?*

സജ്ജനങ്ങളുടെ ഗുണങ്ങളിലൊന്നായി ഖുർആൻപറയുന്നത് അവർ ഒന്നുംതന്നെ പാഴാക്കുന്നില്ല എന്നാണ്. ഇത് പ്രവാചകൻ (സ)ന്റെ ഒരു വ്യക്തമായ സുന്നത്താണ്. (ഹുസൂർ പറയുന്നു). ഞാൻ വെള്ളം, വൈദ്യുതി, Tissue Paper തുടങ്ങിയ ഒന്നും തന്നെ പാഴാക്കാറില്ല. ഞാൻ ബാത്ത് ടബ്ബിൽ കുളിക്കുന്നതിന് പകരം ബക്കറ്റിൽ വെള്ളം നിറച്ചാണ് കുളിക്കാറ്. ബക്കറ്റിൽ വെള്ളം നിറച്ച് കുളിക്കുവാൻ ബാത്ത് ടബ്ബിൽ ഉപയോഗിക്കുന്നതിന്റെ കാൽ ഭാഗം വെള്ളം മതിയാകും. ആളുകൾ Tapശരിയായി പൂട്ടാത്തത് കാരണം വെള്ളം തുള്ളി തുള്ളിയായി നഷ്ടപ്പെടുന്നു. ഇത് ജലം പാഴാക്കലാണ്. അല്ലാഹു മനുഷ്യകുലത്തിന് നൽകിയ

പാരിതോഷികം അവർ പാഴാക്കിക്കളയുകയാണ്. പ്രവാചകൻ(സ) ഒരിക്കലും ആവശ്യത്തിൽ കൂടുതൽ ഭക്ഷണം പാത്രത്തിൽ ഇടാറില്ലായിരുന്നു. നമുക്ക് കഴിക്കാൻ കഴിയുന്നതേ പാത്രത്തിൽ ഇടാവൂ.

യാത്രാവിമാനങ്ങളിൽ പാഴാക്കിക്കളയുന്ന ഭക്ഷണങ്ങൾ ശേഖരിച്ചാൽ ഒരു ദരിദ്രരാഷ്ട്രത്തിലെ മുഴുവൻ ജനതക്കും വിശപ്പടക്കാനാകും.

*560. ഓർമശക്തി ഭക്ഷണത്തിലൂടെ വർദ്ധിപ്പിക്കാൻ സാധിക്കുമോ? എന്തുകൊണ്ടാണ് സ്ത്രീകൾ പണം സംബന്ധമായ ഇടപാടുകൾക്ക് പ്രാപ്തർ അല്ലാത്തത്?*

ആളുകൾ പറയുന്നു. ബദാം നല്ലതാണെന്ന്. പക്ഷേ, എല്ലാത്തിനെയും കുറിച്ചുള്ള അറിവ് അല്ലാഹുവിനാണ്. അക്രൂട്ട് ഓർമ്മശക്തിക്ക് നല്ലതാണ്. ഞാൻ എപ്പോഴും അത് കഴിക്കാറുണ്ട്. വാഗ്ദത്ത മസീഹ് (അ) പറഞ്ഞിട്ടുണ്ട്, ഭക്ഷണമോ മറ്റു പഴങ്ങളോ ശരീരത്തിലെ ഏതെങ്കിലും അവയവങ്ങളോടു സാദൃശ്യമുള്ളതാണെങ്കിൽ അവ ആ അവയവത്തെ സഹായിക്കുന്നു എന്ന്. അക്രൂട്ടിന്റെ രൂപം തലച്ചോറുമായി സാമ്യതയുള്ളതാണ്. അതുകൊണ്ട് അത് തലച്ചോറിനെ സഹായിക്കുന്നു(ഓർമ്മശക്തിയെ). പുസ്തകങ്ങളുടെ ഉള്ളടക്കത്തെക്കുറിച്ച് എനിക്ക് നല്ല ഓർമ്മശക്തിയാണ്. പക്ഷേ, പേരുകളോർക്കുന്ന കാര്യത്തിൽ ഓർമ്മശക്തി വളരെ കുറവാണ്. ഓരോ വ്യക്തികളിലും അവരുടേതായ ഓർമ്മശക്തിയാണുള്ളത്.

സാധാരണ സമയങ്ങളിൽ എളുപ്പത്തിൽ ഓർക്കുന്ന ആയത്തുകൾ ചിലപ്പോൾ നമസ്കാരത്തിന്നിടയിൽ മറന്നുപോകുന്നു. ആയത്തുകളുടെ അർത്ഥങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

സ്ത്രീകൾ സാധാരണ വളരെ ഓർമ്മശക്തിയുള്ളവരാണ്. എന്നാൽ പൊതുവെ പണം സംബന്ധമായ ഇടപാടുകളിൽ അവർക്ക് മറവിയുണ്ട്. എന്നാലും ഇതിന് അപവാദങ്ങളുണ്ട്. ചില സ്ത്രീകൾ പണമിടപാടുകളിൽ വിദഗ്ധരാണ്.

പണമിടപാടുകൾക്ക് സാക്ഷിയാകാൻ ഒരു സ്ത്രീ മതിയെന്നാണ് ഖുർആൻ നിർദേശിക്കുന്നത്. രണ്ടാമത്തെ സ്ത്രീ സാക്ഷിയല്ല, മറിച്ച് സാക്ഷിയുടെ സഹായിയാണ്.

*561. നമ്മൾ മൃഗങ്ങളുടെ തോലും രോമവും ഉപയോഗിക്കാൻ പാടുണ്ടോ?*

നല്ല കാര്യങ്ങൾക്കും ഉപയോഗങ്ങൾക്കും മൃഗങ്ങളുടെ തോലും രോമവും ഉപയോഗിക്കാൻ ഖുർആൻ അനുവദിക്കുന്നുണ്ട്. ചില ഭംഗിയുള്ള മൃഗങ്ങളെ കൊന്ന് അവയുടെ രോമങ്ങൾ അലങ്കാരത്തിന് ഉപയോഗിക്കുന്നത് തെറ്റാണ്. അവ ഒരിക്കലും അലങ്കാരാവശ്യത്തിന് ഉപയോഗിക്കരുത്.

*562. ഹുസൂറിന്ന് ഇഷ്ടമുള്ള കളികൾ ഏതൊക്കെയാണ്?*

സ്ക്വാഷ് ആണ് എന്റെ പ്രിയപ്പെട്ട കളി. ചെറുപ്രായത്തിൽ കബഡിയായിരുന്നു ഇഷ്ടം. പക്ഷേ, ഞാൻ വ്യത്യസ്ത കളികൾ കളിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ കൊച്ചുമകനോടൊത്ത് ബാഡ്മിന്റൻ കളിക്കാനുള്ള ആരോഗ്യം ഇന്നെനിക്കുണ്ട്.

## ഫ്രഞ്ച് കാരുമായുള്ള അഭിമുഖം13.3.2000

*563. ഹുസൂറിന് ഏറ്റവും ഇഷ്ടപ്പെട്ട വൃക്ഷം ഏതാണ്?*

എല്ലാ വൃക്ഷത്തിനും അതിന്റേതായ സവിശേഷത ഉണ്ട്. ഓരോന്നും ദൈവിക ദൃഷ്ടാന്തമാണ്.

ആദം (അ) നേക്കാൾ പ്രായമേറിയ ഒരു വൃക്ഷം അമേരിക്കയിലുണ്ട്. അതിന്റെ പല ഭാഗങ്ങളും ഇപ്പോഴും കിളിർക്കുന്നുണ്ട്. പലതവണ തീയിൽ വെന്തിരുന്നെങ്കിലും ഇപ്പോഴും അത് നിലനിൽക്കുന്നു. പ്ലാവ് ദൈവാസ്തികൃത്തെ വിളിച്ചോതുന്ന ഒരു വൃക്ഷമാണ്. ചക്കയൊഴികെ മറ്റെല്ലാ ഫലങ്ങളും ശാഖകളിലാണ് ഉണ്ടാവാറ്. എന്നാൽ ചക്ക പ്ലാവിന്റെ തായ്തടിയിൽ തന്നെ കായ്ക്കുന്നു. പരിണാമ സിദ്ധാന്തത്തിന് ഇത് വിശദീകരിക്കുവാൻ സാധ്യമല്ലതന്നെ.

പച്ചയായിരിക്കുമ്പോൾ ചക്ക കാഠിന്യമുള്ളതും തൂക്കമേറിയതുമായിരിക്കും. ഒരു ചക്ക ഏകദേശം 20 കിലോ തൂക്കം ഉണ്ടാവും. ആരുടെയെങ്കിലും തലയിൽ വീണാൽ തല പൊട്ടിപ്പൊളിഞ്ഞതുതന്നെ. എന്നാൽ പഴുക്കുന്നതോടെ മാർദ്ദവമേറിയതായി മാറുന്നു. പിന്നീട് തലയിൽ വീണാലും അപകടമുണ്ടാക്കുന്നില്ല (മൃദുലമായി ചിന്നിച്ചിതറുന്നു)

***564. നാം പരിശുദ്ധരല്ലെന്നിരിക്കെ എങ്ങിനെയാണ് മറ്റുള്ളവരെ ഉപദേശിക്കുക?***

നിങ്ങൾ മറ്റുള്ളവരുടെ ജീവിതം മെച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നത് വഴി നിങ്ങളുടെ ജീവിതവും പുരോഗതി പ്രാപിക്കുന്നു. താൻ ചെയ്യുന്നതു മാത്രമെ പറയുകയുള്ളൂ എന്ന കർശന നിലപാട് സ്വീകരിക്കുകയാണെങ്കിൽ നമുക്ക് പ്രബോധനം നടത്തുവാനോ മറ്റുള്ളവരെ ഉപദേശിക്കുവാനോ സാധിക്കുന്നതല്ല. റസൂൽ തിരുമേനിക്ക് മാത്രമെ ആ രീതിയിൽ ഉപദേശിക്കുവാൻ സാധിച്ചിട്ടുള്ളൂ. നാം നിരന്തരം സ്വഭാവ പരിഷ്കരണത്തിൽ ഏർപ്പെടണമെന്നാണ് അല്ലാഹു ഇച്ഛിക്കുന്നത്. അല്ലാത്തപക്ഷം നിങ്ങൾ എപ്പോഴും നിശ്ശബ്ദരാകേണ്ടതായി വരും.

## കുട്ടികളുമായുള്ള അഭിമുഖം 5.4.200

***565. നമുക്ക് കണ്ണടച്ച് പ്രാർത്ഥിക്കാൻ പാടുണ്ടോ?***

പാടില്ല. പ്രവാചകൻ (സ) കണ്ണടച്ച് പ്രാർത്ഥിക്കാൻ പാടില്ല എന്ന് പറഞ്ഞിട്ടുണ്ട്.

***566. ആദമിന്റെയും ഹവ്വയുടെയും മതം ഏതായിരുന്നു? എന്തുകൊണ്ട് ലോകം ആ മതത്തെ പിൻതുടരുന്നില്ല?***

അവരുടെ മതമായിരുന്നു ആദ്യത്തെ ഇസ്‌ലാം. അല്ലാഹുവിന് സമർപ്പിക്കുക എന്നത് തന്നെയാണ് അടിസ്ഥാനപരമായ ഇസ്‌ലാം. ഇത് 'ദീനെ ഖയ്യിമ'യാണ്. മതം പരിണാമങ്ങൾക്ക് വിധേയമാകുമ്പോൾ അതിന്റെ സത്ത മാറ്റമില്ലാതെ തുടരുന്നു. കൂടുതൽ വിശദാംശങ്ങളും വിവരണ

ങ്ങളും നൽകപ്പെടുന്നു. പക്ഷേ, അടിസ്ഥാനം മാറ്റമില്ലാതെ നിൽക്കുന്നു.

*567. പുരുഷന്മാർക്ക് സ്വർണ്ണം ധരിച്ചുകൂടാത്തത് എന്തുകൊണ്ടാണ്?*

പുരുഷത്വമാണ് പുരുഷനിൽനിന്ന് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് തന്നെ സ്വർണ്ണവും പട്ടും അനുവദനീയമല്ല. ആഫ്രിക്കയിലുള്ള അമുസ്ലിംകളായ ഭരണകർത്താക്കൾ ധാരാളം സ്വർണ്ണം ധരിക്കുന്നു. ഒന്നുംതന്നെ സ്ത്രീകൾക്ക് ബാക്കി വെക്കുന്നില്ല. പുരുഷന്മാർക്ക് സ്വർണ്ണം വിലക്കിയത് സ്ത്രീകൾക്ക് അല്ലാഹുവിൽനിന്നുള്ള കാരുണ്യമാണ്.

*568. എങ്ങനെയാണ് ആദിമ മനുഷ്യൻ ഉണ്ടായത്?*

മനുഷ്യന് രണ്ടോ മൂന്നോ ലക്ഷം വർഷങ്ങൾ പഴക്കമുണ്ട്. അമീബയിൽ നിന്നാണ് മനുഷ്യൻ രൂപംകൊണ്ടത്. ഒരേ വസ്തുവിൽനിന്ന് വിവിധ ജീവികൾ രൂപപ്പെട്ട് പല വിഭാഗങ്ങളായി വളർന്നു. മത്സ്യം, മൃഗങ്ങൾ, പക്ഷികൾ, മനുഷ്യർ അങ്ങനെ പലതും. ഒന്നിൽനിന്നുതന്നെ അല്ലാഹു പല വർഗ്ഗങ്ങളെ രൂപപ്പെടുത്തി. ആദം ആദ്യമനുഷ്യനല്ല. ആദ്യത്തെ നബിയുമല്ല. അദ്ദേഹത്തിന്റെ പ്രാധാന്യം നബി (സ) വന്നത് ഈ പരമ്പരയിൽ നിന്നാണ് എന്നതാണ്. അദ്ദേഹത്തിനുമുമ്പും പല പ്രവാചകൻമാരും വന്നിട്ടുണ്ട്.

*569. ഖിയാമത്ത് നാളിൽ മനുഷ്യന് എന്താണ് സംഭവിക്കുക?*

ഒന്നാമത്തെ ഖിയാമത്തിന് മുമ്പ് നികൃഷ്ടമായ ജീവികൾ (മനുഷ്യരിലെ)മാത്രം അവശേഷിക്കപ്പെടും. അവരിലാണ് ഖിയാമത്ത് വന്നെത്തുക. മനുഷ്യവംശം മുഴുവനായും തുടച്ചുനീക്കപ്പെടും. വൻ ഭൂകമ്പമോ ഉൽക്കാവർഷമോ ആകാം അതിന് കാരണം. പരിണാമ പ്രക്രിയ തുടരുകയും അല്ലാഹു ഒരു പുതിയ വർഗ്ഗത്തെ അവശേഷിക്കുന്ന ജീനിൽനിന്നോ അല്ലെങ്കിൽ പുതിയതായി സൃഷ്ടിക്കുകയോ ചെയ്യും.

*570. ഹുസൂർ പാക്കിസ്ഥാനിലായിരുന്നപ്പോൾ എങ്ങനെ യായി*

*രുന്നു സമയം ചെലവഴിച്ചിരുന്നത്?*

ഞാൻ ഒരുപാട് കാര്യങ്ങൾ ചെയ്യുമായിരുന്നു. കൃഷിപ്പണി ചെയ്തിട്ടുണ്ട്, കുതിരസവാരി, നായാട്ട്, മീൻപിടിത്തം, കന്നുകാലി വളർത്തൽ, നീന്തൽ അങ്ങനെ ധാരാളം. അഹ്മദ് നഗറിൽ എനിക്ക് സ്വന്തമായി നീന്തൽക്കുളം ഉണ്ടായിരുന്നു. ഞാൻ സൈക്കിൾ ചവിട്ടും. ഞങ്ങളുടെ കൃഷിയിടത്തിൽനിന്ന് പച്ചക്കറികൾ സ്വന്തം സൈക്കിളിൽ കൊണ്ടുവരുമായിരുന്നു. മീൻ വളർത്താറുണ്ടായിരുന്നു. വളരെ രസകരമായ ഒരു ജീവിതമായിരുന്നു അത്.

*571. 'ഇൽഹാമും' 'കശ്ഫും' തമ്മിലുള്ള വ്യത്യാസം എന്താണ്?*

കശ്ഫ് എന്നാൽ ദർശനമാണ്. നിങ്ങൾ ബാഹ്യമായി കണ്ടുകൊണ്ടിരിക്കുന്ന ദൃശ്യം മറയുകയും മറ്റൊരു പുതിയ ദൃശ്യം നിങ്ങൾക്ക് കാണിക്കപ്പെടുകയും ചെയ്യുന്നു. ഇൽഹാം വചനരൂപത്തിൽ ഹൃദയത്തിൽ ഇറങ്ങുന്നു.

*572. വാഗ്ദത്ത മസീഹിന് ഉണ്ടായ ഒരു ഇൽഹാമാണ് "Your time will not be wasted". അതിന്റെ അർത്ഥം എന്താണ്?*

വാഗ്ദത്ത മസീഹ് (അ) ചെയ്ത ജോലികൾ നമുക്ക് സങ്കൽപ്പിക്കാവുന്നതിലപ്പുറമാണ്. ഞാൻ വളരെയധികം അത്ഭുതപ്പെട്ടിട്ടുണ്ട്. പാവപ്പെട്ടവർക്ക് അദ്ദേഹം സ്വയം തന്നെ മരുന്നുകൾ വിതരണം ചെയ്തു, പുസ്തകങ്ങൾ രചിച്ചു, ജമാഅത്തിന് ശിക്ഷണം നൽകി. തഹജ്ജുദ് നമസ്കാരങ്ങളിൽ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിച്ചു. ആളുകൾ രോഗം വരുമ്പോഴും മറ്റു ബുദ്ധിമുട്ടുകൾ നേരിടുമ്പോഴും അദ്ദേഹത്തോട് പ്രാർത്ഥനക്കായി അപേക്ഷിക്കാറുണ്ടായിരുന്നു. വാഗ്ദത്ത മസീഹ് അവർക്കുവേണ്ടി തുടർച്ചയായി ദുആ ചെയ്യാറുണ്ടായിരുന്നു. അതിന്നുശേഷം അവരെ കാണുമ്പോൾ അവരുടെ അസുഖത്തെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും അന്വേഷിക്കാറുണ്ടായിരുന്നു. ഇന്ന് നമുക്ക് രാവും പകലുമൊക്കെ സഹായിക്കാൻ ധാരാളം ആളുകളുണ്ട്. മസീഹ്മൗഊദ് തനിച്ചായിരുന്നു

എല്ലാം ചെയ്തിരുന്നത്. അല്ലെങ്കിൽ വളരെ കുറഞ്ഞ ആളുകളുടെ സഹായത്തോടെ. അതിഥികൾക്കായി അദ്ദേഹം വളരെ സേവനങ്ങൾ ചെയ്തു. ഒരിക്കൽ രാത്രിയിൽ ഒരു അതിഥിക്ക് വേണ്ടി കിടക്ക ഉണ്ടാക്കേണ്ടിയിരുന്നു. അതുണ്ടാക്കിക്കഴിയുന്നത്വരെ മസീഹ് മൗഊദ് തന്റെ കൈയിൽ റാന്തൽ പിടിച്ചുകൊണ്ട് അടുത്തിരുന്നു. ഒരാൾ റാന്തൽവിളക്ക് പിടിക്കാൻ തുനിഞ്ഞപ്പോൾ അദ്ദേഹം നിരസിക്കുകയും ഇത് തന്റെ അതിഥിയാണെന്നും അതുകൊണ്ട് റാന്തൽ താൻ തന്നെ പിടിക്കുമെന്നും പറഞ്ഞു. അദ്ദേഹത്തിന് എപ്പോഴാണ് വിശ്രമിക്കാനുള്ള സമയം ലഭിച്ചിരുന്നതെന്ന് എനിക്കറിയില്ല.

***573. എന്താണ് 'റഹ്മാനും' 'റഹീമും' തമ്മിലുള്ള വ്യത്യാസം?***

'റഹ്മാൻ' എന്നതിന്റെ അർത്ഥം അല്ലാഹു ഏറ്റവും അധികം 'റഹം' ചെയ്യുന്നവൻ എന്നാണ്. അതായത് ഒന്നും ആവശ്യപ്പെടാതെ നൽകുന്നവൻ. മനുഷ്യന് ആവശ്യമായ എല്ലാ കാര്യങ്ങളും അല്ലാഹു ഒരുക്കിവെച്ചിട്ടുണ്ട്. കാലം കടന്നുപോകുന്നതനുസരിച്ച് മനുഷ്യൻ ഓരോ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ആദ്യം അവൻ തീ കണ്ടെത്തി. പിന്നീട് കൽക്കരിയും തുടർന്ന് പെട്രോളും. ആദ്യത്തെ റെയിൽവെ എഞ്ചിൻ കണ്ടുപിടിച്ചപ്പോഴേക്കും കൽക്കരി കണ്ടെത്തിയിരുന്നു. പുതിയ രീതിയിലുള്ള റെയിൽവെ എഞ്ചിൻ കണ്ടുപിടിച്ചപ്പോഴേക്കും പെട്രോളും കണ്ടെത്തി. ഒരു പുതിയ വസ്തു കണ്ടുപിടിക്കപ്പെടുമ്പോഴേക്കും (റെയിൽവെ എഞ്ചിൻ പോലെ) അത് ഓടിക്കാനാവശ്യമായ കൽക്കരിയും പെട്രോളും നൽകപ്പെടുന്നു. ഇതാണ് അല്ലാഹുവിന്റെ റഹ്മാനിയ്യത്ത്.

'റഹീം' എന്നാൽ അല്ലാഹു വീണ്ടും വീണ്ടും 'റഹം' ചെയ്യുന്നവൻ എന്നാണ്. അതായത് മനുഷ്യന്റെ കഠിന പ്രയത്നങ്ങൾക്ക് വീണ്ടും വീണ്ടും പ്രതിഫലം നൽകുന്നു.

***574. സത്യവിശ്വാസിയായ ഒരു മുസ്‌ലിമിന് അസുഖം പിടിപെടുകയാണെങ്കിൽ അത് അല്ലാഹുവിൽനിന്നുള്ള ശിക്ഷയാണോ?***

എല്ലാ രോഗങ്ങളും മനുഷ്യന്റെ തന്നെ തെറ്റുകൊണ്ട് ഉണ്ടാകുന്നതാണ്. വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടിട്ടുള്ള ഇബ്റാഹിം നബി(അ)യുടെ പ്രാർഥനകളിൽ നിന്നു മനസ്സിലാകുന്നത് അദ്ദേഹത്തിന് വന്ന അസുഖങ്ങളൊക്കെ അദ്ദേഹത്തിന്റെ തന്നെ തെറ്റുകൾ മൂലമാണുണ്ടായതെന്നാണ്. അല്ലാഹുവാണ് അത് സുഖപ്പെടുത്തുന്നത്.

അല്ലാഹു സൃഷ്ടിച്ച ആരോഗ്യാവ്യവസ്ഥ മനുഷ്യൻ പാലിക്കുന്നില്ലെങ്കിൽ, അവന്റെ തന്നെ തെറ്റുകൾ രോഗത്തിലേക്ക് വഴിവെക്കുന്നു. സർവ്വരോഗങ്ങൾക്കും അല്ലാഹുവിന്റെ പക്കൽ പ്രതിവിധിയുണ്ട്. എന്നാൽ എയിഡ്സ് പോലുള്ള ചില രോഗങ്ങൾ അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണ്.

***575. പ്രവാചകൻ (സ)ന് എത്ര സന്താനങ്ങളുണ്ടായിരുന്നു?***

എനിക്ക് ഓർമ്മയുള്ള ചില രിവായത്തുകൾവെച്ച് പരിശുദ്ധ പ്രവാചക(സ)ന് 11 ആൺമക്കളുണ്ടായിരുന്നു. അവരെല്ലാം തന്നെ ചെറുപ്പത്തിലേ മരണപ്പെട്ടു. അദ്ദേഹത്തിന് നാലു പെൺമക്കളുണ്ടായിരുന്നു. അവരെല്ലാം തന്നെ മുതിർന്ന് വിവാഹിതരാവുകയും ചെയ്തു.

***576. താങ്കൾ 'ദിക്ർ' ചെയ്യുമ്പോൾ അല്ലാഹുവിന്റെ മുഖം ഓർക്കാറുണ്ടോ?***

ഇല്ല. എന്റെ മനസ്സിൽ അല്ലാഹുവിന്റെ മുഖം വരുന്നില്ല. ആർക്കും തന്നെ അത് കാണാൻ സാധ്യമല്ല. എന്റെ മനസ്സിലേക്ക് അല്ലാഹുവിന്റെ സിഫാത്ത് (ഗുണവിശേഷങ്ങൾ) മാത്രമാണ് കടന്നുവരുന്നത്. നാം അല്ലാഹുവിന്റെ 'റഹ്മാനിയ്യത്ത്' പോലുള്ള ഗുണവിശേഷങ്ങൾ നിത്യജീവിതത്തിൽ പ്രകടമാകുന്നത് ദർശിക്കുന്നു. ഞാൻ അല്ലാഹുവിനെ 'ദിക്ർ' ചെയ്യുകയും ഓർക്കുകയും ചെയ്യുന്നത് അവന്റെ റഹ്മാനിയ്യത്ത്, റഹീമിയ്യത്ത് തുടങ്ങിയ ഗുണവിശേഷങ്ങളുടെ ഇത്തരം പ്രകടനങ്ങൾ വഴിയാണ്.

## ചോദ്യോത്തര സദസ്സ് 7.2.1999

***577. അല്ലാഹുവിൽനിന്ന് ഒരാൾക്ക് മാപ്പുലഭിക്കുന്നതെങ്ങനെ?***

മാപ്പ് നൽകേണ്ടതെങ്ങനെയെന്ന് നിങ്ങൾക്ക് അറിയുമെങ്കിൽ മാത്രമേ നിങ്ങൾക്ക് മാപ്പ് ലഭിക്കുകയുള്ളൂ. നിങ്ങൾ മറ്റുള്ളവർക്ക് പൊറുത്തുകൊടുക്കുന്നില്ലെങ്കിൽ നിങ്ങളുടെ തെറ്റും പൊറുക്കപ്പെടുന്നതല്ല.

*578. പ്രാർത്ഥനയുടെ സ്വീകാര്യതയിൽ അങ്ങേക്ക് വിശ്വാസമുണ്ടോ?*

പ്രാർത്ഥന സ്വീകരിക്കപ്പെടുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഇത്രയും വിശ്വാസം മറ്റാർക്കെങ്കിലുമുണ്ടോ എന്ന് സംശയമാണ്. അഹ്മദികളുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നതിന്ന് ഞാൻ സാക്ഷിയാണ്; അവർക്ക് വേണ്ടിയുള്ള എന്റെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ട അവരുടെ സാക്ഷ്യത്തിനും ഞാൻ സാക്ഷിയാണ്.

അഹ്മദികൾക്ക് വേണ്ടിയുള്ള എന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടു എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ മുഴുലോകത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നു. അതുപോലെ കഷ്ടതയനുഭവിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു.

മറ്റുള്ളവർക്കുവേണ്ടി നിങ്ങൾ അല്ലാഹുവിനെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് അല്ലാഹുവിന്റെ സഹായം ആവശ്യമുള്ളപ്പോൾ അല്ലാഹു നിങ്ങളെയും ഓർക്കുന്നതാണ്.

*579. മിർസാ ഗുലാം അഹ്മദ്(അ) അഹ്മദികൾക്ക് പുതുതായി എന്തെല്ലാം അദ്ധ്യായങ്ങളാണ് നൽകിയത്?*

ഒന്നുമില്ല. അദ്ദേഹം പുതിയതായി ഒന്നും തന്നെ പഠിപ്പിച്ചില്ല. അങ്ങനെ പുതിയതായി ഒരു കാര്യമെങ്കിലും അദ്ദേഹം പഠിപ്പിച്ചിരുന്നെങ്കിൽ നാം അദ്ദേഹത്തിൽ വിശ്വസിക്കുമായിരുന്നില്ല. നമ്മൾ മറന്നുപോയ സത്യങ്ങളെ അദ്ദേഹം ഓർമ്മിപ്പിക്കുകയായിരുന്നു. പരിശുദ്ധ പ്രവാചകൻ (സ)ന്റെ അധ്യാപനങ്ങളിലേക്ക് അദ്ദേഹം നമ്മെ തിരിച്ചുകൊണ്ടുപോയി.

***580. ഹിന്ദുമതവും ഇസ്‌ലാമും വിപരീത ധ്രുവങ്ങളിലെന്നവ ണ്ണമാണ് നിലകൊള്ളുന്നത്. ഇവയ്ക്കിടയിൽ എന്തെങ്കിലും പൊതുവായ അടിസ്ഥാനമുണ്ടോ?***

ഇവ രണ്ടും രണ്ടു ധ്രുവങ്ങളിലെന്നവണ്ണമാണ് നിലകൊള്ളുന്നതെങ്കിലും അവയ്ക്ക് പൊതുവായ ഒരു അടിസ്ഥാനമുണ്ട്. അതാണ് ദൈവം. നിങ്ങൾ ഗീതപോലുള്ള ഹിന്ദു സാഹിത്യങ്ങളുടെ മൂലഗ്രന്ഥങ്ങൾ പഠിക്കുകയാണെങ്കിൽ അതിൽ കൃഷ്ണന്റെ(അ) വചനങ്ങൾ തെറ്റായി വ്യാഖ്യാനിച്ചതായി മനസ്സിലാക്കാനാകും. അദ്ദേഹം എപ്പോഴും ദൈവം ഏകനാണ് എന്ന് പ്രബോധിപ്പിച്ചയാളാണ്. മറ്റെല്ലാ പ്രവാചകരെപ്പോലെയും അദ്ദേഹവും ദൈവിക ഗുണങ്ങളെ പ്രതിഫലിപ്പിച്ചു. രാമ(അ)ന്റെയും കൃഷ്ണ(അ)ന്റെയും സന്ദേശങ്ങൾ ഇസ്‌ലാമിക സന്ദേശങ്ങൾതന്നെ ആയിരുന്നു.

***581. എന്തിനാണ് സ്ത്രീകൾ അവരുടെ തല മറയ്ക്കുന്നത്?***

ഇത് സ്ത്രീകൾക്ക് ഒരു അനുഗ്രഹമാണ്. സ്ത്രീകളുടെ മുടിക്ക് പുരുഷന്മാരെ ആകർഷിക്കാനുള്ള പ്രത്യേക കഴിവുണ്ട്. നല്ല വളർന്ന തലമുടി കൂടുതൽ പുരുഷന്മാരെ ആകർഷിക്കുന്നു. കുറഞ്ഞ മുടിയുള്ളവർക്ക് കുറച്ചുപേരെ മാത്രം ആകർഷിക്കാനുള്ള കഴിവേ ഉള്ളൂ. കഷണ്ടിയുള്ള ഒരു സ്ത്രീയെ ഒരു പുരുഷനും ശ്രദ്ധിക്കില്ല.

***582. ദൈവത്തിലെത്തുന്നതിനുള്ള ഏകമാർഗ്ഗം ഇസ്‌ലാം മാത്രമാണോ?***

ദൈവത്തിലേക്ക് നയിക്കുന്ന എല്ലാപാതകളും വെളിപ്പെടുത്തിതന്നിരിക്കുന്നത് അല്ലാഹുവാണ്. ഏതാണോ വികലമാക്കപ്പെടാതെ നിലകൊള്ളുന്നത് അത് അല്ലാഹുവിലേക്ക് നയിക്കും. ഭൂരിപക്ഷം ആളുകളും ഇസ്‌ലാമിനെക്കുറിച്ച് കേട്ടിട്ടില്ല. കേട്ടിട്ടുണ്ടെങ്കിൽ തന്നെ അത് ഇസ്‌ലാമിന്റെ ശത്രുക്കളിൽ നിന്നാണ്. യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ അവർ പിൻതുടർന്നിരുന്നെങ്കിൽ, തീർച്ചയായും അവർ ദൈവത്തിലേക്ക് നയിക്കപ്പെടുകയും അവനിൽനിന്ന്

പ്രതിഫലം ലഭിക്കുകയും ചെയ്യുമായിരുന്നു. ഇസ്‌ലാം മാത്ര മല്ല അതിനുള്ള മാർഗ്ഗം.

*583. നമ്മുടെ വിധി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണോ?*

ശരിയാണ്; അതേസമയം തെറ്റുമാണ്. ഏതർത്ഥത്തിലെന്നാൽ, നമ്മുടെ ജന്മസ്ഥലം, കുടുംബം, സാമ്പത്തികസ്ഥിതി തുടങ്ങിയവയൊന്നും തന്നെ നമുക്ക് മാറ്റാൻ സാധിക്കുന്നവയല്ല. അത്തരം കാര്യങ്ങളിൽ നമുക്ക് യാതൊരു നിയന്ത്രണവുമില്ല. ഒരു ആൺകുട്ടി ധനികനോ, ദരിദ്രനോ ആയ പിതാവിന്ന് ജനിക്കാം. ഒരു പെൺകുട്ടി സൽസ്വഭാവിയായോ ക്രൂരനോ ആയ പിതാവിന്റെ മകളായി ജനിക്കാം. ഈ അർഥത്തിൽ വിധി നിർണയിക്കപ്പെട്ടതാണ്.

പക്ഷേ, ദിവസേന നമ്മൾ എടുക്കുന്ന നല്ലതും ചീത്തയുമായ തീരുമാനങ്ങളെ സംബന്ധിച്ചിടത്തോളം നാം സ്വതന്ത്രരാണ്. നിങ്ങൾക്ക് കള്ളവും സത്യവും പറയാം. നിങ്ങളുടെ വഴി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കാണ്. നിങ്ങൾ തിരഞ്ഞെടുത്തതിന് ഉത്തരവാദി നിങ്ങളാണ്. ഒരു നല്ല തീരുമാനമാണ് എടുക്കുന്നതെങ്കിൽ നിങ്ങൾക്ക് അതിന്റെ പ്രതിഫലം ലഭിക്കുന്നു. നിങ്ങൾ എടുക്കുന്ന തീരുമാനം തെറ്റാണെങ്കിൽ നിങ്ങൾ ശിക്ഷിക്കപ്പെടുന്നു.

*584. നേർമാർഗ്ഗത്തിൽ നിന്ന് മുസ്‌ലിംകൾ വ്യതിചലിച്ചിട്ടുണ്ടോ?*

തീർച്ചയായും ഉണ്ട്. അല്ലായിരുന്നെങ്കിൽ അല്ലാഹു ഇന്നത്തെ മുസ്‌ലിംകളോട് ഈ വിധത്തിൽ പ്രവർത്തിക്കുമായിരുന്നില്ല. നേർമാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുന്നതിന്റെ അടയാളമെന്താണ്? നിങ്ങൾ നേർമാർഗത്തിലാണെങ്കിൽ നിങ്ങൾക്കൊരിക്കലും കഷ്ടതകൾ അനുഭവിക്കേണ്ടിവരില്ല. ഇന്ന് മുസ്‌ലിം ജനത ഒന്നടങ്കം യാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് അല്ലാഹുവിന്റെ നിയമമാണ്. അതായത് നിങ്ങൾ നേരായ മാർഗ്ഗം പിൻതുടരുന്നവെങ്കിൽ നിങ്ങൾക്ക് ദുരിതം അനുഭവിക്കേ

ണ്ടിവരില്ല. അല്ലാത്തപക്ഷം നിങ്ങളുടെ തന്നെ തെറ്റുകൾ കാരണം തീർച്ചയായും നിങ്ങൾക്ക് കഷ്ടതകൾ അനുഭവിക്കേണ്ടിവരും.

## മജ്‌ലിസെ ഇർഫാൻ 28.4.2000

***585. ജനാസ നമസ്ക്കാരത്തിൽ സൂറഃഫാത്തിഹയിൽ നാം 'അൽഹദുലില്ലാഹ്' എന്നു പറയുന്നു. പിതാവ് മരിക്കുകയും കുട്ടികൾ നിസ്സഹായരായിത്തീരുകയും ചെയ്യുന്ന അവസ്ഥയിൽ എങ്ങനെയാണ് ഒരാൾക്ക് 'അൽഹംദുലില്ലാഹ്' എന്ന് ഓതുവാൻ കഴിയുന്നത്?***

ഒന്നാം ഖലീഫയുടെ (റ) പ്രിയപുത്രൻ മരിച്ച അവസരത്തിൽ ജനാസ നമസ്കാരത്തിൽ അദ്ദേഹത്തിന് 'അൽഹംദുലില്ലാഹ്'എന്ന് ഓതുവാൻ സാധിക്കാതെ വന്നു. ആ അവസരത്തിൽ അദ്ദേഹത്തിന് അല്ലാഹുവിൽനിന്ന് ഒരറിയിപ്പുണ്ടായി. എന്തെന്നാൽ മകൻ ദീർഘകാലം ജീവിച്ചിരിക്കുകയാണെങ്കിൽ അത് ആ മകന് തന്നെ നല്ലതിനാകുമായിരുന്നില്ല എന്ന്. ഇതറിഞ്ഞയുടനെതന്നെ അദ്ദേഹം 'അൽഹംദുലില്ലാഹ്' എന്നുപറഞ്ഞു. എല്ലാ അവസരത്തിലും അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരിക്കുക; പ്രയാസങ്ങളിലും അല്ലാത്ത അവസരങ്ങളിലും.

***586. പള്ളിയിൽ ജമാഅത്തായി നമസ്ക്കാരം അനുഷ്ഠിച്ചു കൊണ്ടിരിക്കുമ്പോൾ സ്ത്രീകളുടെ ഭാഗത്തുള്ള ലൗഡ്സ്പീക്കർ പ്രവർത്തനരഹിതമായാൽ സ്ത്രീകൾക്ക് അവരുടെ ഇടയിൽനിന്ന് ഒരു ഇമാമിനെ നിർത്തി നമസ്കാരം തുടരാൻ അനുവാദമുണ്ടോ?***

ഇല്ല. അവർക്ക് അങ്ങനെ ചെയ്യാൻ പാടില്ല. അവർ നമസ്കാരം ഒറ്റക്കൊറ്റക്ക് പൂർത്തിയാക്കേണ്ടതാണ്.

***587. കഅ്ബയെ പരിപാലിക്കുന്നവർക്ക് അല്ലാഹുവിൽനിന്നുള്ള പ്രതിഫലം ലഭിക്കുമോ?***

കഅ്ബ പരിപാലിക്കുന്നവരിൽ മുത്തഖി (തഖ്‌വയുള്ളവർ)

ആയിട്ടുള്ളവർക്ക് അല്ലാഹുവിൽനിന്ന് പ്രതിഫലം ലഭിക്കും. മുത്തഖിയായിട്ടുള്ളവർക്ക് മാത്രമേ അല്ലാഹുവിൽനിന്ന് പാരിതോഷികവും പ്രതിഫലവും ലഭിക്കുകയുള്ളൂ. (തഖ്‌വയില്ലാത്ത) മറ്റുള്ളവർക്ക് അത് ഒരു ഭൗതികമായ പ്രവൃത്തി മാത്രമാണ്. അല്ലാഹുവിൽനിന്ന് യാതൊരു പ്രതിഫലവും ലഭിക്കുന്നതല്ല.

***588. എപ്പോഴാണ് 'സംസം' വെള്ളം വറ്റിപ്പോയത്?***

ഇസ്‌ലാം ആവിർഭവിക്കുന്നതിനു മുമ്പ് അത് വറ്റിപ്പോയിരുന്നു.(നബിതിരുമേനിക്കി മുമ്പ്). പക്ഷേ, എപ്പോഴാണെന്ന് നമുക്കറിയില്ല.

***589. ഖുർആൻ ഒരു 'ശിഫ' ആണെന്നു പറയുന്നതിന്റെ വിവക്ഷ എന്താണ്?***

ഖുർആൻ ഒരു ആത്മീയ രോഗശമനിയാണ്. എല്ലാ ആത്മീയ മൂല്യച്യുതിയെക്കുറിച്ചും അതിനുള്ള പ്രതിവിധിയയെക്കുറിച്ചും ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ട്. ശാരീരികമായ അസുഖങ്ങളെ തേൻകൊണ്ട് എങ്ങനെ സുഖപ്പെടുത്തുന്നുവോ, അപ്രകാരം ആത്മീയരോഗങ്ങളെ ഖുർആൻ സുഖപ്പെടുത്തുന്നു. ഖുർആനിലെ ആയത്തുകൾ നിങ്ങളെ ഉണർത്തുകയും രോഗങ്ങളിൽനിന്ന് മോചിപ്പിക്കുകയും ചെയ്യുന്നു. ഇത് തികച്ചും പൂർണ്ണവും താരതമ്മ്യത്തിന്നതീതവുമായ ശമനമാണ്. ഇത്ര സമ്പൂർണ്ണമായ ഒരു രോഗശമിനി മറ്റൊരു പൂർവ്വ ലിഖിതത്തിലും കാണാൻ സാധിക്കുകയില്ല.

## ജർമ്മൻകാരുമായുള്ള അഭിമുഖം 1.4.2000

***590. മൂന്നാം ലോകമഹായുദ്ധത്തെക്കുറിച്ച് എന്തെങ്കിലും മുന്നറിയിപ്പുണ്ടായിട്ടുണ്ടോ? അത് താങ്കളുടെ ഖിലാഫത്ത് കാലത്ത് സംഭവിക്കുമോ?***

വിശുദ്ധ ഖുർആൻതന്നെ സൂറഃ ത്വാഹയിൽ ഇതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിട്ടുണ്ട്. മൂന്നാംലോക മഹായു

ദ്ധത്തിന്നുശേഷം ഇസ്‌ലാം എല്ലായിടത്തും പരക്കും. അതിനാൽ ഇത് അല്ലാഹുവിൽനിന്നുള്ള റഹ്മത്താണ്. പക്ഷേ, ഈ യുദ്ധം നിമിത്തമുള്ള കെടുതികളും വളരെ വലുതായിരിക്കും. എല്ലാ ജീവജാലങ്ങളെയും അത് ബാധിക്കും. എന്റെ ഹൃദയം ആഗ്രഹിക്കുന്നത് (ഇസ്‌ലാമിന്റെ വിജയം അതിനെ തുടർന്നുണ്ടാവും എന്ന കാരണത്താൽ)അത് വേഗമുണ്ടാകട്ടെ എന്നാണ്. പക്ഷേ, അത് വരുത്തിവെക്കുന്ന നാശത്തെകുറിച്ച് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു. വാഗ്ദത്ത മസീഹ് (അ) പറഞ്ഞത് സർവ്വതും നശിപ്പിക്കപ്പെടുമെന്നാണ്. നാശം സംഭവിക്കുന്ന സ്ഥലങ്ങളിൽ ജീവന്റെ അംശംപോലും അവശേഷിക്കുകയില്ല. ആണവ യുദ്ധങ്ങളായിരിക്കും ഈ സർവനാശത്തിന് കാരണം.

ഏറ്റവും ചെറിയ കണികയായ ആറ്റങ്ങളിൽനിന്ന് തീ വമിക്കപ്പെടും. 'ഹുത്വമ' എന്ന അറബി വാക്കിന്റെയർത്ഥം ഏറ്റവും ചെറിയ കണിക എന്നാണ്. ഖുർആൻ പറയുന്നു, ആറ്റത്തിന്നകത്ത് തീ അടക്കം ചെയ്തിരിക്കുന്നു എന്ന്. ആറ്റംബോംബിനെ കുറിച്ചുള്ള സമ്പൂർണ്ണ വിവരണമാണത്. ആദ്യം ആറ്റംബോംബിൽ നിന്നുള്ള പ്രത്യേക തരംഗങ്ങളാണ് ജനങ്ങളിൽ എത്തുക. അതിന്റെ ചൂട് ഏൽക്കുന്നത് പിന്നീടാണ്. ആ തരംഗങ്ങൾ ഹൃദയങ്ങളെ നിശ്ചലമാക്കുന്നു.

ഞാൻ അതിനെ ഭയപ്പെടുന്നു. എന്നാൽ, എന്തുചെയ്യാം മനുഷ്യസമൂഹം ഈ ഒരു ദുരന്തത്തിലൂടെയല്ലാതെ മാറുകയില്ല. എന്റെ ഖിലാഫത്ത് കാലത്ത് തന്നെ ഇസ്‌ലാമിന്റെ ആ മഹത്തായ വിജയം കാണണമെന്ന് എന്റെ ഹൃദയം ആഗ്രഹിക്കുന്നു. എന്നാൽ, അതിന്നു മുന്നോടിയായി സംഭവിക്കാൻപോകുന്ന നാശത്തെകുറിച്ച് എനിക്ക് ഭയാശങ്കകളുമുണ്ട്.

***591. പിരമിഡുകളെ കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?***

പിരമിഡുകളുണ്ടാക്കുക എന്നത് ഇന്ന് അസാദ്ധ്യമായ കാര്യമാണ്. പരിശുദ്ധഖുർആൻ പറയുന്നു, നിങ്ങൾക്ക് അതിനടുത്തെത്താൻ പോലും സാധ്യമല്ല എന്ന്. (വാസ്തുശില്പ

വൈദഗ്ദ്ധ്യത്തിൽ മുൻകഴിഞ്ഞ ജനതയുടെ അടുത്ത്) ആ വാസ്തുശിൽപ ശാസ്ത്രം ഭൂതകാലത്തിൽ തന്നെ കുഴിച്ചുമൂടപ്പെട്ടു. അത് മാനവസമൂഹത്തിന് നഷ്ടപ്പെട്ടു. ആ കല്ലുകളുടെ സ്ഥാനവും ദിശയുമൊക്കെ നോക്കൂ. എല്ലാം വളരെ കൃത്യമാണ്. ഇത്രയും ശാസ്ത്രീയമായ ജ്ഞാനം അസാധ്യമെന്നു തോന്നും. പക്ഷേ, അത് സാധ്യമായിരുന്നു എന്ന് പിരമിഡുകൾ വിളിച്ചോതുന്നു. പിരമിഡുകൾ തീർച്ചയായും മഹാത്ഭുതങ്ങളാണ്.

***592. ഒരു മുജദ്ദിദിന് താനൊരു മുജദ്ദിദ് ആണെന്ന് വാദിക്കേണ്ട കാരമുണ്ടോ?***

ഇല്ല. എല്ലാ പ്രദേശങ്ങളിലേക്കും വെവ്വേറെ മുജദ്ദിദുമാർ വന്നിട്ടുണ്ട്. ഒരേകാലത്ത് തന്നെ വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത മുജദ്ദിദുമാർ വന്നിട്ടുണ്ടായിരുന്നു.ആ കാലഘട്ടത്തിൽ നബി (സ)യുടെ ഉമ്മത്തിന് പരസ്പരം ബന്ധപ്പെടുക അസാധ്യമായിരുന്നു. അതിനാൽ ആഫ്രിക്ക, ഇന്ത്യ, റഷ്യ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം മുജദ്ദിദുമാർ വന്നു. അറേബ്യയിലുള്ള ഒരു മുജദ്ദിദിന് ആഫ്രിക്കൻ വനാന്തരങ്ങളിലുള്ള മുസ്ലിംകൾക്ക് പ്രബോധനം ചെയ്യുക സാധ്യമല്ലായിരുന്നു. അതിനാൽ ഒരേസമയത്തു തന്നെ ധാരാളം മുജദ്ദിദുമാർ അവതരിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ മുഴു ലോകത്തിനുമായിവന്ന മുജദ്ദിദാണ് വാഗ്ദത്ത മസീഹ് (അ). അദ്ദേഹത്തിന് ശേഷം മുജദ്ദിദുമാർ ഉണ്ടാവുകയില്ല. ഖലീഫമാർ മാത്രമായിരിക്കും.

മുജദ്ദിദുമാർ തങ്ങൾ മുജദ്ദിദാണെന്ന് അവകാശപ്പെടേണ്ട കാര്യമില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ നബി (സ)യുടെ സുന്നത്തുകളിൽ നിന്ന് അത് തെളിയിക്കേണ്ടിവരും.

***593. മുസ്ലിം സ്ത്രീകൾക്ക് അവരുടെ ബന്ധുക്കളുടെ ജനാസ അടക്കം ചെയ്യുന്നിടത്ത് പോകാൻ അനുവാദമില്ലാത്തതെന്തുകൊണ്ട്?***

സ്ത്രീകളുടെ അവസ്ഥയെ മാനിച്ചാണ് അതിന് അനുവാദമില്ലാത്തത്. അവർ പൊതുവെ അധികമായി വികാരം പ്രക

ടിപ്പിക്കുന്നവരാണ്. അത് സ്ത്രീകൾക്കും മരണപ്പെട്ട വ്യക്തിക്കും നന്നല്ല. കാരണം ആ അവസരത്തിൽ സ്ത്രീകൾ ഒരു പക്ഷേ, നിയന്ത്രണംവിട്ട് അല്ലാഹുവിനെതിരായി എന്തെങ്കിലും പറയാൻ സാധ്യതയുണ്ട്. സ്ത്രീകൾക്ക് ജനാസ നമസ്കാരത്തിൽ പങ്കെടുക്കാം, മയ്യത്ത് അടക്കം ചെയ്തതിന് ശേഷം അവിടെ സന്ദർശിക്കുകയും ചെയ്യാം.

*594. താങ്കൾക്ക് വരുന്ന കത്തുകൾ എങ്ങനെയാണ് വായിക്കുന്നത്?*

കത്തുകളുടെ ഉള്ളടക്കം മാത്രം എടുത്തെഴുതാൻ പരിശീലനം ലഭിച്ച സ്ത്രീകൾ ലണ്ടൻ ജമാഅത്തിലുണ്ട്. ചില പുരുഷൻമാരും ഇത് ചെയ്യുന്നുണ്ട്. അവർ അത് വളരെ മികച്ചരീതിയിൽ ചെയ്യുന്നുണ്ട്. ഞാൻ കത്തുകളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. ചില ആളുകൾ തങ്ങൾക്ക് കുട്ടികളില്ലാത്തതിനാൽ പ്രാർത്ഥിക്കാൻ വേണ്ടി എഴുതുന്നു. അത്തരത്തിലുള്ള കത്തുകളിൽനിന്ന് ആളുകളുടെ പേർ എടുത്ത് ഒരു ലിസ്റ്റ് തയാറാക്കുന്നു. ഉള്ളടക്കത്തോടൊപ്പം കത്തും ചേർത്ത് വെക്കും. ചില ആളുകൾ ഞാൻ തന്നെ കത്തുകൾ വായിക്കണമെന്ന് എഴുതാറുണ്ട്. അതിനാൽ ഞാൻ ഉള്ളടക്കം വായിച്ചതിനുശേഷം, ആവശ്യമെങ്കിൽ കത്തും മുഴുവനായി വായിക്കുന്നു. പക്ഷേ, ആ ഉള്ളടക്കം തന്നെ വളരെ മികച്ചതാണ്. ഞാൻ കത്ത് വായിക്കുമ്പോൾ തന്നെ അവർക്കായി പ്രാർത്ഥിക്കാറുണ്ട്. പിന്നീട് നമസ്ക്കാരത്തിലും അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ഞാൻ രാജ്യങ്ങളുടെ അടിസ്ഥാനത്തിലും കത്തുകളെ തരംതിരിക്കാറുണ്ട്. ജർമനി, പാക്കിസ്താൻ, കറാച്ചി, റബ്വ, ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങൾക്കായി പ്രത്യേക ഫയൽ തന്നെയുണ്ട്. ഇങ്ങനെ പ്രത്യേക ഫയലുകളാക്കി തിരിക്കുകവഴി ഓരോ രാജ്യത്തിന്റെയും പ്രശ്നങ്ങൾ മനസ്സിലാക്കി നമസ്കാരത്തിൽ പ്രാർത്ഥിക്കാൻ സാധിക്കുന്നു. ഇങ്ങനെ പ്രത്യേക വിഭാഗമാക്കുകവഴി നമസ്ക്കാരത്തിൽ

എല്ലാ കാര്യങ്ങളും ഓർത്തു ദുആ ചെയ്യാൻ സാധിക്കുന്നു.

*595. എല്ലാ അപകടങ്ങളും അല്ലാഹുവിൽനിന്നുള്ള ശിക്ഷയാണോ?*

അല്ല. മുന്നറിയിപ്പു നൽകിയതിനുശേഷമല്ലാതെ അല്ലാഹുവിൽനിന്ന് ശിക്ഷ ഇറങ്ങുന്നതല്ല. ദൈവിക ശിക്ഷകൾ എല്ലാം മുൻകൂട്ടി അറിയിക്കപ്പെടുന്നു. അതിനുശേഷം മാത്രമേ അത് സംഭവക്കുന്നുള്ളൂ. സിയാഉൽ ഹഖിന്റെയും ഭൂട്ടോയുടെയും കാര്യം നോക്കുക. അവ മുൻകൂട്ടി അറിയിച്ചതിനുശേഷമായിരുന്നു. വാഗ്ദത്ത മസീഹ് (അ) ഭൂട്ടോയെക്കുറിച്ച് പ്രവചിച്ചത് അയാൾ 52-ാം വയസ്സിൽ മരിക്കും എന്നാണ്; കൂടുതലുമില്ല, കുറവുമില്ല. അയാൾക്ക് 52 വയസ്സ് ആകുന്നതിന് മുമ്പോ 52 വയസ്സ് പൂർത്തിയായതിന് ശേഷമോ തൂക്കിലേറ്റണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ അയാളെ തൂക്കിലേറ്റിയപ്പോൾ കൃത്യം 52 വയസ്സായിരുന്നു.

## സ്ത്രീകളുമായുള്ള അഭിമുഖം 2.4.2000

*596. നബിയും റസൂലും തമ്മിലുള്ള വ്യത്യാസമെന്താണ്?*

ഒരേ വ്യക്തിയുടെതന്നെ വ്യത്യസ്ത ദൗത്യങ്ങളാണ് അത്. റസൂൽ എന്ന നിലക്ക് അദ്ദേഹം അല്ലാഹുവിൽ നിന്നുള്ള സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുന്നു. നബി എന്ന നിലക്ക് അദ്ദേഹം ജനങ്ങൾക്ക് മറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അറിവ് നൽകുന്നു; പ്രവചനങ്ങൾ നടത്തുന്നു. പ്രകടമല്ലാത്ത കാര്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ട്, പ്രവചനങ്ങൾ നടത്തിക്കൊണ്ട് നബി റസൂലിന്റെ സത്യത്തെ തെളിയിക്കുന്നു.

*597. തലച്ചോർ മാറ്റിവെക്കൽ സാധ്യമാണോ?*

ആണ്. പക്ഷെ അത് ഒരു വ്യക്തിയുടെ വ്യക്തിത്വത്തെയോ, ചിന്തയെയോ മാറ്റുന്നില്ല. അയാൾക്ക് അയാളുടെ ഭൂതകാലവും കുട്ടിക്കാലവുമൊക്കെ ഓർക്കാനാകും. അതിനാൽ നമ്മുടെ ഓർമ്മശക്തി ബന്ധപ്പെട്ടുകിടക്കുന്നത് തലച്ചോ

റുമായല്ല; മറിച്ച് മറ്റെന്തോ അവയവവുമായാണ്.

***598. എനിക്ക് തേൻ അലർജിയാണ്. ഞാൻ എന്തുചെയ്യണം?***

നിങ്ങൾക്ക് ഒരുപക്ഷേ, ആ തേൻ നിർമ്മിക്കപ്പെട്ട ഏതെങ്കിലും പഴങ്ങളോ പൂക്കളോ അലർജിയുണ്ടാക്കുന്നതായിരിക്കും. കുറച്ച് കുറച്ചായി വേറെ തേൻ പരീക്ഷിച്ചുനോക്കുക.

***599. ഈയിടെ ഒരു അഗ്നിപർവതം പൊട്ടുകയുണ്ടായി. ഇത് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണോ?***

അല്ല. ഇതൊരു പ്രകൃതി ദുരന്തം മാത്രമാണ്. അതിൽനിന്ന് ധാരാളം ഗുണങ്ങൾ ലഭിക്കുന്നുണ്ട്. ഒരു അഗ്നിപർവ്വത സ്ഫോടനമോ ഭൂകമ്പമോ ഉണ്ടാവുമെന്ന പ്രവചനം ഉണ്ടെങ്കിൽ മാത്രമേ അതൊരു ശിക്ഷയാകുന്നുള്ളൂ.

കാഗ്ര (1905) യിലെ ഭൂകമ്പം നോക്കൂ. വാഗ്ദത്ത മസീഹ് (അ) അതെകുറിച്ച് പ്രവചിച്ചിരുന്നു. ആ ഭൂകമ്പത്തിൽ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. ആ ഗ്രാമം മുഴുവൻ നശിപ്പിക്കപ്പെട്ടു. എന്നാൽ അല്ലാഹു എല്ലാ അഹ്മദികളെയും രക്ഷിച്ചു. ഒരു ഗ്രാമം മുഴുവൻ നശിപ്പിക്കപ്പെട്ടു അവിടെ ഉണ്ടായിരുന്ന ഏക അഹ്മദി മാത്രമേ രക്ഷപ്പെടുകയുണ്ടായുള്ളൂ. പ്രകൃതി ദുരന്തങ്ങളും ദൈവിക ശിക്ഷകളും തമ്മിൽ ഒരുപാട് അന്തരങ്ങളുണ്ട്.

***600. എന്തുകൊണ്ടാണ് സ്ത്രീകൾക്ക് 'സഫാമർവ്വാ'യ്ക്കിടയിൽ നടക്കാൻ അനുവാദമുള്ളത് (ഹജ്ജ് വേളയിൽ)***

അവിടെ വലിയ ജനത്തിരക്കുള്ളതുകൊണ്ടാണ് സ്ത്രീകളോട് നടക്കണമെന്ന് പറയുന്നത്. ഇത് സ്ത്രീകളോടുള്ള അതിയായ ഔദാര്യമാണ്. റസൂൽ (സ)ന്റെ അധ്യാപനങ്ങൾ നോക്കൂ. സ്ത്രീകളുടെ കാര്യത്തിൽ പരിശുദ്ധ പ്രവാചകൻ (സ) വളരെയധികം ശ്രദ്ധിച്ചിരുന്നു.

***601. മാതൃദിനത്തിൽ ഉമ്മമാർക്ക് എന്തെങ്കിലും സമ്മാനങ്ങൾ നൽകാമോ?***

അതെ. ഉമ്മമാർക്ക് സമ്മാനം നൽകാവുന്നതാണ്. അത് ഒരു നല്ല കാര്യമാണ്.

***602. ജനിതകപരീക്ഷണങ്ങൾ വഴി എല്ലാ പാരമ്പര്യരോഗങ്ങളെയും സുഖപ്പെടുത്തുക സാധ്യമാണോ?***

ജീനുകൾ വഴി എല്ലാ പാരമ്പര്യരോഗങ്ങളെയും സുഖപ്പെടുത്താൻ സാധിക്കുകയില്ല. പുതിയ രോഗങ്ങൾ ഉണ്ടാകും. ജീനുകളെ കുറിച്ച് ഒരുപാട് പരീക്ഷണങ്ങൾ നടക്കുന്നു. എന്നാൽ അവർക്ക് ജീനുകളെ കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. രോഗങ്ങളെ തടഞ്ഞ് നിർത്താൻ സാധിക്കില്ല. പുതിയ രോഗാണുക്കൾ വന്നുകൊണ്ടിരിക്കയാണ്. അല്ലാഹുവിന്റെ സംവിധാനത്തെ നിങ്ങൾക്ക് മാറ്റാൻ സാധിക്കുകയില്ല.

## ബംഗാളികളുമായുള്ള അഭിമുഖം 4.4.2000

***603. വിശുദ്ധ ഖുർആനിലെ 66-ാം അധ്യായം (സൂറഃ അത്തഹ്‌രീം) 8-ാം ആയത്തിൽ "അവരുടെ മുന്നിലും വലതുവശത്തും അവരുടെ പ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും. അവർ പ്രാർഥിക്കും: ഞങ്ങളുടെ നാഥാ ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചുതരേണമേ, ഞങ്ങൾക്ക് പൊറുത്തുതരേണമേ തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്". ഇതിന്റെ അർഥം എന്താണ്?***

വിശ്വാസികൾക്ക് നേർമാർഗ്ഗം കാണിക്കുവാനായി പ്രകാശം നൽകുന്നത് അല്ലാഹുവാണ്. ഒരു ടോർച്ച് പോലെ. വഴിയിലെ തടസ്സങ്ങൾ കാണുവാൻ അത് സഹായിക്കുന്നു. പ്രകാശം വലതുഭാഗത്തു പ്രസരിച്ചുകൊണ്ടിരിക്കും എന്നത് കൊണ്ടർഥമാക്കുന്നത് അവരുടെ ജീവിതത്തിൽ അവരുടെ ഭാഗത്ത് നിന്ന് തെറ്റായ ഒരു നീക്കവും ഉണ്ടാകുന്നില്ല എന്നാണ്. അവരിൽ യാതൊരു പാപവുമില്ല. അവരുടെ തന്നെ പ്രകാശം നയിച്ചുകൊണ്ടിരിക്കുന്നു.

പരിശുദ്ധ പ്രവാചകൻ (സ) സ്വയം തന്നെ ഒരു പ്രകാശ

മാണ്. അദ്ദേഹം ഒരു 'ഫ്ളഡ്‌ലിറ്റ്' പോലെയാണ്. "ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചുതരേണമേ" എന്നത് ഉന്നതമായ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനുള്ള വിശ്വാസികളുടെ പ്രാർത്ഥനയാണ്. നബി (സ)യുടെ പ്രകാശത്തിനും ഒരു സാധാരണ വിശ്വാസിയുടെ പ്രകാശത്തിനും ഇടയിൽ ധാരാളം പദവികളുണ്ട്. അല്ലാഹുവിന് മാത്രമേ പൊറുത്തുകൊടുക്കാനും പാപങ്ങളിൽ നിന്ന് അകറ്റാനും കഴിവുള്ളൂ എന്ന് പ്രകാശം പൂർണ്ണമാക്കപ്പെട്ടവർ മനസ്സിലാക്കുന്നു. പരിശുദ്ധ പ്രവാചകൻ മഗ്ഫിറത്തിനുവേണ്ടി (പാപമോചനത്തിന്) ദുആ ചെയ്തിരുന്നു, അപ്പോൾ വിശ്വാസകാര്യത്തിൽ താഴെക്കിടയിലുള്ള നാമാര്?

***604. വാഗ്ദത്ത മസീഹ് (അ) ഒരിക്കൽ പറയുകയുണ്ടായി. ഖാദിയാൻ സന്ദർശിക്കുകയും അവിടെ തങ്ങുകയും ചെയ്യാത്തവരുടെ വിശ്വാസത്തിൽ (ഈമാനിൽ) അദ്ദേഹത്തിന് സംശയമുണ്ട് എന്ന്. അതിന്റെ വിവക്ഷയെന്താണ്?***

വാഗ്ദത്ത മസീഹ് (അ) അഹ്മദി സഹോദരങ്ങളെ കാണണമെന്ന് ആഗ്രഹിച്ചിരുന്നു. അതുപോലെ അഹ്മദികൾ അദ്ദേഹത്തെ കാണണമെന്നും. അവർ ഖാദിയാനിൽ താമസിക്കുകയും ദിവസവും ദൈവത്തിന്റെ അടയാളങ്ങൾ നേരിൽ കാണണമെന്നും അദ്ദേഹം ആഗ്രഹിച്ചു. പല ആവശ്യങ്ങൾക്കായും നിങ്ങൾക്ക് ഖാദിയാൻ സന്ദർശിക്കാം. എന്നാൽ, ഇന്ന് വാഗ്ദത്ത മസീഹ് ഖാദിയാനിൽ ഇല്ലാത്തതിനാൽ മുമ്പത്തെപ്പോലെ പ്രകാശം കരസ്ഥമാക്കുവാനും അല്ലാഹുവിലേക്ക് ഉയരുവാനും ഖാദിയാൻ സന്ദർശിക്കേണ്ടതില്ല. ദൈവിക പ്രകാശം നൽകുവാൻ ദൈവത്തിൽ നിന്നുള്ള ഒരു വ്യക്തി ഇന്ന് ഖാദിയാനിൽ ഇല്ല.

***605. വിശുദ്ധഖുർആനിൽ അദ്ധ്യായം 50 (അൽവാഖിഅ)30-ാം ആയത്തിന്റെ അർത്ഥമെന്താണ്? (പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇത് സ്പർശിക്കുകയില്ല.)***

വിശുദ്ധഖുർആൻ തൊടുന്നതിന് മുമ്പ് നാം സ്വയം ശുദ്ധി വരുത്തുകയും വുളു എടുക്കുകയും ചെയ്യണമെന്ന ശക്ത മായ നിർദേശമാണ് ഇത് നൽകുന്നത്. ഈ ആയത്തിന്റെ മറ്റൊരർത്ഥം അല്ലാഹുവിൽനിന്ന് പ്രത്യേകമായി ശുദ്ധരാ ക്കപ്പെട്ടവർക്കു മാത്രമേ വിശുദ്ധഖുർആന്റെ ആഴത്തിലുള്ള സന്ദേശം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ എന്നാണ്. മറ്റുള്ളവർ ബാഹ്യാർത്ഥം മാത്രം മനസ്സിലാക്കുന്നു.

***606. "ആ പ്രവാചകൻ ഞാനാണ്, ഞാൻ അബ്ദുൽ മുത്തലി ബിന്റെ പുത്രനാണ്" എന്നു പറഞ്ഞതു വഴി പ്രവാചകൻ (സ) എന്തു സന്ദേശമാണ് നൽകാൻ ആഗ്രഹിച്ചത്?***

ഹുനൈൻ യുദ്ധത്തിനിടെ അവിശ്വാസികളുടെ പെട്ടെന്നുള്ള കടന്നുകയറ്റം സാഹാബാക്കളുടെ ഇടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും അവർ യുദ്ധത്തിൽനിന്ന് പിന്മാറുകയും ചെയ്തു. കുതിരകൾ പിന്മാറിയില്ല. സാഹാബാക്കൾക്ക് താഴെയിറങ്ങാൻ അവയെ കൊല്ലേണ്ടിവന്നു. നബി (സ) ഒഴികെ എല്ലാവരുംതന്നെ ആശയക്കുഴപ്പത്തിലായി. അദ്ദേഹം ശത്രുക്കളുടെ ശ്രദ്ധ തന്നിലേക്ക് ആകർഷിക്കാ നായി, സഹാബാക്കളെ വിട്ടുകളയാനും തന്നെ വന്ന് ആക്ര മിക്കാനും ശത്രുക്കളെ ക്ഷണിച്ചു.

പ്രവാചകൻ താൻ തന്നെയാണെന്ന് ശത്രുക്കൾക്ക് വ്യക്ത മാക്കുന്നതിന് വേണ്ടി അദ്ദേഹം "ഞാനാണ് ആ പ്രവാച കൻ" എന്ന ആ വചനങ്ങൾ ഉച്ചരിച്ചത്. വീണ്ടും പ്രസ്തുത കാര്യം ഉറപ്പിക്കാനായി "ഞാൻ അബ്ദുൽ മുത്തലിബിന്റെ പുത്രനാണ്" എന്ന് വിളിച്ചുപറഞ്ഞു. പ്രവാചക(സ)ന്റെ മഹ ത്തായ ത്യാഗത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. കൂടാതെ അദ്ദേഹത്തിന്റെ ധീരതയെയും ദൈവം തന്നെ ഒരിക്കലും കൈവെടിയുകയില്ല എന്ന പൂർണവിശ്വാസത്തെയും.

***607. ഒരു അഹ്മദിയ്യാ ഭരണത്തിൻകീഴിൽ (ഭാവിയിൽ) ഗവൺമെന്റിന്റെ ചെലവുകൾ സക്കാത്ത് അഥവാ നികുതി വഴി കണ്ടെത്താനാവുമോ?***

അഹ്മദികൾ ഇപ്പോൾ നികുതിക്കു പുറമെ ചന്ദയും കൊടു

ക്കുന്നുണ്ട്. അവർ മറ്റു പല രീതിയിലും ധനത്യാഗം ചെയ്യുന്നുണ്ട്. ജമാഅത്തിന്റെ നടത്തിപ്പിനായിട്ടാണ് അവർ സന്തോഷത്തോടെ തന്നെ അങ്ങനെ ചെയ്യുന്നത്. ഒരു അഹ്മദിഭരണം നിലവിൽ വന്നാൽ എല്ലാ അഹ്മദികളും ചന്തയും നികുതിയും നൽകുന്നതാണ്. കാരണം ലോകത്തിന് തന്നെ മാതൃകയായിരിക്കും ആ ഭരണകൂടം. അവിടെ എല്ലാ നന്മകളും വിളയുന്നതാണ്.

***608. കുട്ടികളെ അടിക്കുന്നത് 'ശിർക്കാ'ണെന്ന് വാഗ്ദത്തമസീഹ് (അ) പറഞ്ഞിരിക്കുന്നു. ഇത് ശിർക്കാകുന്നതെങ്ങനെ?***

നിങ്ങൾ അല്ലാഹുവിനും, അവനോടുള്ള ദുആക്കും പകരം തന്റെ ശക്തിയുപയോഗിച്ചും അടിച്ചും കുട്ടികളെ വളർത്തുകയാണെങ്കിൽ അത് 'ശിർക്ക്' തന്നെയാണ്. അത്തരക്കാർ ഒരു ചെറിയ കുട്ടിയുടെ മേൽ പ്രാർത്ഥനക്ക് പകരം തന്റെ അധികാര ശക്തിയെയാണ് ആശ്രയിക്കുന്നത്. കുട്ടികളെ ശരിയായരീതിയിൽ വളർത്തിക്കൊണ്ടുപോകുന്നതിന് അല്ലാഹുവിനോടുള്ള ദുആയ്ക്കല്ലാതെ മറ്റൊന്നിനും സാധ്യമല്ല.

***609. എട്ടോ ഒമ്പതോ വയസ്സുള്ള രണ്ട് കുട്ടികൾ ഒരു എട്ട് വയസ്സുകാരനെ കൊല്ലുകയുണ്ടായി. ഇത്തരം കുറ്റകൃത്യങ്ങൾക്കുള്ള ഇസ്‌ലാമിക അദ്ധ്യാപനം എന്താണ്?***

കുട്ടികൾക്ക് അതിനുള്ള അവസരം നൽകുകയാണെങ്കിൽ നിങ്ങൾ കുറ്റകൃത്യങ്ങളെ പ്രോത്സാഹിപ്പിക്കുകയായിരിക്കും ചെയ്യു. ഈ സമൂഹം മുഴുവൻ അങ്ങനെ കൊലപാതകികളെകൊണ്ട് നിറയും. ചെറിയ കുട്ടികൾ കുറ്റകൃത്യങ്ങൾ ചെയ്യുകയാണെങ്കിൽ അത്തരം കാര്യങ്ങളിൽനിന്ന് മോചിതരാകുംവരെ തടങ്കലിൽ വെക്കുക. കടുത്ത നടപടികൾ തന്നെയെടുക്കണം. മാഫിയ സംഘങ്ങൾ കൊലപാതകങ്ങൾ നടത്തുവാനായി കുട്ടികൾക്ക് പരിശീലനം നൽകുന്നു. കാരണം നിയമത്തിന് അവരെ പിടിക്കാൻ കഴിയില്ല.

***610. അല്ലാഹു ശിർക്കിനെ കഠിനമായി എതിർക്കാൻ കാരണ***

*മെന്താണ്?*

അല്ലാഹു ശിർക്കിനെ കഠിനമായി എതിർക്കുന്നത് അവന്റെ സൃഷ്ടികളുടെ നന്മക്ക് വേണ്ടി തന്നെയാണ്. അവർ ആരുടെയടുക്കൽ പ്രാർത്ഥിക്കുന്നുവോ അവരിൽനിന്ന് ഒന്നും തന്നെ ലഭിക്കുകയില്ല. അവർ നിലനിൽക്കുന്നില്ല. അവർ ഒന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല. അല്ലാഹു പറയുന്നു. നിങ്ങൾക്ക് യഥാർത്ഥ സ്രഷ്ടാവിൽ നിന്ന് മാത്രമേ സഹായം ലഭ്യമാകൂ-അതായത് അല്ലാഹുവിൽനിന്ന്. പൊയ്ദൈവങ്ങളോട് പ്രാർത്ഥിക്കുന്നത് ജീവിതം പാഴാക്കലാണ്. അതിനാൽ അല്ലാഹു അവരോടു പറയുന്നു, എന്നിലേക്ക് തിരിയുക, ഞാൻ നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതാണ്. പൊയ്ദൈവങ്ങളെക്കൊണ്ട് നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുക സാധ്യമല്ല.

## ABOUT THIS BOOK

This book is a compilation of the questions and answers telecast from London through Muslim Television Ahmadiyya International. The answers to the questions raised by the audience on various issues were given by Hadrat Mirza Tahir Ahmad, the present head of the Ahmadiyya Movement in Islam during the 'Questions & Answers Sessions' held on different occasions. The compilation in English was done by Mr. Shiraz Ahmad, Chennai.

**Publishers**